# കൊട്ടിയൂർ ഗ്രാമപഞ്ചായത്ത്

# ജനകീയാസൂത്രണം 1996

## വികസന റിപ്പോർട്ട്








കൊടിയത്തൂർ ഗ്രാമ പഞ്ചായത്ത്
N
S
Ward No I
III
Reserve Forest
IV
V
VI
VII
VIII
IX

148-3

# കൊട്ടിയൂർ ഗ്രാമപഞ്ചായത്ത്

## ജനകീയാസൂത്രണം

# വികസനരേഖ

## 1996

1996 നവം. 15-ാം തീയ്യിതിയിലെ 204/96 നമ്പർ
പഞ്ചായത്ത് ബോർഡ് തീരുമാനപ്രകാരം അംഗീകരിച്ചത്



## ഗാന്ധിജിയുടെ ഗ്രാമസങ്കല്പങ്ങൾ

*സ്വയം പര്യാപ്തഗ്രാമങ്ങൾ എന്ന ലക്ഷ്യത്തിനായി ഗ്രാമ സ്വയം ഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തണമെന്ന് ഗാന്ധിജി നിർദ്ദേശിച്ചു. 1942ൽ "ഹരിജനിൽ" എഴുതിയ കുറിപ്പിൽ തന്റെ ഗ്രാമസങ്കല്പങ്ങൾ അദ്ദേഹം ഇങ്ങനെ ക്രോഡീകരിച്ചു:*

*"അതൊരു സമ്പൂർണ്ണ റിപ്പബ്ലിക്കായിരിക്കും. അടിസ്ഥാന ആവശ്യങ്ങളുടെ കാര്യത്തിൽ അയൽ ഗ്രാമങ്ങളിൽനിന്ന് സ്വതന്ത്രമായിരിക്കും. അതേ സമയം പൊതുവായ കാര്യങ്ങളിൽ മറ്റ് ഗ്രാമങ്ങളെ ആശ്രയിക്കാനുള്ള സ്വാതന്ത്ര്യവും ഉണ്ടായിരിക്കും. ഓരോ ഗ്രാമത്തിനും ആവശ്യമുള്ള ഭക്ഷ്യവിളകളിലും തുണിക്ക് വേണ്ട പരുത്തിയിലും ആയിരിക്കും കൂടുതൽ ശ്രദ്ധ"*

*-മഹാത്മാഗാന്ധി*

# നന്ദി

ജനകീയാസൂത്രണ പദ്ധതി
യുടെ കൊട്ടിയൂർ ഗ്രാമ
പഞ്ചായത്ത് വികസനരേഖ
തയ്യാറാക്കുന്നതിന് സഹക
രിച്ച മുഴുവൻ സ്ഥാപന
ങ്ങൾക്കും വ്യക്തികൾക്കും
കൊട്ടിയൂർ പഞ്ചായത്ത്
ഭരണസമിതി നന്ദി
രേഖപ്പെടുത്തുന്നു.

ഭരണസമിതി

# കണ്ണൂർ ജില്ലയിൽ കൊട്ടിയൂർ പഞ്ചായത്ത്



# ഭരണസമിതി



ശ്രീ. സി. രാഘവൻമാസ്റ്റർ
പ്രസിഡണ്ട്



ശ്രീമതി. ലീലാമ്മ മാത്യു
വൈസ് പ്രസിഡണ്ട്



ശ്രീ. വി.കെ. കുമാരൻ
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ

## മെമ്പർമാർ

ശ്രീമതി. മോളി അഗസ്റ്റിൻ
ശ്രീമതി. മേരി ജോസഫ്
ശ്രീ. ദാവീദ് ജോസഫ് കന്നപ്പള്ളി
ശ്രീ. മണാളി കുങ്കൻ
ശ്രീ. വി.ജെ. അബ്രഹാം
ശ്രീ. മാത്യു പറമ്പൻ

ബ്ലോക്ക് പഞ്ചായത്ത് മെമ്പർ : ശ്രീ. പുതുശ്ശേരി ബാലൻ
ജില്ലാ പഞ്ചായത്ത് മെമ്പർ : ശ്രീ. ടി.എസ്. മാത്യു

# റിപ്പോർട്ട് തയ്യാറാക്കുന്നതിന് നേതൃത്വം നൽകിയവർ

DRP മാർ

1. ശ്രീ. പി. തങ്കപ്പൻ മാസ്റ്റർ
2. ശ്രീ. പി. ജെ. ദേവസ്യ
3. ,, ജോസഫ് പൂവക്കുളം
4. ,, പി.സി. സിറിയക്
5. ,, ജോസഫ് മാണി
6. ,, ജി. ഗോപിനാഥൻപിള്ള
7. ,, എം.വി. ചാക്കോ
8. ,, ജോസ് മാത്യു വെമ്പള്ളി
9. ,, ജി. നടേശൻ മാസ്റ്റർ
10. ,, എം.സി. ജോർജ്

മറ്റുള്ളവർ

11. ശ്രീ. സുഗതൻമാസ്റ്റർ
12. ,, വി.എ. ശിവദാസൻ മാസ്റ്റർ
13. ,, ഇ.ജെ. അഗസ്റ്റിൻ
14. ,, ടോമി പൂതക്കാട്ടിൽ
15. ,, വി.പി. ജോസഫ്

# പത്രാധിപസമിതി

ശ്രീ. സി. രാഘവൻമാസ്റ്റർ
,, കെ. കുഞ്ഞിക്കണ്ണൻ
പ്രൊഫ. കെ. കുഞ്ഞിക്കണ്ണൻ
ശ്രീ. തങ്കപ്പൻ മാസ്റ്റർ
,, ജോസ് മാത്യു വെമ്പള്ളി
,, പി.എം. കേശവൻ മാസ്റ്റർ

കവർ : അനിൽ തുരുത്തിയിൽ



# ഉള്ളടക്കം


1. ആമുഖം

2. i) ഭരണചരിത്രം
   ii) പൊതുവിവരം
   iii) പ്രാദേശിക ചരിത്രം

3. ഭൂപ്രകൃതി

4. വികസനമേഖലകൾ
   i) കൃഷി - ജലസേചനം
   ii) മൃഗസംരക്ഷണം - മത്സ്യബന്ധനം
   iii) വ്യവസായം
   iv) വിദ്യാഭ്യാസം
   v) കുടിവെള്ളം, പൊതുജനാരോഗ്യം
   vi) ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
   viii) പാർപ്പിടം, സാമൂഹ്യക്ഷേമം
   ix) വനിതാക്ഷേമം
   x) സഹകരണം
   xi) പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം
   xii) വിഭവസമാഹരണം

5. ഉപസംഹാരം

അധികാരം ജനങ്ങളിലേക്ക്

# ആമുഖം

ആസൂത്രണ ചരിത്രത്തിൽ ലോകത്തിലൊരിടത്തും ഇതുവരെ കാണാൻ കഴിയാതിരുന്ന പുതിയ ഒരു അധ്യായം എഴുതിച്ചേർത്തുകൊണ്ട് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യസർക്കാർ ആസൂത്രണ പ്രവർത്തനത്തെ ജനകീയമാക്കാൻ തീരുമാനിച്ചു. ഓരോ പ്രദേശത്തിന്റേയും തനതായ പ്രത്യേകതകൾ ഉൾക്കൊള്ളുകയും ലഭ്യമായ വിഭവങ്ങളെ വിലയിരുത്തുകയും ഗ്രാമസഭയിലുന്നയിക്കുന്ന തദ്ദേശീയരുടെ ആവശ്യങ്ങൾ മുൻഗണനാക്രമത്തിൽ പരിഗണിക്കുകയും ചെയ്തുകൊണ്ട് ഹ്രസ്വകാല - ദീർഘകാല പദ്ധതികൾക്ക് രൂപരേഖ തയ്യാറാക്കി ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുക എന്ന ശ്രമകരമായ ജോലിയാണിന്ന് നമ്മുടെ മുന്നിലുള്ളത്.

മുൻ കാലങ്ങളിൽ ആസൂത്രണം മുകളിൽനിന്നും താഴെത്തട്ടിലേക്കാണ് വന്നിരുന്നതെങ്കിൽ ഇപ്പോൾ ആസൂത്രണം താഴെ തട്ടിൽനിന്ന് ആരംഭിക്കുകയാണ്.

വികേന്ദ്രീകൃത ആസൂത്രണത്തിന്റെ വിവിധ ലക്ഷ്യങ്ങളിലൊന്ന് ഗ്രാമങ്ങളിലും നഗരങ്ങളിലുമുള്ള ജനങ്ങളെ വികസനപ്രക്രിയയിൽ പങ്കാളികളാക്കുക എന്നുള്ളതാണ്.

ആസൂത്രണം മാത്രമല്ല അധികാരവും വികേന്ദ്രീകരിക്കുക എന്ന മൗലികമായ കട ത്വരിതഗതിയിൽ നടപ്പിലാക്കേണ്ടിയിരിക്കുന്നു. ഇത് വിജയപ്രദമാകണമെങ്കിൽ ഗവൺമെന്റ് തലത്തിലുള്ള മുൻകൈ മാത്രം പോര നമ്മുടെ ബഹുജന പ്രസ്ഥാനങ്ങളാകെത്തന്നെ ഈ പരിപാടിയിൽ അണിനിരക്കണം. അതേ പോലെതന്നെ വിവിധ രംഗങ്ങളിൽ പ്രാവീണ്യം നേടിയ സാങ്കേതിക വിദഗ്ദ്ധരുടെ പങ്കാളിത്തവും ഇതിനുണ്ടാവണം. ഇതിന്റെ ഭാഗമായിട്ടാണ് കൊട്ടിയൂർ ഗ്രാമപഞ്ചായത്തിലെ രാഷ്ട്രീയ - സാമൂഹ്യ - സാസ്കാരിക നായകന്മാരെയും ഉദ്യോഗസ്ഥ പ്രമുഖരെയും ജനകീയാസൂത്രണപ്രവർത്തനത്തിന്റെ തുടക്കത്തിൽത്തന്നെ ഗ്രാമപഞ്ചായത്തിൽ വിളിച്ചു ചേർത്തത്. വിവിധ തലങ്ങളിലുള്ള ആസൂത്രണ പ്രവർത്തനവുമായി അഭേദ്യമായി ബന്ധപ്പെട്ടെങ്കിൽ മാത്രമേ നാം ആഗ്രഹിക്കുന്ന തരത്തിലുള്ള വികസനം നമ്മുടെ പഞ്ചായത്തിൽ കൈവരിക്കാനാവൂ.

കേരളത്തിൽ മാത്രമല്ല ഇന്ത്യയുടെ തന്നെ വികസന ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം തുറക്കുന്ന ചരിത്ര സംഭവത്തിനാണ് നാം ഇപ്പോൾ സാക്ഷികളാകുന്നത്.

## ശ്രമദാനം

കേരള ശ്രമദാന ചരിത്രത്തിൽ കല്ലട പദ്ധതിയുടെ ശ്രമദാനം കഴിഞ്ഞാൽ കൊട്ടിയൂർ ഗ്രാമപഞ്ചായത്തിലെ പേരാവൂർ കൊട്ടിയൂർ റോഡ് നിർമ്മാണവും പാമ്പറപ്പാൻ, തലക്കാണി എന്നിവിടങ്ങളിൽ ബാവലിപ്പുഴക്ക് നിർമ്മിച്ച കോൺക്രീറ്റ് പാലങ്ങളും ചുങ്കക്കുന്നിൽ നിർമ്മാണത്തിലിരിക്കുന്ന പാലവും കൊട്ടിയൂർ ജനതയ്ക്ക് അഭിമാനകരവും കേരള ജനതയ്ക്ക് മാതൃകാപരവുമാണ്.

1969 ഒക്ടോബർ 2ന് ഗാന്ധിജിയുടെ ജന്മശ

# ഭരണചരിത്രം

## കൊട്ടിയൂർ ഗ്രാമപഞ്ചായത്ത്
## ഭരണ സമിതിയുടെ വിവരങ്ങൾ

പഞ്ചായത്ത് നിലവിൽവന്നത് സംബന്ധിച്ച കല്പന : ജി.ഒ.എം.എസ് 32/68 തീയ്യതി 10-7-1968

29-7-1968 to 27-9-1979
കാപ്പാട് പഞ്ചായത്ത്

| | | |
|---|---|---|
| ശ്രീ. | ജോർജുകുട്ടി മുക്കാടൻ | പ്രസിഡണ്ട് |
| ,, | കെ.വി. ജോസഫ് | മെമ്പർ |
| ,, | സ്കറിയ പുത്തൻപുര | ,, |

28-9-1979 to 9-6-'82

| | | |
|---|---|---|
| ശ്രീ | ജോസഫ് മങ്കുത്തേൽ | പ്രസിഡണ്ട് |
| ,, | ഗോപിനാഥ്പിള്ള | വൈസ് പ്രസിഡണ്ട് |
| ,, | ടി.എസ് സ്കറിയ | മെമ്പർ |
| ,, | എം.വി. ജോസ് | ,, |
| ,, | ജോസഫ് നരിമറ്റം | ,, |
| ,, | ടി.എം. പൗലോസ് | ,, |
| ,, | കൂടത്തിൽ വെള്ളുക്കൻ | ,, |
| ശ്രീമതി | ത്രേസ്യാമ്മ | ,, |

10-6-92 to 29-10-84

| | |
|---|---|
| ശ്രീ. റ്റി.എസ്. മാത്യു | പ്രസിഡണ്ട് |
| ,, ജോസഫ് നരിമറ്റത്തിൽ | വൈസ് പ്രസിഡണ്ട് |
| ,, ജോസഫ് മങ്കുത്തേൽ | മെമ്പർ |
| ,, ഗോപിനാഥപിള്ള | ,, |
| ,, ടി.എം. പൗലോസ് | ,, |
| ,, കൂടത്തിൽ വെള്ളുക്കൻ | ,, |
| ശ്രീമതി ത്രേസ്യാമ്മ | |
| ,, എം.വി. ജോസ് | ,, |

താബ്ബി ദിനത്തിൽ 20 കി.മീ. വരുന്ന മരണത്തണ കൊട്ടിയൂർ റോഡ് ഒരൊറ്റ ദിവസം കൊണ്ട് ഏഴാ യിരത്തിലധികം ആളുകൾ ചേർന്ന് മൺപണി തീർത്ത് ബസ് ഗതാഗത യോഗ്യമാക്കി ചരിത്രം സൃഷ്ടിച്ചു. തുടർന്ന് ജില്ലാ ആസ്ഥാനത്ത് കൊട്ടി യൂർ കർഷക ജനത നടത്തിയ ഐതിഹാസിക മായ 'തൊപ്പിപ്പാള' സമരത്തിന്റെ ഫലമായി പ്രസ്തുത റോഡ് PWD ഏറ്റെടുത്തു. പുനരർപ്പണ ദിനമായ 1996 നവം. 1ന് കൊട്ടിയൂർ ബോയ്സ് ടൗൺ റോഡിന്റെ നവീകരണ പ്രവർത്തനത്തിനായി എഴുന്നൂറിലധികം ജനങ്ങളുടെ ശ്രമദാനത്തിലൂടെ റോഡ് വാഹനഗതാഗത യോഗ്യമാക്കുകയും കൊട്ടി യൂരിലെ ജനകീയാസൂത്രണത്തിന് തുടക്കം കുറി ക്കുകയും ചെയ്തു.

കൊട്ടിയൂർ തവിഞ്ഞാൽ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന നീണ്ടുനോക്കി- ചപ്പമല 37-ാം മൈൽ റോഡിന്റെ നിർമ്മാണ പ്രവർത്തനത്തിന് ആയിരത്തിലധികം ആളുകളുടെ ശ്രമദാനത്തിന്റെ ഫലമായി 96 നവംബർ 10ന് റോഡ് നിർമ്മാണം പൂർത്തിയാക്കി വാഹനം കടത്തിവിട്ടുകൊണ്ട് ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തിട്ടുണ്ട്. പ്രസി ദ്ധമായ കൊട്ടിയൂർ ക്ഷേത്ര ദർശനത്തിനായി വാഹ നങ്ങളിലും കാൽനടയായും എത്തുന്ന ഭക്ത ജന ങ്ങളെ ഉൾക്കൊള്ളാൻ കഴിയാതെ ഗതാഗതക്കു രുക്ക് അനുഭവപ്പെടുന്ന പല സന്ദർഭങ്ങളും ഉണ്ടാ യിട്ടുണ്ട്. കൊട്ടിയൂരിലേക്കുള്ള ഏക ഗതാഗത മാർഗ്ഗമായ പേരാവൂർ - കൊട്ടിയൂർ റോഡിന് സമാ ന്തരമായി കൊട്ടിയൂർ കേളകം പഞ്ചായത്തുകളെ ബന്ധിപ്പിച്ചുകൊണ്ട് നിലവിലുള്ള സമാന്തര റോഡ് വികസിപ്പിച്ച് വാഹന ഗതാഗത യോഗ്യമാക്കിയാൽ ഉത്സവകാലത്തെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്ന തോടൊപ്പം കൊട്ടിയൂർ പ്രദേശത്തിന്റെ സമഗ്രവി കസനത്തിനും ഉപകരിക്കുന്നതാണ്.

കൊട്ടിയൂർ പഞ്ചായത്തിന്റെ കാർഷിക വ്യാവ സായിക വളർച്ചക്ക് വിഘാതമായി നിൽക്കുന്നത് ഊർജ്ജ ദൗർബല്യമാണ്. ഈ സ്ഥിതി വിശേഷം സംജാതമായത് സംസ്ഥാനത്തിന്റെ തന്നെ വൈദ്യുതി ഉൽപാദനം വളരെ കുറവായതിനാലാ ണ്. സംസ്ഥാനത്തെ മൊത്തം ഉല്പാദനവും ഉപ ഭോഗവും തമ്മിൽ ഭീമമായ അന്തരം നിലനിൽക്കു ന്നു. കേരളത്തിന്റെ ആകെ വൈദ്യുതോല്പാദന ശേഷി 150 MW ആണ്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ലഭിക്കുന്ന വിഹിതം 350 MW ആണ്. ഇത് രണ്ടും ചേർന്നാലും ഉദ്ദേശം 850 MW വൈദ്യുതി കമ്മി നിലനിൽക്കുകയാണ്.

അനുദിനമെന്നോണം വർദ്ധിച്ചുവരുന്ന ഊർജ്ജ ഉപയോഗം ലഭ്യതയും ഉപഭോഗവും തമ്മി ലുള്ള അന്തരം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിലാണ് കൊട്ടിയൂർ പഞ്ചായത്തിലുള്ള എട്ട് നിർദ്ദിഷ്ട മിനി വൈദ്യുതി പദ്ധതികളുടേയും മാനന്തവാടി ജലവൈദ്യുതി പദ്ധതിയുടേയും പ്രധാ ന്യം വർദ്ധിക്കുന്നത്. ഈ ഒമ്പത് പദ്ധതികളുടേ യും മൊത്തം ഉല്പാദനശേഷി 380MW ആണ്. ഇത് മറ്റു സംസ്ഥാനങ്ങളിൽനിന്ന് നമുക്ക് ലഭിക്കുന്ന വൈദ്യുതി വിഹിതത്തിനു തുല്യമാണ്. ഇത്തരുണ ത്തിൽ ഈ പദ്ധതികൾ എത്രയും പെട്ടെന്ന് ലക്ഷ്യ പ്രാപ്തിയിൽ എത്തിക്കേണ്ടത് കൊട്ടിയൂർ പഞ്ചായത്തിന്റെ മാത്രം ആവശ്യമല്ല. മറിച്ച് കണ്ണൂർ ജില്ലയുടേയും അതിലുപരി മലബാർ മേഖലയു ടേയും വികസനത്തിന് അത്യന്താപേക്ഷിതമാണ്.

നമ്മുടെ പഞ്ചായത്തിൽ ജനകീയാസൂത്രണ ത്തിന്റെ ഒന്നാംഘട്ട പരിശീലനം 96 സെപ്റ്റംബർ 14ന് എൻ.എസ്.എസ്.കെ. യു.പി. സ്ക്കൂളിലും പഞ്ചായത്ത് തല ഉദ്യോഗസ്ഥന്മാരുടെ യോഗം സപ്തംബർ 11ാം തീയ്യതിയും വിശേഷാൽ ഗ്രാമസഭ കൾ സപ്തംബർ 21മുതൽ 30 വരെയും ചേരുക യുണ്ടായി. രണ്ടാംഘട്ട പരിശീലനം 96 നവമ്പർ 4ന് ചുങ്കക്കുന്ന് ഗവ: യു.പി. സ്ക്കൂളിൽ വച്ച് വളരെ ആവേശോജ്ജ്വലമായി നടത്തി.

നമ്മുടെ പഞ്ചായത്തിലെ ജില്ലാതല പരിശീ ലനം ലഭിച്ച റിസോഴ്സ് പേഴ്സൺമാരും പഞ്ചാ യത്തുതല റിസോഴ്സ് പേഴ്സണർമാരും ഈ ജന കീയാസൂത്രണത്തിനന്റെ ഉത്തരവാദിത്വം വളരെ തീവ്രതയോടും പ്രതിബദ്ധതയോടും ആത്മാർത്ഥ തയോടും കൂടിയാണ് ഏറ്റെടുത്ത് നടത്തിക്കൊണ്ട് വരുന്നത്. ഗ്രാമസഭകൾ മുതൽ വികസന റി പ്പോർട്ടിന്റെ പടിപ്പുരയിൽ വരെ ഈ ആവേശ വും ആത്മാർത്ഥതയും അലതല്ലിയിരുന്നു.

തുടർന്ന് 5 വർഷക്കാലംകൊണ്ട് ഈ പഞ്ചാ യത്തിൽ നടപ്പിലാക്കേണ്ട സർവ്വതോന്മുഖമായ വികസനപ്രവർത്തനങ്ങളുടെ രൂപരേഖ ഇവിടെ സംക്ഷിപ്തമായും അതേയവസരത്തിൽ സമഗ്രമാ യും നിങ്ങളുടെ കൈകളിൽ സമർപ്പിക്കുകയാ ണ്. അതിന് ഔജസ്സും ജീവസ്സും കൊടുക്കാൻ നിങ്ങളുടെ ഇനിയുള്ള ചർച്ചകൾക്ക് കഴിയുമാറാ കട്ടെ എന്ന് ആശംസിക്കുന്നു. ●

# ഭരണചരിത്രം

30-10-84 to 3-2-1988

ശ്രീ. എസ്.സി. ഉണ്ണികൃഷ്ണൻ
(താലൂക്ക് പഞ്ചായത്ത് ആഫീസർ, തലശ്ശേരി.
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ)

4-2-88 to 29-9-95

| | |
|---|---|
| ശ്രീ പി.സി. രാമകൃഷ്ണൻ | പ്രസിഡണ്ട് |
| ,, പി.എസ്. ജോർജ് | വൈസ്. പ്രസിഡണ്ട് |
| ശ്രീമതി നളിനി ശിവരാജൻ | മെമ്പർ |
| ,, കെ. ദാവീദ് | ,, |
| ,, മണാളി കുങ്കൻ | ,, |
| ,, സെബാസ്റ്റ്യൻ മാത്യു | ,, |
| ശ്രീമതി ഗ്രേസി തോമസ് | |
| ,, ടി.എസ്. സ്കറിയ | ,, |

30-9-95 മുതൽ

| | | |
|---|---|---|
| ശ്രീ. | സി. രാഘവൻ മാസ്റ്റർ | (പ്രസിഡണ്ട്) |
| ശ്രീമതി | ലീലമ്മ മാത്യു | വൈസ് പ്രസിഡണ്ട് |
| ശ്രീ. | വി.കെ. കുമാരൻ | സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ |
| ശ്രീമതി | മോളി അഗസ്റ്റിൻ | ,, |
| ,, | മേരി ജോസഫ് | ,, |
| ശ്രീ. | ദാവീദ് ജോസഫ് കന്നപ്പള്ളി | ,, |
| ,, | മണാളി കുങ്കൻ | ,, |
| ,, | വി.ജെ. എബ്രഹാം | ,, |
| ,, | മാത്യു പറമ്പൻ | ,, |

# പഞ്ചായത്ത് പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | കൊട്ടിയൂർ ഗ്രാമ പഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജ് | : | കൊട്ടിയൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : | പേരാവൂർ |
| താലൂക്ക് | : | തലശ്ശേരി |
| അസംബ്ലി മണ്ഡലം | : | വടക്കേ വയനാട് |
| വിസ്തീർണ്ണം | : | 155.87 ച.കി.മീ. |

അതിരുകൾ

| | | |
|---|---|---|
| വടക്ക് | : | കേളകം പഞ്ചായത്ത്, കർണ്ണാടക റിസർവ് ഫോറസ്റ്റ് |
| കിഴക്ക് | : | തവിഞ്ഞാൽ പഞ്ചായത്ത് |
| പടിഞ്ഞാറ് | : | കേളകം പഞ്ചായത്ത് (കുണ്ടുതോട്) |
| തെക്ക് | : | വയനാട് താലൂക്ക് ബൗണ്ടറി |

| | | |
|---|---|---|
| ജനസംഖ്യ | : | 16608 (1991ലെ സെൻസസ്) |
| പുരുഷന്മാർ | : | 8329 |
| സ്ത്രീകൾ | : | 8279 |
| ജനസാന്ദ്രത | : | 106.55 |
| അക്ഷരാഭ്യാസമുള്ളവർ | : | 13781 |
| വാർഡുകൾ | : | 9 |

| | | |
|---|---|---|
| പ്രസിഡണ്ട് | : | സി. രാഘവൻമാസ്റ്റർ |
| വൈസ് പ്രസിഡണ്ട് | : | ശ്രീമതി. ലീലാമ്മ മാത്യു |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | : | വി.കെ. കുമാരൻ |
| ബ്ലോക്ക് പഞ്ചായത്ത് മെമ്പർ | : | ശ്രീ. പുതുശ്ശേരി ബാലൻ |
| ജില്ലാ പഞ്ചായത്ത് മെമ്പർ | : | ശ്രീ. ടി.എസ്. മാത്യു. |

# പ്രാദേശിക ചരിത്രം

കൊട്ടിയൂർ ഗ്രാമപഞ്ചായത്തിന്റെ രാഷ്ട്രീയ ചരിത്രം

1947



# സാംസ്കാരിക സാമൂഹ്യ ചരിത്രം

സഹ്യസാനുവിന്റെ മടിത്തട്ടിൽ വിശ്രമിക്കുന്ന പ്രകൃതി രമണീയമായ ഒരു ഗ്രാമപ്രദേശമാണ് കൊട്ടിയൂർ. ആകാശം മുട്ടെ ഉയർന്നു നിൽക്കുന്ന മഞ്ഞണിഞ്ഞ മാമലകളും കുളിരണിഞ്ഞ ബാവലിപ്പുഴയുടെ മനോഹരമായ തീരങ്ങളും സസ്യശ്യാമളമായ കൃഷിയിടങ്ങളും കിഴക്കൻ അതിർത്തിയിലെ നിത്യഹരിത വനങ്ങളും ഈ പഞ്ചായത്തിന്റെ സവിശേഷതകളാണ്. കണ്ണൂർ ജില്ലയുടെ കിഴക്കൻ അതിർത്തിയിൽ വയനാടൻ മലനിരകൾക്ക് തൊട്ടുതാഴെയാണ് ഈ പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. പടിഞ്ഞാറ് കേളകം, കണിച്ചാർ പഞ്ചായത്തുകളും കിഴക്ക് കൊട്ടിയൂർ ഫോറസ്റ്റ് റെയിഞ്ചിൽപ്പെട്ട നിത്യഹരിത വനങ്ങളുമാണ്. കൊട്ടിയൂരിന്റെ തെക്ക് കിഴക്കൻ അതിർത്തിൽ തിരുനെല്ലിക്കാടുകൾ തുടങ്ങുന്നു. കിഴക്കൻ അതിർത്തിയിലെ വനത്തിലൂടെ അഞ്ചുമണിക്കൂറോളം സഞ്ചരിച്ചാൽ കർണ്ണാടക സംസ്ഥാനത്തിൽപ്പെട്ട കുടക് ജില്ലയിലെത്താം. പഴയ കാലത്ത് കുടകിൽനിന്നും നെല്ലും മറ്റ് ആഹാര സാധനങ്ങളും കൊട്ടിയൂരിലേക്ക് കൊണ്ടുവന്നിരുന്നു.

പുരാണപ്രസിദ്ധമായ കൊട്ടിയൂർ ശിവക്ഷേത്രം ഒന്നു കൊണ്ടുതന്നെ ഈ പ്രദേശം പണ്ടേ പ്രസിദ്ധമാണ്. ദക്ഷപുത്രിയായ ദാക്ഷായണി അഗ്നിയിൽ ആത്മാഹുതി ചെയ്തതിൽ സംഹാരരുദ്രനായ പരമശിവൻ ദക്ഷപ്രജാപതിയുടെ ശിരസ്സ് "കൊത്തിയ ഊര്" എന്ന അർത്ഥത്തിലാണ് കൊട്ടിയൂരെന്ന ദേശനാമം ഉണ്ടായതെന്ന് കരുതുന്നു. കൊട്ടിയൂരിലേയും സമീപ പ്രദേശങ്ങളിലേയും സ്ഥലനാമങ്ങൾക്ക് ഈ ക്ഷേത്രവുമായി ബന്ധപ്പെട്ട സവിശേഷമായ ഒരർത്ഥം ഇന്നും നിലനിൽക്കുന്നതായി പ്രത്യക്ഷത്തിൽ കാണാം.

ക്ഷേത്രങ്ങൾക്ക് വിപുലമായ ഭരണാധികാരം നിലനിന്നിരുന്ന ഫ്യൂഡൽ കാലഘട്ടത്തിൽ അത്യുത്തര കേരളത്തിൽ അഞ്ച് പ്രധാന ക്ഷേത്രങ്ങളുണ്ടായിരുന്നു. ഈ അഞ്ചു ക്ഷേത്രങ്ങൾ 'ക്ഷേത്രപ്പെരുമാക്കൾ' എന്നറിയപ്പെട്ടിരുന്നു. കൊട്ടിയൂർ തൃച്ചെറുമന്ന ശ്രീ പരമേശ്വര ക്ഷേത്രം ഈ അഞ്ചു പ്രധാന ക്ഷേത്രങ്ങളിൽ ഒന്നായിരുന്നു. ഈ അഞ്ചു ക്ഷേത്രങ്ങൾക്കും കീഴിൽ അനേകം ഉപക്ഷേത്രങ്ങളുമുണ്ടായിരുന്നു.

കേരളത്തിലെ ഇതരക്ഷേത്രങ്ങളിൽ നിന്നെല്ലാം വ്യത്യസ്തമായ ഒന്നാണ് കൊട്ടിയൂർ ശ്രീ മഹാക്ഷേത്രം. ആരാധനയിലും അനുഷ്ഠാനങ്ങളിലും രൂപത്തിലും ഈ വ്യത്യാസം വളരെ പ്രകടമാണ്. ശ്രീകോവിലും ഗോപുരവും ചുറ്റുമതിലുമില്ലാതെ കാടിന്റെ നടുവിൽ ഒരു പാറയിടുക്കിലെ "സ്വയം ഭൂവായതെന്ന് കരുതുന്ന ശിവലിംഗം മാത്രമാണിവിടുത്തെ പ്രതിഷ്ഠ. ഒരു കൃഷ്ണശിലാരൂപമാണിത്. കല്ലുകൾ പാകിയ തറയിൽ ഉത്സവകാലത്ത് താല്കാലിക കെട്ടിടങ്ങൾ കെട്ടിയുണ്ടാക്കുന്നു. അത്യന്തം നിഗൂഢവും വിചിത്രവുമായ പൂജാവിധികൾ ഇവിടത്തെ പ്രത്യേകതയാണ്. ക്ഷേത്രത്തിന് ചുറ്റും വെള്ളം നിറഞ്ഞിരിക്കുന്നു. ശ്രീ പരമേശ്വരൻ ദക്ഷപ്രജാപതിയുടെ ശിരസ്സറുത്തപ്പോഴുണ്ടായ രുധിരമാണിത് എന്നത്രേ സങ്ക

ല്പം. ഒരു യാഗശാലയുടെ മാതൃകയിലാണ് ഈ ക്ഷേത്രം ഉള്ളത്. ബാവലിയാറിന്റെ തീരത്ത് സ്ഥിതി ചെയ്യുന്ന ഈ ക്ഷേത്രത്തിൽ മേടമാസത്തിലെ ചോതി നക്ഷത്രം മുതൽ മിഥുനമാസത്തിലെ ചോതിനക്ഷത്രം വരെ രണ്ട് ചന്ദ്രമാസക്കാലം ഉത്സവകാലമാണ്. ഒരു വർഷത്തിലെ ബാക്കി സമയം മുഴുവൻ ഈ ക്ഷേത്രം ഏകാന്തമായ കാട്ടിൻ നടുവിൽ സ്ഥിതിചെയ്യുന്നു.. ആ സമയം ഇവിടെ ആരാധനാ ക്രമങ്ങൾ ഒന്നും തന്നെയില്ല ആളുകൾ അങ്ങോട്ട് പോകാറുമില്ല. നെയ്യഭിഷേകം, ഇളനീരഭിഷേകം, കലശപൂജ മുതലായവ ക്ഷേത്രത്തിലെ വിശിഷ്ഠമായ ചടങ്ങുകളാണ്. തിയ്യ സമുദായത്തിൽപ്പെട്ടവരാണ് ഇള നീർക്കാവുകൾ കൊണ്ടുവരുന്നത്. അതുപോലെ ഓരോ ജാതി വിഭാഗത്തിനും ക്ഷേത്രത്തിലെ ചടങ്ങുകളുമായി ബന്ധമുണ്ട്.

കൊട്ടിയൂരിലേക്ക് അടുത്തകാലംവരെ ഭക്തർ കാൽ നടയായിട്ടായിരുന്നു വന്നിരുന്നത്. ഇളനീർ ഭക്തരുടെ യാത്രാക്ലേശം നേരിട്ടു കണ്ട ശ്രീനാരായണ ഗുരുദേവൻ, യാത്രചെയ്യുവാൻ ബുദ്ധിമുട്ടുള്ളവർ ഇളനീർക്കാവുകൾ തലശ്ശേരി ജഗന്നാഥ ക്ഷേത്രത്തിൽ അർപ്പിച്ചാലും മതിയെന്ന് അഭിപ്രായപ്പെടുകയുണ്ടായി.

കൊട്ടിയൂർ ഉത്സവത്തിന് അർപ്പിക്കപ്പെടുന്ന നെയ്യമൃത് ബാവലിയാറ്റിലൂടെ ഒഴുകി വളപട്ടണം പുഴയിലെത്തിച്ചേരുന്നതും കൊണ്ടാവാം വളപട്ടണം പുഴയ്ക്ക് "നെയ്യ് നിറയാറ്" എന്നും "ഘൃതനദിനി" എന്നും പേരുവന്നത്. ജ്ഞാനപ്പാനക്കാരനായ പൂന്താനം കൊട്ടിയൂർ ക്ഷേത്രത്തിൽ ഭജനം ഇരുന്നതായി കേരള സാഹിത്യ ചരിത്രത്തിൽ മഹാകവി ഉള്ളൂർ രേഖപ്പെടുത്തിയിട്ടുണ്ട്.

വടക്കേ മലബാറിലെ ജനങ്ങളുടെ സാംസ്കാരിക ജീവിതവുമായികൊട്ടിയൂരിന് അഭേദ്യമായ ബന്ധമുണ്ട്. വടക്കൻ പാട്ടുകളിലും ഉത്തര കേരളത്തിലെ മറ്റു പാട്ടുകൃതികളിലും കൊട്ടിയൂരിനെക്കുറിച്ച് പരാമർശമുണ്ട്. വടക്കൻ പാട്ടുകളിലെ ചില നായികാനായകന്മാരുടെ ആരാധനാമൂർത്തിയായിരുന്നു കൊട്ടിയൂരപ്പൻ. വടകര പ്രദേശങ്ങളിൽ ഇന്നും വടക്കോട്ട് പോകുക എന്നു പറഞ്ഞാൽ കൊട്ടിയൂര് പോവുകയെന്നാണർത്ഥം. തീർത്ഥയാത്ര പുറപ്പെടാൻ പഴയകാലത്ത് മലബാറിലെ ജനങ്ങൾ കണ്ടെത്തിയ ഒരിടമായിരിക്കണം കൊട്ടിയൂരും. സഹ്യമലനിരകൾക്കിടയിലെ മലമ്പാതകളിലൂടെ ജീവിതത്തിന്റെ ശരണാർത്ഥികളായി പഴയ ജനസമൂഹം നീങ്ങിയിരിക്കണം. ജീവിതപ്പെരുവഴിയിലൂടെ സുഖ ദുഃഖങ്ങളുടെ കണക്കെടുപ്പുമായി നീങ്ങുന്ന തീർത്ഥാടനത്തിന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വിവിധ മതസ്ഥരുടെ ഇടയിൽ ഇന്നും സ്ഥാനമുണ്ടെന്ന കാര്യം ശ്രദ്ധേയമാണ്. കാർഷികാടിസ്ഥാനത്തിലുള്ള പഴയ ഗ്രാമ സമൂഹങ്ങളിൽ വിളവെടുപ്പിന് ശേഷമുള്ള ഒരു വിശ്രമമെന്ന നിലയിലും ഈ തീർത്ഥാടനത്തിന് സ്ഥാനമുണ്ടായിരിരുന്നു. കൊട്ടിയൂരിലെ ശിവൻ ഇവിടത്തെ ആദിമ നിവാസികൾ ആരാധിച്ചിരുന്ന ദേവത തന്നെയായിരിക്കാം. ദക്ഷയാഗവുമായി ബന്ധപ്പെട്ട ഉപരി വർഗ്ഗ പുരാവൃത്തങ്ങൾ പിൽക്കാലത്ത് രൂപപ്പെട്ടു വന്നതാകാം.

പണ്ട് കോലത്ത് നാടിന്റെ കീഴിൽ ഉൾപ്പെട്ട ഒരു പ്രദേശമായിരുന്നു കൊട്ടിയൂർ. എന്നാൽ പിൽക്കാലത്ത് കോട്ടയം രാജവംശത്തിന്റെ ഉയർച്ചയോടെ ഈ പ്രദേശം അവരുടെ നിയന്ത്രണത്തിലായിത്തീർന്നു. കോട്ടയം രാജാക്കന്മാരുടെ മൂല സ്ഥാനമായിക്കരുതുന്ന പുരളി മല കൊട്ടിയൂർ പ്രദേശത്തിന് വളരെയടുത്താണ്. പേരാവൂർ മുതൽ കിഴക്കോട്ടുള്ള പ്രദേശത്തെ മുഴുവൻ ഒരു കാലത്ത് കൊട്ടിയൂർ എന്ന് വിളിച്ചിരുന്നു. ഇന്നും അങ്ങനെ കരുതുന്നവർ ധാരാളം ഉണ്ട്.

നാടുവാഴിത്ത വ്യവസ്ഥിതി നിലനിന്നിരുന്ന പഴയ കാലത്ത് കൊട്ടിയൂർ പ്രദേശം മണത്തണയിലെ നാല് നാടുവാഴികളുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ആയിരുന്നു. കോട്ടയം രാജാക്കന്മാർ കല്പിച്ചുകൊടുത്ത പ്രത്യേക അധികാരാവകാശങ്ങൾ ആയിരുന്നു അത്. കോട്ടയം രാജാക്കന്മാർ നായാട്ടിനായി കിഴക്കൻ മലയോരങ്ങളിൽ എത്തുമ്പോൾ മണത്തണയായിരുന്നുവത്രേ അവരുടെ വിശ്രമസങ്കേതം. കാലക്രമത്തിൽ കൊട്ടിയൂർ ക്ഷേത്ര നടത്തിപ്പും ക്ഷേത്രം വക ഭൂസ്വത്തായ 27000ൽപരം ഏക്കർ സ്ഥലവും മണത്തണയിലെ പ്രസിദ്ധരായ ഈ നാടുവാഴികളുടെ നിയന്ത്രണത്തിലായിത്തീർന്നു.

## കൊട്ടിയൂർ കുടിയേറ്റം

ബാവലിപ്പുഴയുടെ തീരങ്ങളിൽ പാർപ്പുറപ്പിച്ചിരുന്ന ആദിവാസികളായ പണിയരും കുറിച്യരും

മാത്രമേ ഒരു കാലത്ത് കൊട്ടിയൂരിൽ ഉണ്ടായിരുന്നുള്ളു. കാട്ടിൽ നായാടിയും കായ്കനികൾ ഭക്ഷിച്ചും പുഴയിൽ മീൻ പിടിച്ചും അവർ ജീവിതം നയിച്ചുപോന്നു. എന്നാൽ ഈ നൂറ്റാണ്ടിന്റെ മദ്ധ്യദശകങ്ങളോടടുത്ത് ഈ പ്രദേശം പുതിയൊരു സാംസ്കാരിക പ്രവാഹത്തിന് വിധേയമായി. 1940 കൾ മുതൽ മദ്ധ്യ തിരുവിതാംകൂറിൽ നിന്നും മലബാറിലേക്ക് കുടിയേറ്റം ആരംഭിച്ചു.

ഒന്നും രണ്ടും ലോകമഹായുദ്ധങ്ങൾ തൽഫലമായുണ്ടായ സാമൂഹിക സാമ്പത്തിക മാന്ദ്യം ദാരിദ്ര്യം മുതലായവ ഉത്തരവാദ ഭരണത്തിനും ജനാധിപത്യ അവകാശങ്ങൾക്കും വേണ്ടി തിരുവിതാംകൂറിൽ കർഷക ബഹുജന സാമൂഹ്യ രാഷ്ട്രീയ സംഘടനകൾ നടത്തിയ പ്രക്ഷോഭങ്ങളും അതിന്റെ ഫലമായുണ്ടായ ക്രൂരമായ പോലീസ് മർദ്ദനങ്ങളും ജനസംഖ്യാ വർദ്ധനവ് മുതലായവ കുടിയേറ്റത്തിനുള്ള ഭൗതിക സാഹചര്യങ്ങളായിരുന്നു. മണ്ണിനോടും കൃഷിയിടങ്ങളോടുമുള്ള മലയാളിയുടെ അടങ്ങാത്ത ദാഹം കുടിയേറ്റത്തിനുള്ള മറ്റൊരു പശ്ചാത്തലമാണ്.

ഈ നൂറ്റാണ്ടിന്റെ തുടക്കത്തിൽതന്നെ മദ്ധ്യ തിരുവിതാംകൂറിൽ നിന്നും ചില ഒറ്റ ഒറ്റ കുടുംബങ്ങൾ മലബാറിൽ എത്തി തോട്ടങ്ങൾ വച്ച് പിടിപ്പിച്ച് സമ്പന്നരാവുകയുണ്ടായി. അവരുടെ പെട്ടെന്നുള്ള ഉയർച്ചയും വ്യാപകമായ കുടിയേറ്റത്തിന് കാരണമായി.

കണ്ണൂർ ജില്ലയിൽ തലശ്ശേരിക്ക് കിഴക്ക് കോളയാടും തളിപ്പറമ്പിന് കിഴക്കും പ്രദേശങ്ങളിലാണ് ആദ്യം കുടിയേറ്റം നടന്നത്. തുടർന്ന് കോളയാടിന് കിഴക്കൻ ഭാഗങ്ങളിലേക്കും കുടിയേറ്റം നടന്നു. അക്കാലത്ത് തലശ്ശേരിയിൽനിന്ന് മൂന്നു ബസ്സുകൾ പേരാവൂർ വരെ സർവ്വീസ് നടത്തിയിരുന്നു. പേരാവൂരിൽനിന്നും 15 കി.മീ. മലമ്പാതയിലൂടെ നടന്നാണ് ആളുകൾ കൊട്ടിയൂരിൽ എത്തിയിരുന്നത്. വേനൽക്കാലത്ത് കൂപ്പിൽ നിന്നും ലോറിയിൽ മരം കൊണ്ടുപോകാൻ താല്കാലികമായി തീർത്ത ഒരു മലമ്പാതയായിരുന്നു അത്.

1960 ആയപ്പോഴേക്കും കൊട്ടിയൂർ പ്രദേശത്ത് കുടിയേറ്റം വ്യാപകമായി നടന്നു കഴിഞ്ഞിരുന്നു. കുടിയേറ്റക്കാരിൽ ഭൂരിഭാഗവും കൊട്ടിയൂർ ദേവസ്വം വക ഭൂമിയിൽ അധികാരം ഉണ്ടായിരുന്ന ഊരാളൻമാർക്കും ജന്മിമാർക്കും വില നൽകിയാണ് ഭൂമി കൊത്തിയെടുത്തത്. എന്നാൽ ഭൂമിയുടെ കൈവശാവകാശരേഖകളൊന്നുംതന്നെ ഭൂരിഭാഗം കുടിയേറ്റ കർഷകർക്കും കൊടുത്തിരുന്നില്ല. അതുകൊണ്ടുതന്നെ കൃഷിക്കാർ കൈവശം വയ്ക്കുന്ന ഭൂമിയെച്ചൊല്ലി ഇടക്കിടെ തർക്കങ്ങളും വ്യവഹാരങ്ങളും പതിവായിരുന്നു. ഒരു ഭൂമിതന്നെ പലർക്കും ജന്മിമാർ കൊടുത്ത സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. പൊതുവെ കുടിയേറ്റക്കാരുടെ കൈവശം ഉണ്ടായിരുന്ന പണത്തെപ്പറ്റി മാത്രമെ ജന്മിമാരും ഭൂമി ഇടപാടുകാരും ചിന്തിച്ചിരുന്നുള്ളു എന്ന് വ്യക്തം. ഘോരവനഭൂമിയായിരുന്ന ഇവിടെ കാട്ടു മൃഗങ്ങളോടും മലമ്പനിയോടും പട്ടിണിയോടും പാമ്പിനോടും മല്ലിട്ടുകൊണ്ട് തങ്ങളുടെ മണ്ണിൽ കൃഷിയിറക്കാൻ തുടങ്ങിയ കുടിയേറ്റ കർഷകജനത ഐതിഹാസികമായ സമരമുഖങ്ങളിലേക്ക് നീങ്ങുന്നതായാണ് പിന്നീട് കാണുന്നത്.

## കൊട്ടിയൂർ കുടിയിറക്ക് സമരം

കുടിയേറ്റ കർഷകരിൽ ഭൂരിഭാഗവും ജന്മിമാർക്ക് വിലകൊടുത്താണ് ഭൂമി വാങ്ങിയതെങ്കിലും കർഷകർ ഭൂരിഭാഗവും കുടിയിറക്ക് ഭീഷണി നേരിട്ടുകൊണ്ടിരുന്നു. കുടിയേറ്റ കർഷകജനതയെ കൊട്ടിയൂർ ദേവസ്വം വക ഭൂമിയിൽനിന്നും കുടിയിറക്കാൻ 1960ൽ വളരെ സംഘടിതവും ആസൂത്രിതവുമായ കരുനീക്കങ്ങൾ അണിയറയിൽ നടന്നു. 1959ൽ ശ്രീ. ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള ആദ്യ കേരള മന്ത്രിസഭ പിരിച്ചുവിട്ടതിന് ശേഷം നടന്ന തെരഞ്ഞെടുപ്പിൽ സപ്ത കക്ഷികളുടെ നേതൃത്വത്തിലുള്ള ഐക്യമുന്നണിയാണ് വിജയിച്ചത്. പട്ടം താണുപിള്ള മുഖ്യമന്ത്രിയായി. ഈ അവസരം തന്നെ കൊട്ടിയൂർ കുടിയിറക്കാനുള്ള അവസരമായി ചില തല്പര കക്ഷികൾ കണ്ടു. ഭാരത കേസരി ശ്രീ മന്നത്തു പത്മനാഭനുമായി ആലോചിച്ചുറപ്പിച്ച് മണത്തണയിലെ ഊരാളന്മാർ കൊട്ടിയൂർ ദേവസ്വം വക 27000 ഏക്കർ സ്ഥലം 99 വർഷത്തേക്ക് എൻ.എസ്.എസിന് മേൽ ചാർത്ത് നൽകി. ക്ഷേത്രം വക സ്വത്തു വകകൾ അന്യാധീനപ്പെടാതിരിക്കാനാണ് മേൽ ചാർത്ത് എന്നാണ് പറഞ്ഞിരുന്നത്. കുടിയേറ്റക്കാരായ കർഷക ജനതയെ കണക്കിലെടുക്കാതെയായിരുന്നു ഇത്. കൈവശ രേഖയില്ലാത്ത കുടിയേറ്റക്കാരെ ഒഴിപ്പിക്കും എന്ന സർക്കാർ നിലപാട് കുടിയേറ്റ കർഷകർക്ക് ഭീഷണിയായി. മല

ബാർ സ്പെഷ്യൽ പോലീസിന്റെ സഹായത്തോടെ കൃഷിക്കാരെ ഒഴിപ്പിക്കാൻ അധികൃതർ മുന്നോട്ടു വന്നു.

ഇക്കാലത്ത് കൊട്ടിയൂർ കുടിയിറക്കിനെതിരെ ഒരു ആലോചനായോഗം നീണ്ടുനോക്കിയിൽ നടക്കുകയുണ്ടായി. എ. കണാരൻ, എൻ.ഇ. ബലറാം, ഗംഗാധരമാരാർ, കെ.എസ്. പത്മനാഭൻ, കോവാട്ട് ബാലൻ, പത്തിച്ചിറ മാധവൻ എന്നിവർ ആ യോഗത്തിൽ പങ്കെടുത്തു. കൊട്ടിയൂർ കുടിയിറക്കിനെതിരെ ജനങ്ങൾ ജാതിമതഭേദമെന്യേ സംഘടിച്ചു. എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും ഒറ്റക്കെട്ടായി സമരരംഗത്തിറങ്ങി. 1961മുതൽ കൊട്ടിയൂരിലെ കുടിയേറ്റ കർഷക സമരം കൂടുതൽ വിപ്ലവപരമായി കരുത്താർജ്ജിച്ചു. കമ്മ്യൂണിസ്റ്റ് പാർട്ടിയും കർഷക സംഘവും കൊട്ടിയൂർ സമരവുമായി ഇക്കാലത്ത് ബന്ധപ്പെട്ടു. കർഷക സംഘത്തിന്റെ നേതൃത്വത്തിൽ കുടിയേറ്റ കർഷകർ കണ്ണൂർ കളക്ടറേറ്റിലേക്ക് ഒരു ജാഥ ഇക്കാലത്ത് നയിക്കുകയുണ്ടായി. എൻ.ഇ. ബലറാം ആണ് ജാഥ നയിച്ചത്. കൊട്ടിയൂരിലെ കുടിയേറ്റ കർഷകരിൽ അമ്പതോളം പേർ ഈ ജാഥയിൽ പങ്കെടുത്തു. കണ്ണൂർ കളക്ടറേറ്റ് പിക്കറ്റ് ചെയ്തവരെ അറസ്റ്റ് ചെയ്ത് കണ്ണൂർ സെൻട്രൽ ജയിലിൽ അയച്ചു. പാവപ്പെട്ടവരുടെ പടനായകനായ സഖാവ് എ.കെ. ഗോപാലൻ കൊട്ടിയൂരിലെ കർഷകരുടെ പ്രശ്നം ജനകീയ പ്രശ്നമായിക്കണ്ടു. കർഷകരുടെ പ്രശ്നം ഭരണകൂടത്തിന്റെ ശ്രദ്ധയിൽപ്പെടുത്താൻ കണ്ടപ്പുനത്തുനിന്നും ഒരു ജീപ്പ് ജാഥ, എ.കെ.ജി.യുടെ നേതൃത്വത്തിൽ തിരുവനന്തപുരത്തേക്ക് പുറപ്പെട്ടു. കൊട്ടിയൂരിലെ ആദ്യകാല കുടിയേറ്റക്കാരിൽ ഇടതുപക്ഷപ്രസ്ഥാനവുമായി ബന്ധപ്പെട്ട പലരും ഈ ജാഥയുമായി സഹകരിക്കുകയുണ്ടായി. ശ്രീ. കല്ലറയ്ക്കൽ തോമസ് ചേട്ടനും, ഭാര്യ അന്നമ്മയും ശ്രീ പാരിയ്ക്കായള്ളിൽ ജോണും, ഭാര്യ ഏലിയാമ്മയും, ശ്രീ കോലാട്ട് ഭാസ്കരനും ഭാര്യ ഗോമതിയും, ശ്രീ പുരുഷോത്തമൻപിള്ളയും ഭാര്യ രാധാമണിയും ജാഥാംഗങ്ങളായി പങ്കെടുത്തു. എ.കെ.ജി.യുടെ നേതൃത്വത്തിൽ പുറപ്പെട്ട ഈ ജീപ്പ് ജാഥ കളമശ്ശേരിയിൽവെച്ച് പോലീസ് തടയുകയും എ.കെ.ജി.യെ അറസ്റ്റ് ചെയ്ത് 15 ദിവസം എറണാകുളം സബ് ജയിലിൽ വെക്കുകയും ചെയ്തു. എ.കെ.ജി.യുടെ അറസ്റ്റിനെത്തുടർന്ന് ശ്രീ. എൻ.ഇ. ബലറാം, ടി.സി. നാരായണൻ നമ്പ്യാർ എന്നിവർ ജാഥാ നേതൃത്വം ഏറ്റെടുത്ത് തിരുവനന്തപുരത്തേക്ക് പുറപ്പെട്ടു. ജാഥയിൽ പങ്കെടുത്ത രണ്ട് സ്ത്രീകൾ ഗർഭിണികളായിരുന്നുവെന്നത് കുടിയേറ്റ കർഷകർ അക്കാലത്ത് അനുഭവിച്ച വേദനകളുടെ ചിത്രം വ്യക്തമാക്കുന്നു.

1961ൽ കൊട്ടിയൂരിൽ ക്രൈസ്തവരുടെ ഒരു ദേവാലയം ഉയർന്നുവന്നപ്പോൾ ഫാ. ജേക്കബ് ചിറയത്ത് പ്രഥമ വികാരിയായി നിയമിതനായി. അദ്ദേഹം കൊട്ടിയൂരിലെ കർഷകരുടെ പ്രശ്നം ഗൗരവപൂർവ്വം ഉൾക്കൊള്ളുകയും കർഷകൾക്ക് സമരാവേശം നൽകുകയുംചെയ്തു ഫാ. വടക്കനും, ബി. വെല്ലിംഗ്ടനും, കൊട്ടിയൂരിലെ കുടിയിറക്ക് സമരവുമായി ബന്ധപ്പെടുന്നത് ഈ അവസരത്തിലാണ്. അവരുടെ നേതൃത്വത്തിലുള്ള കേരള കർഷകത്തൊഴിലാളി പാർട്ടി (KTP) മലയോര കർഷകന്റെ പ്രശ്നങ്ങൾ ഏറ്റെടുത്തുകൊണ്ടിരുന്ന കാലമായിരുന്നു. അത് കുടിയേറ്റ കർഷകരിൽ പകുതിയിലധികം വരുന്ന ക്രൈസ്തവ ജനതയെ സ്വാധീനിക്കാൻ അവർക്ക് വേഗം കഴിഞ്ഞു. വടക്കനച്ചന്റെ നേതൃത്വത്തിൽ കൊട്ടിയൂർ മേഖലയിൽ കുടിയിറക്കിനെതിരെ വമ്പിച്ച പ്രതിഷേധ യോഗങ്ങളും പ്രകടനങ്ങളും നടന്നു. തുടർന്ന് ഫാ. വടക്കൻ, ഫാ. ചിറയത്ത്, എന്നിവരുടെ നേതൃത്വത്തിൽ ബി. വെല്ലിംഗ്ടൺ തുരുത്തിയിൽ സ്കറിയാ എന്നിവർ ക്യാപ്റ്റൻമാരായി ഒരു കാൽനട ജാഥ തിരുവനന്തപുരത്തേക്ക് പുറപ്പെട്ടു.

ജാഥ പേരാവൂരിൽ എത്തുന്നതിനു മുമ്പുതന്നെ ജാഥക്കുനേരെ വ്യാപകമായി അതിക്രമങ്ങളും അവഹേളനങ്ങളും നടന്നുകൊണ്ടിരുന്നു. ജാഥ പേരാവൂരിൽ എത്തിയപ്പോഴേക്കും ഐക്യമുന്നണിയിലെ പ്രബല കക്ഷിയായ കോൺഗ്രസ് കുടിയേറ്റ കർഷകരുടെ സമരത്തിനുള്ള പിന്തുണ പിൻവലിച്ചിരുന്നു. മട്ടന്നൂരിൽനിന്നും കമ്മ്യൂണിസ്റ്റ് പാർട്ടി ജാഥയുടെ നേതൃത്വം ഏറ്റെടുക്കുകയും ജാഥ തിരുവനന്തപുരത്ത് എത്തിച്ചേരുകയും ചെയ്തു. ഒരു മാസക്കാലം കൊണ്ട് തിരുവനന്തപുരത്ത് എത്തിയ ഈ കർഷക പ്രതിനിധികളെ കാണുവാനോ അവരുടെ മെമ്മോറാണ്ടം സ്വീകരിക്കുവാനോ തയ്യാറാവാതെ ധിക്കാരപരമായ ഒരു നിലപാടാണ് മുഖ്യമന്ത്രി ശ്രീ. പട്ടം താണുപിള്ള കൈകൊണ്ടത്. കൊട്ടിയൂരിലെ കുടിയേറ്റ കർഷ

കരെ വളരെയേറെ വേദനിപ്പിച്ച ഒരു സംഭവമായിരുന്നു അത്. കർഷകപ്രതിനിധകൾ പുത്തരിക്കണ്ടം മൈതാനിയിൽ വടക്കനച്ചന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ സഖാവ് എ.കെ.ജി. പ്രസംഗിച്ചു. യോഗാനന്തരം മുഖ്യമന്ത്രിക്കുള്ള മെമ്മോറാണ്ടം ഒരു പോസ്റ്റ് പെട്ടിയിൽ നിക്ഷേപിച്ച് കർഷക പ്രതിനിധികൾ തിരിച്ച് പോരുകയാണുണ്ടായത്.

കുടിയേറ്റ കർഷകരുടെ പ്രശ്നം ഒരു തീരുമാനത്തിലെത്താതെ പിന്നെയും തുടർന്നപ്പോൾ കേരള കർഷകത്തൊഴിലാളി പാർട്ടിയുടെ നേതാവായ ബി. വെല്ലിംഗ്ടൺ 1962 ഫെബ്രുവരി 12ന് കേളകത്ത് നിരാഹാരസത്യഗ്രഹം ആരംഭിച്ചു. അദ്ദേഹത്തിന്റെ ജീവൻ അപകടത്തിലാണെന്ന് മനസ്സിലാക്കിയ അധികൃതർ വളരെ തന്ത്രപരമായി മി. വെല്ലിംഗ്ടണെ അറസ്റ്റ് ചെയ്ത് തലശ്ശേരി ഗവ: ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അദ്ദേഹം അവിടെയും സത്യാഗ്രഹം തുടർന്നെങ്കിലും 21ാം ദിവസം നിരാഹാരസമരം പെട്ടെന്ന് അവസാനിപ്പിക്കുകയാണുണ്ടായത്. അപ്പോഴേക്കും കൊട്ടിയൂർ പ്രദേശം മുഴുവനും എം.എസ്.പി. താവളമടിച്ചിരുന്നു. ഇക്കാലത്ത് കേരള നിയമസഭയിൽ കുടിയിറക്ക് പ്രശ്നം പൊന്തിവന്നു. കൊട്ടിയൂർ കുടിയിറക്ക് പ്രശ്നം സംബന്ധിച്ച് കെ.പി.സി.സി.യിൽ ഭിന്നഅഭിപ്രായമുണ്ടായിരുന്നു. പ്രശ്നം പഠിക്കാൻ എം.എൽ.എ. മാർ അടങ്ങിയ അഞ്ചംഗ സംഘത്തെ കെ.പി.സി.സി. നിയോഗിച്ചു. അവർ കൊട്ടിയൂർ പ്രദേശം സന്ദർശിച്ച് തെളിവെടുപ്പ് നടത്തി. കർഷക ജനത വർഷങ്ങളായി കൃഷിചെയ്തു ജീവിക്കുന്ന ഒരു കാർഷിക മലയോരമേഖലയാണ് കൊട്ടിയൂരെന്ന് സംഘത്തിന് ബോധ്യപ്പെട്ടിരുന്നു. അവർ കൊട്ടിയൂർ കുടിയിറക്ക് ഒരു മാനുഷിക പ്രശ്നമായി കാണണമെന്ന് റിപ്പോർട്ട് സമർപ്പിച്ചെങ്കിലും ആ റിപ്പോർട്ട് വെളിപ്പെടുത്താൻ നേതൃത്വം തയ്യാറായില്ല. കൊട്ടിയൂർ കുടിയിറക്ക് പ്രശ്നം സംബന്ധിച്ച് തനിക്ക് ആദ്യം കിട്ടയി വിവരങ്ങൾ വസ്തുതപരമായിരുന്നില്ലെന്ന് ഒടുവിൽ മന്നത്ത് പത്മനാഭനും തോന്നി. കൊട്ടിയൂർ കുടിയിറക്ക് പ്രശ്നം അങ്ങനെ കർഷകർക്കനുകൂലമായി പര്യവസാനിച്ചു. എങ്കിലും കുടിയേറ്റ കർഷകരുടെ പ്രശ്നം പരിഹരിക്കപ്പെടാതെ അങ്ങനെ കിടന്നു. 1967ൽ ഇ.എം.എസ് നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ രൂപം കൊണ്ട മന്ത്രിസഭ പാസ്സാക്കിയ കാർഷിക ബന്ധ ബില്ലാണ് അടിസ്ഥാനപരമായി കൊട്ടിയൂർ നിവാസികൾക്ക് ഭൂമിയിൽ സ്ഥിരാവകാശം നേടിക്കൊടുത്തതെന്ന കാര്യം നിസ്തർക്കമാണ്.



# ഭൂപ്രകൃതി, ജനപ്രകൃതി

ഭൂപ്രകൃതിയനുസരിച്ച് കൊട്ടിയൂർ പഞ്ചായത്തിനെ അഞ്ചു മേഖലകളായി തിരിക്കാം.

1. മലനിരകൾ
2. വനപ്രദേശം
3. ചെരിവ് പ്രദേശം
4. സമതല പ്രദേശം
5. പുഴയും തോടുകളും

കേരളത്തിന്റെ പഴയ ഭൂമിശാസ്ത്രപരമായ തരംതിരിവനുസരിച്ച് കൊട്ടിയൂർ പ്രദേശം 'മലനാട്ടിൽ' ഉൾപ്പെടുന്നു എന്നു പറയാം. സമുദ്ര നിരപ്പിൽനിന്നും 750 മുതൽ 2500 അടി വരെ ഉയരത്തിൽ ഈ പഞ്ചായത്തിലെ പ്രദേശങ്ങൾ സ്ഥിതി ചെയ്യുന്നു. സഹ്യമലനിരകളുടെ ഭാഗമാണ് ഈ പ്രദേശം. മലനിരകളുടെ നാടാണ് കൊട്ടിയൂർ എന്ന് പറയാം. തികച്ചും മലകളാൽ ചുറ്റപ്പെട്ട് കിടക്കുന്ന ഒരു പ്രദേശമാണിത്. പാല് കാച്ചിമല, ഒറ്റപ്ലാവ്മല, പന്ന്യാമല, ബംഗ്ലമല (പൊട്ടംതോട് മല) എന്നീ മലകളാൽ തന്നെയാണ് ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങൾ അറിയപ്പെടുന്നത്. ചരിത്രപ്രസിദ്ധമായ പാല്കാച്ചിമലയുടെ ഉയരം 2500 അടിയാണ്. പാല്കാച്ചിമല ടൂറിസം സാദ്ധ്യതയുള്ള പ്രദേശമാണ്. പഞ്ചായത്തിന്റെ തെക്ക് പടിഞ്ഞാറൻ അതിർത്തിയിൽ വയനാടൻ മലനിരകളാണ്.

കൊട്ടിയൂർ കുടിയേറ്റം നടക്കുന്ന കാലത്ത് ഈ പ്രദേശം കൊട്ടിയൂർ ദേവസ്വത്തിന്റെ വക വനഭൂമിയായിരുന്നു. ഈ പഞ്ചായത്തിന്റെ കിഴക്കൻ അതിർത്തി റിസർവ്വ് വനമാണ്. കൊട്ടിയൂർ പഞ്ചായത്തിന്റെ ഒമ്പതു വാർഡുകളും വനഭൂമിയുമായി ബന്ധപ്പെട്ട് കിടക്കുന്നുവെന്നത് ഈ പഞ്ചായത്തിന്റെ മാത്രം സവിശേഷതയാണ്. ഇതിൽ ചില ഭാഗങ്ങൾ നിക്ഷിപ്ത വന (Wested Forest) മേഖലകളാണ്.

വനപ്രദേശത്തിന്റെ സാമീപ്യം കൃഷിടിയങ്ങളിൽ ഈർപ്പവും തണുപ്പും നിലനിർത്താൻ സഹായിക്കുന്നു. ഈ പഞ്ചായത്തിലെ പുഴകളിൽ ഭൂരിഭാഗവും വനപ്രദേശത്ത്നിന്നും ഉത്ഭവിക്കുന്നവയാണ്. കൊട്ടിയൂർ ദേവസ്വം വക നൂറ് ഏക്കർ വനഭൂമി ഇപ്പോഴും ഉണ്ട്. പാല്കാച്ചിമലയിലും, കൊട്ടിയൂർ ക്ഷേത്രത്തിനടുത്ത് ബാവലിപ്പുഴയുടെ ഇരുകരകളിലുമായി അവ വ്യാപിച്ചു കിടക്കുന്നു.

പഞ്ചായത്തിന്റെ 60%ത്തോളം കൃഷിയിടങ്ങളും നല്ലൊരു ഭാഗം ജനങ്ങൾ താമസിക്കുന്നത് ചെരിവ് പ്രദേശങ്ങളിലാണ്. ഫലഭൂയിഷ്ഠമായ മണ്ണും ജലസേചന സൗകര്യങ്ങളും ഈ പ്രദേശത്തിന്റെ പ്രത്യേകതകളാണ്. കശുമാവ്, റബ്ബർ, കമുക് എന്നിവ ഈ പ്രദേശങ്ങളിൽ സമൃദ്ധമായി വളരുന്നു.

വളരെ കുറച്ചെങ്കിലും സമതല പ്രദേശങ്ങളും ഈ പഞ്ചായത്തിലുണ്ട്. ബാവലിപ്പുഴയുടെ ഇരുകരകളിലുമായി അത്യന്തം ഫലഭൂയിഷ്ഠമായ ഈ പ്രദേശം കിടക്കുന്നു. മണലും ഉരുളൻ കല്ലുകളും ഈ പ്രദേശത്ത് കൂടുതൽ കാണുന്നു. ഒരു കാലത്ത് ബാവലിപ്പുഴ ഈ പ്രദേശത്തുകൂടി കയറി ഒഴുകിയിരുന്നതായി കരുതാം. തെങ്ങും, കമുകും വയൽ പ്രദേശങ്ങളും നിറഞ്ഞ ഈ സമതലപ്ര

ദേശം കൊട്ടിയൂരിന്റെ ഹൃദയഭൂമിയാണെന്നതന്നെ പറയാം.

ഇരുപത്തിയെട്ടോളം തോടുകൾ ഈ പഞ്ചായത്തിലുണ്ട്. ഇവ കൂടാതെ ധാരാളം കൈത്തോടുകളും ഉണ്ട്. കൊട്ടിയൂർ പഞ്ചായത്തിലെ ജലസേചനം മുഖ്യമായും ഈ തോടുകളെ ആശ്രയിച്ചാണ്. പതിനെട്ട് തോടുകൾ തെക്ക് നിന്ന് ഉത്ഭവിച്ച് വടക്കോട്ട് ഒഴുകി ബാവലിപ്പുഴയിൽ ചേരുന്നു. അതുപോലെ പത്ത് തോടുകൾ വടക്കു നിന്ന് ഉത്ഭവിച്ച് തെക്കോട്ടൊഴുകി ബാവലിപ്പുഴയിൽ ചേരുന്നു. കൊട്ടിയൂർ പഞ്ചായത്തിന്റെ ഹൃദയരേഖയാണ് ബാവലിപ്പുഴ. വയനാട്ടിൽ നിന്നു ത്ഭവിച്ച് വളപട്ടണം പുഴയിൽ ചെന്നു ചേരുന്ന ഈ പുഴ കൊട്ടിയൂർ പഞ്ചായത്തിലെ ഒമ്പതു വാർഡുകളേയും സ്പർശിച്ചുകൊണ്ടാണ് കടന്നുപോകുന്നത്. വനത്തിലൂടെ ഒഴുകിയെത്തുന്ന ബാവലിപ്പുഴയിലെ ജലത്തിന് ഔഷധഗുണമുണ്ടെന്ന് കരുതപ്പെടുന്നു. കൊട്ടിയൂർ ഉത്സവത്തിന് ക്ഷേത്രാങ്കണമായ തിരുവഞ്ചിറയിലേക്ക് വെള്ളം എത്തിക്കുന്നത് ബാവലിപ്പുഴയിൽനിന്നാണ്. മന്ദംചേരി മുതൽ ഒരു കിലോമീറ്റർ ദൂരം ബാവലിപ്പുഴ രണ്ടായി ഒഴുകുന്നു. ഈ പുഴകളുടെ ഇരു കരകളിലുമായി അക്കരകൊട്ടിയൂർ ക്ഷേത്രവും ഇക്കരെ കൊട്ടിയൂർ ക്ഷേത്രവും സ്ഥിതി ചെയ്യുന്നു. പുഴയുടെ മധ്യഭാഗം ഇവിടെ ഒരു തുരുത്തായി കാണപ്പെടുന്നു. ഇടബാവലി എന്നാണ് ഇത് അറിയപ്പെടുന്നത്. ഏകദേശം 10 ഏക്കർ സ്ഥലം ഇങ്ങിനെയുണ്ട്. പുൽപ്പരപ്പും കുറ്റിച്ചെടികളും നിറഞ്ഞ ഈ പ്രദേശം മനോഹരമായ ഒന്നാണ്. ബാവലിയുടെ ഇരു കരകളിലുമായി ദേവസ്വം വകയായുള്ള വനഭൂമി, ഏതു കൊടും വേനലിലും ഈ പ്രദേശങ്ങൾക്ക് കുളിർമ്മ നൽകുന്നു. ഈ വനഭൂമി ധാരാളം ജൈവവൈവിധ്യങ്ങളുടെ ആവാസ കേന്ദ്രമാണ്.

## ജനപ്രകൃതി

1991ലെ സെൻസസ് അനുസരിച്ച് കൊട്ടിയൂർ പഞ്ചായത്തിലെ ജനസംഖ്യ 16608 ആണ്. ഇതിൽ 8329 പേർ പുരുഷന്മാരും 8279 പേർ സ്ത്രീകളുമാണ്. പഞ്ചായത്തിലെ ആകെ വീടുകൾ 3257. ജനസാന്ദ്രത ചതുരശ്ര കി.മീ. 238. ആറുവയസ്സിന് താഴെയുള്ള കുട്ടികളുടെ എണ്ണം 2038 ആണ്. ഇതിൽ ആൺകുട്ടികൾ 1008ഉം പെൺകുട്ടികൾ 1030ഉം ആണ്. പട്ടികജാതി- പട്ടികവർഗ്ഗ ജനസംഖ്യ 1366 ആണ്. അതിൽ 506 പുരുഷന്മാരും 680 സ്ത്രീകളും ഉൾപ്പെടുന്നു. പഞ്ചായത്തിലെ ആകെ ജനങ്ങളിൽ 13781 പേർ സാക്ഷരരാണ്. ഇതിൽ 6995 പേർ പുരുഷന്മാരും 6786 സ്ത്രീകളുമാകുന്നു.

വനപ്രദേശങ്ങളോടു ചേർന്നു കിടക്കുന്നതിനാൽ കൊട്ടിയൂർ പ്രദേശത്ത് ഒരു വർഷം ശരാശരി പെയ്യുന്ന മഴയുടെ അളവ് വളരെ കൂടുതലാണ്. ജൂൺമുതൽ സെപ്റ്റംബർ വരെയുള്ള തെക്കുപടിഞ്ഞാറൻ മൺസൂൺ കാലത്ത് ഈ പ്രദേശത്ത് നല്ല മഴ ലഭിക്കാറുണ്ട്. വടക്കുകിഴക്കൻ മൺസൂണും ധാരാളം മഴ നൽകുന്നുണ്ട്. മഴയെ ആശ്രയിച്ചാണ് മുഖ്യകൃഷികളെല്ലാം നടത്തുന്നത്. തോടും പുഴയും ജലസേചനത്തിനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

| കൊട്ടിയൂർ പഞ്ചായത്ത് മലകൾ | | |
|---|---|---|
| ക്രമ നമ്പർ | മലകൾ/ കുന്നുകൾ | ഉയരം |
| 1 | പാലുകാച്ചി | 745 മീറ്റർ (2500 അടി) |
| 2 | ഒറ്റപ്ലാവ് | 910 മീറ്റർ |
| 3 | പന്ന്യാമല | 871 ,, |
| 4 | പാൽച്ചുരം റോഡിന്റെ വലതുവശം കുന്ന് | 854 ,, |
| 5 | ചപ്പമല (Top) | 955 ,, |
| 6 | നെല്ലിയോടിമല | 500 ,, |
| 7 | ബംഗ്ലാമല (പൊട്ടംതോട്) | 940 ,, |
| 8 | വലിയ കൊട്ടംചേരി (ഒറ്റപ്ലാവ് മലയുടെ അടുത്ത്) | 1166 ,, |

**കൊട്ടിയൂർ ഗ്രാമപഞ്ചായത്ത്**
**മഴയുടെ ലഭ്യത മില്ലീ മീറ്ററിൽ**

| മാസം | 1995 | 1996 |
|---|---|---|
| ജനുവരി | - | - |
| ഫെബ്രുവരി | - | - |
| മാർച്ച് | - | - |
| ഏപ്രിൽ | 88.90 | 108.70 |
| മെയ് | 437.60 | 104.00 |
| ജൂൺ | 569.20 | 805.00 |
| ജൂലായ് | 1215.00 | 1312.65 |
| ആഗസ്റ്റ് | 793.00 | 1134.65 |
| സെപ്റ്റംബർ | 560.50 | 552.10 |
| ഒക്ടോബർ | 126.80 | 528.20 |
| നവംബർ | 190.60 | - |
| ഡിസംബർ | - | - |
| വാർഷിക വർഷപാതം | 3981.60 | |

**താപനില സെൽഷ്യസിൽ**
**1995**

| മാസം | താപം | |
|---|---|---|
| | ഉയർന്ന താപനില | താഴ്ന്ന താപനില |
| ജനുവരി | 35 | 19 |
| ഫെബ്രുവരി | 35 | 21 |
| മാർച്ച് | 36 | 20 |
| ഏപ്രിൽ | 38 | 21 |
| മെയ് | 37 | 21 |
| ജൂൺ | 35 | 23 |
| ജൂലായ് | 30 | 21 |
| ആഗസ്റ്റ് | 31 | 22 |
| സെപ്റ്റംബർ | 31 | 23 |
| ഒക്ടോബർ | 33 | 23 |
| നവംബർ | 32 | 19 |
| ഡിസംബർ | 33 | 17 |



# കൃഷിയും ജലസേചനവും

പശ്ചിമഘട്ടത്തിൽ മൂന്നുവശം വനത്താൽ ചുറ്റപ്പെട്ട് കിടക്കുന്ന കൊട്ടിയൂർ പഞ്ചായത്ത് തികച്ചും ഒരു കാർഷിക മേഖലയാണ്. 1950കളിൽ കുടിയേറിയ കൃഷിക്കാരാണ് ഇവിടുത്തെ ജനസംഖ്യയിൽ ഭൂരിഭാഗവും.

കൊട്ടിയൂർ ദേവസ്വത്തിൽനിന്നും ജന്മിമാരിൽനിന്നും വാകച്ചാൽ ചാർത്തും ജന്മതീറുമായി ഏറ്റുവാങ്ങി, കർഷക കാരണവന്മാർ ഇവിടെ താമസം ഉറപ്പിച്ചു. 155.87 ച.കി.മീ. വിസ്തീർണ്ണമുള്ള ഈ ഭൂഭാഗം കൃഷി ചെയ്യുന്നതിനുവേണ്ടിയാണ് ഉപയോഗപ്പെടുത്തുന്നത്. മുഖ്യ കൃഷി കശുമാവാണ്. രണ്ടാം സ്ഥാനം റബ്ബർ കരസ്ഥമാക്കിയിരിക്കുന്നു. കുരുമുളക്, തെങ്ങ്, കമുക് എന്നീ നാണ്യവിളകളും വാഴ ഇഞ്ചി എന്നീ ഇടവിളകളും, കപ്പ, നെല്ല്, ചേന, ചേമ്പ്, കാച്ചിൽ എന്നീ കിഴങ്ങ് വർഗ്ഗങ്ങളും ഇവിടെ കൃഷി ചെയ്തു വരുന്നു.

ഭൂപ്രദേശത്തിന്റെ നിമ്നോന്നതയെ അടിസ്ഥാനമാക്കി സമുദ്രനിരപ്പിൽനിന്നും 300 മുതൽ 500 അടി ഇടയിൽ, 500 മുതൽ 1000 അടി ഇടയിൽ, 1000 മുതൽ 1500 അടി ഇടയിൽ എന്നിങ്ങനെ സ്ഥിതി ചെയ്യുന്ന ഈ പഞ്ചായത്തിൽ ഏറ്റവും ഉയർന്ന പ്രദേശമാണ് ചപ്പമല. കൂടാതെ പാലുകാച്ചി, പാൽചുരം, പൊട്ടൻതോട്, പൊയ്യമല തുടങ്ങിയ സ്ഥലങ്ങളും ഉയർന്ന സ്ഥലങ്ങളുടെ പട്ടികയിൽപ്പെടുന്നു. പഞ്ചായത്തിനെ രണ്ടായി ഭാഗിച്ചുകൊണ്ട് കടന്നുപോകുന്ന ബാവലിപ്പുഴയിലാണ് പഞ്ചായത്തിലെ എല്ലാ തോടുകളും സന്ധിക്കുന്നത്.

ഭൂമിശാസ്ത്രപരമായ കിടപ്പിനെ അടിസ്ഥാനമാക്കി ഈ പ്രദേശത്തെ മൂന്നായി തരംതിരിക്കാം.

1. ചെങ്കുത്തായ പ്രദേശങ്ങൾ
2. ചെരിവ് പ്രദേശം
3. താഴ്‌വര പ്രദേശം

## ചെങ്കുത്തായ പ്രദേശങ്ങൾ

വളരെ ഫലഭൂയിഷ്ടി ഉള്ള മണ്ണാണ് ഇവിടെ കാണപ്പെടുന്നത്. ഈ പ്രദേശങ്ങളിൽ ധാരാളം മഴ ലഭിക്കുന്നു. കശുമാവും കുരുമുളകും, വേനൽക്കാല ജലലഭ്യത അനുസരിച്ച് തെങ്ങും, കമുകും കൃഷി ചെയ്യുന്നു. ഇടവിളകളിൽ പ്രാധാന്യമർഹിക്കുന്നത് കപ്പ, ഇഞ്ചി മുതലായവക്കാണ്. 25% തെക്ക്, 60% വടക്ക്, 10% പടിഞ്ഞാറ്, 5% കിഴക്ക്, എന്നീ ദിശകളിലാണ് ഈ ഭൂവിഭാഗം സ്ഥിതിചെയ്യുന്നത്. ഹ്രസ്വകാലവിളകൾ കൃഷിചെയ്യുന്നതിനാൽ ചെങ്കുത്തായ ഈ പ്രദേശങ്ങളിൽ മണ്ണൊലിപ്പ് വ്യാപകമായ തോതിൽ ഉണ്ടാകുന്നുണ്ട്.

## ചെരിഞ്ഞ പ്രദേശങ്ങൾ (ഇടപ്രദേശം)

ചെങ്കുത്തായ പ്രദേശങ്ങൾക്ക് താഴെയായി ചെരിഞ്ഞ പ്രദേശങ്ങൾ കാണപ്പെടുന്നു. ഈ പ്രദേശങ്ങളിലാണ് മുഖ്യമായും റബ്ബർ, കശുമാവ്, തെങ്ങ്, കമുക്, കുരുമുളക് എന്നിവ കൃഷി ചെയ്യുന്നത്. ഇടവിളയായി വാഴ, ഇഞ്ചി കപ്പ, മഞ്ഞൾ മറ്റ് കിഴങ്ങ് വർഗ്ഗങ്ങൾ എന്നിവയും കൃഷിചെയ്യുന്നു. നാമമാത്രമായി ജാതി, ഗ്രാമ്പൂ, കച്ചോലം,

വിഷയം: കൃഷി-ജലസേചനം

# പ്രധാനപ്പെട്ട തോടുകൾ



സർവ്വസുഗന്ധി എന്നീ സുഗന്ധവിളകളും കൃഷി ചെയ്തു വരുന്നു.

## താഴ്വരപ്രദേശം

പഞ്ചായത്തിന്റെ വിസ്തൃതിയിൽ 15% വരുന്ന ഈ ഭൂവിഭാഗം ഏറ്റവും ഉയരം കുറഞ്ഞ പ്രദേശമാണ്. മണൽ ചേർന്ന എക്കൽമണ്ണാണ് ഇവിടെ കാണപ്പെടുന്നത്. ഈ പ്രദേശത്തെ മുഖ്യ കൃഷി തെങ്ങ്, കമുക്, നെല്ല് എന്നിവയാണ്. ബാവലിപ്പുഴയോട് ചേർന്ന പ്രദേശമാകയാൽ ഈ പുഴയിലെ ജലസമ്പത്താണ് ഈ പ്രദേശത്തെ കൃഷികൾക്ക് മുഖ്യ ആധാരം. നാമമാത്രമായി കുരുമുളക് റബ്ബർ എന്നിവയും ഗ്രാമ്പൂ, ജാതി എന്നീ സുഗന്ധവിളകളും, ഇടവിളകളായി കപ്പ, വാഴ എന്നിവയും കൃഷിചെയ്യുന്നു.

## കാലാവസ്ഥ

ഉഷ്ണമേഖലയിൽ ഉൾപ്പെടുന്ന ഈ പ്രദേശം മൂന്നുവശവും നിബിഡവനങ്ങളാൽ ചുറ്റപ്പെട്ടതാണ്. ആയതിനാൽ ഈ പ്രദേശത്ത് ധാരാളമായി മഴ ലഭിക്കുന്നു. ഏതാണ്ട് ഏപ്രിൽ മുതൽ ജൂൺവരെ വേനൽമഴയും ജൂൺ മുതൽ ഓഗസ്റ്റ് വരെ കാലവർഷവും ഒക്ടോബർ, നവമ്പർ മാസങ്ങളിൽ തുലാവർഷവും ലഭിക്കുന്നു. ഡിസമ്പർ ജനുവരി മാസങ്ങളിൽ ഇവിടെ ജനുവരിക്കാറ്റും ഫെബ്രുവരി മാർച്ച് മാസങ്ങളിൽ പടിഞ്ഞാറൻ കാറ്റും വീശുന്നു. റബ്ബർ ഉൽപാദനത്തെ സാരമായി ബാധിക്കുന്ന ജനുവരിക്കാറ്റ് ചെങ്കുത്തായ പ്രദേശങ്ങളിൽ കനത്ത നാശനഷ്ടങ്ങൾ വിതക്കാറുണ്ട്. കശുമാവ് പൂത്ത് കശുവണ്ടി വിരിയുന്ന സമയമായതിനാൽ ഇതിന്റെ ഉൽപ്പാദനത്തേയും കാര്യമായി ബാധിക്കുന്നു. ഏപ്രിൽ, മെയ് മാസങ്ങളിലുണ്ടാകുന്ന അധികച്ചൂട് തെങ്ങ്, കമുക്, കുരുമുളക് എന്നീ കൃഷികളെ പ്രതികൂലമായ ബാധിക്കുന്നു. പ്രദേശത്തെ മഴലഭ്യത 3980 മില്ലീമീറ്റർ ആണ്. ഇത് ഈ പ്രദേശത്ത് നല്ല തോതിൽ മഴലഭിക്കുന്നു എന്നതിന് തെളിവാണ്.

## മണ്ണ്

മണ്ണിന്റെ ഘടനയനുസരിച്ച് ഈ പഞ്ചായത്തിനെ മൂന്നായി തരം തിരിക്കാം. മണൽചേർന്ന എക്കൽ മണ്ണ്, ചരൽ ചേർന്ന ചുവന്ന മണ്ണ്, വളക്കൂറുള്ള കറുത്തമണ്ണ്

## എക്കൽ മണ്ണ്

പഞ്ചായത്തിന്റെ ഭൂവിസ്തൃതിയിൽ 15%ത്തോളം മണൽ ചേർന്ന എക്കൽ മണ്ണാണ്. പ്രധാനമായും ബാവലിപ്പുഴയോട് ചേർന്ന് കിടക്കുന്ന പ്രദേശമാണ്. ഈ മണ്ണ് വളരെ നീർവാർച്ചയുള്ളതാകയാൽ കൃഷിക്ക് വളരെയധികം അനുയോജ്യമാണ്.

## ചുവന്ന മണ്ണ്

ഇത് ആകെ വിസ്തൃതിയിൽ 50%ത്തോളം വരുന്നു. ചുവന്ന മണ്ണം ചരൽ ചേർന്ന കാണപ്പെടുന്നതിനാൽ പശിമ കുറവാണ്. നീർവാർച്ചയുള്ളതുകൊണ്ട് കൃഷിക്ക് വളരെ അനുയോജ്യമാണ്.

## കറുത്തമണ്ണ്

വളക്കൂറുള്ള കറുത്തമണ്ണ് 35%ത്തോളം ഭാഗത്ത് വ്യാപിച്ച് കിടക്കുന്നു. വളരെ ഫലഭൂയിഷ്ടിയുള്ള മണ്ണാണെങ്കിലും ഭൂപ്രകൃതിയും കാലാവസ്ഥയും പ്രതികൂലമായി ബാധിക്കുന്നതിനാൽ ചില കൃഷികൾക്ക് ഈ പ്രദേശം അനുയോജ്യമല്ല.

ഈ പഞ്ചായത്തിന്റെ ഭൂവിനിയോഗത്തെ സംബന്ധിച്ച പട്ടിക താഴെ ചേർക്കുന്നു.

ഭൂമി സംബന്ധമായ വിവരങ്ങൾ

| ഇനം | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|
| പുരയിടം | 7407 |
| തരിശ് | 68 |
| നിലം | 68 |
| ആകെ | 7543 |

## ആദ്യകാല കൃഷി

കുടിയേറ്റ കർഷകർ കാട്ടുമൃഗങ്ങളോടും മലമ്പനിയോടും മല്ലടിച്ചാണ് ഇവിടുത്തെ കാർഷിക നടിത്തറ പാകിയത്. കാടുവെട്ടിത്തെളിച്ച് പുനംകൃഷിയും (നെല്ല്) ഇഞ്ചിപുല്ലും കപ്പകൃഷിയും, മധുരക്കിഴങ്ങ് കൃഷിയും നടത്തുന്നതോടുകൂടിയാണ് കൊട്ടിയൂരിന്റെ കാർഷിക ചരിത്രം തുടങ്ങുന്നത്. ആദ്യകാല കൃഷിയിൽ ഉൾപ്പെട്ടിരുന്നത് ഇഞ്ചിപ്പുല്ല്, മർച്ചീനി, മധുരക്കിഴങ്ങ്, നെല്ല്, മുത്താറി, ചാമ, തുവര, എള്ള് തുടങ്ങിയവയായിരുന്നു. ഇതോടനുബന്ധിച്ച് പച്ചക്കറികളായ മത്തൻ, കുമ്പളം, വെള്ളരി മുതലായവയും കൃഷിചെയ്യാൻ ആരംഭിച്ചു. ചേന, ചേമ്പ്, കാച്ചിൽ എന്നീ കിഴ

ങ്ങ് വർഗ്ഗങ്ങളും ഇതോടൊപ്പം കൃഷി ചെയ്തിരുന്നു. ഈ കൃഷികളെല്ലാം തന്നെ പ്രധാനമായും ഭക്ഷ്യആവശ്യത്തിനും സാമ്പത്തിക ഉന്നമനത്തിനും ആണ് ഉപയോഗിച്ചിരുന്നത്.

ആദ്യകാലഘട്ടത്തിൽ സാമ്പത്തിക അടിത്തറ ഉണ്ടാകുന്നതിനുവേണ്ടി ആരംഭിച്ച പുല്ല് കൃഷിയോടുകൂടി കശുമാവ് കൃഷി ആരംഭിക്കുകയും അതിന്റെ ചുവട് പിടിച്ച് കുരുമുളകും, റബ്ബർ, തെങ്ങ് എന്നിവയും കൃഷിചെയ്യാനാരംഭിച്ചു. 1962ന് ശേഷമാണ് ഈ പ്രദേശത്ത് രാമച്ചം കൃഷിചെയ്യുവാൻ തുടങ്ങിയത്. പിന്നീട് വിപണിയിൽ ഉണ്ടായ വിലയിടിവും സംസ്കരണത്തിൽ ആവശ്യമായ വിറക് തുടങ്ങിയവയുടെ ദൗർബല്യവും കാരണം ഇഞ്ചിപ്പുല്ല്, രാമച്ചം എന്നീ കൃഷിയിൽനിന്നും കർഷകർ പിന്തിരിയുകയും ആ സ്ഥാനം മറ്റ് നാണ്യവിളകൾ കൈയടക്കുകയും ചെയ്തു.

പഞ്ചായത്തിലെ മൊത്തം ഭൂമിയുടെ വിസ്തീർണ്ണം 7751.59 ഹെക്ടർ ആണ്. ഭൂരിഭാഗം ഭൂമി ഉടമസ്ഥരും ഒരു ഹെക്ടറിൽ താഴെ മാത്രം ഭൂമി കൈവശമുള്ളവരാണ്. എങ്കിലും പഞ്ചായത്തിലെ ആളോഹരി കൃഷിഭൂമി സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണ്. സംസ്ഥാന ആളോഹരി കൃഷിഭൂമി 0.07 ഹെക്ടറാണെങ്കിൽ പഞ്ചായത്തിലേത് 0.45 ഹെക്ടറാണ്. ഭൂമിയുടെ വിതരണം സംബന്ധിച്ച പട്ടിക 2ൽ ചേർക്കുന്നു.

| വാർഡ് | നാമമാത്ര കൃഷിക്കാർ 1 ഹെ. താഴെ | ചെറുകിട കൃഷിക്കാർ 1-2 ഹെ. വരെ | വൻകിട കൃഷിക്കാർ 2 ഹെ മുകളിൽ |
|---|---|---|---|
| 1 | 320 | 35 | 15 |
| 2 | 370 | 62 | 18 |
| 3 | 380 | 95 | 15 |
| 4 | 360 | 85 | 25 |
| 5 | 402 | 105 | 23 |
| 6 | 375 | 80 | 6 |
| 7 | 515 | 90 | 15 |
| 8 | 395 | 112 | 20 |
| 9 | 320 | 78 | 14 |
| ആകെ | 3440 | 792 | 151 |

## ജലം

ഇവിടുത്തെ കൃഷി പ്രധാനമായും മഴയെ ആശ്രയിച്ചാണ്. പഞ്ചായത്തിലെ മൊത്തം നീരൊഴുക്ക് ബാവലിപ്പുഴയുമായി ബന്ധപ്പെട്ട് കിടക്കുന്നു. എല്ലാ തോടുകളും തന്നെ ബാവലിപ്പുഴയിലാണ് സന്ധിക്കുന്നത്. പഞ്ചായത്തിന്റെ ഹൃദയഭാഗത്തുകൂടി കിലോമീറ്ററോളം നീളത്തിൽ ബാവലിപ്പുഴ കിഴക്കുപടിഞ്ഞാറായി ഒഴുകുന്നു. തെക്കുഭാഗത്തുനിന്നും മലകളിൽ നിന്നും ഉത്ഭവിച്ച് വടക്കുഭാഗത്തേക്ക് ഒഴുകി ബാവലിപ്പുഴയിൽ പതിക്കുന്ന 18 തോടുകളും വടക്ക് മലകളിൽനിന്നും ഉത്ഭവിച്ച് തെക്കോട്ടൊഴുകി ബാവലിപ്പുഴയിൽ പതിക്കുന്ന 10 തോടുകളുമാണ് കൊട്ടിയൂർ പഞ്ചായത്തിന്റെ പ്രധാനപ്പെട്ട ജലസ്രോതസ്സുകൾ. ഇതിൽ കുണ്ടുതോട്, എരട്ടത്തോട്, നരന്തത്തോട്, തുരുത്തിത്തോട്, നീണ്ടുനോക്കിത്തോട്, മാഹിത്തോട്, പാമ്പറപ്പാൻതോട്, കല്ലംതോട്, മാത്തുതോട്, തൊടുകയിൽ തോട്, കുമ്പളത്തോട്, നരിപ്പാറത്തോട്, ചെകുത്താൻ തോട് എന്നിവ തെക്കുനിന്നും ഉത്ഭവിക്കുന്നവയിൽ പ്രധാനപ്പെട്ടതാണ്. പാന്യാം മല തോട്, കുഴിപ്പള്ളിത്തോട്, മാരിപ്പുറംതോട്, കൊട്ടാരംതോട്, ഇരിങ്ങോളിതോട്, കദളിയാങ്കൽ തോട്, പടിയറതോട്, കോലാഞ്ചിതോട് എന്നിവ വടക്കുനിന്നും ഉത്ഭവിക്കുന്നവയാണ്.

കൊട്ടിയൂർ പഞ്ചായത്തിന്റെ ഏറ്റവും മേന്മ എന്നു പറയാനുള്ളത് ഏതു മലമുകളിലായാലും ജലത്തിന്റെ ലഭ്യത ധാരാളമാണ് എന്നതാണ്. ഭൂരിഭാഗം കുടുംബങ്ങളും കുടിനീരിനുവേണ്ടി പോളിത്തീൻ പൈപ്പ് ഉപയോഗിച്ച് മലമടക്കുകളിലുള്ള ചെറിയ ഉറവുകളിൽനിന്നും വെള്ളം ശേഖരിക്കുന്നവരാണ്.

കൃഷിയിടങ്ങൾ നടക്കുന്നതിനും മറ്റുമായി തോടുകളിൽനിന്നും പോളിത്തീൻ പൈപ്പുകളിൽ കൂടിയും, ചെറിയ മൺചിറകൾ കെട്ടിയും വെള്ളം തിരിച്ചു വിടുകയാണ് ചെയ്യുന്നത്. ഈ പോളിത്തീൻ പൈപ്പുകളുടെ അധികമായ ഉപയോഗവും, കൂടുതലായ മൺചിറകൾ മൂലവും തോടുകളിലെ നീരൊഴുക്കിനെ സാരമായി ബാധിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ നിലവിലുള്ള കുളങ്ങൾ 91 എണ്ണമാണ്. ഇതിൽ ഒരു പൊതു കുളവും ഉൾപ്പെടുന്നു. ഈ കുളങ്ങളിൽനിന്നും വേനൽക്കാലങ്ങ

ളിൽ കൃഷി നനക്കുന്നതിന് വേണ്ടി വെള്ളം ഉപയോഗിക്കുനു. വേണ്ടത്ര ആഴമില്ലാത്തത് കാരണവും ഭൂഗർഭജലത്തിന്റെ കുറവ് മൂലവും ചില കുളങ്ങൾ വേനൽക്കാലങ്ങളിൽ വറ്റാറുണ്ട്.

പഞ്ചായത്തിലെ കുളങ്ങളെ സംബന്ധിച്ച പട്ടിക പട്ടിക 3ൽ ചേർക്കുന്നു.

## കൃഷി

നെല്ല് :- ആദ്യകാലത്ത് ശ്രദ്ധയും പരിചരണവും നൽകിയിരുന്നത് നെൽകൃഷിക്കായിരുന്നു. പൂർണ്ണമായും മഴയെ ആശ്രയിച്ചായിരുന്നു കൃഷി നടത്തിയിരുന്നത്. ആദ്യകാല നെൽകൃഷിയെ പുനം കൃഷി എന്ന പേരിൽ അറിയപ്പെടുന്നു. ഏതാണ്ട് ജനുവരി ആരംഭിക്കുന്നതോടുകൂടി കാട് വെട്ടിത്തെളിച്ച് കത്തിച്ച് ഭൂമി കൃഷിക്ക് യോഗ്യമാക്കിത്തീർക്കുന്നു. പിന്നീട് ഏപ്രിൽ മെയ് മാസത്തിൽ ലഭിക്കുന്ന ഈ മഴയോടുകൂടി മണ്ണിൽ വിത്ത് വിതറുകയും മണ്ണിളക്കിക്കൊടുക്കുകയും ചെയ്യുന്നു. ഇതിന് 'വിത്ത്കിള' എന്നാണ് പറയുന്നത്. ആ കാലഘട്ടത്തിൽ കൃഷിക്കാർ പരസ്പര സഹകരണത്തോടുകൂടിയായിരുന്നു കൃഷിപ്പണികൾ നടത്തിയിരുന്നത്. നാടൻ ശൈലിയിൽ ഈ സഹകരണത്തിന് 'മാറ്റാൾപണി' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. പ്രധാനമായും മലങ്കുറുക, ചെമ്പാവ്, കറുത്തടുക്കൻ, വെളുത്തടുക്കൻ, ആര്യൻ, തവളക്കണ്ണൻ, ഹൃസ്വകാല മൂപ്പുള്ള വെള്ളമുണ്ടി, ചിങ്ങപടുകുഴിയൻ ജീരകശാല തുടങ്ങിയ വിത്തിനങ്ങളായിരുന്നു കർഷകർ പുനം കൃഷിക്ക് തെരഞ്ഞെടുത്തിരുന്നത്. ഇവയിൽ മലങ്കുറുക വളരെ പ്രധാനപ്പെട്ട പങ്കുവഹിച്ച ഒന്നാണ്. പുനംകൃഷിയുടെ മറ്റൊരു സവിശേഷത ഇതിന് കീടനാശിനി പ്രയോഗമോ വളപ്രയോഗമോ നടത്തിയിരുന്നില്ല എന്നുള്ളതാണ്. പ്രകൃതിയുടെ തനിമ നഷ്ടപ്പെടാതെ നിന്നിരുന്നതുകൊണ്ടും, ജൈവ സമ്പത്തിന്റെ സമൃദ്ധികൊണ്ടും വളപ്രയോഗത്തിന്റെ ആവശ്യമോ രോഗകീടപ്രതിരോധ നടപടികളോ ആവശ്യമായി വന്നിരുന്നില്ല. മാത്രമല്ല വിളവ് നൂറുമേനി ആവുകയും ചെയ്തു. കൃഷികാലയളവിന്റെ ഇടക്ക് രണ്ടു പ്രാവശ്യം കളനീക്കം ചെയ്യേണ്ടതുമാത്രമായിരുന്നു ആകെ വേണ്ടിയിരുന്ന ശുശ്രൂഷാനടപടി.

പ്രധാനമായും കൃഷിയെ സംരക്ഷിക്കേണ്ടിയിരുന്നത് വന്യമൃഗങ്ങളുടെ അക്രമത്തിൽനിന്നായിരുന്നു. ഇതിന്വേണ്ടി അവലംബിച്ചിരുന്ന മാർഗ്ഗങ്ങളിൽ പ്രാധാന്യമർഹിക്കുന്നത് കൃത്രിമമായി ശബ്ദം ഉണ്ടാക്കി മൃഗങ്ങളെ ആട്ടിപ്പായിക്കലായിരുന്നു. വന്യമൃഗങ്ങളിൽനിന്നും സ്വയരക്ഷക്കുവേണ്ടി വലിയ മരങ്ങളുടെ മുകളിൽ കുടിൽകെട്ടി രാത്രികാലങ്ങളിൽ ഉറക്കമിളച്ചിരുന്ന് കൃഷിയെ സംരക്ഷിച്ചിരുന്നു. ഈ കാവൽപുരകൾക്ക് 'ഏറുമാടം' എന്നായിരുന്നു പറഞ്ഞിരുന്നത്.

കാലക്രമേണ പുനം കൃഷിക്കുശേഷം വയൽകൃഷിയിലേക്ക് കർഷകർ തിരിഞ്ഞു. നിരപ്പാർന്നതും താരതമ്യേന ചെരിഞ്ഞ പ്രദേശങ്ങളും തട്ടുകളാക്കി തിരിച്ച് നിരപ്പാക്കി വയലുകളാക്കു

പട്ടിക 3

| വാർഡ് നമ്പർ | പൊതു കുളങ്ങൾ | കുഴൽ കിണർ | കുളം | ക്രോസ് ബാർ | ആയക്കെട്ട് |
|---|---|---|---|---|---|
| 1 | - | - | 8 | 1 | 24 |
| 2 | - | 1 | 2 | - | 5 |
| 3 | 2 | - | 9 | - | 6 |
| 4 | 3 | 1 | 8 | 1 | 20 |
| 5 | - | - | 12 | - | 8 |
| 6 | 1 | - | 14 | - | 12 |
| 7 | 3 | 1 | 9 | - | 15 |
| 8 | 5 | - | 7 | - | 15 |
| 9 | 2 | - | 14 | - | 25 |

കയാണ് ചെയ്തത്. വെള്ളം തിരിച്ച്‌വിട്ട് ജലസേചനം നടത്തുവാൻ സൗകര്യമുള്ള സ്ഥലങ്ങളാണ് ഇപ്രകാരം തിരഞ്ഞെടുത്തത്. ഇതിനുവേണ്ടി നീർച്ചാലുകളിൽ ചെറിയ തടയണകൾ നിർമ്മിക്കുകയും ചെയ്തിരുന്നു. ചില സ്ഥലങ്ങളിൽ ജലസേചനത്തിനായി 'തേക്കുമാലി' ഉപയോഗിച്ചിരുന്നു. മറ്റു ചിലയിടങ്ങളിൽ 'പനംപാത്തി' , 'മുളംപാത്തി' എന്നിവ ഉപയോഗിച്ച് കൃഷിയിടങ്ങളിൽ ജലം ഉപയോഗപ്പെടുത്തി.

നെല്ല് കൃഷിയുടെ മറ്റൊരു ശത്രു എലികളാണ്. ഇവയെ നശിപ്പിക്കുന്നതിനായി 'മുളംകുറ്റികെണി' കലക്കെണി എന്നിവ ഉപയോഗിച്ചിരുന്നു. ചാഴിയിൽനിന്നുള്ള സംരക്ഷണത്തിനായി മുറംവീശൽ, പുലർകാലത്ത് മഞ്ഞ് വെള്ളത്തോട് ചേരുന്ന രീതിയിൽ ചാരം തൂളൽ എന്നീ നാടൻ രീതികളാണ് ആദ്യകാലത്ത് ചെയ്തിരുന്നത്.

ജൈവീക നിയന്ത്രണമാണ് പിന്നീടവലംബിച്ച മറ്റൊരു മാർഗ്ഗം. വെളുത്തുള്ളി ചതച്ച് മണപ്പിക്കൽ, പുകയില കഷായം എന്നിവ ജൈവനിയന്ത്രണത്തിൽ മുഖ്യപങ്കുവഹിച്ചിരുന്നു.

ജൈവ വളങ്ങൾ മാത്രമായിരുന്നു ആദ്യകാലത്ത് കൃഷിക്ക് ഉപയോഗിച്ചിരുന്നത്. മുഖ്യമായും, ചാരം ചാണകം, ചവർ എന്നിവയാണ് ഉപയോഗിച്ചു പോന്നത്. മറ്റു കൃഷികൾക്കുവേണ്ടി വൃക്ഷങ്ങൾ വെട്ടിമാറ്റിയത് ചവറിന്റെ ലഭ്യതക്കുറവിന് കാരണമായി. അത്യുല്പാദശേഷിയുള്ള വിത്തിനങ്ങളുടെ വരവോടെ വിളവ് വർദ്ധിപ്പിക്കുന്നതിനുവേണ്ടി രാസവളങ്ങൾ ഉപയോഗിക്കുവാൻ കർഷകർ നിർബന്ധിതരായി. ഈ കാരണത്താൽ ജൈവ വളങ്ങളുടെ പ്രയോഗം നാമമാത്രമായി തീർന്നു. രാസവളങ്ങളുടെ അമിതമായ ഉപയോഗം മൂലം രോഗകീടബാധ വ്യാപകമായി. അതിനായി കർഷകർ കീടനാശിനികൾ ധാരാളമായി ഉപയോഗിച്ചു തുടങ്ങി. രാസവളങ്ങളുടെ കീടനാശിനികളുടേയും അമിതമായ ഉപയോഗം ജൈവസമ്പത്തിന്റെ നാശത്തിന് കാരണമായി.

ആദ്യകാലത്ത് കാർഷിക ഉൽപ്പന്നങ്ങളുടെ പ്രധാന വിപണനകേന്ദ്രം തലശ്ശേരി ആയിരുന്നു. കർഷർ നേരിട്ടും ഇടത്തരക്കാർ മുഖേനയുമായിരുന്നു ഉല്പന്നങ്ങൾ വിറ്റഴിച്ചിരുന്നത്. നിത്യോപയോഗസാധനങ്ങൾ വാങ്ങുന്നതിനുവേണ്ടി പേരാവൂരും മാനന്തവാടിയിലും ആയിട്ടാണ് ബന്ധപ്പെട്ടിരുന്നത്. ഭക്ഷ്യക്ഷാമകാലത്ത് കാൽനടയായി അടക്കാത്തോടുവഴി കുടകിൽപോയി സാധനങ്ങൾ വാങ്ങിയിരുന്നു.

പഞ്ചായത്തിലെ കാർഷിക ഉപകരണങ്ങൾ സംബന്ധിച്ച പട്ടിക 4ൽ കൊടുക്കുന്നു.

## കിഴങ്ങ് വർഗ്ഗങ്ങൾ

കുടിയേറ്റത്തിന്റെ കാലഘട്ടങ്ങളിൽ കിഴങ്ങ് വർഗ്ഗങ്ങൾക്ക് ജനങ്ങളുടെ ഭക്ഷ്യാവശ്യങ്ങളിൽ ഒരു പ്രധാന സ്ഥാനമുണ്ടായിരുന്നു. അതിൽ പ്രധാനപ്പെട്ടത് മരച്ചീനി, ചേന, ചേമ്പ്, മധുരക്കിഴങ്ങ്, കാച്ചിൽ എന്നിവയാണ്. എന്നാൽ നാണ്യവിളക

പട്ടിക 4
കാർഷിക ഉപകരണങ്ങൾ

| വാർഡ് നമ്പർ | ട്രാക്ടർ | ടില്ലർ | നാടൻ കലപ്പ | റോക്കർ സ്പെയർ | നാബ്സ്റ്റിക് സ്പ്രെയർ | തെങ്ങുകയറ്റ യന്ത്രം | കമുക് കയറ്റ യന്ത്രം |
|---|---|---|---|---|---|---|---|
| 1 | | | 6 | 108 | 2 | 8 | 6 |
| 2 | | | 9 | 125 | 3 | 7 | 4 |
| 3 | | 1 | 2 | 98 | 1 | 5 | 5 |
| 4 | | | 15 | 150 | 5 | 6 | 5 |
| 5 | | | 3 | 124 | 2 | 10 | 5 |
| 6 | | 2 | 5 | 131 | 3 | 9 | 10 |
| 7 | | | 2 | 165 | | 15 | 8 |
| 8 | | | 12 | 215 | 2 | 28 | 5 |

ളുടെ വരവോടുകൂടി ഭക്ഷ്യാവശ്യത്തിനുള്ള കിഴങ്ങ് വർഗ്ഗങ്ങൾ ഇടവിളയായി ചുരുങ്ങി. ഇപ്പോൾ ഭക്ഷ്യ ആവശ്യത്തിനായി . മറ്റ് പ്രദേശങ്ങളെ ആശ്രയി ക്കേണ്ടി വരുന്നു. ഏതാണ്ട് 95%ത്തോളം പുറം മാർക്കറ്റിനേയാണ് ആശ്രയിക്കുന്നത്.

കശുമാവ് :- നമ്മുടെ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ഗുണമേന്മയുള്ള കശുവണ്ടി ഉൽപ്പാദി പ്പിക്കുന്നത് നമ്മുടെ പ്രദേശത്താണ്. ആദ്യകാ ലത്തെ ഇഞ്ചിപ്പുല്ല് കൃഷിയോട് ഒപ്പം ആരംഭിച്ച കശുമാവ് കൃഷിയിൽ നാടൻ ഇനങ്ങൾ ആണ് ഉപയോഗിച്ചിരുന്നത്. ആദ്യകാലങ്ങളിൽ തോട്ടങ്ങ ളായല്ല കൃഷി ചെയ്തിരുന്നത്. എന്നാൽ ഇപ്പോൾ ശാസ്ത്രീയമായ രീതിയിൽ കൃഷി ചെയ്തു തുടങ്ങി യിട്ടുണ്ട്. കശുമാവിൻ കൃഷിക്കും വന്യമൃഗങ്ങ ളുടെ ആക്രമണത്തെ നേരിടേണ്ടി വന്നിരുന്നു. മുൻകാലങ്ങളിൽ ഇതിൽനിന്ന് സംരക്ഷിക്കുന്നതിന് ഈറ്റകൊണ്ട് കൂട മെടഞ്ഞ് സംരക്ഷണമറയായി ഉപയോഗിച്ചിരുന്നു. എന്നാൽ കർഷകരുടെ പ്രതീ ക്ഷക്ക് അനുസൃതമായ വിളവ് ലഭിച്ചിരുന്നില്ല. ഇതിന്റെ കാരണം സമ്മിശ്ര കൃഷിരീതി അവ ലംബിച്ചതുമൂലമാണ്. ആധുനിക കൃഷിരീതി കളെക്കുറിച്ച് കർഷകർ മനസ്സിലാക്കിയതോടുകൂടി നിലവിലുള്ള കശുമാവിന് ശാസ്ത്രീയ പരിചരണ ങ്ങ അവലംബിച്ചുതുടങ്ങി. അതോടൊപ്പംതന്നെ അത്യുല്പാദനശേഷിയുള്ള ഇനങ്ങൾ കൃഷി ചെയ്യു ന്നതിനുള്ള പ്രവണതയും വർദ്ധിച്ചുവന്നു.

ഇപ്പോൾ പഞ്ചായത്തിൽ കശുമാവ് കൃഷി യുടെ ആകെ വിസ്തൃതി 3072 ഹെക്ടറാണ്. ഭൂരി ഭാഗം ചെറുകിട ഇടത്തരം കൃഷിക്കാരാണ്. ഈ പഞ്ചായത്തിലെ ഇപ്പോഴത്തെ ഉൽപാദനക്ഷമത ഹെക്ടറിന് 2655 കിലോഗ്രാം ആണ്. ശരാശരി ഒരു കശുമാവിൽനിന്നും 13.27 കിലോഗ്രാം ലഭിക്കുന്നു. ഇപ്പോൾ കശുമാവ് കൃഷി പ്രതിസ ന്ധിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. കാലാകാ ലങ്ങളിലായി കശുവണ്ടിയുടെ മാർക്കറ്റിങ്ങിൽ നില വിൽവരുന്ന ഓരോ സർക്കാരുകളുടേയും സംഭ രണ നയം കർഷകരെ കശുമാവ് കൃഷി ചെയ്യു ന്നതിൽനിന്നും പിന്തിരിപ്പിക്കുന്നു. കൂടാതെ വ്യാപ കമായ രീതിയിലുള്ള നീരൊലിപ്പും ചിതൽബാധ യും പുഴുശല്യവും മൂലവും കൃഷി നശിച്ചുകൊ ണ്ടിരിക്കുകയാണ്. മാത്രമല്ല ഇലകരിച്ചിൽ രോഗ വും ചില സ്ഥലങ്ങളിൽ കണ്ടുവരുന്നു. വിളവെ ടുപ്പ് കാലങ്ങളിൽ തേയിലകൊതുകിന്റെ ഉപദ്രവം മൂലവും ഉൽപാദനം ഗണ്യമായി കുറയുന്നതും കശു മാവ് കർഷകർക്ക് ഭീഷണിയായി തീർന്നിട്ടുണ്ട്.

### ഇഞ്ചിപ്പുല്ല്, രാമച്ചം :

ആദ്യകാലത്ത് സാമ്പത്തിക ഉന്നമനം ലക്ഷ്യ മാക്കിയായിരുന്നു ഇവിടെ ഇഞ്ചിപുൽകൃഷി ആരംഭിച്ചത്. കുടിയേറ്റത്തോടൊപ്പം തന്നെ കർഷ കർ ഇഞ്ചിപ്പുല്ല് വിത്തും കൊണ്ടു വന്നിരുന്നു. കാടു വെട്ടിത്തെളിച്ച് പുനം കൃഷി എടുത്തശേഷം തൊട്ടടുത്ത വിളയായി ഇഞ്ചിപ്പുല്ല് കൃഷി ചെയ്തു തുടങ്ങി. കഠിനമായ മനുഷ്യാധ്വാനം വേണ്ടിവന്നി രുന്നു. ഇഞ്ചിപ്പുല്ല് കൃഷി ചെയ്യുവാനും അതിലു പരിയായി സംസ്കരണത്തിനും 1962 ആയപ്പോ ഴേക്കും രാമച്ച കൃഷിയും വ്യാപകമായിരുന്നു. പിന്നീട് വിപണിയിലുണ്ടായ വിലയിടിവും സംസ്ക രണത്തിന് ആവശ്യമായ വിറക് തുടങ്ങിയവയുടെ ദൗർലഭ്യവും ഈ . കൃഷി ഇല്ലാതാക്കി.

റബ്ബർ :- ആദ്യകാലത്ത് പാമ്പറപ്പാൻ നീണ്ടു നോക്കി ചുങ്കക്കുന്ന്, പൊയ്യമല തുടങ്ങിയ സ്ഥല ങ്ങളിലാണ് പഞ്ചായത്തിൽ റബ്ബർ കൃഷി ആരംഭി ച്ചത്. പൂർണ്ണമായും നാടൻ ഇനങ്ങളായിരുന്നു. റബ്ബർ കൃഷിക്ക് ഉപയോഗിച്ചത്. ക്ലോണൽ, ജാവ, മാർത്താണ്ഡം, പാൽക്കുളം എന്നീ ഇനങ്ങളായി രുന്നു ഇവയിൽ പ്രാധാന്യം അർഹിക്കുന്നത്. ഇപ്പോൾ നിലവിലുള്ള കൃഷിരീതിയുമായി യാതൊരു ബന്ധവുമില്ലാത്ത കൃഷിരീതിയായിരുന്നു അന്ന് അവലംബിച്ചിരുന്നത്. കാര്യമായ പരിചര ണങ്ങൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. എന്നിരു ന്നാലും റബ്ബറിന്റെ ഉൽപാദനം കർഷകർക്ക് കാലാ നുസൃതമായി അഭിവൃദ്ധി ഉണ്ടാക്കുന്നതിൽ പ്രധാന പങ്ക് വഹിച്ചിരുന്നു. 1975 കാലഘട്ടത്തോട് കൂടി റബ്ബർ ബോർഡിന്റെ സഹായസഹകരണത്തോടെ ഈ മേഖലയിൽ ശാസ്ത്രീയകൃഷിരീതി ആരംഭിച്ചു തുടങ്ങി. RRII, 105, RRIM 600, G.T.I. ഇവയാണ് പ്രധാനമായും ഇപ്പോൾ കൃഷി ചെയ്യുന്നത്. റബ്ബർ കൃഷിയിൽ മുഖ്യഭാഗവും പഞ്ചായത്തിന്റെ ഇടപ്ര ദേശങ്ങളിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. ഈ പ്രദേശങ്ങളിലെ മണ്ണ് റബ്ബർ കൃഷിക്ക് കൂടുതൽ അനുയോജ്യമാണെന്നുള്ളതാണ് ഈ കേന്ദ്രീകര ണത്തിന്റെ കാരണം. വിവിധ സ്കീമുകളിലൂടെ റബ്ബർ ബോർഡിന്റെ സാമ്പത്തിക സഹായവും

വിവിധ രൂപത്തിലുള്ള പ്രോത്സാഹനവും കൊണ്ടാണ് റബ്ബർ കൃഷി വ്യാപകമായ രീതിയിൽ നടത്തുവാൻ കർഷകരെ പ്രേരിപ്പിച്ചത് ഈ കാരണങ്ങളാൽ റബ്ബർ കൃഷി പഞ്ചായത്തിലെ മുഖ്യ നാണ്യവിളകളിൽ ഒന്നായിമാറിക്കൊണ്ടിരിക്കുന്നു. റബ്ബറിനെ സംബന്ധിച്ചിടത്തോളം ജൂൺ, ജൂലായ് മാസങ്ങളിൽ തുടങ്ങി ഒക്ടോബർ നവംബർ മാസം വരെയാണ് ഏറ്റവും കൂടുതൽ പരിചരണം ആവശ്യമായി. വരുന്നത്. പ്രതികൂല കാലാവസ്ഥകൊണ്ട് കുമിൾരോഗം വ്യാപകമാകാൻ കാരണമാകുന്നു. കുമിൾ മൂലം അകാലത്തിൽ ഇലപ്പൊഴിച്ചിലും ഉണ്ടാകുന്നു. ഇവയെല്ലാം പ്രതിരോധ നടപടികൾ ഉപയോഗിച്ച് ഒരു പരിധിവരെ തരണം ചെയ്യാം. എങ്കിലും ടാപ്പിംഗ് കാലങ്ങളിലുണ്ടാവുന്ന പട്ടമരപ്പ് എന്ന രോഗം കർഷകരെ വളരെ അങ്കലാപ്പിലാക്കുന്നു. പ്രതിവിധി ഇല്ല എന്നനാണ് ഇതിന് കാരണം.

പഞ്ചായത്തിലെ ശരാശരി ഉൽപാദനം ഹെക്ടറിന് 2000kg ആണ്. റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിയും മറ്റ് സ്വകാര്യ കച്ചവടക്കാരുമാണ് ഇവിടെ ഉൽപാദിപ്പിക്കുന്ന റബ്ബർ ശേഖരിക്കുന്നത്.

## തെങ്ങ് കൃഷി

പഞ്ചായത്തിന്റെ താഴ്ന്ന പ്രദേശങ്ങളിൽ പ്രധാനമായും ഇടപ്രദേശങ്ങളിൽ ആനുപാതികമായും ചെയ്തുവരുന്ന തെങ്ങ് കൃഷി പഞ്ചായത്തിലെ നാണ്യവിളകളിൽ പ്രധാന പങ്ക് വഹിക്കുന്നു. ആദ്യകാലത്ത് കുറ്റ്യാടി തൈകളാണ് ഈ പ്രദേശങ്ങളിൽ ചെയ്തുവന്നത്. പിന്നീട് അത്യുല്പാദനശേഷിയുണ്ടെന്നവകാശപ്പെടുന്ന TxD പോലുള്ള ഇനങ്ങൾ കൃഷിചെയ്തെങ്കിലും അത്യുൽപ്പാദന അവകാശത്തിന് ആനുപാതികമായി ഫലം ലഭിക്കുന്നില്ല. ശാസ്ത്രീയകൃഷിരീതികൾ അവലംബിക്കുന്നുണ്ടെങ്കിലും ഈ പ്രദേശത്ത് നാടൻ ഇനങ്ങൾക്കാണ് കൂടുതൽ ഉൽപാദനക്ഷമത കണ്ടുവരുന്നത്. ജലസേചന സംവിധാനം അവലംബിച്ചു തുടങ്ങിയതോടെ ഉൽപാദനത്തിൽ ഗണ്യമായ വർദ്ധനവ് കാണപ്പെടുന്നു.

തെങ്ങ് കൃഷിയുടെ വളപ്രയോഗത്തിൽ രാസവളവും ജൈവവളവും തുല്യപ്രാധാന്യമർഹിക്കുന്ന 1272 ഹെക്ടറാണ് പഞ്ചായത്തിലെ തെങ്ങ് കൃഷിയുടെ വിസ്തീർണ്ണം. തെങ്ങ് കൃഷിയിൽ നിന്നുള്ള മൊത്തം ഉൽപാദനം 3126576 എണ്ണമാണ്. ശരാശരി ഉൽപാദനക്ഷമത ഹെക്ടറൊന്നിന് 2458 എണ്ണമാണ്. സംസ്ഥാന ശരാശരിയുടെ തൊട്ടടുത്താണ് ഈ പ്രദേശത്തെ തെങ്ങിന്റെ ഉൽപാദനക്ഷമത. പഞ്ചായത്തിലേത് 37ശതമാനമാണെങ്കിൽ സംസ്ഥാന ശരാശരി 38 ശതമാനമാണ്.

മാർക്കറ്റിംഗ് സമ്പ്രദായം ഫലപ്രദമായ രീതിയിലല്ല നടന്നുവരുന്നുത്. ചെറിയ രീതിയിൽ രണ്ട് തേങ്ങ സംഭരണ സംസ്കരണ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. 7 കൊപ്രയുണക്ക് യൂണിറ്റുകൾ ഈ മേഖലയിലുണ്ടെങ്കിലും ഭൂരിഭാഗം തേങ്ങയും പുറം മാർക്കറ്റിലാണ് വിറ്റഴിക്കപ്പെടുന്നത്. ഉപ ഉൽപന്നങ്ങളായ ചിരട്ട, ചകിരി എന്നിവ ഫലപ്രദമായ രീതിയിൽ ഉപയോഗപ്പെടുത്തുവാൻ കഴിയുന്നില്ല.

കമുക്കൃഷി :- ഈ മേഖലയിലെ ജലലഭ്യതയുള്ള പ്രദേശങ്ങൾ കേന്ദ്രമാക്കി വ്യാപകമായ രീതിയിൽ കൃഷിചെയ്തുവരുന്നു. ആദ്യകാലങ്ങളിൽ മുഖ്യമായും നാടൻ ഇനങ്ങളായിരുന്നു കൃഷി ചെയ്തിരുന്നത്. ഇപ്പോൾ അത്യുല്പാദനശേഷിയുള്ള ഇനങ്ങളായ മംഗള, സുമംഗള, കാസർകോടൻ, ലക്ഷഗംഗ മോഹിത്നഗർ എന്നീ ഇനങ്ങളാണ് മുഖ്യമായും കൃഷിചെയ്യുന്നത്. കാർഷിക വരുമാനത്തിൽ പ്രധാനപ്പെട്ട പങ്ക് വഹിക്കുവാൻ കഴിവുള്ള കമുക് കൃഷിക്ക് നാശം നേരിട്ടുകൊണ്ടിരിക്കുന്നു. കൃഷി വ്യാപകമായതിനോടൊപ്പം ഇതുവരെ പ്രതിവിധി കണ്ട് പിടിച്ചിട്ടില്ലാത്ത മഞ്ഞപ്പ് രോഗം കമുക് കൃഷിയെ പ്രധാനമായും ബാധിച്ചിരിക്കുന്നു. കാലാവസ്ഥയുടെ വ്യതിയാനം മൂലമുണ്ടാവുന്ന മാഹാളിരോഗവും കമുകിന്റെ ഉൽപാദനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. വളപ്രയോഗത്തിൽ ജൈവവളവും രാസവളവും തുല്യപ്രാധാന്യമർഹിക്കുന്നു.

കുരമുളക് :- കറുത്തപൊന്ന് എന്നറിയപ്പെടുന്ന കുരുമുളകാണം കൊട്ടിയൂരിലെ ആദ്യകാലത്തെ പ്രധാനപ്പെട്ട നാണ്യവിള. ആദ്യകാലത്ത് നാടൻ ഇനങ്ങളായ അറക്കുളം മുണ്ടി, പെരുംകൊടി, കാണിയക്കാടൻ, നാരായക്കൊടി, കരിമുണ്ട എന്നിവയാണം കൃഷി ചെയ്തു തുടങ്ങിയത്. ഉൽപാദനശേഷിയിൽ മുൻപനായിരുന്നു കരിമണ്ട് 1970കളോടെയാണ് ഈ മേഖലയിൽ വ്യാപകമായത്. കാല

ക്രമേണ പ്രകൃതിയിൽ വന്ന മാറ്റവും അനിയന്ത്രിതമായ മണ്ണൊലിപ്പും കുരുമുളക് കൃഷിയെ രോഗ ഗ്രസ്ഥമാക്കുകയും കൃഷി നശിക്കാൻ തുടങ്ങുകയും ചെയ്തു. ഇത് കർഷകർക്ക് സാമ്പത്തികമായി കനത്ത ആഘാതമാണേൽപ്പിച്ചുകൊണ്ടിരുന്നത്. ഇത് ഈ കൃഷി നാമാവശേഷമാക്കാൻ കാരണമായി.

ഇടവിളകൾ :- ഇടവിളകളിൽ പ്രാധാന്യമർഹിക്കുന്നത് വാഴയാണ്. ജലസേചനസൗകര്യം ലഭിക്കുന്ന പ്രദേശങ്ങളിൽ നേന്ത്രവാഴയും നീർവാർച്ച പ്രദേശങ്ങളിൽ മറ്റു വാഴയിനങ്ങളുമാണ് മുഖ്യമായും കൃഷിചെയ്യുന്നത്.

ന്ത്രേവാഴയും നാടൻ ഇനമായ ഞാലിപൂവനും ഈ മേഖലയിൽ വാണിജ്യാടിസ്ഥാനത്തിൽ മുഖ്യമായി കൃഷി ചെയ്യുന്നു. പഞ്ചായത്തിൽ 141 ഹെക്ടറോളം നേന്ത്രവാഴകൃഷി ചെയ്തുവരുന്നു.

മൈസൂർ പൂവൻ, ഞാലി പൂവൻ, പച്ചചിങ്ങൽ, രക്ത കദളി, റോബസ്റ്റ ചുണ്ടില്ലാക്കണ്ണൻ എന്നിവയാണ് നാടൻ ഇനങ്ങളിൽ പ്രാധാന്യമർഹിക്കുന്നത്. ഈ വാഴയിനങ്ങളുടെ കൃഷി വിസ്തൃതി ഏതാണ്ട് നേന്ത്രവാഴകൃഷിയുടെ ഇരട്ടിയോളം വരും. ഈ പ്രദേശത്തുനിന്നുള്ള ബേങ്ക് വായ്പകളിൽ ഏതാണ്ട് 75% നേന്തവാഴ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിന് ഉപയോഗപ്പെടുത്തിവരുന്നു.

നാടൻ ഇനങ്ങൾ കൂടുതൽ സമൃദ്ധിയായി വളരുന്നത് ചെങ്കുത്തായ പ്രദേശങ്ങളിലാണ്. പ്രതികലാ കാലാവസ്ഥ കൊണ്ടും പ്രകൃതി ക്ഷോഭം മൂലവും വർഷം തോറും ഉണ്ടാകുന്ന പടിഞ്ഞാറൻ കാറ്റുകൊണ്ടും വാഴകൃഷിക്ക് ഗണ്യമായ നാശനഷ്ടങ്ങൾ സംഭവിക്കാറുണ്ട്. ഈ അവസ്ഥ ചെറുകിട കൃഷിക്കാരുടെ വരുമാനത്തെ സാരമായി ബാധിക്കുന്നുണ്ട്.

## മരച്ചീനി

വ്യാപകമായ രീതിയിൽ നടത്തിയിരുന്ന മരച്ചീനി കൃഷി ഇപ്പോൾ കേവലം 22 ഹെക്ടർ മാത്രമായി ഒതുങ്ങിയിരിക്കുന്നു. എങ്കിലും ഇപ്പോൾ കൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ മെച്ചപ്പെട്ടരീതിയിൽ വിളവ് ലഭിക്കുന്നുണ്ട്. ആദ്യകാലത്തെ ഭക്ഷ്യ വിഭവങ്ങളിൽ പ്രധാന പങ്ക് വഹിച്ചിരുന്ന മരച്ചീനി, കാട്ടുമൃഗങ്ങളുടെ ശല്യംകൊണ്ടും കീടബാധ മൂലവും ഉല്പാദനം കുറഞ്ഞു. കൂടുതൽ വിളവ് ലഭിക്കുന്ന നാണ്യവിളകളുടെ കടന്നു കയറ്റം മൂലം സ്ഥല ദൗർലഭ്യവും അനുഭവപ്പെട്ടതും ഒരു കാരണമാണ്. 59730 കിലോഗ്രാമാണ് പഞ്ചായത്തിലെ ഇപ്പോഴുള്ള മരച്ചീനിയുടെ ഉത്പാദനം. ഹെക്ടറിന് ശരാശരി 2715 കിലോഗ്രാം കർഷകരുടെ ശ്രദ്ധാപൂർവ്വമായ പരിചരണവും ജൈവ രാസ വള പ്രയോഗവുമാണ് നല്ല നിലാരമുള്ള വിളവ് സാദ്ധ്യമാക്കുന്നത്.

വിള വിസ്തീർണ്ണവും ഉൽപാദനവും സംബന്ധിച്ച പട്ടിക 5ൽ കൊടുക്കുന്നു.

പട്ടിക 5

| വിള | വിസ്തീർണ്ണം | ഉത്പാദനം ഹെ. |
|---|---|---|
| കശുമാവ് | 3072. H | 2655 kg |
| റബ്ബർ | 1998-H | 2000 ,, |
| തെങ്ങ് | 1272- H | 2458 ,, |
| കമുക് | 758 - H | 532 ,, |
| നെല്ല് (I) | 18-H | 3598 ,, |
| നെല്ല് (II) | 8 - H | 1210 ,, |
| നെല്ല് (III) | 2 - H | 3800 , |
| പയർ | 10-H | 1653 ,, |
| എള്ള് | 1 - H | 2258 ,, |
| പച്ചക്കറികൾ | 8 - H | 1210 ,, |
| വാഴ | 141 - H | 12556 ,, |
| കുരുമുളക് | 110 - H | 2275 ,, |
| പ്ലാവ് | 25 - H | 68960 ,, |
| മരച്ചീനി | 22 - H | 2715 ,, |
| മാവ് | 30 - H | 5000 ,, |

## കൊക്കൊ

വ്യാപകമായി നടത്തപ്പെട്ടിരുന്ന കൊക്കോ കൃഷി ഇപ്പോൾ നാമമാത്രമായി മാറിയിരിക്കുന്നു. 1975നുശേഷം വർദ്ധിച്ച പ്രത്യാശയോടുകൂടിയാണ് കർഷകർ കൊക്കോ കൃഷി ആരംഭിച്ചത്. ഉൽപാദനം ലഭിച്ചു തുടങ്ങിയ നാളുകളിൽ നല്ല രീതിയിൽ വില ലഭിച്ചിരുന്നു. എന്നാൽ ഉത്പാദനം വ്യാപകമായതോടുകൂടി വിപണിയിൽ പെട്ടെന്നുണ്ടായ വിലയിടിവ് കൃഷിക്കാരെ നിരാശരാക്കുകയും കർഷകർ ഈ കൃഷിയിൽ നിന്ന് പിന്തിരി

യുകയും ചെയ്തു. അടുത്ത കാലത്ത് വിലയിലുണ്ടായ നേരിയ വർദ്ധന കൃഷിക്കാരെ സംബന്ധിച്ച് ആശാവഹമാണ്. അതുകൊണ്ടുതന്നെ കൊക്കോ കൃഷി പുനരുദ്ധരിക്കുന്നതിന് പ്രോത്സാഹനം നൽകേണ്ടിയിരിക്കുന്നു.

## മൾബറി

കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുവാനുതകുന്ന ഇടവിളയാണ് മൾബറി. 1988 കാലങ്ങളിൽ ചില കർഷകർ ഈ കൃഷി ആരംഭിച്ചിരുന്നു. പ്രാദേശികമായ വിപണി ഇല്ലാതെ വന്നത് കർഷകർ ഈ കൃഷിയിൽനിന്നും പിന്തിരിയുന്നതിന് കാരണമായി.

## സുഗന്ധവിളകൾ

ജാതി, ഗ്രാമ്പൂ, കറുവ, സർവ് സുഗന്ധി തുടങ്ങിയ സുഗന്ധവിളകൾ ഇടവിളയായി കൃഷിചെയ്യുവാൻ അനുയോജ്യമാണ് ഈ പ്രദേശം. ചുരുങ്ങിയ സ്ഥലങ്ങളിൽ ജാതി, ഗ്രാമ്പൂ എന്നിവ കൃഷി ചെയ്തു വരുന്നുണ്ട്. ചെങ്കുത്തായ പ്രദേശങ്ങളിൽ ഗ്രാമ്പൂ പുഷ്ടിയോടുകൂടി വളർന്ന് പുഷ്പിക്കുന്നുണ്ട്. ജാതി പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങൾക്കും അനുയോജ്യമായി കാണപ്പെടുന്നു. സർവ്വസുഗന്ധി കൃഷി ചെയ്യുവാൻ കാലാവസ്ഥ കൊണ്ടും മണ്ണിന്റെ ഘടന കൊണ്ടും അനുയോജ്യമായ ഈ പ്രദേശത്ത് ചുരുക്കം ചില കർഷകർ ഈ കൃഷി നടത്തുന്നുണ്ട്. വരുമാനത്തിൽ വർദ്ധന ഉണ്ടാക്കുവാൻ ഉതകുന്ന ഈ കൃഷി പരിപോഷിപ്പിക്കേണ്ടത് ഒരാവശ്യമാണ്. അതുപോലെതന്നെ നല്ല വിപണന സാധ്യതയുള്ള കറുവപ്പട്ട ലഭിക്കുന്നതിനുവേണ്ടി ഈ കൃഷിയും പരിപോഷിപ്പിക്കേണ്ടിയിരിക്കുന്നു.

## വാർഷികവിളകൾ

ഇഞ്ചി, മഞ്ഞൾ, കച്ചോലം തുടങ്ങിയവയാണ് ഈ പ്രദേശത്തെ വാർഷിക വിളകളിൽ പ്രധാനം. ആദ്യകാലത്ത് വളരെ നല്ലരീതിയിലായിരുന്നു ഈ പ്രദേശത്തെ ഇഞ്ചി കൃഷി. നാമമാത്രമായി മാത്രമേ ഇപ്പോൾ ഇഞ്ചി കൃഷി ചെയ്യുന്നുള്ളൂ. രോഗ - കീട ബാധ ഈ കൃഷിടെ പാടെ നശിപ്പിച്ചു. അടുത്ത കാലത്തായി പഞ്ചായത്തിലെ ഭൂരിഭാഗം ഇഞ്ചി കൃഷിക്കാരും മറ്റ് സംസ്ഥാനങ്ങളിൽ പോയി വ്യാപകമായ തോതിൽ ഇഞ്ചി കൃഷി നടത്തിവരുന്നു. ഔഷധ മേന്മയുള്ള കച്ചോലം ഈ പ്രദേശത്ത് ചുരുക്കംചില കർഷകർ മാത്രമെ കൃഷി ചെയ്യുന്നുള്ളൂ. മണ്ണിന്റെ ഘടനയും രോഗ കീടങ്ങളും ഈ കൃഷിയേയും പ്രതികൂലമായി ബാധിക്കുന്നുണ്ട്. വിപണിയിലുണ്ടാവുന്ന പൊരുത്തപ്പെടാനാവാത്ത ഏറ്റക്കുറച്ചിലുകൾ ഈ നാമമാത്ര കൃഷിയെ പിൻ നിരയിലേക്ക് പൂർണ്ണമായും തള്ളിക്കളയുന്നു.

## പഴ വർഗ്ഗങ്ങൾ

പഴ വർഗ്ഗങ്ങളിൽ മുഖ്യമായും കണ്ടുവരുന്നത് പൈനാപ്പിൾ, മാമ്പഴം, ചക്കപ്പഴം എന്നിവയാണ്. പൊതുവെ കർഷകർ ഈ കൃഷിയിൽ താല്പര്യമെടുത്ത് കാണുന്നില്ല. ഗാർഹിക ആവശ്യങ്ങൾക്കായി മാവും പ്ലാവും നട്ടുപിടിപ്പിക്കുന്നുണ്ട്. വളരെ ചുരുക്കമായി പൈനാപ്പിളും കണ്ടു വരുന്നു. പൈനാപ്പിൾ കൃഷിക്ക് വളരെ അനുയോജ്യമായ മണ്ണാണ് ഈ പ്രദേശത്തുള്ളത്. നാണ്യവിളയുടെ കൃഷിയിടങ്ങളിൽ ഇടവിളയായി കൃഷി ചെയ്യുകയും കർഷകരെ ഇക്കാര്യത്തിൽ ബോധവൽക്കരിക്കുകയും ചെയ്താൽ കാർഷിക വരുമാന രംഗത്ത് പൈനാപ്പിൾ മുതൽക്കൂട്ടായി മാറുമെന്നതിൽ സംശയമില്ല. പഞ്ചായത്തിലെ പ്ലാവിന്റെ സാന്ദ്രത 25 ഹെക്ടർ ആണ്. ഭക്ഷ്യ ആവശ്യത്തിലുപരിയായി തടിയുടെ ആവശ്യത്തിനാണ് പ്ലാവ് ഇപ്പോൾ കൂടുതലായി ഉപയോഗിക്കുന്നത്. പഞ്ചായത്തിലെ പ്ലാവുകളുടെ ഉത്പാദനക്ഷമത 1724000 കിലോഗ്രാമാണ്.

ധാരാളം പോഷക മൂല്യമുള്ളതാണ് മാമ്പഴം. ഒരു പഴം എന്നതിലുപരി മാമ്പഴത്തിന്റെ വർദ്ധിച്ച ഗുണഗണങ്ങളെക്കുറിച്ച് ഭൂരിഭാഗം ജനങ്ങളും അജ്ഞരാണ്. ഇതിനെക്കുറിച്ചുള്ള ബോധവൽക്കരണം മാവ് കൃഷിരംഗത്ത് ആവശ്യമാണ്. പഞ്ചായത്തിലെ മാവ് കൃഷിയുടെ വിസ്തൃതി 30 ഹെക്ടറാണ്. മാങ്ങയുടെ മൊത്ത ഉത്പാദനം 150,000 കി.ഗ്രാമാണ്. അനുയോജ്യമായ സ്ഥലം ഉപയോഗപ്പെടുത്തി സീസൺ ആരംഭത്തിൽ ഫലം ലഭിക്കുന്ന മാവ് കൃഷിചെയ്യുകയാണെങ്കിൽ കർഷകരുടെ വരുമാനത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നതിന് ഉപകരിക്കും. മാമ്പഴ സംസ്കരണം ഇതോടനുബന്ധിച്ച് തൊഴിലിനും വരുമാനത്തിനും കാരണമാകും.

## പച്ചക്കറികൾ

പച്ചക്കറികളിൽ പ്രധാനമായിട്ടുള്ളത് പാവൽ,

പട്ടിക 6

| സ്ഥാപനത്തിന്റെ പേര് | 1993-94 | | | 1994-95 | | | 1995-96 | | |
|---|---|---|---|---|---|---|---|---|---|
| | രാസവളം | കീടനാശിനി | | രാസവളം | കീടനാശിനി | | രാസവളം | കീടനാശിനി | |
| | | ദ്രവം | ഖരം | | ദ്രവം | ഖരം | | ദ്രവം | ഖരം |
| സഹകരണം | 65000 kg | 180L | 90 kg | 67000 kg | 155 L | 118 kg | 65000 kg. | 160 L | 105 kg |
| സ്വകാര്യം | 5000 kg. | 100 L | 95 kg. | 56000 kg. | 130 L | 105 kg. | 48000 kg. | 140 L | 150 kg. |

പയർ, പടവലം, പച്ചമുളക്, മത്തൻ, കോവൽ, കുമ്പളം, ചീര, വെണ്ട, വെള്ളരി എന്നിവയാണ്. മുൻകാലങ്ങളെയപേക്ഷിച്ച് പച്ചക്കറിയുടെ ഉൽപാദനം വളരെയധികം പുറകോട്ടുപോന്ന അവസ്ഥയാണിന്നുള്ളത്. ആയതിനാൽ ഇപ്പോഴുള്ള ആവശ്യം നിറവേറ്റുന്ന തിനുവേണ്ടി പുറം വിപണിയെ ആശ്രയിക്കേണ്ടി വരുന്നു. മറ്റ് ഹ്യസ്വകാല വിളകളോടനുബന്ധമായിട്ടായിരുന്നു പ്രധാനമായും പച്ചക്കറി കൃഷി നടത്തിയിരുന്നത്. മണ്ണിന്റെ ഫലഭൂയിഷ്ടികൊണ്ടും ജൈവ സമ്പത്തിന്റെ ധാരാളിത്തം കൊണ്ടും ആദ്യകാലങ്ങളിൽ മെച്ചപ്പെട്ട വിളവ് ലഭിച്ചിരുന്നു. ക്രമേണ ഗുണനിലവാരമുള്ള വിത്തിന്റെ ലഭ്യതക്കുറവ് രാസവളത്തിന്റെ വിലക്കയറ്റം എന്നിവ പച്ചക്കറി കൃഷിയെ പ്രതികൂലമായി ബാധിച്ചു. പിന്നീട് പ്രകൃതിയുടെ സന്തുലിതാവസ്ഥയിൽ വന്ന മാറ്റം വിളവിനെ കാര്യമായി ബാധിച്ചതുകൊണ്ടും നാണ്യവിളകളുമായി തട്ടിച്ചുനോക്കുമ്പോൾ വന്ന വരുമാനക്കുറവ്കൊണ്ടും കർഷകർ ഈ കൃഷിയിൽനിന്ന് പിന്തിരിയുകയും മറ്റ് കൃഷികളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്തു. നിലവിലുള്ള കണക്കുപ്രകാരം ഇപ്പോൾ 18 ഹെക്ടറിൽ മാത്രമാണ് ഉൽപാദനം നടത്തുന്നത്. പച്ചക്കറികളുടെ മൊത്ത ഉൽപാദനം 26210 കിലോഗ്രാമാണ്. ഹൈക്ടറൊന്നിന് ഉൽപാദനം 1456.11 കി. ഗ്രാമാണ്.

## വളം കീടനാശിനി

കൃഷിയിൽനിന്നും മെച്ചപ്പെട്ട വരുമാനം ലഭിക്കുവാനായി വിളവ് വർദ്ധിപ്പിക്കാൻ കർഷകർ രാസവളം ഉപയോഗിക്കുവാൻ തുടങ്ങി. രോഗ - കീടങ്ങളെ നശിപ്പിക്കുവാനായി കീടനാശിനികളും പ്രയോഗിച്ചു തുടങ്ങി. നല്ല വളർച്ചക്കും രോഗ - കീട പ്രതിരോധത്തിനും ഉതകുമെങ്കിലും പ്രയോഗത്തെക്കുറിച്ചുള്ള അജ്ഞത് ഗുണത്തേക്കാറെ ദോഷമായി ഭവിച്ചിട്ടുണ്ടെന്ന് പറയാം. ഇതു മൂലം പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്കാണ് മാറ്റമുണ്ടായത്. മണ്ണിന്റെ ഘടനക്കും ജൈവ സമ്പത്തിനു വന്ന മാറ്റവും ഇതിന് കാരണമാണ്. ശുഭോദർക്കമായ മറ്റൊരു കാര്യം ജൈവവളത്തിന്റെ ഉപയോഗം കർഷകർക്കു ബോധ്യപ്പെട്ടു തുടങ്ങി എന്നുള്ളതാണ് സഹകരണമേഖലയിൽ മൂന്നും സ്വകാര്യമേഖലയിൽ രണ്ടും രാസവള വിപണന കേന്ദ്രങ്ങളാണ് പഞ്ചായത്തിൽ ഉള്ളത്.

വളം - കീടനാശിനി എന്നിവയുടെ വിപണനം സംബന്ധിച്ച പട്ടിക 6ൽ ചേർക്കുന്നു.

### കാർഷിക വായ്പകൾ

പഞ്ചായത്തിന്റെ പരിധിയിൽ സ്ഥിതി ചെയ്യുന്ന ധനകാര്യസ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്.

1. നോർത്ത് മലബാർ ഗ്രീമീൺ ബേങ്ക്, നീണ്ടുനോക്കി
2. കൊട്ടിയൂർ സർവ്വീസ് കോ. ഓപ് ബേങ്ക്, നീണ്ടുനോക്കി
3. ജില്ലാ സഹകരണ ബേങ്ക്, നീണ്ടുനോക്കി
4. വനിതാ സഹകരണ ബേങ്ക്, ചുങ്കക്കുന്ന്

പഞ്ചായത്തിലെ കർഷകർക്ക് ആവശ്യമായി വരുന്ന കാർഷിക വായ്പകളിൽ 75%വും നൽകുന്നത് ഈ ബേങ്കുകൾ ആണ്.

കൂടാതെ താഴെ പറയുന്ന ബേങ്കുകളിൽനിന്നും പഞ്ചായത്തിലെ കർഷകർ ഹ്യസ്വകാല ദീർഘകാല കാർഷിക വായ്പകൾ ലഭ്യമാക്കുന്നു.

1. കാർഷിക വികസനബേങ്ക്, പേരാവൂർ
2. സിൻഡിക്കേറ്റ് ബേങ്ക്, പേരാവൂർ
3. അർബൻ ബേങ്ക്, പേരാവൂർ
4. ഫെഡറൽ ബേങ്ക്, കേളകം
5. ഗ്രാമീണ ബേങ്ക്, കേളകം

ഈ വായ്പകൾ കാർഷിക മേഖലയിൽ

പൂർണ്ണമായും ഉപയോഗപ്പെടുത്താത്തത് കാർഷിക മേഖലയക്ക് ഗതിവേഗം കൂടാത്തതിന് കാരണമാവുന്നു.

പ്രകൃതിക്ഷോഭവും കൃഷിനാശവും കാരണം ബേങ്കിൽനിന്ന് ലഭിക്കുന്ന വായ്പകൾ കർഷകർക്ക് യഥാസമയം തിരിച്ചടക്കാൻ കഴിയാത്ത അവസ്ഥയും നിലവിലുണ്ട്.

## മണ്ണ് - ജല സംരക്ഷണം

മുൻകാലങ്ങളിൽ ധാരാളം വൃക്ഷങ്ങൾ നിലവിലുണ്ടായിരുന്നതിനാലും ഭൂഫലഭൂയിഷ്ഠി ഉണ്ടായിരുന്നതിനാലും മണ്ണ് - ജല സംരക്ഷണത്തിന് വേണ്ടവിധത്തിൽ ശ്രദ്ധിച്ചിരുന്നില്ല. കാലക്രമേണ വരുവാൻ പോകുന്ന ദുരവസ്ഥയെക്കുറിച്ചും കർഷകർ അജ്ഞരായിരുന്നു. എന്നാൽ ശാസ്ത്രീയ കൃഷിരീതികൾ അവലംബിച്ചുതുടങ്ങിയതോടുകൂടി പറമ്പുകൾ തട്ടുകളായി തിരിച്ച് കയ്യാല വച്ചും അതിർ വരമ്പുകൾ തീർത്തും പുല്ലുകളും വേലി വൃക്ഷങ്ങളും നട്ടുപിടിപ്പിച്ചും മണ്ണൊലിപ്പ് തടയുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചുതുടങ്ങി. പറമ്പ് ഇളക്കിയും സാമൂഹ്യവനവൽക്കരണത്തിന്റെ ഭാഗമായി തേക്ക്, മഹാഗണി, മാഞ്ചിയം, സിൽവർ ഓക്ക്, പ്ലാവ്, മാവ് എന്നിവ വച്ചുപിടിപ്പിച്ച് ബോധവാന്മാരായിട്ടുള്ള കർഷകർ മണ്ണ്, ജല സംരക്ഷണം നടത്തിപ്പോരുന്നു. ദേശീയ നിർമദി പദ്ധതി, പശ്ചിമഘട്ട വികസന പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി പഞ്ചായത്തിന്റെ 4 വാർഡുകളിൽ മണ്ണൊലിപ്പ് നിവാരണ പ്രവർത്തനങ്ങളും ജലസംരക്ഷണ പ്രവർത്തനങ്ങളും നടന്നു വരുന്നു. ഈ പ്രവർത്തനങ്ങളിൽ മുഖ്യമായത് കയ്യാലകൾ, നീർക്കുഴികൾ, ചെറിയ ചെക്ക് ഡാമുകൾ എന്നിവയാണ്.

## നഴ്സറികൾ

6 നഴ്സറികളാണ് പഞ്ചായത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കന്നത്. ഇതിൽ ഒരു നഴ്സറി സർക്കാറിന്റെ അംഗീകാരമുള്ളതും കൃഷിഭവനുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതുമാണ്. റബ്ബറൊഴികെയുള്ള വിത്തിനങ്ങളാണ് ഈ നഴ്സറി വിതരണം ചെയ്യുന്നത്. ബാക്കി വരുന്ന സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന 5 നേഴ്സറികളും മുഖ്യമായും റബ്ബറിനെ ആസ്പദമാക്കിയുള്ളതാണ്.

## കൃഷിഭവൻ

1988ലാണ് പഞ്ചായത്തിൽ കൃഷിഭവൻ നിലവിൽ വന്നത്. പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെങ്കിലും തികച്ചും കാർഷിക മേഖലയായ പഞ്ചായത്തിൽ കൃഷിഭവൻ പ്രവർത്തനങ്ങൾ ജനങ്ങളുടെ പ്രതീക്ഷകൾക്കനുസരിച്ച് ഉയർന്നിട്ടില്ല. മുൻകാലത്ത് കർഷകരുടെ കൃഷിഭൂമി സന്ദർശിച്ച് കൃഷികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി കർഷകൾക്ക് വേണ്ടുന്ന നിർദ്ദേശ സഹായങ്ങൾ നൽകിയിരുന്ന അഗ്രികൾച്ചറൽ ഡമോൺസ്ട്രേറ്റർ തസ്തിക നിന്നുപോയത് കർഷകരെ സംബന്ധിച്ചിടത്തോളം തീരാനഷ്ടമാണ്, ഇപ്പോൾ കർഷകരെ സഹായിക്കുന്നതിരുപരിയായി സർക്കാരിൽനിന്ന് ലഭിക്കുന്ന വിവിധങ്ങളായ ആനുകൂല്യങ്ങൾ ചുരുക്ക് ചിലർക്ക് മാത്രമായി നൽകാനുള്ള കേന്ദ്രമായി കൃഷിഭവൻ മാറിയിരിക്കുന്നു. ശാസ്ത്രീയ കൃഷിരീതികൾ പഠിച്ച് പകർത്താൻ ശ്രമിക്കുന്ന കൃഷിക്കാരുടെ താല്പര്യത്തിനനുസരിച്ച് കൃഷിഭവൻ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. പഞ്ചായത്തിൽനിന്നും 131 യുവതീയുവാക്കൾ കാർഷിക മേഖലയിൽ 1 ലക്ഷം പേർക്ക് തൊഴിൽ എന്ന പദ്ധതിയിൽ അംഗമായി പദ്ധതി വിഹിതമായ 1000 രൂപ പണമടച്ചവരുണ്ട്. കൃഷിഭവൻ മുഖാന്തിരമാണ് എല്ലാ യുവജനങ്ങളും ഈ പദ്ധതിയിൽ അംഗങ്ങളായത്. സർക്കാറിന്റെ ഭാഗത്തുനിന്നും പദ്ധതി തുടങ്ങി രണ്ട് വർഷമായിട്ടും വിഭാവനം ചെയ്യുന്ന കാര്യങ്ങൾ നടപ്പിൽ വരുത്താനുള്ള ശ്രമങ്ങൾ ഉണ്ടായിട്ടില്ല. കൂടുതൽ യുവാക്കളെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുന്നതിനും കാർഷിക വൃത്തിയുടെ മഹത്വം കർഷകരേയും യുവജനങ്ങളേയും ബോധ്യപ്പെടുത്തേണ്ടതിനും ആവശ്യമായ നടപടികൾ കൃഷിഭവൻ കേന്ദ്രമായി ഉണ്ടാവേണ്ടിയിരിക്കുന്നു.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ ഭൂമി റീസർവ്വേ നടത്തിയിട്ടില്ല. ഇതുമൂലം കർഷകർക്ക് തങ്ങൾക്കവകാശപ്പെട്ട കൃഷിഭൂമി പ്രയോജനപ്രദമായ രീതിയിൽ വിനിയോഗിക്കുവാൻ സാധിക്കുന്നില്ല. മാത്രമല്ല കർഷകർ തമ്മിലുള്ള അസ്വാരസ്യത്തിനും ഇടയാക്കുന്നു.

2. കൃഷിക്കാരുടെ നിലവിലുള്ള കൈവശ ഭൂമി

ക്ക് മുഴുവനും ആവശ്യമായ പട്ടയം ലഭിച്ചിട്ടില്ല. ഈ കൈവശഭൂമി കർഷകൻ വർഷങ്ങളായി കൈവശം വച്ചനുഭവിക്കുന്നതും കൃഷിയിറക്കി ഫലസമ്പുഷ്ടമാക്കിയതുമാണ്.

3. ഇതുവരെയും പഞ്ചായത്തിലെ കൃഷിഭൂമി മണ്ണ് പരിശോധന നടത്തിയിട്ടില്ല. ചില സ്ഥലങ്ങളിലെ മണ്ണിന്റെ സാമ്പിളുകൾ പരിശോധനക്കായി ശേഖരിച്ചിട്ടുണ്ടെങ്കിലും പരിശോധന റിപ്പോർട്ടുകൾ ലഭിക്കുകയോ വേണ്ട രീതിയിൽ നിർദ്ദേശങ്ങൾ ലഭിക്കുകയോ ചെയ്തിട്ടില്ല. ശേഖരിച്ച മണ്ണിന്റെ സാമ്പിളുകൾ കാലങ്ങളായി കൃഷിഭവൻ കേന്ദ്രത്തിൽ കെട്ടിക്കിടക്കുന്ന അവസ്ഥയും നിലവിലുണ്ട്. ഇതുമൂലം മണ്ണിന്റെ ഘടനയറിഞ്ഞ് ആവശ്യമായ വളപ്രയോഗം നടത്തുവാൻ സാധിച്ചിട്ടില്ല.

4. ശാസ്ത്രീയമല്ലാത്ത വളപ്രയോഗംകൊണ്ടും അത്യുല്പാദനശേഷിയുള്ള വിത്തുകളുടെ കടന്നുകയറ്റം കൊണ്ടും ആദ്യകാല ഭക്ഷ്യവിളകൾ മിക്കവയും അപ്രത്യക്ഷമാവുകയും പകരം വന്ന നാണ്യവിളകൾ പല വിധങ്ങളായ രോഗങ്ങളാൽ നശിച്ചുകൊണ്ടിരിക്കുകയുമാണ്. ഉദാഹരണമായിട്ട് ആദ്യകാലത്തെ പ്രധാന വിളകളായിരുന്ന നെല്ല്, ചാമ, എള്ള്, മധുരക്കിഴങ്ങ്, കപ്പ എന്നിവ നാമമാത്രമാകാനോ അപ്രത്യക്ഷമാകുവാനോ ഇടയായി ആദ്യകാലത്ത് ഇന്നാട്ടിലെ ജനങ്ങൾക്ക് ഭക്ഷ്യ ആവശ്യങ്ങൾ ഏതാണ്ട് മുഴുവനായിത്തന്നെ നിറവേറ്റിയിരുന്ന ഇവ മറ്റു പ്രദേശങ്ങളിൽനിന്നും ഇറക്കുമതി ചെയ്യേണ്ടദുരവസ്ഥയിലേക്ക് നാം എത്തിച്ചേർന്നിരിക്കു കയാണ്. ഇതിന് പ്രധാന കാരണങ്ങൾ ജലദൗർലഭ്യവും ഉൽപാദനചിലവിൽവന്ന അമിത വർദ്ധനവും ഹ്രസ്വകാലവിളകളാണെന്നുള്ളതുമാണ് മറ്റൊരു കാരണം ഗുണമേന്മയുള്ള വിത്തിനങ്ങൾ ലഭിക്കുന്നില്ല എന്നതാണ്.

നെൽകൃഷിക്ക് ഈ കാരണങ്ങൾ കൂടാതെ വിളവെടുപ്പ് നടത്തുവാൻ ആവശ്യമായ തൊഴിലാളികളെ ലഭിക്കുന്നില്ല എന്നതും ഒരു പ്രധാന കാരണമാണ്.

5. ആദ്യകാല വിളകളിൽനിനും മാറി പിന്നീട് വന്ന വിളകളൊക്കെത്തന്നെയും കടുത്ത രോഗങ്ങളെ അതിജീവിക്കാൻ കഴിയാതെ നശിച്ചുകൊണ്ടിരിക്കുകയാണ്. നാടൻ ഇനങ്ങളിൽനിന്നും മാറി അത്യുൽപാദനശേഷിയുള്ള റബ്ബർ വ്യാപകമായതോടെ വരുമാന വർദ്ധനവ് ഉണ്ടായെങ്കിലും റബ്ബർ കൃഷി കടുത്ത രോഗത്തെ നേരിടുകയാണ്. പുതിയ ഇനങ്ങൾക്ക് നിലവിലുള്ള കാലാവസ്ഥ പ്രതികൂലമാവുകയും ചെയ്യുന്നു. കുമിൾരോഗം മൂലമുണ്ടാവുന്ന ഇലകൊഴിച്ചിലിനും ചീക്കുപൊട്ടലിനും പ്രതിരോധ മാർഗ്ഗങ്ങൾ ഉണ്ടെങ്കിലും പട്ട മരപ്പ് റബ്ബറിന്റെ ഉൽപാദനത്തെ പാടെ നശിപ്പിക്കുന്നു.

6. തെങ്ങിനെ സംബന്ധിച്ചിടത്തോളം അത്യുല്പാദനശേഷിയുള്ള ഇനങ്ങളൊന്നുംതന്നെ ഗുണം ചെയ്യില്ലെന്നുമാത്രമല്ല വിവിധങ്ങളായ രോഗങ്ങളും കണ്ടുവരുന്നു. ഇനവ്യത്യാസമില്ലാതെ കൂമ്പുചീയൽ, ഓലകരിച്ചിൽ, ചെന്നീരൊലിപ്പ് എന്നിവയും ഇവക്കു പുറമെ കൊമ്പൻചെല്ലി, ചെമ്പൻചെല്ലി എന്നീ കീടങ്ങളും തെങ്ങ് കൃഷിയെ തളർത്തുന്നു. കൂടാതെ മാഹാളി രോഗവും എലിശല്യവും ഉൽപാദനത്തെ ഗണ്യമായി ബാധിക്കുന്നു.

7. പ്രതിവിധിയുള്ളതുകൊണ്ട് മഹാളിരോഗവും പുഴുശല്യവും കമുകിനെ നശിപ്പിക്കുന്നില്ലെങ്കിലും പ്രതിവിധി കണ്ടുപിടിച്ചിട്ടില്ലാത്ത മഞ്ഞപ്പ് രോഗം കമുക് കൃഷിയെ മൊത്തമായി നശിപ്പിച്ചുകൊണ്ടിരിക്കുന്നു.

8. അത്യുല്പാദനശേഷിയുള്ള കശുമാവിൻ തൈകൾ കർഷകരുടെ ഇടയിൽ വ്യാപകമായിട്ടില്ല. കശുമാവിൻ തോട്ടങ്ങൾ കാലാനുസൃതമായി റീപ്ലാന്റ് ചെയ്യുവാൻ കർഷകർക്ക് താല്പര്യമില്ല. കാരണം സ്ഥായിയായ വരുമാനം അതിൽനിന്നും പ്രതീക്ഷിക്കാൻ വയ്യ. ആഗോള നിലവാരമനുസരിച്ചുള്ള വില കർഷകന് ലഭിക്കുന്നില്ലെന്ന് മാത്രമല്ല വിലകൂടുതൽ ലഭിക്കുന്ന മറ്റു സ്ഥലങ്ങളിലേക്ക് സ്വന്തം ഉൽപന്നം കൊണ്ടു പോകുവാനും സാധിക്കുന്നില്ല. കൂടാതെ പുഴുശല്യവും കരിച്ചിൽ രോഗവും തേയിലക്കൊതുകിന്റെ ഉപദ്രവവും കശുമാവ് കൃഷിക്ക് കടുത്ത ഭീഷണിയാണ്.

9. നാണ്യവിളകളിൽ ഉണ്ടായിട്ടുള്ള രോഗബാധകൊണ്ട് ഏറ്റവും കൂടുതൽ ദോഷം വന്നുഭവിച്ചത് കുരുമുളക് കൃഷിക്കാണ്. കുടിയേറ്റത്തിന്റെ ആദ്യകാലങ്ങളിൽ കർഷകന് ഏറ്റവും കൂടുതൽ വരുമാനം നൽകിയിരുന്ന കുരുമുളക് ഇന്ന് നാമമാത്രമായി ചുരുങ്ങിയിരിക്കുന്നു. മറ്റ് വിളകളിലെന്നപോലെ അത്യുൽപാദനശേഷിയുള്ളവയുടെ രോഗപ്രതിരോധ ശേഷിയില്ലായ്മയും ദ്രുതവാട്ടം പോലുള്ള മാരക രോഗങ്ങളുടെ കടന്നാക്രമണവുമാണ്.

10. ഒരു കാലത്ത്, കുടിയേറ്റ കർഷകന്റെ പ്രധാനവരുമാന മാർഗ്ഗമായിരുന്ന ഇഞ്ചികൃഷി ഇപ്പോൾ അപ്രത്യക്ഷമായിരിക്കയാണ്. കാലാവസ്ഥയുടെ വ്യതിയാനം, ജൈവസമ്പത്തിന്റെ ദാരിദ്ര്യം, മണ്ണൊലിപ്പ് തുടങ്ങിയ കാരണങ്ങൾ ഈ പ്രദേശത്തെ ഇഞ്ചികൃഷിക്ക് യോഗ്യമല്ലാതാക്കി മാറ്റി. വ്യാപകമായ തോതിലുള്ള രോഗകീടബാധമൂലം (ചിയൽ രോഗം) ഇഞ്ചികൃഷി അപ്രത്യക്ഷമായിരിക്കുകയാണ്.

11. ഭക്ഷ്യപ്രശ്നത്തിൽ പ്രധാന പങ്ക് വഹിച്ചിരുന്ന നെൽകൃഷി ഇന്ന് ശുഷ്കമായിരിക്കുന്നു. ഇതിന് കാരണമായത് ജലലഭ്യതക്കുറവ്, ഉൽപാദനച്ചിലവിൽ വന്ന അമിതമായ വർദ്ധനവ്, കീടബാധ, വിളവെടുപ്പിൽ തൊഴിലാളികളുടെ അപര്യാപ്തത, ഹ്രസ്വകാല വിളയാണെന്ന കാരണം, ജൈവ, രാസവളങ്ങളുടെ താങ്ങാനാവാത്ത വില വർദ്ധനവ് തുടങ്ങിയവയാണ്. അതുപോലെതന്നെ നെല്ലിന് വിപണിയിലുണ്ടായ വൻ വിലയിടിവും നെൽകൃഷി കുറയുന്നതിനും കാരണമായി.

12. 1970 കളിൽ പ്രചാരത്തിൽ വന്ന കൊക്കൊ കൃഷി തകരുവാനുള്ള പ്രധാനപ്പെട്ട കരണം വിപണിയിൽ വന്ന വൻ വിലയിടിവാണ്. തന്മൂലം ഒരു പ്രധാന ഇടവിളയായി കൃഷി ചെയ്തിരുന്ന കൊക്കൊ മുഴുവനും കൃഷിക്കാർ വെട്ടിമാറ്റി മറ്റ് കൃഷി ചെയ്യുവാൻ നിർബന്ധിതരായി. മാത്രമല്ല മണ്ണിന്റെ ഫലഭൂയിഷ്ഠിയിൽ പെട്ടെന്ന് കുറവ് വരുത്താനും മറ്റം വിളകളെ അത് സാരമായി ബാധിക്കാനും ഇടയായി.

13. ഇഞ്ചിപ്പുല്ല് രാമച്ചം എന്നീ കൃഷികളെ പ്രതികൂലമായി ബാധിച്ചത് സ്ഥലദൗർലഭ്യമായിരുന്നു. നാണ്യവിളകളുടെ വ്യാപകമായ വരവ് കൃഷിഭൂമികൾ കൈയടക്കുകയും ഈ കൃഷികൾക്ക് അനുയോജ്യമായ കൃഷിയിടങ്ങൾ കുറയുകയും ചെയ്തു. സംസ്കരണത്തിന് വേണ്ടുന്ന അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ്, വിപണിയിലുണ്ടായ വിലയിടിവ് ഈ കൃഷികൾ ഇല്ലാതാകുന്നതിന് കാരണങ്ങളായി.

14. നാണ്യ വിളകളുടെ തള്ളിക്കയറ്റം മഞ്ഞൾ കൃഷിയെയും ബാധിച്ചു. കൃഷിക്കനുയോജ്യമായ സ്ഥലം കണ്ടെത്തുക എന്നത് കർഷകനെ സംബന്ധിച്ചിടത്തോളം ബുദ്ധിമുട്ടായി മാറി. ഉൽപാദന ചിലവിനനുസൃതമായി വിപണിയിലെ വിലക്കുറവും രോഗകീടങ്ങളും ഈ കൃഷിയെ സാരമായി ബാധിക്കുകയുണ്ടായി.

15. കർഷകരുടെ വരുമാനത്തിന്റെ അളവ് കൂട്ടുമായിരുന്ന ഇടവിള കൃഷിയായിരുന്ന മൾബെറി കൃഷി താരതമ്യേന ചിലവ് കുറഞ്ഞതായിരുന്നു. എന്നാൽ സംഭരണ കേന്ദ്രം ഇല്ലാത്തതുകൊണ്ട് വിദൂരസ്ഥലങ്ങളെ ആശ്രയിക്കേണ്ടയ സ്ഥിതിയായിരുന്നു. അതുപോലെ പ്രതീക്ഷിച്ചത്ര വിലയും ലഭിച്ചില്ല. ഈ കാരണങ്ങളാൽ തുടക്കത്തിൽ ഊർജിതമായ മൾബറി കൃഷി കർഷകർ പാടെ ഉപേക്ഷിക്കുകയാണുണ്ടായത്.

16. ജലസേചനസൗകര്യങ്ങൾ കാര്യമായി നടപ്പിലാകാത്ത ഒരു പഞ്ചായത്താണ് നമ്മുടേത്. വളരെയധികം ജലസമ്പത്തുകൊണ്ട് അനുഗ്രഹീതരാണ് നാമെങ്കിലും കൃഷിക്ക് ആവശ്യമായ ജലം ഉപയുക്തമാക്കാൻ തക്ക പദ്ധതികളൊന്നും തന്നെ നമ്മുടെ പഞ്ചായത്തിലില്ല. നാമമാത്രമായ ചില പദ്ധതികൾ തകർച്ചയെ നേരിടുകയും ചെയ്യുന്നു.

എരട്ടത്തോട്ടിൽ കളത്തിൽ ജോസഫ് എന്നയാളുടെ പുരയിടത്തിനു സമീപമുള്ള തടയണയും കനാലുകളും അമ്പായത്തോട്, പന്ന്യാംമല എന്നീ ഭാഗങ്ങളിലെ തടയണയും കനാലുകളും പൂർണ്ണമായും തകർച്ചയുടെ വക്കിലാണ്. ഒറ്റപ്ലാവിലുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി വളരെയധികം സ്ഥലത്തെ ജലസേചനം വിഭാവനം ചെയ്തുണ്ടാക്കിയതായിരുന്നു. എന്നാൽ വർഷങ്ങൾക്കുശേഷമാണ് അതിന്റെ ഒന്നാം ഘട്ടം പ്രവർത്തനം ആരംഭിച്ചതുതന്നെ രണ്ടാംഘട്ടം എന്ന് പ്രവർത്തനക്ഷമമാകും എന്ന് ഇപ്പോൾ നിശ്ചയവുമില്ലാത്ത സ്ഥിതിയിലാണ്.

17. അമ്പായത്തോട് പ്രദേശത്ത് സർക്കാർ നടപ്പിലാക്കുന്ന നിർമറി പദ്ധതി അത് വിഭാവനം ചെയ്യുന്ന രീതിയിൽ കർഷകർക്ക് ഗുണം ചെയ്തില്ല. ലക്ഷക്കണക്കിന് രൂപ സർക്കാർ ചെലവഴിച്ചെങ്കിലും ആയത് കർഷകർക്ക് വേണ്ട വിധത്തിൽ ഗുണം ചെയ്തിട്ടില്ല. അർഹമായിട്ടുള്ളത് കർഷകർക്ക് ലഭിച്ചിട്ടില്ല എന്നു മാത്രമല്ല. ഇതിന്റെ നല്ലൊരു പങ്ക് മറ്റുള്ളവർ തട്ടിയെടുക്കുകയും ചെയ്യുകയാണ് ഉണ്ടായത്. മണ്ണ് സംരക്ഷണം ഉദ്ദേശിച്ച് നിർമ്മിക്കുന്ന കയ്യാലകൾക്ക് സർക്കാർ കൊടുക്കുന്ന മുഴുവൻ തുകയും കർഷകരുടെ കൈകളിലെത്തിയതുമില്ല. ഓരോ വർഷവും ലഭിക്കുന്ന മഴ ജലം

പാഴാവുകയാണ് ചെയ്യുന്നത്. ഈ ജലം തടഞ്ഞു നിർത്തുന്നതിനാവശ്യമായ കയ്യാലകളോ ബണ്ടുകളോ നീർക്കുഴികളോ ഇല്ലാത്തതിനാൽ ഭൂഗർഭ ജലസാന്ദ്രത ഉയരുന്നില്ല.

18. പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും ചെങ്കുത്തായതു് വളരെ ചരിഞ്ഞതുമാണ്. വർഷകാലത്ത് കൂലം കുത്തിയൊഴുകുന്ന തോടുകൾ ഓരോ വർഷവും താഴ്ന്നുകൊണ്ടിരിക്കുകയാണ്. ഇത് സമീപ പ്രദേശങ്ങളിലെ മണ്ണിന്റേയും ജലാശയങ്ങളിലേയും ജലസാന്ദ്രത കുറയുന്നതിന് കാരണമാവുന്നു. തോടുകളുടെ അരികിലുള്ള വൃക്ഷങ്ങൾ നശിപ്പിച്ചതും തോടുകൾ ശാസ്ത്രീയമല്ലാത്ത രീതിയിൽ കെട്ടി ഒതുക്കിയതും ജല ദൗർലഭ്യത്തിനു കാരണമാണ്. വ്യാപകമായ പോളിത്തീൻ പൈപ്പുകളുടെ ഉപയോഗവും ജലദൗർലഭ്യത്തിന് കാരണമാണ്. ജലത്തെ ചൂഷണം ചെയ്യുന്ന രീതി ശാസ്ത്രീയമല്ല. ആവശ്യതതിന് ജലം കെട്ടിനിർത്താതെ ഉറവകളിലെ മുഴുവൻ ജലവും പൈപ്പുകൾ മുഖേന ഉപയോഗപ്പെടുത്തുകയാണ് ചെയ്യുന്നത്. ഇതുമൂലം ഭൂഗർഭ ജലത്തിന്റെ അളവ് കുറഞ്ഞു വരുന്നു. അതുപോലെതന്നെ കിണറുകളും കുളങ്ങളും കെട്ടി സംരക്ഷിക്കാത്തതും ജല ദൗർലഭ്യത്തിന്റെ മറ്റൊരു കാരണമാണ്.

19. നമ്മുടെ പഞ്ചായത്തിൽ പച്ചക്കറിയുടെ ഉൽപാദനം വളരെ കുറവാണ്. ആവശ്യമായ പച്ചക്കറികൾ മറ്റു സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുകയാണ് ചെയ്യുന്നത്. ഗുണമേന്മയുള്ള വിത്തുകളുടെ അഭാവം പച്ചക്കറി കൃഷി ശുഷ്കമായതിന് ഒരു കാരണമായി. അതുപോലെതന്നെ രോഗകീടബാധയും പച്ചക്കറിയെ സാരമായി ബാധിച്ചു. നാണ്യവിളകൾ കൃഷി ചെയ്തു തുടങ്ങിയതോടെ പച്ചക്കറി കൃഷിയോടുള്ള താൽപര്യം കുറഞ്ഞതും ഈ മേഖലയിൽ പച്ചക്കറി കൃഷി കുറയുന്നതിന് കാരണമായി.

20. വളരെയധികം സാധ്യതയുണ്ടായിട്ടും ഇടവിള കൃഷിക്ക് അർഹിക്കുന്ന സ്ഥാനം കൊടുക്കുന്നില്ല. പരിമിതങ്ങളായ കൃഷിയിടങ്ങൾ പൂർണ്ണമായും ഉപയുക്തമാക്കിയെങ്കിൽ മാത്രമേ നമ്മുടെ ആവശ്യങ്ങൾ നിറവേറ്റപ്പെടുകയുള്ളു. ഇടവിളകളുടെ പ്രാധാന്യം ഇവിടെയാണ്. കർഷകർ ഇതിന് ബോധവാന്മാരല്ല എന്നുള്ളതാണ് നമ്മുടെ പ്രശ്നം.

21. ജനങ്ങൾക്ക് തങ്ങളുടെ ഉൽപ്പന്നങ്ങൾ ന്യായവിലക്ക് സ്വതന്ത്രമായി വാങ്ങുന്നതിനും വിൽക്കുന്നതിനുമുള്ള മാർക്കറ്റ് നിലവിലില്ല. അതുകൊണ്ട് കർഷകർ കുറഞ്ഞ വിലക്ക് തങ്ങളുടെ ഉൽപ്പന്നങ്ങൾ ഇടനിലക്കാർക്ക് വിൽക്കേണ്ടി വരുന്നു.

22. ഉൽപ്പന്നങ്ങളുടെ വിലനിലവാരത്തെ കാര്യമായി സ്വാധീനിക്കുന്ന ഒന്നാണ് ഇറക്കുമതി സംഭരണ നയങ്ങൾ. കാലാകാലങ്ങളിലുള്ള റബ്ബറിന്റെ ഇറക്കുമതി റബ്ബറിന്റെ വിലയിടിവിന് കാരണമായി. ഇന്നാട്ടിൽ ഉൽപാദിക്കാനും വേണ്ട രീതിയിൽ സംഭരിക്കാതെ കശുവണ്ടി ഇറക്കുമതി ചെയ്യുന്നതും, കശുവണ്ടിയുടെ കാലാകാലങ്ങളിൽ മാറിവരുന്ന സർക്കാരുടെ സംഭരണനയവും വില കുറവിന് കാരണമാവുന്നു. അതുപോലെതന്നെ നാളികേരത്തിന്റെ സംഭരണവും സംസ്കരണവും ആവശ്യാനുസരണം നടക്കുന്നില്ല.

23. നല്ല കൃഷിയിടങ്ങളായിത്തീരേണ്ട 68 ഹെക്ടറോളം ഭൂമി പഞ്ചായത്തിൽ തരിശായിക്കിടക്കുന്നുണ്ട്. ഇത് പഞ്ചായത്തിന്റെ മൊത്തവരുമാനത്തെ സ്വാധീനിക്കുന്നു.

24. മറ്റ് പ്രദേശങ്ങളെ അപേക്ഷിച്ച് വൈദ്യുതി പഞ്ചായത്തിന്റെ മിക്ക മേഖലയിലും എത്തിയിട്ടില്ല എന്നുള്ളത് കാർഷിക ഉൽപാദനത്തെ സാരമായി ബാധിക്കുന്ന ഒരു പ്രധാന കാരണമാണ്.

25. കൃഷിഭവന്റെ സേവനം പഞ്ചായത്തിന്റെ എല്ലായിടത്തും എത്തുന്നില്ല. കൃഷിഭവൻ മുഖാന്തിരം കർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എല്ലാ വാർഡിലും എത്താറില്ല എന്നു മാത്രമല്ല തത്വദീക്ഷയില്ലാത്ത വിതരണരീതി എല്ലാവർക്കും ലഭിക്കേണ്ടതിനെ ഏതാനും പേരിലേക്ക് ചുരുക്കുന്നു. കർഷകർക്ക് തങ്ങളുടെ കാർഷിക മേഖലയിൽ ആവശ്യമായ വിദഗ്ദ്ധോപദേശങ്ങളോ നിർദ്ദേശങ്ങളോ ഇവിടെ നിന്ന് ലഭിക്കുന്നില്ല.

26. എല്ലാ കാർഷിക വിളകൾക്കും ഇൻഷുറൻസ് സൗകര്യം ലഭിക്കുന്നില്ല.

27. പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ കാർഷിക വൃത്തിയുടെ കൂലിനിരക്ക് ഏകീകരണ സ്വഭാവമുള്ളതല്ല

28. വിഭാവനം ചെയ്ത രീതിയിലുള്ള കർഷക പെൻഷൻ എല്ലാവർക്കും ലഭിക്കുന്നില്ല. അതുപോലെതന്നെ സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന മറ്റ് ക്ഷേമ പരിപാടികൾ കാർഷിക വൃത്തിയിലേർപ്പെട്ടിരിക്കുന്നവർക്ക് ലഭിക്കാറില്ല.

29. ഫോറസ്റ്റിനോട് ചേർന്ന് കിടക്കുന്ന സ്ഥലമായതുകൊണ്ട് ഉണ്ടാവുന്ന വന്യമൃഗശല്യം കൃഷിയിടങ്ങളെ വ്യാപകമായി നശിപ്പിക്കുകയും കർഷകർക്ക് ഭീഷണിയാവുകയും ചെയ്യുന്നുണ്ട്.

30. മറ്റ് തൊഴിൽ മേഖലകളെ അപേക്ഷിച്ച് കാർഷിക വൃത്തിക്ക് സമൂഹത്തിൽ മാന്യമായ സ്ഥാനം ലഭിക്കുന്നില്ല. ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായവും സർക്കാരുകളുടെ കൃഷിക്കാരോടുള്ള സമീപനവും ഇതിന് കാരണമാണ്. മറ്റ് തൊഴിൽ മേഖലകളെ അപേക്ഷിച്ച് കർഷകരും കർഷകത്തൊഴിലാളികളും സംഘടിതരല്ലാത്തതുകൊണ്ട് മറ്റ് തൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളും ആവശ്യമായ സംരക്ഷണവും കർഷകർക്ക് ലഭിക്കുന്നില്ല.

## നിർദ്ദേശങ്ങൾ

### I) കൃഷി

1. റീസർവ്വേ നടത്തി പഞ്ചായത്തിലെ മുഴുവൻ കൃഷിഭൂമിയും കൃത്യമായി നിശ്ചയിക്കണം.

2. കർഷകരുടെ കൈവശാവകാശത്തിലുള്ള മുഴുവൻ ഭൂമിക്കും പട്ടയം ലഭിക്കുന്നതിനുള്ള നടപടികൾ ഉണ്ടാവണം.

3. മണ്ണിന്റെ ഘടന മനസ്സിലാക്കുന്നതിനായി പഞ്ചായത്തിലെ മുഴുവൻ കൃഷി ഭൂമിയിലെയും മണ്ണ് പരിശോധിച്ച് ഫലം കർഷകർക്ക് ലഭ്യമാക്കണം.

4. മണ്ണ് പരിശോധനയെ അടിസ്ഥാനപ്പെടുത്തി കൃഷി ചെയ്യാനുള്ള നിർദ്ദേശവും നൽകണം.

5. ആവശ്യമായ പരിചരണങ്ങൾ നൽകി മണ്ണിന്റെ നഷ്ടപ്പെട്ടുപോയ തനിമ വീണ്ടെടുക്കണം.

6. മണ്ണിന്റെ തനിമ വീണ്ടെടുക്കുന്നതിനോടൊപ്പം, അപ്രത്യക്ഷമാവുകയും, നാമമാത്രമാവുകയും ചെയ്ത ഭക്ഷ്യവിളകൾ തിരിച്ചു കൊണ്ടുവരുവാനുള്ള സാധ്യതകൾ പരിശോധിക്കുകയും പുനരുദ്ധരിക്കുകയും ചെയ്യണം.

7. ജൈവവള പ്രയോഗത്തിന്റെ ആവശ്യകതയെപ്പറ്റി പഞ്ചായത്ത് തലത്തിൽ കർഷകരെ ബോധവൽക്കരിക്കുകയും ഇതിനുവേണ്ടി കർഷകരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം.

8. ഭക്ഷ്യവിളകളുടേയും കിഴങ്ങു വർഗ്ഗങ്ങളുടേയും ആവശ്യമായ വിത്തുകൾ കർഷകർക്ക് ലഭ്യമാക്കണം.

9. നാമമാത്രമായ നെൽകൃഷിക്ക് വിളവെടുപ്പ് നടത്തുവാൻ ആവശ്യമായ തൊഴിലാളികളെ ലഭിക്കുന്നില്ലാത്തതിനാൽ അതിനുപകരമായ ആധുനിക യന്ത്രസാമഗ്രികൾ ലഭ്യമാക്കുന്നതിനെക്കുറിച്ച് പഠിച്ച് നാട്ടിൽ നടപ്പിൽ വരുത്തണം.

10. ഒരു വീട്ടിൽ ജൈവവള നിർമ്മാണത്തിനുള്ള ഒരു കമ്പോസ്റ്റ് കുഴിയെങ്കിലും ഉണ്ടാക്കുവാൻ കർഷകനെ പ്രേരിപ്പിക്കണം.

11. രാസവളം, കീടനാശിനി എന്നിവയുടെ ഉപയോഗത്തെക്കുറിച്ചും ജൈവിക കീട നിയന്ത്രണത്തെക്കുറിച്ചും കർഷകരെ ബോധവൽക്കരിക്കണം.

12. റബ്ബറിനെ ആസ്പദമാക്കി ഒന്നോ രണ്ടോ ചെറുകിട വ്യവസായ സംരംഭങ്ങൾ വിജയ സാധ്യതകൾ പരിശോധിച്ച് സ്വകാര്യമേഖലയിലോ സഹകരണമേഖലയിലോ ആരംഭിക്കണം.

13. ഈ പ്രദേശത്ത് ഉൽപാദിപ്പിക്കപ്പെടുന്ന തേങ്ങ മുഴുവനായിത്തന്നെ സംഭരിച്ച് സ്‌കരിക്കുവാനായി പൊതുമേഖലയിലോ സ്വകാര്യ മേഖലയിലോ ആവശ്യമായ സംരംഭങ്ങൾ തുടങ്ങാം. ഇത് കർഷകർക്ക് ഈ മേഖലയിൽതന്നെ മെച്ചപ്പെട്ട വിപണി കണ്ടെത്തുന്നതിന് സഹായകമാകും. കൂടാതെ ധാരാളം തൊഴിൽ സാധ്യതകളും ഇതുമൂലമുണ്ടാകും. തേങ്ങയുടെ ഉപ ഉൽപന്നങ്ങളായ തൊണ്ട്, ചിരട്ട, ഓല എന്നിവ ഉപയോഗിച്ച് ചെറുകിട വ്യവസായങ്ങളും ആരംഭിക്കാം.

14. പഞ്ചായത്തിലെ പ്രമുഖ കേന്ദ്രങ്ങളിൽ ഇളനീർപന്തൽ സ്ഥാപിക്കുന്നതിനുള്ള സാധ്യതകളെക്കുറിച്ച് പരിശോധിക്കാവുന്നതാണ്.

15. കേരവികസനബോർഡിന്റെ ആനുകൂല്യങ്ങൾ കൃഷിക്കാർക്ക് എത്തിച്ചുകൊടുക്കണം.

16. നമ്മുടെ സംസ്ഥാനത്തെ പ്രധാന കശുവണ്ടി ഉൽപാദന മേഖലയായ കണ്ണൂർ ജില്ല ആസ്ഥാനമാക്കി കശുവണ്ടി വികസന ബോർഡ് സ്ഥാപിക്കണം. ഇങ്ങനെ ചെയ്താൽ കശുമാവ് കൃഷി നമ്മുടെ മേഖലയിൽ കൂടുതൽ ഊർജിതമാക്കാനാവും.

17. നമ്മുടെ പ്രദേശത്ത് ഉൽപാദിപ്പിക്കപ്പെടുന്ന കശുവണ്ടി മുഴുവനും സംസ്കരിക്കുന്നതിന് സഹകരണമേഖലയിൽ ഒരു ഫാക്ടറി തുടങ്ങണം. ധാരാളം തൊഴിൽ സാധ്യതകളും ഇതുമൂലം ഉണ്ടാ

വുന്നതാണ്.

18. കശുവണ്ടിക്ക് ആഗോള നിലവാരമനുസരിച്ചുള്ള വില ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ ഒഴിവാക്കണം. കർഷകന് സ്വന്തം ഉൽപന്നം വില കൂടുതൽ ലഭിക്കുന്ന സ്ഥലങ്ങളിൽ വിറ്റഴിക്കാനുള്ള സാഹചര്യമുണ്ടാക്കണം.

19. തകർച്ചയെ നേരിട്ടുകൊണ്ടിരിക്കന്ന കുരുമുളക് കൃഷി പുനരുദ്ധരിക്കുന്നതിന് വേണ്ട വിധത്തിലുള്ള സഹായ സഹകരണങ്ങളും ബോധവൽക്കരണവും ഉണ്ടാവേണ്ടതാണ്.

20. മണ്ണ് സംരക്ഷണത്തേയും ജൈവ വള പ്രയോഗത്തേയും പ്രോത്സാഹിപ്പിച്ച് നാമമാത്രമായി മാറിയ ഇഞ്ചി, മഞ്ഞൾ, കച്ചോലം എന്നീ കൃഷികൾ സംരക്ഷിക്കണം.

21. ഔഷധമേന്മയുള്ള കച്ചോലകൃഷി സംരക്ഷിക്കാനുള്ള നടപടി ഉണ്ടാവുകയും ആവശ്യമായ വിപണി ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

22. കാർഷിക ഉൽപാദനവും വരുമാനവും വർദ്ധിപ്പിക്കുന്ന ഇടവിള കൃഷി പ്രോത്സാഹിപ്പിക്കണം.

23. സാമ്പത്തിക ഉന്നമനത്തിന് വഴി തുറക്കുന്ന സർവ്വ സുഗന്ധി ഇടവിള കൃഷി ചെയ്യുവാൻ കർഷകരെ പ്രോത്സാഹിപ്പിച്ച് സഹായ സഹകരണങ്ങൾ നൽകണം.

24. മാങ്ങയും മാമ്പഴവും നല്ല വിപണിയുള്ളതാകയാൽ നല്ലയിനം മാവു കൃഷിയെ പ്രാത്സാഹിപ്പിക്കണം.

25. ഈ മേഖലയിൽ ഒരു മാമ്പഴ സംസ്കരണ യൂണിറ്റ് ആരംഭിച്ചാൽ കാർഷിക ഉന്നമനത്തിനും തൊഴിൽ സാധ്യതക്കും വഴിതെളിക്കും.

26. ശാസ്ത്രീയ കൃഷിരീതികളനുസരിച്ച് ഒരേ കാലത്ത് വിളവ് നടത്തപ്പെടുന്ന പൈനാപ്പിൾ ഇടവിളയായി കൃഷി ചെയ്യുവാൻ കർഷകരെ പ്രോത്സാഹിപ്പിക്കണം. പൈനാപ്പിൾ മെച്ചപ്പെട്ട വിപണിയുള്ളത് കൃഷിക്ക് പ്രോത്സാഹനജനകമാകണ്. അതിനുവേണ്ട സഹായം കർഷകർക്ക് നൽകേണ്ടതാണ്.

27. ജാതി, ഗ്രാമ്പു എന്നിവ കർഷകന് സാമ്പത്തിക ഉന്നമനത്തിന് വഴിതെളിക്കുന്നതാകയാൽ ഭൂസൗകര്യമുള്ള എല്ലാ കർഷകരും പ്രസ്തുത കൃഷികൾ ചെയ്യുന്നതിനായി വേണ്ടുന്ന സഹായ സഹകരണങ്ങൾ ലഭ്യമാക്കണം.

**II) ജലസേചനം**

1. എരട്ടത്തോട്ടിൽ നിലവിലുണ്ടായിരുന്ന തടയണയും കനാലും ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി പൂർണ്ണമായും കൃഷിക്ക് ഉപയുക്തമാക്കണ്.

2. ഒറ്റപ്ലാവ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ രണ്ടാം ഘട്ടം എത്രയും പെട്ടെന്ന്തന്നെ വിഭാവനം ചെയ്ത രീതിയിൽ പൂർത്തിയാക്കണം.

3. അമ്പായത്തോട്ടിലുള്ള രണ്ട് കനാലുകൾ വേണ്ടുന്ന അറ്റകുറ്റപ്പണികൾ നടത്തി സംരക്ഷിക്കുകയും വിപുലീകരിക്കാനുള്ള സാധ്യതകൾ പരിശോധിച്ച് നടപ്പിൽ വരുത്തുകയും ചെയ്യണം.

4. പന്ന്യാംമലയിലുള്ള കനാലുകൾ പുനരുദ്ധരിക്കുവാൻ വേണ്ട നടപടികൾ ഉണ്ടാകണം.

5. നിർദ്ദിഷ്ട ജലസേചന പദ്ധതികൾ

ചുങ്കക്കന്ന് എരട്ടത്തോട് അംഗൻവാടി റോഡിലുള്ള എരട്ടത്തോടിൽ ക്രോസ്ബാർ പണിത് രണ്ടു കനാലുകൾ വഴി 40 ഏക്കറോളം സ്ഥലത്ത് ജലസേചനം നടത്താവുന്ന പദ്ധതി നടപ്പിലാക്കണം.

6. പാമ്പറപ്പാൻ അമ്പലക്കുന്നിലെ 50ഓളം കുടുംബങ്ങളുടെ ജലസേചന സൗകര്യത്തിനായി ബാവലിപ്പുഴയിൽനിന്നും വെള്ളം പമ്പു ചെയ്ത് ടാങ്കിൽ സംഭരിച്ച് 50 ഏക്കറോളം ഭൂമി ജലസേചനയോഗ്യമാക്കണം.

7. പൊട്ടാം തോട്ടിലെ നിർദ്ദിഷ്ട ജലസേചന പദ്ധതി നടപ്പിലാക്കണം.

8. പഞ്ചായത്തിലെ ജലലഭ്യതയുള്ള മുഴുവൻ തോടുകളിലും ആവശ്യത്തിന് തടയണകൾ നിർമ്മിച്ച വെള്ളം തടഞ്ഞു നിർത്തുന്നതിന് വേണ്ട പദ്ധതികൾ ആവിഷ്കരിക്കണം. ഇങ്ങനെ ചെയ്താൽ തോടുകൾ താഴ്ന്നു പോകാതിരിക്കുകയും ഭൂഗർഭ ജലത്തിന്റെ അളവ് വളരെയധികം ഉയരുകയും ചെയ്യും.

9. ഉചിതമായ സ്ഥലങ്ങളിലെല്ലാം നീർക്കുഴികൾ നിർമ്മിക്കാൻ വേണ്ട പദ്ധതികൾ തയ്യാറാക്കണം.

10. ഗ്രാമസഭകളിലുയർന്നുവന്നിരിക്കുന്ന നിർദ്ദേശമനുസരിച്ച് പഞ്ചായത്തിലെ മുഴുവൻ കൃഷിഭൂമിയിലും ജലസേചനസൗകര്യമെത്തിക്കുന്നതിനുവേണ്ടി, തടയണകൾ നിർമ്മിച്ച് കനാലുകൾ വഴിയും, ടാങ്കിൽ സംഭരിച്ച് പൈപ്പ് വഴിയും നില

വിലുള്ള കുളങ്ങളും ടാങ്കുകളും പരമാവധി ഉപയോഗപ്പെടുത്തുകയും ആവശ്യമായിടത്ത് പുതിയത് നിർമ്മിച്ചും മുഴുവൻ വാർഡുകളിലും പരമാവധി വെള്ളം എത്തിക്കാനുള്ള പദ്ധതികൾ രൂപപ്പെടുത്തേണ്ടതാണ്. കൃഷിക്കുവേണ്ടി മുൻഗണന കൊടുത്ത് നടപ്പിലാക്കേണ്ടത് മുകളിൽ പറഞ്ഞിട്ടുള്ള ജലസേചന പദ്ധതികളാണ്.

III) നിലവിലുള്ള കൃഷികൾക്ക് നേരിടുന്ന രോഗ കീട ബാധയെ ചെറുക്കുന്നതിനും ഇല്ലായ്മ ചെയ്യുന്നതിനുമായി ഫലപ്രദമായ പ്രതിരോധ നടപടികൾ കണ്ടെത്തുകയും നടപ്പിലാക്കാനാവശ്യമായ ഉപകരണങ്ങളും കീടനാശിനിയും മറ്റും സഹായ നിരക്കിൽ കർഷകർക്ക് വിതരണം ചെയ്യേണ്ടതാണ്.

IV.) പ്രതിവിധിയില്ലാത്ത രോഗങ്ങൾ മൂലവും ഉൽപാദനശേഷി കുറഞ്ഞതുമൂലവും വിളകൾ വെട്ടിമാറ്റി റീപ്ലാന്റ് ചെയ്യുന്നതിന് ആവശ്യമായി വരുന്ന നഷ്ടപരിഹാരവും കർഷകർക്ക്. നൽകേണ്ടതാണ്.

V) നെൽകൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ മറ്റ് കൃഷി ചെയ്യുവാനുള്ള പ്രവണത വർദ്ധിച്ചു വരുന്നതിനാൽ നിലവിലുള്ള നെൽകൃഷിയെ നിർബന്ധമായും സംരക്ഷിക്കേണ്ടതുണ്ട്. ഉൽപാദനചെലവ് കൂടുതലാകയാൽ കർഷകർക്കാവശ്യമായ വളവും കീടനാശിനികളും അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങളും സൗജന്യമായോ സബ്സിഡി നിരക്കിലോ വിതരണം ചെയ്യുക.

VI) പഞ്ചായത്ത് കേന്ദ്രമാക്കി ഒരു മണ്ണു പരിശോധന കേന്ദ്രം സ്ഥാപിക്കുക.

VII പഞ്ചായത്തിലുള്ള തോടുകളുടെ സൈഡിലുള്ള കൃഷി ഭൂമി വർഷക്കാലത്തെ വെള്ളപ്പൊക്കത്തിൽനിന്നും സംരക്ഷിക്കുന്നതിനുവേണ്ടി കെട്ടി സംരക്ഷിക്കുവാനുള്ള സാമ്പത്തിക സഹായമോ പദ്ധതികളോ ഉണ്ടാകണം.

IX) ഒരു ഊർജിത പച്ചക്കറി കൃഷി ബോധവൽക്കരണവും പ്രായോഗിക തലത്തിൽ നടപ്പിൽ വരുത്തലിനും ആവശ്യമായ നടപടികൾ ഉണ്ടാവണം. ഇതിന് കഞ്ഞിക്കുഴി മാതൃകയാക്കാവുന്നതാണ്

X) ഗുണമേന്മയുള്ള വിത്തനങ്ങൾ ലഭിക്കുന്നതിനുവേണ്ടി പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ പരിചയസമ്പന്നരായ കൃഷിക്കാരേയും കാർഷിക സമിതികളേയും വിദഗ്ദ്ധരേയും ഉൾപ്പെടുത്തിക്കൊണ്ട് നഴ്സറികൾ സ്ഥാപിച്ച് വിശ്വസ്തതയും ഗുണനിലവാരവും ഉറപ്പു വരുത്തി നല്ലയിനം നടീൽ വസ്തുക്കൾ കർഷകർക്ക് ലഭ്യമാക്കണം.

XI) കൃഷിഭവൻ സേവനം കൂടുതൽ മെച്ചപ്പെടുത്തണം. ആനുകൂല്യങ്ങൾ അർഹതപ്പെട്ടവർക്ക് ലഭ്യമാക്കി എന്ന് ഉറപ്പ് വരുത്തണം.

XII) സൗജന്യമായി എല്ലാ വിളകൾക്കും ഇൻഷുറൻസ് സമ്പ്രദായം നടപ്പിലാക്കം.

XIII) പ്രകൃതി ക്ഷോഭങ്ങൾ ഉണ്ടാകുമ്പോൾ നൽകുന്ന നഷ്ടപരിഹാരതുക ഉയർത്തണം. അത് യഥാർത്ഥ നഷ്ടത്തിന്റെ 50% എങ്കിലും നൽകണം.

XIV) ജലസേചന ആവശ്യങ്ങൾക്കായി വൈദ്യുതി എല്ലാ കൃഷിക്കാർക്കും ലഭ്യമാക്കണം.

XV) വന്യമൃഗശല്യത്തിന് ആവശ്യമായ സുരക്ഷാനടപടികൾ കൈകൊള്ളുകയും കൃഷിനാശമുണ്ടായാൽ പൂർണ്ണമായ നഷ്ടപരിഹാരം നൽകുകയും ചെയ്യുക.

XVI) കർഷക പെൻഷൻ പ്രായം 50 വയസ്സായി ചുരുക്കണം

XVII) പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ഭൂമി കൃഷിയോഗ്യമാക്കുന്നതിന് ആവശ്യമായ പ്രത്യേക പദ്ധതി തയ്യാറാക്കണം.

XVIII കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് കൂലിനിരക്ക് പഞ്ചായത്ത്തലത്തിൽ ഏകീകരിക്കണം. കാലാനുസൃതമായ പുതുക്കൽ പഞ്ചായത്തിന്റെ വിദഗ്ദ്ധ സമിതിക്ക് വിടുകയും വേണം.

XIX) കാർഷിക വൃത്തിക്ക് അർഹിക്കുന്ന സ്ഥാനം തിരിച്ചു കിട്ടുന്നതിന്വേണ്ടി ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യണം. സ്ക്കൂൾ തലത്തിൽ കാർഷിക വൃത്തിയുടെ മഹത്വത്തെക്കുറിച്ച് പഠിപ്പിച്ച് പരിശീലനം നൽകണം.

XX പഞ്ചായത്ത് തലത്തിൽ ഏറ്റവും നല്ല കർഷകനേയും കർഷകത്തൊഴിലാളിയെയും ഓരോ വർഷവും തെരഞ്ഞെടുത്ത് ആദരിക്കണം.

**റിപ്പോർട്ട് തയ്യാറാക്കിയവർ**

1. ടോമി പുതക്കാട്ടിൽ
2. എ.ഡി. വർക്കി
3. വർക്കി വി. നമ്പുടാകം
4. കെ.എസ്. പത്മനാഭൻ
5. കെ.ടി. സണ്ണി
6. തോമസ് മുത്തിൽ
7. മോഹനൻ മുണ്ടക്കൽ



# മൃഗസംരക്ഷണം മത്സ്യബന്ധനം

തികച്ചും മലയോരപ്രദേശമായ കൊട്ടിയൂർ പഞ്ചായത്ത് ഒരു കാർഷിക മേഖലയാണ്. മൃഗ സംരക്ഷണവും ക്ഷീരോല്പാദനവും നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒരു പഞ്ചായത്താണ് കൊട്ടിയൂർ. കൊട്ടിയൂരിന്റെ വിദ്യാഭ്യാസ സാമൂഹിക, സാമ്പത്തിക ആരോഗ്യ വികസന തൊഴിൽ രംഗങ്ങളിലെ പുരോഗമനവും വളർച്ചയും കാർഷിക രംഗത്തെ വമ്പിച്ച ഉല്പാദനത്തേയും അതുവഴി ലഭിക്കുന്ന വരുമാനത്തെയും ആശ്രയിച്ചിരിക്കുന്നു. വളർത്തു മൃഗങ്ങളിൽ സങ്കരയിനത്തിൽപ്പെട്ട പശുക്കൾക്കാണ് മുഖ്യസ്ഥാനം. കൂടാതെ നാടൻ കന്നുകാലികളും ഉഴവ് കാളകളും പോത്ത്, എരുമ, പന്നി, ആട്, മുയൽ എന്നിവയും കൊട്ടിയൂർ ദേവസ്വത്തിന്റെ വകയായി ഒരു ആനയും ഈ പഞ്ചായത്തിലെ വളർത്തു മൃഗങ്ങളിൽപ്പെടുന്നു. എല്ലാ വീടുകളിലും കോഴികളെ വളർത്തിവരുന്നു. വളരെ കുറഞ്ഞ വീടുകളിൽ താറാവ്, തത്ത മറ്റ് പക്ഷികൾ വളർത്തുന്നു. പഞ്ചായത്തിൽ മിക്ക വീടുകളിലും വളർത്തുനായ്ക്കളെ പോറ്റുന്നു.

നെൽകൃഷി കുറഞ്ഞതും കാർഷിക രംഗത്തെ യന്ത്രവൽകരണം വന്നതും വളർത്തു മൃഗങ്ങളുടെ എണ്ണം കുറയുവാൻ കാരണമായി. പഞ്ചായത്തിൽ മൊത്തം 1636 കറവപ്പശുക്കൾ ഉണ്ട്. ഇതിൽ സങ്കരയിനം 1518ഉം മറ്റുള്ളവ 118ഉം ആണ്. കറവയില്ലാത്തവയിൽ 1345 സങ്കരയിനവും 681 നാടൻ ഇനവും ആകുന്നു. സങ്കരയിനം പശുക്കളിൽ

**വളർത്തു മൃഗങ്ങളുടെ പട്ടിക**

| | | | | | |
|---|---|---|---|---|---|
| പശു സങ്കരയിനം | കറവയുള്ളത് | 1518 | | കറവയില്ലാത്തത് | 1385 |
| പശു നാടൻ | ,, | 118 | | ,, | 681 |
| എരുമ ,, | ,, | 192 | | ,, | 428 |
| കാള നാടൻ | 122 | കാള സങ്കരയിനം | | | 382 |
| പോത്ത് | 18 | | | | |
| ആട് | 1125 | | | | |
| വളർത്തുനായ് | 495 | | | | |
| മറ്റുള്ളവ | 1115 | | | | |
| പന്നി | 400 | | | | |
| കോഴി (പൂവൻ) | 420 | കോഴി മുട്ടയിടുന്നത് | 2800 | മുട്ടയിടാത്തത് | 4400 |
| താറാവ് ,, | 28 | താറാവ് മുട്ടയിടുന്നത് | 115 | | |
| തത്തയും മറ്റ് വളർത്തു പക്ഷികൾ | | 300 | | | |

അവലംബം : മൃഗാശുപത്രി സർജൻ, ചുങ്കക്കുന്ന്.

സിന്ധിയും സ്വിസ്ബ്രാണും ജഴ്സിയും ഉൾപ്പെടുന്നു. ഏതാനും വെച്ചൂർ പശുക്കളും ഉൾപ്പെടുന്നു. 95-96 കാലയളവിൽ ആകെയുള്ള1636 പശുക്കളിൽ 866 എണ്ണം കൃത്രിമ ബീജസങ്കലനം നടത്തിയവയാണ്. 61 എണ്ണത്തിന് ഗർഭധാരണത്തിന് രണ്ടിലധികം തവണ ബീജസങ്കലനം വേണ്ടിവന്നിട്ടുണ്ട്.

കൊട്ടിയൂർ പഞ്ചായത്തിൽ അമ്പായത്തോട് പാമ്പറപ്പാൻ തലക്കാണി, കൊട്ടിയൂർ (ചുങ്കക്കുന്ന്) എന്നിവിടങ്ങളിൽ ക്ഷീരോല്പാദകസഹകരണ സംഘങ്ങൾ ഉണ്ട്. പ്രതിദിനം 1775 ലിറ്റർ പാൽ സംഭരിക്കുന്ന പഞ്ചായത്തിലെ ആവശ്യം കഴിച്ച് ബാക്കി 1340 ലിറ്റർ പാൽ മിൽമയ്ക്ക് കയറ്റി അയക്കുന്നു. കൂടാതെ ചില കർഷകർ പഞ്ചായത്തിലുള്ള വിവിധ ഹോട്ടലുകളിലായി 125 ലിറ്റർ പാൽ വിറ്റുവരുന്നു. ഇതുമൂലം പഞ്ചായത്തിലെ നിരവധി ആളുകൾക്ക് തൊഴിലവസരം ലഭിക്കുകയും വരുമാനം നേടുകയും ചെയ്യുന്നു. എന്നാൽ കാലിത്തീറ്റ, പിണ്ണാക്ക്, വൈക്കോൽ, എന്നിവയുടെ വില ക്രമാതീതമായി കുതിച്ചുകയറുന്നതിനാലും പച്ചപ്പുല്ലിന് ദൗർലഭ്യം അനുഭവപ്പെടുന്നതിനാലും കൂലിച്ചെലവ് വർദ്ധിച്ചുവരുന്നതിനാലും ഇന്ന് കർഷകർക്ക് കിട്ടുന്ന പാൽവില വളരെ കുറവായതിനാൽ പാലുല്പാദനരംഗത്ത് നിന്ന് കർഷകർ പിന്നോക്കം പോവുകയാണ്. ഇതിന് പരിഹാരമായി സൗജന്യനിരക്കിൽ കാലിത്തീറ്റകൾ വിതരണം ചെയ്യുകയും പാൽ വില വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതാണ്. പാൽ സംഭരണ ഡിപ്പോകൾ പാൽച്ചുരം, കണ്ടപ്പനം, നെല്ലിയോട്, പന്നിയാമല, ചാപ്പമല, പാലുകാച്ചി, പൊട്ടൻതോട് എന്നിവിടങ്ങളിൽ ബന്ധപ്പെട്ട സംഘങ്ങൾ തുറക്കേണ്ടതാണ്.

ഇപ്പോൾ കൊട്ടിയൂർ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രി പഞ്ചായത്തിന്റെ ഏറ്റവും പടിഞ്ഞാറു ഭാഗത്തെ ചുങ്കക്കുന്നിൽ പ്രവർത്തിക്കുന്നതുകൊണ്ട് പഞ്ചായത്തിന്റെ കിഴക്ക് ഭാഗത്തുള്ള കർഷകർക്ക് 12 കി.മീറ്റർ ദൂരം യാത്ര ചെയ്യേണ്ടതുകൊണ്ട് പലപ്പോഴും മൃഗങ്ങളുടെ ചികിത്സ ഫലപ്രദമായി നടത്തുവാൻ സാധിക്കുന്നില്ല. ആയതിനാൽ അടിയന്തിരമായി മൃഗാശുപത്രിയായി പാമ്പറപ്പാനിൽ ഇപ്പോൾ പ്രവർത്തിക്കുന്ന I.C.D.P. സെന്റർ ഉയർത്തുകയും അമ്പായിത്തോട്ടിൽ അംഗീകാരമുള്ള I.C.D.P. സബ് സെന്റർ അനുവദിക്കുകയും ചെയ്യാൻ കൃഷിക്കാർക്ക് അനുഗ്രഹമായിരിക്കും. കൂടാതെ ചപ്പമല, പാലുകാച്ചി, നെല്ലിയോടി എന്നിവിടങ്ങളിൽ കൂടി ഐ.സി.ഡി.പി. സബ്സെന്റർ തുറക്കേണ്ടതാണ്.

മൃഗസംരക്ഷണരംഗം ഇന്ന് ഗുരുതരമായ പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. അത്യുല്പാദശേഷിയുള്ള സങ്കരയിനം കന്നുകാലികളെ

പട്ടിക 2

| നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | ദഹനസംബന്ധമായവ | 820 | 30 | 100 | 100 | 5 | - | - | 10 | 1 | - |
| 2. | ശ്വാസകോശസംബന്ധം | 50 | 2 | 50 | 20 | 2 | 50 | - | - | - | - |
| 3. | ഉപാപചയ സംബന്ധം | 30 | 2 | 2 | | | | | | | |
| 3. | ത്വക്ക് രോഗങ്ങൾ | 600 | 4 | 10 | - | 12 | - | - | - | - | 8 |
| 5. | ധാതുലവണങ്ങളുടെ അഭാവം | 400 | 50 | 100 | 3 | | | | | | |
| 6. | പരാദരോഗങ്ങൾ | 150 | 2 | 72 | - | 5 | 28 | | | | |
| 7. | പ്രത്യുല്പാദനവ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 130 | 20 | 35 | | | | | | | |
| 8. | വന്ധ്യത | 110 | 47 | 4 | | | | | | | |
| 9. | അകിടുവീക്കം | 100 | 5 | 80 | | | | | | | |
| 10. | മുടന്തൻ പനി | 100 | 10 | 10 | | | | | | | |
| 11. | പകർച്ചവ്യാധികൾ | - | - | - | - | - | - | - | - | - | - |

(അവലംബം : മൃഗാശുപത്രി, ചുങ്കക്കുന്ന്)

യാണ് കൃഷിക്കാർ വളർത്തുന്നത്. അവയ്ക്കു ണ്ടാകുന്ന പലവിധം രോഗങ്ങൾ പാലുല്പാദനത്തേ യും ശരീര പുഷ്ടിയേയും ദോഷകരമായി ബാധിച്ച് കൃഷിക്കാർക്ക് നഷ്ടം ഉണ്ടാക്കുന്നു. ഈ പ്രശ്ന ത്തിന്റെ ഗൗരവം മനസ്സിലാക്കുന്നതിന് വേണ്ടി 1995-96ൽ മൃഗങ്ങളെ ബാധിച്ച രോഗ വിവര റിപ്പോർട്ട് പട്ടിക 2ൽ വിവരിക്കുന്നു.

**1995-96 കൃത്രിമ ബീജസങ്കലന വിവരങ്ങൾ**

| | വളർത്തു മൃഗങ്ങൾ ഇനം | ആകെ എണ്ണം | കൃത്രിമ ബീജ സങ്കലനം | രണ്ടിലധികം തവണ ബീജ സങ്കലനം |
|---|---|---|---|---|
| 1 | പശു | 1636 | 866 | 61 |
| 2. | കിടാവ് | 415 | 60 | 40 |
| 3. | എരുമ | 192 | 21 | 4 |

(അവലംബം : സീനിയർ വെറ്റിനറി സർജൻ, ചുങ്കക്കുന്ന്)

ഇറച്ചി ആവശ്യത്തിനായി ബഹുഭൂരിപക്ഷം കാലികളെയും കർണ്ണാടകത്തിൽനിന്നും മറ്റുമാണ് കൊണ്ടുവരുന്നത്. ഈ കാലികളിൽ പലതിനും മാരകരോഗങ്ങൾ ഉള്ളവയാണ്. പഞ്ചായത്തിൽ ഇപ്പോൾ മാർക്കറ്റ് ഇല്ല. ലൈസൻസ് ഉള്ള അറ വുശാലകളും ഇല്ല. എന്നാൽ പഞ്ചായത്തിന്റെവി വിധ ഭാഗങ്ങളിൽ ആയി 15ഓളം അറവുശാല കൾ പ്രവർത്തിക്കുന്നുണ്ട്. ഈ അറവുശാലകൾ പഞ്ചായത്ത് നിയന്ത്രണത്തിൽ കൊണ്ടുവരേണ്ട താണ്.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങൾ ഇപ്പോൾ നൂറോളം ബയോഗ്യാസ് പ്ലാന്റുകൾ നിലവിൽ പ്ര വർത്തിക്കുന്നു. ഇനിയും പ്ലാന്റുകളുടെ സാധ്യത കളും ആവശ്യങ്ങളും ഏറി വരികയാണ്. ഗുരുത രമായ ഊർജ്ജ പ്രതിസന്ധി നേരിട്ടുകൊണ്ടിരി ക്കുന്ന ഈ സാഹചര്യത്തിൽ ബയോഗ്യാസ് പ്ലാന്റു കളുടെ നിർമ്മാണചിലവിനുള്ള സബ്സിഡി വർദ്ധി പ്പിക്കണമെന്ന് ആവശ്യപ്പെടുന്നു.

തീറ്റപ്പുൽകൃഷി വ്യാപകമാക്കുന്നതിന്വേണ്ടി കൃഷിക്കാർക്ക് ആവശ്യമായ സഹായങ്ങളും നിർദ്ദേ ശങ്ങളും നൽകുന്നതോടൊപ്പം പഞ്ചായത്ത് തല ത്തിൽ ഒരു തീറ്റപ്പുൽകൃഷി ഫാം പ്രവർത്തിച്ചാൽ തീറ്റപ്പുൽ ക്ഷാമം ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും. മഴക്കാലത്ത് അധികമായി ഉല്പാദിപ്പിക്കുന്ന പച്ചപ്പുല്ല് കേടു കൂടാതെ സൂക്ഷിക്കുന്നതിന് സൈലേജ് പദ്ധതി ആവിഷ്കരിക്കേണ്ടതും വേനൽക്കാലത്ത് സബ്സിഡി നിരക്കിൽ കർഷ കർക്ക് വിതരണം ചെയ്യേണ്ടതാണ്.

കോഴി വളർത്തൽ ഇവിടെ പരമ്പരാഗതരീതി യിലാണ് നടത്തപ്പെടുന്നത്. മിക്കവാറും എല്ലാ വീട്ടിലും കോഴികൾ ഉണ്ട്. മുട്ടയ്ക്കും ഇറച്ചിക്കും വേണ്ടിയാണ് കോഴി വളർത്തുന്നത്. ഈ പഞ്ചാ യത്തിൽ ആവശ്യത്തിനുള്ള മുട്ട ഉല്പാദിപ്പിക്കുന്നി ല്ല. സംസ്ഥാനത്തിനു വെളിയിൽനിന്നാണ് മുട്ട യും ഇറച്ചിക്കോഴിയും ഇറക്കുമതി ചെയ്യപ്പെടുന്ന ത്. വ്യവസായിക അടിസ്ഥാനത്തിൽ കോഴിവ ളർത്തൽ ഫാമുകൾ ഇവിടെയില്ല.

നാടൻ കോഴികളാണ് അധികവും വളർത്ത പ്പെടുന്നത്. കുറഞ്ഞതോതിൽ താറാവുകളേയും വളർത്തുന്നുണ്ട്. കൂടെക്കൂടെ ഉണ്ടാകുന്ന കോഴി വസന്ത കോഴികൾ വ്യാപകമായ ചത്തുപോകു ന്നതിനു കാരണമാകുന്ന സമയാസമയങ്ങളിൽ പ്രതിരോധകുത്തിവയ്പ്പുകൾ നടത്തി കോഴികളെ സംരക്ഷിക്കുകയും വ്യാവസായികാടിസ്ഥാനത്തിൽ കോഴിവളർത്തൽ ഫാമുകൾ സ്ഥാപിക്കുകയും ചെയ്ത് മുട്ടയുടെയും ഇറച്ചിയുടെയും ദൗർലഭ്യം അവസാനിപ്പിക്കേണ്ടതാണ്.

പേപ്പട്ടി ശല്യം കൂടെക്കൂടെ ഉണ്ടാകുന്ന ഈ പഞ്ചായത്തിൽ 1996ലെ സെൻസസ് പ്രകാരം 495 പട്ടികളുണ്ട്. എന്നാൽ 90 വളർത്തുനായ്ക്കൾക്കു മാത്രമേ രോഗപ്രതിരോധ കുത്തിവെപ്പ് നടത്തി യിട്ടുള്ളൂ. എല്ലാ നായ്ക്കൾക്കും പ്രതിരോധകു ത്തിവെപ്പ് നടത്തി ലൈസൻസ് എടുക്കാനുള്ള നടപടികൾ വളരെ കർശനമായി നടപ്പാക്കിയാൽ പേപ്പട്ടി ശല്യംമൂലമുള്ള പ്രശ്നങ്ങൾ ഒഴിവാക്കാം.

## പ്രധാനപ്രശ്നങ്ങൾ

1. കാലിത്തീറ്റയുടെ വിലവർദ്ധനവ്
2. പുല്ല് വൈക്കോൽ എന്നിവയുടെ അഭാവം
3. മൃഗചികിത്സാരംഗത്തെ അപര്യാപ്തത
4. പേപ്പട്ടി ശല്യം
5. പകർച്ച വ്യാധികൾക്കെതിരെയുള്ള പ്രതി രോധ നടപടികൾ.

## സാദ്ധ്യതകൾ

1. കാലിത്തീറ്റ മുഴുവൻ കർഷകർക്കും

സബ്സിഡിയായി നൽകുക.

2. തീറ്റപ്പുൽകൃഷി വാണിജ്യാടിസ്ഥാനത്തിൽ നടത്തുക.

3. നിലവിലുള്ള ക്ഷീരസംഘങ്ങൾക്ക് കൂടുതൽ കളക്ഷൻ സെന്ററുകൾ അനുവദിക്കുക.

4. കൃത്രിമബീജസങ്കലന കേന്ദ്രങ്ങൾ കൂടുതൽ സ്ഥലങ്ങളിൽ പ്രവർത്തിക്കുക.

5. അത്യുല്പാദനശേഷിയുള്ള കറവമാടുകളെ വാങ്ങുന്നതിന് കർഷകർക്ക് സബ്സിഡിയോടു കൂടിയുള്ള സാമ്പത്തിക സഹായം അനുവദിക്കുക.

6. ഇൻഷ്വറൻസ് പ്രീമിയം സൗജന്യമാക്കുക.

7. ബയോഗ്യാസ് നിർമ്മാണത്തിന് 100% സബ്സിഡി അനുവദിക്കുക.

8. എല്ലാവിധ വളർത്തു മൃഗങ്ങൾക്കും സൗജന്യമായി കുത്തിവെപ്പ് നടത്തുക.

9. കൃത്രിമ ബീജസങ്കലന കുത്തിവയ്പിനുള്ള സൗജന്യം പുനസ്ഥാപിക്കുക.

10. ക്ഷീരോല്പാദനസാദ്ധ്യതകൾ കൂടുതലുള്ള പഞ്ചായത്തായതിനാൽ ഒരു സഞ്ചരിക്കുന്ന മൃഗാശുപത്രി അത്യാവശ്യമാണ്.

11. ഈ പഞ്ചായത്തിൽ ഒരു കോഴി ഫാം പ്രവർത്തിപ്പിക്കുകയും സബ്സിഡി നിരക്കിൽ കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുക.

12. നിലവിൽ പാലിന്റെ വില നിശ്ചയിക്കുന്നത് സംസ്ഥാന ഗവൺമെന്റാണ്. പ്രാദേശിക ഘടകങ്ങൾകൂടി കണക്കിലെടുത്ത് ക്ഷീരസംഘങ്ങളും ക്ഷീരവികസനവകുപ്പുമായി ആലോചിച്ച് പാൽ വില നിശ്ചയിക്കുവാനുള്ള അധികാരം ഗ്രാമപഞ്ചായത്തിന് നൽകേണ്ടതാണ്.

13. കണ്ണൂർ ജില്ലയിലുള്ള കൊട്ടിയൂർ മേഖലയിൽ ക്ഷീരകർഷകർക്കുള്ള ഒരു ക്ഷീരപരിശീലനകേന്ദ്രം സ്ഥാപിക്കുക.

മൃഗസംരക്ഷണത്തിനുള്ള ഔദ്യോഗിക സംവിധാനങ്ങൾ വിപുലീകരിക്കുകയും കാലിത്തീറ്റ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുകയും തീറ്റപ്പുൽകൃഷി വ്യാപകമാക്കുകയും ഊർജ്ജിത കന്നുകുട്ടി പരിപാലന പരിപാടി വിപുലീകരിക്കുകയും ഓരോ ക്ഷീരസംഘങ്ങൾക്ക് പുതിയതായി ഓരോ പാൽ സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുകയും ഉല്പാദനചിലവുമായി ബന്ധപ്പെടുത്തി പാലിന് ന്യായവില ലഭിക്കുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടാക്കിയും ശാസ്ത്രീയമായ മൃഗസംരക്ഷണരീതിയെപ്പറ്റി കൃഷിക്കാരെ ബോധവാന്മാരാക്കിയും കാലികൾക്ക് സൗജന്യ ഇൻഷ്വറൻസ് ഏർപ്പെടുത്തിയും സമയാസമയങ്ങളിൽ സൗജന്യ പ്രതിരോധ കുത്തിവെപ്പുകൾ നടത്തിയും പഞ്ചായത്തിൽ ഏറെ സാദ്ധ്യതയുള്ള മൃഗസംരക്ഷണ മേഖലയെ സംരക്ഷിച്ച് വിപുലീകരിക്കാം.

## മത്സ്യബന്ധനം

മത്സ്യബന്ധന സാദ്ധ്യത ഏറ്റവും കുറഞ്ഞ മേഖലയാണ് കൊട്ടിയൂർ പഞ്ചായത്ത്. പഞ്ചായത്തിലെ ജനങ്ങൾക്ക് ആവശ്യമായ ഉണക്കയും പച്ചയുമായ മത്സ്യങ്ങൾ തലശ്ശേരിയിൽനിന്ന് വ്യാപാരികൾ കൊണ്ടുവന്ന് ജനങ്ങൾക്കിടയിൽ വില്ക്കപ്പെടുന്നു. മാർക്കറ്റുകൾ ഒന്നും നിലവിലില്ല.

പഞ്ചായത്തിന്റെ ഏതാണ്ട് മദ്ധ്യഭാഗത്തുകൂടി ഏകദേശം പതിനഞ്ച് കിലോമീറ്റർ ദൂരം ഒഴുകുന്ന ബാവലിപ്പുഴയിൽ ബണ്ടുകൾ ഉണ്ടാക്കി മത്സ്യകൃഷി നടത്താവുന്നതാണ്.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്വകാര്യവ്യക്തികൾ അവരവരുടെ പുരയിടത്തിൽ കുളങ്ങൾ നിർമ്മിച്ച് ശുദ്ധജല മത്സ്യകൃഷികൾ നടത്തിവരുന്നു. സാമ്പത്തികസഹായം നൽകിയാൽ കൂടുതൽ കർഷകരെ ഈ മേഖലയിലേക്ക് ആകർഷിക്കാൻ കഴിയും. ■

| റിപ്പോർട്ട് തയ്യാറാക്കൽ സഹായിച്ചവർ |
|---|
| പി.സി. മാത്യു പുളക്കക്കണ്ടം<br>ബാബു മറ്റത്തിൽ<br>വർഗീസ് വാഴക്കല<br>മത്തായി വലിയപറമ്പിൽ |



# വ്യവസായം ടൂറിസം

കേവലം 50 വർഷത്തിന്റെ കുടിയേറ്റ പാരമ്പര്യമുള്ള കൊട്ടിയൂരിന് വ്യവസായ ചരിത്രത്തിൽ കാര്യമായ ഏടുകളില്ല. എന്നിരുന്നാലും ചൂരൽ, മുള, ഈറ്റ തുടങ്ങിയ വനവിഭവങ്ങളം അടിസ്ഥാനമാക്കിയുള്ള പരമ്പരഗത വ്യവസായമായ കുട്ട നെയ്ത്ത്, പനമ്പ് മുതലായ ഉല്പന്നങ്ങൾ ആദിവാസി മേഖലയിൽ നിലനിന്നിരുന്നു. എന്നാൽ വനവിഭവങ്ങളുടെ ദൗർലഭ്യവും ആധുനിക ഉല്പന്നങ്ങളുടെ കടന്നുകയറ്റവും പ്രസ്തുത പാരമ്പര്യ വ്യവസായങ്ങൾ നാമമാത്രമായി. ഇതാകട്ടെ ആദിവാസി മേഖലയിൽനിന്നും കൈ വിട്ട് അന്യദേശങ്ങളിൽ നിന്ന് വരുന്ന കുറച്ചുപേർ ചെയ്തുകൊണ്ടിരുന്നു.

കാർഷിക മേഖലയുടെ പുരോഗതിയിലൂടെ കൈവന്ന സാമ്പത്തികാഭിവൃദ്ധി മൂലം അതുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെടുന്ന റൈസ്മിൽ, ഫ്ലോർ മിൽ, ഓയിൽമിൽ, അറക്കമിൽ മുതലായ ചെറുകിട പരിമിത വ്യവസായങ്ങൾ അടുത്തകാലത്തായി സംജാതമായി. ഇത്തരം വ്യവസായങ്ങൾ പരിമിതമായ ആൾക്കാർക്കെങ്കിലും തൊഴിൽ നൽകിക്കൊണ്ട് നിലനിന്ന് പോരുന്നു.

അടുത്ത കാലത്തുണ്ടായ ഗതാഗത സൗകര്യവും ഊർജ്ജലഭ്യതയും സാങ്കേതികവും വിദ്യാഭ്യാസപരമായ പരിജ്ഞാനവും നിമിത്തം ചില പുതിയ വ്യവസായങ്ങൾ ഗ്രാമത്തിൽ വളർന്നുവന്നിട്ടുണ്ട്. സോപ്പ് നിർമ്മാണം, പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ നിർമ്മാണം. എഞ്ചിനീയറിംഗ് വർക്സ് തുടങ്ങിയവ പ്രസ്തുത ശ്രേണിയിൽ പ്പെടുന്നതാണ്. ഇവയും വളരെ കുറച്ചുപേർക്കേ തൊഴിൽ ലഭ്യമാക്കുന്നുള്ളൂ.

ആദിവാസികൾക്കൊ തൊഴിൽ ലഭ്യമാകുക എന്ന ഉദ്ദേശ്യത്തോടുകൂടി ഖാദി ബോർഡിന്റെ സഹായത്തോടെ ഒരു മുളാ ചൂരൽ സഹകരണ സംഘം പ്രവർത്തിച്ചിരുന്നു. ഇപ്പോൾ ഈ സ്ഥാപനം പ്രവർത്തനരഹിതമാണ്. ഇതിന്റെ കാരണം വസ്തുനിഷ്ഠമായി പഠിച്ച് പരിഹാരം തേടേണ്ടിയിരിക്കുന്നു.

ആദിവാസികൾക്ക് തൊഴിൽ ലഭ്യമാക്കുക എനന ഉദ്ദേശ്യത്തോടെ സഹകരണ മേഖലയിൽ രൂപീകരിച്ചിട്ടുള്ള മറ്റൊരു സംരംഭമാണ്. കൊട്ടിയൂർ ട്രൈബൽ വർക്കേഴ്സ് മൾട്ടി ഇൻഡസ്ട്രിയൽ കോ. ഓപ്. സൊസൈറ്റി ഇത് കൊട്ടിയൂർ ആസ്ഥാനമായി പ്രവർത്തിച്ചുവരുന്നു. ഈ സ്ഥാപനം സ്ത്രീകളടക്ക് 130 പേർക്ക് വരെ തൊഴിൽ നൽകിയിരുന്നു. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യവും ആധുനിക യന്ത്രങ്ങളുടെ അപര്യാപ്തതയും നിമിത്തം തൊഴിലാളികൾക്ക് ഇപ്പോൾ തൊഴിൽ നഷ്ടപ്പെട്ടിരിക്കുകയാണ്. 10 വനിതകൾക്ക് തൊഴിൽ നൽകുന്ന അമ്പായത്തോട്, വനിതാ ക്രഷിംഗ് യൂണിറ്റിന്റേയും സ്ഥിതി മേപ്പറഞ്ഞതു പോലെയാണ്.

വനിതകൾക്ക് തൊഴിൽ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ ഖാദിബോർഡിന്റെ സഹായത്തോടെ ഒരു നൂൽ നൂൽപ്പ് കേന്ദ്രം നീണ്ടു നോക്കിയിൽ പ്രവർത്തിച്ച് വന്നിരുന്നു. എന്നാൽ പരിമിതമായ കൂലിനിരക്കും ആധുനിക സാങ്കേതിക

വിദ്യയുടെ അഭാവവും നിമിത്തം ഈ പ്രസ്ഥാനത്തിന് നിലനിൽക്കാൻ കഴിഞ്ഞിട്ടില്ല. ഇതിന്റെ പരാജയ കാലണങ്ങൾ പരിശോധിച്ച് പരിഹാരം കണ്ടെത്തേണ്ടിയിരിക്കുന്നു.

സ്ത്രീകൾക്ക് തന്നെ തൊഴിൽ ലഭ്യമാക്കിക്കൊണ്ട് നീണ്ടുനോക്കിയിൽ ഒരു സഹകരണ പ്രിന്റിംഗ് പ്രസ് പ്രവർത്തിച്ചുവരുന്നുണ്ട്. ഈ സ്ഥാപനം ഒമ്പത് വനിതകൾക്ക് തൊഴിൽ കൊടുക്കുന്നുണ്ട്. കാര്യമായ ലാഭമൊന്നുമില്ലെങ്കിലും ഇത് നിലനിന്ന് പോരുന്നു.

ഇനിയും എടുത്തു പറയത്തക്കതായി ഒരു സ്റ്റോക്ക് ആന്റ് സീറ്റ്സ് വനിതാ വ്യവസായ യൂണിറ്റും സഹകരണ മേഖലയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഇവയുടെ പ്രവർത്തനവും ആശാവഹമല്ല. വിദഗ്ദ്ധമായ മാനേജ്മെന്റും അർപ്പണബോധവുംകൊണ്ട് ഇവ നിലനിർത്താവുന്നതാണ്.

കൊട്ടിയൂർ പഞ്ചായത്തിൽ നിലവിൽ പ്രവർത്തിച്ചു വരുന്ന വ്യവസായങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ പട്ടികയിൽ കൊടുത്തിരിക്കുന്നു.

കേവലം അടുത്ത കാലത്തുണ്ടായ പരിമിതമായ ഗതാഗതസൗകര്യവും ഊർജ്ജലഭ്യതയും ഇവിടെ വ്യവസായങ്ങൾക്ക് ചെറിയ തോതിൽ നാന്ദി കുറിച്ചിട്ടുണ്ട്. എങ്കിലും നിലവിലുള്ള ഗതാഗത ഊർജ്ജലഭ്യതയും വാർത്താവിനിമയ സൗകര്യങ്ങളും പരമാവധി ചൂഷണം ചെയ്യാൻ വ്യവസായ മേഖലയിൽ ഈ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

വ്യവസായിക വളർച്ച കൈവരിക്കാൻ കഴിയാത്തതിന്റെ എടുത്തു പറയത്തക്ക ചില കാരണങ്ങൾ ചുവടെ ചേർക്കുന്നു.

1) വ്യവസായ മേഖലയെക്കുറിച്ചുള്ള പരിജ്ഞാനക്കുറവ്

2) കാർഷിക മേഖലയുടെ വളർച്ച

3) സാങ്കേതിക വിദഗ്ദ്ധരുടെ അപര്യാപ്തത

4) വ്യവസായ മേഖലയ്ക്ക് സാമ്പത്തിക സഹായം നൽകുന്ന സ്ഥാപനങ്ങളുടെ കുറവ്

| ക്രമ നമ്പർ | വ്യവസായം | വിഭാഗം | എണ്ണം | തൊഴിലാളികളുടെ എണ്ണം പു. | സ്ത്രീ | ആകെ | വേതനം പുരു. | സ്ത്രീ |
|---|---|---|---|---|---|---|---|---|
| 1. | റൈസ്, ഓയിൽ ഫ്ലവർ മിൽ | സ്വകാര്യ | 9 | 11 | - | 11 | 60 | |
| 2. | സോമിൽ | ,, | 2 | 4 | - | 4 | 80 | |
| 3. | ഫർണിച്ചർ | ,, | 3 | 6 | - | 6 | 100 | |
| 4. | എഞ്ചിനീയറിംഗ് | | | | | | | |
| | വർക്ക് | ,, | 5 | 10 | - | 10 | 80 | |
| 5. | സോപ്പ് നിർമ്മാണം | ,, | 2 | 9 | 5 | 14 | 50 | 35 |
| 6. | റബ്ബർ റോളർ | ,, | 1 | 3 | - | 3 | 60 | |
| 7. | പ്ലാസ്റ്റിക് | ,, | 1 | 2 | - | 2 | 50 | |
| 8. | സോഡ നിർമ്മാണം | ,, | 2 | 2 | - | 2 | 80 | |
| 9. | പപ്പടനിർമ്മാണം | ,, | 1 | 3 | - | 3 | 75 | |
| 10. | സ്റ്റോൺ ക്രഷർ | ,, | 1 | 20 | 15 | 35 | 100 | 60 |
| 11 | ,, | സഹകരണ വനിതാ ചാരിറ്റബിൾ | 1<br>1 | -<br>- | 50<br>10 | 50<br>10 | <br>- | 30<br>30 |
| 12. | മധുരപലഹാരങ്ങൾ | സഹകരണം | 1 | 1 | 3 | 4 | 50 | 25 |
| | മധുരപലഹാര നിർമ്മാണം | വനിതാ ചാരിറ്റബിൾ സൊസൈറ്റി | 1 | - | 4 | 4 | - | 25 |
| 13. | പ്രിന്റിംഗ് പ്രസ്സ് | സഹകരണം | 1 | 1 | 9 | 10 | 80 | 30 |
| 14. | ക്ഷീരോല്പന്നങ്ങൾ | സഹകരണം | 2 | - | 6 | 6 | - | 20 |

5) വൈദ്യുതിയുടെ ലഭ്യത കുറവ്

6) ഗതാഗത സൗകര്യക്കുറവ്

7) വിദഗ്ദ്ധ മാനേജ്മെന്റിന്റെ അഭാവം

8) ഉയർന്ന വേതന നിരക്ക്

9) വ്യവസായ സംരംഭകന് മാനസിക തയ്യാറെടുപ്പിനുള്ള പ്രേരണക്കുറവ്.

10) അസംസ്കൃത വസ്തുക്കളുടെ അഭാവം.

## സാദ്ധ്യതകൾ

കൊട്ടിയൂർ മേഖലയിലെ 98% ജനങ്ങളും കാർഷികമേഖലയുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്നവരാണ്. അതുകൊണ്ട് തന്നെ കാർഷികോല്പന്നങ്ങളുടെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾക്കാണ് സാധ്യതയുള്ളത്. പ്രധാനമായും നാളികേരം, കശുവണ്ടി, റബ്ബർ, അടയ്ക്ക, തടി, തുടങ്ങിയവ.

നാളികേരം :- നാളികേരവും തെങ്ങിന്റെ മറ്റുല്പന്നങ്ങളായ ചിരട്ട, ചകിരി, ഓല, തെങ്ങിൻതടി, തേങ്ങാവെള്ളം എന്നിവയുപയോഗിച്ചുകൊണ്ടുള്ള വ്യവസായങ്ങൾ ആരംഭിക്കാൻ ഈ പഞ്ചായത്തിൽ വളരെയധികം സാധ്യതകളുണ്ട്.

റബ്ബർ:- ഈ മേഖലയിൽ റബ്ബർ ഉല്പാദനത്തിനുമുള്ള അഭൂതപൂർവ്വമായ വളർച്ച വ്യവസായ രംഗത്ത് പ്രയോജനപ്പെടുത്താൻ കഴിയും. റബ്ബർപാൽ, ഓട്ടുപാൽ, ചിരട്ടപാൽ, റബ്ബർത്തടി എന്നിവ അംസ്കൃത വസ്തുക്കളായുള്ള വ്യവസായങ്ങളും ആരംഭിക്കാവുന്നതാണ്.

കശുവണ്ടി : കേരളത്തിലെ കശുവണ്ടി ഉല്പാദനത്തിലും ഗുണനിലവാരത്തിലും ഏറ്റവും മുൻപന്തിയിൽ നിൽക്കുന്നത് കണ്ണൂർ ജില്ലയിലെ കൊട്ടിയൂർ മേഖലയിലാണ്. അതുകൊണ്ടുതന്നെ ഈ മേഖലയിൽ ഒരു കശുവണ്ടി ഫാക്ടറി ഇല്ലാത്തത് എടുത്തുപറയത്തക്ക ഒരു പോരായ്മയാണ്. കൂടാതെ നശിച്ചു പോയ്ക്കൊണ്ടിരിക്കുന്ന കശുമാമ്പഴത്തെ അടിസ്ഥാനമാക്കി ലഹരി കുറഞ്ഞ പാനീയങ്ങളും ജാം, അച്ചാറുകൾ തുടങ്ങി അനവധി ഉല്പന്നങ്ങളുണ്ടാക്കാവുന്ന ഒരു പഴസംസ്കരണ ഫാക്ടറിക്കും സാധ്യത വളരെയാണ്.

അടയ്ക്ക :- അടയ്ക്കാ അടിസ്ഥാനമാക്കി ഒരു അടയ്ക്കാ സംസ്കരണ ഫാക്ടറിക്കും അതുപോലെതന്നെ നശിച്ചുപോയ്ക്കൊണ്ടിരിക്കുന്ന പാള ഉപയോഗിച്ച് ഇന്ന് സ്റ്റാർ ഹോട്ടലുകളിലും മറ്റും ഉപയോഗിച്ചുകൊണ്ടിരിക്കുന്ന പ്ലേറ്റുകളും കരകൗശല വസ്തുക്കളും ഉല്പാദിപ്പിക്കാൻ സാധ്യമാണ്.

തടി :- കൊട്ടിയൂർ മേഖലയിൽനിന്ന് വിവിധയിനം മരങ്ങൾ കയറ്റി പോകുന്നുണ്ട്. ഇവയെ അടിസ്ഥാനമാക്കി വിവിധയിനം വ്യവസായങ്ങൾക്കുള്ള സാധ്യതയും ഗൗരവപൂർവ്വം പരിഗണിക്കേണ്ടിയിരുന്നു.

കൊട്ടിയൂർ പഞ്ചായത്തിൽ സാധ്യതകളുള്ള ചെറുകിട / പരിമിത വ്യവസായ സംരംഭങ്ങൾ താഴെ പറയുന്നവയാണ്.

1. യന്ത്രമുപയോഗിച്ചുള്ള പച്ച, ചകിരിനാര് നിർമ്മാണം

2. ചൂടി, ചവിട്ടി, കയർ, ഫൈബർ ഫോം, തലയിണ തുടങ്ങിയവ

3. ചകിരി ചവറും മറ്റ് കാർഷികാവശിഷ്ടങ്ങളും ഉപയോഗിച്ചുള്ള ജൈവവളനിർമ്മാണം.

4. ചിരട്ടയും തടിയും ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കൾ

5. തേങ്ങാ വെള്ളം ഉപയോഗിച്ചുള്ള ശീതളപാനീയങ്ങൾ

6. തേങ്ങാ പൗഡറും ക്രീമും.

7. ചിരട്ടപ്പൊടി

8. മരച്ചീനി, നേന്ത്രക്കായ ഇവ ഉപയോഗിച്ചുള്ള ചിപ്സ് നിർമ്മാണം.

9. എല്ലാത്തരം പഴങ്ങളുപയോഗിച്ചുള്ള അച്ചാറുകൾ പാനീയങ്ങൾ, ജാമുകൾ

10. വാഴനാര്, കൈതനാര് ഇവ ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കൾ

11. ആയുൾവേദ മരുന്ന് നിർമ്മാണം.

12. മരം, ഫർണിച്ചർ ബ്ലാക്ക് ബോർഡ് നിർമ്മാണം.

13. റബ്ബർ നൂൽ, റബ്ബർ ഇലാസ്റ്റിക്, റബ്ബർ ബാർഡ്, ഹവായ് ചെരുപ്പ് മറ്റു ഉപഭോഗ വസ്തുക്കൾ

14. വാഷിങ്ങ് സോപ്പ്, ടോയ്ലറ്റ് സോപ്പ്, സോപ്പ്പൊടി.

15. സിന്തറ്റിക് വിനാഗരി, സോഡ

16. റെഡിമെയ്ഡ് & എംബ്രോയ്ഡറി

17. സ്വീറ്റ്സ് & ബേക്കറി, പപ്പടം

18. സിമന്റ്, മണ്ണ് എന്നിവ ഉപയോഗിച്ചുള്ള ഇഷ്ടിക, ഹോളോബ്രിക്സ്, കട്ടിളാ ജനൽ

19. കരിങ്കൽ ജല്ലി, ചിപ്സ്, കരിങ്കല്ലുപൊടി ബോളർ

20. കുടനിർമ്മാണം.

21. ഇലക്ട്രിക്കൽ എഞ്ചിനീയറിംഗും ഓട്ടോ ഇലക്ട്രിക്കൽ വർക്കും.

22. ശാസ്ത്രീയമായ റബ്ബർ പാൽ സംഭരണവും സംസ്കരണവും

23. ക്ഷീരോല്പന്നങ്ങൾ

24. ഇലക്ട്രോണിക് എഞ്ചിനീയറിംഗ്

25. പേപ്പർ, കവർ, നോട്ടുബുക്ക്, പേപ്പർ ഫാൻസി

26. പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ, റെക്സിൻ ഉല്പന്നങ്ങൾ

27. കമുകിൻ പാള അടിസ്ഥാനമാക്കിയുള്ള പാത്രങ്ങളും കരകൗശല വസ്തുക്കളും

28. ജൈവ കീടനാശിനി

29. കാലിത്തീറ്റ, കോഴിത്തീറ്റ നിർമ്മാണം.

30. സ്റ്റീൽ ഫർണിച്ചർ, സോഫ കം ബെഡ് നിർമ്മാണം.

പൊതുമേഖലയിലെ സഹകരണ മേഖലയിലോ ആരംഭിക്കാവുന്ന ചെറുകിട / ിടത്തരം വ്യവസായങ്ങൾ താഴെ പറയുന്നവയാണ്.

1. കയറ്റുമതി ലക്ഷ്യമാക്കിയുള്ള കശുവണ്ടി സംസ്കരണ ഫാക്ടറി

2. റബ്ബർ അധിഷ്ഠിതമായുള്ള ഫാക്ടറി

3. അടയ്ക്കാ സംസ്കരണ ഫാക്ടറി

4. കയറ്റുമതി ലക്ഷ്യമാക്കിയുള്ള നാളികേര സംസ്കരണ ഫാക്ടറി

5. I, V, IX എന്നീ വാർഡുകളിൽ മിനി ജല വൈദ്യുതി പദ്ധതികൾ

## ടൂറിസം

ടൂറിസത്തെ പ്രാധാന്യമുള്ള വ്യവസായമായി അംഗീകരിച്ചിരിക്കെ കൊട്ടിയൂരിന്റെ ചരിത്ര പശ്ചാത്തലവും ഭൂമിശാസ്ത്രപരമായ സവിശേഷതകളും ,കണക്കിലെടുത്താൽ ഈ പ്രദേശത്തിന് ടൂറിസം വികസനത്തിന് അനന്തസാധ്യതകളാണുള്ളത്. മാത്രവുമല്ല കണ്ണൂർ ജില്ലയുടെ ടൂറിസം മാപ്പിൽ കൊട്ടിയൂരിന് പ്രത്യേക സ്ഥാനവുമുണ്ട്.

കേരളത്തിലെ പ്രശസ്ത തീർത്ഥാടനകേന്ദ്രങ്ങളിലൊന്നും മലബാറിലെ ഏറ്റവും പ്രശസ്തമായതുമായ ശിവക്ഷേത്രം സ്ഥിതിചെയ്യുന്നത് ആ ഗ്രാമത്തിലാണ്. അതുപോലെത്തന്നെ ഇതുമായി ഐതീഹ്യബന്ധമുള്ള പാലകാച്ചി മലയും ടൂറിസ്റ്റുകൾക്ക് കൗതുകകരമായ ഒന്നാണ്. ഈ മേഖലയിൽ കൂടുതൽ സൗകര്യങ്ങളേർപ്പെടുത്തുകയാണെങ്കിൽ തദ്ദേശീയരും വിദേശികളുമായ ധാരാളം ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയുമെന്നതിൽ തർക്കമില്ല.

ഈ പഞ്ചായത്തിൽ തന്നെയുള്ള ഉയർന്ന മലനിരകളും വനസമൃദ്ധിയും വെള്ളച്ചാട്ടങ്ങളും ആരുടെയും മനം കവരുന്നതാണ്.. സമീപ ഗ്രാമമായ കേളകം പഞ്ചായത്തിലുള്ള രാമച്ചി ജലപാതം, അടക്കാത്തോട് മിനി ജല വൈദ്യുത പദ്ധതിയും ഈ മേഖലയുടെ ടൂറിസം പ്രാധാന്യം വർദ്ധിപ്പിക്കുന്നു. പാൽച്ചുരം എലഫെന്റ് പാർക്കും. ബോയ്സ് ടൗൺ മൈക്രോ ജല വൈദ്യുത പദ്ധതിയും ഈ ഗ്രാമത്തിലെ ടൂറിസം പ്രാധാന്യം വിളിച്ചറിയിക്കുന്നു. കൊട്ടിയൂരിന്റെ തെക്കുഭാഗത്ത് വയനാട് അതിർത്തിയിലുള്ള നിക്ഷിപ്ത വനഭൂമി സർക്കാർ വന്യമൃഗസംരക്ഷണകേന്ദ്രമാക്കി മാറ്റിയത്. ഈ മേഖലയ്ക്ക് കൂടുതൽ ഗുണം ചെയ്യും.

അമ്പായത്തോട് ബോയ്സ് ടൗൺ റോഡ് യാഥാർത്ഥ്യമാവുന്നതോടെ വയനാട് വൈൽഡ്‌ലൈഫ് സാങ്ചറി, നാഗർ ഹോള നാഷണൽ പാർക്ക്, തിരുനെല്ലി ക്ഷേത്രം, പക്ഷിപാതാളം എന്നിവ ഈ ഗ്രാമത്തിൽനിന്നും വിളിപ്പാടകലെയായി മാറും. ഇതിലൊക്കെ ഉപരിയായി കൊട്ടിയൂർ ജനതയുടെ ഉയർന്ന സാംസ്കാരിക നിലവാരവും ഉയർന്ന സാക്ഷരതയും മതസൗഹാർദ്ദവും ടൂറിസം മേഖലയെ പരിപോഷിപ്പിക്കാൻ പ്രാപ്തമാണ്.

## ടൂറിസം രംഗത്തെ പ്രത്യേക നിർദ്ദേശങ്ങൾ

1. കൊട്ടിയൂർ ക്ഷേത്ര പരിസരത്തും കൊട്ടിയൂർ ടൗണിലും ഉയർന്ന നിലവാരമുള്ള താമസ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

2. അമ്പായത്തോട് - ബോയ്സ് ടൗൺ റോഡും ഈ ഗ്രാമത്തിലെ തന്നെ വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളിലേക്കുമുള്ള ശാഖാ റോഡുകളും വികസിപ്പിക്കുക.

3. മാനന്തവാടി സബ്സ്റ്റേഷനിൽനിന്ന് വരുന്ന 11KV വൈദ്യുത ലൈൻ ബോയ്സ് ടൗണിൽനിന്നും പാൽച്ചുരത്തേക്ക് ബന്ധിപ്പിച്ച് (Back feeding) നിലവിലുള്ള വിതരണ ശൃംഖലകൾ കാര്യക്ഷമമാക്കുകയും കൂടുതൽ വിതരണ ശൃംഖലകൾ സ്ഥാപിക്കുകയും ചെയ്യുക.

4. പാലുകാച്ചി, പന്നിയാംമല, ബോയ്സ് ടൗൺ, നെല്ലിയോടി, ചപ്പമല, ബന്ധിപ്പിച്ചുകൊണ്ട് ഒരു റോപ്‌വേ (Rope Way) സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ ആരായുക.

5. സർക്കാർ ആഘോഷിച്ചുവരുന്ന ടൂറിസ്റ്റ് വാരാഘോഷം കൊട്ടിയൂർ പഞ്ചായത്തിൽ വളരെ പ്രാധാന്യത്തോടെ സംഘടിപ്പിക്കുക.

## നിർദ്ദേശങ്ങൾ

1. ഈ പഞ്ചായത്തിൽ വ്യവസായം തുടങ്ങുന്നതിന് താല്പര്യമുള്ളവരെ കണ്ടെത്തി അവർക്കു വേണ്ടുന്ന പരിശീലനം പഞ്ചായത്തിന്റെ നേതൃത്വത്തിൽ ചെയ്തു കൊടുക്കുക.

ബന്ധപ്പെടേണ്ട സ്ഥാപനങ്ങൾ

a) District Industries Centre, Kannur

b) Small Industries service Institure Trichur

c) Kerala State Industrial and Technology Consultancy Organisation Ernakulam

d) Govt. College of Engineering, Kannur

2) കശുവണ്ടി സംസ്കരണ വിപണനരംഗത്ത് ഒരു പരിശീലനം നൽകുന്ന ഒരു സ്ഥാപനം രൂപീകരിച്ച് പ്രവർത്തനമാരംഭിക്കുക.

3. കരകൗശല രംഗത്ത് വിദഗ്ദ്ധ പരിശീലനം നൽകുന്നതിന് ഒരു Craft Development Centre സ്ഥാപിക്കുക.

4. നാളികേരത്തെ അടിസ്ഥാനമാക്കി ശാസ്ത്രീയമായി വ്യവസായങ്ങൾ ആരംഭിക്കാൻ കേരഫെഡ് കയർ വികസന Directorate ജില്ലാ വ്യവസായ കേന്ദ്രം എന്നിവയുടെ ആഭിമുഖ്യത്തിൽ പരിശീലനം നൽകുക. നിലവിലുള്ള കേര വികസന സമിതിക്ക് വിവിധ ഏജൻസികളുടെ സഹായം ലഭ്യമാക്കിക്കൊണ്ട് ആധുനിക സംസ്കരണ യൂണിറ്റ് സ്ഥാപിക്കുക.

5. മൾബറി കൃഷി വ്യാപകമാക്കി പട്ടുനൂൽ Reeling unit തുടങ്ങുന്നതിനാവശ്യമായ സൗകര്യങ്ങൾ കൊടുക്കുക.

6. മഞ്ഞൾ, ഇഞ്ചി, കുരുമുളക്, സുഗന്ധദ്രവ്യങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ തുടങ്ങുന്നതിനാവശ്യമായ ബോധവൽക്കരണ ക്ലാസുകളും സെമിനാറുകളും ബന്ധപ്പെട്ട ഏജൻസികളുടെ സഹായത്തോടെ സംഘടിപ്പിക്കുക.

7. വിവിധ ഏജൻസികളുടെ സഹായത്തോടെ റബ്ബർ ഉല്പന്നങ്ങളുടെ പരിചയപ്പെടുത്തുന്ന ഒരു മേള സംഘടിപ്പിക്കുക.

8. കൊട്ടിയൂരിന്റെ ഏത് മേഖലയിലും വ്യവസായങ്ങളാരംഭിക്കാൻ ആവശ്യമായ വൈദ്യുതോർജ്ജം ലഭ്യമാക്കുക.

9. വ്യവസായ സംരംഭകരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനും പ്രവർത്തന സാഹചര്യം ലഭ്യമാക്കുന്നതിനും ഒരു സ്ഥിരം Monitering Committee രൂപീകരിക്കുക.

10. വ്യവസായങ്ങളെ സംബന്ധിച്ച പുസ്തകങ്ങൾ പ്രസിദ്ധീകരണങ്ങൾ hand Book കൾ ഇവ പഞ്ചായത്താഫീസിലും എല്ലാ ഗ്രന്ഥശാലകളിലും ലഭ്യമാക്കുക.

11. ആദിവാസികളുടെ ഇടയിൽ വിദഗ്ദ്ധ പഠനം നടത്തി, അവരുടെ അഭിരുചിക്കനുസരിച്ച് ഗ്രാമത്തിന്റെ പ്രത്യേക സാഹചര്യത്തിന് അനുയോജ്യമായ വ്യവസായ സംരംഭങ്ങൾ ആവിഷ്കരിക്കേണ്ടതാണ്.

ഗ്രാമസഭയിൽനിന്ന് ഉയർന്നുവന്നിട്ടുള്ള നിർദ്ദേശങ്ങൾ ഉപദേശങ്ങളെയും പരമാവധി കണക്കിലെടുത്തും നിലവിൽ പ്രവർത്തിക്കുന്ന വ്യവസായികളുടെ അഭിപ്രായത്തോടൊപ്പം ഈ രംഗത്ത് നിന്ന് പിൻവാങ്ങിയവരുടെ അഭിപ്രായങ്ങളും ഒരേ സമയം കണക്കിലെടുത്തിട്ടുണ്ട്. ഇതു കൂടാതെ വിദഗ്ദ്ധരുടെ ഉപദേശങ്ങളും തേടിയിട്ടുണ്ട്. ഈ നിർദ്ദേശങ്ങളെ കൂടുതൽ ചർച്ചക്ക് വിധേയമാക്കി മുൻഗണനാക്രമത്തിൽ നടപ്പിൽ വരുത്തിയാൽ ഈ പ്രദേശത്തെ ജനങ്ങളുടെ സാമൂഹിക സാമ്പത്തിക നില മെച്ചപ്പെടുകയും അതുവഴി നാടിന്റെ സമഗ്ര വികസനത്തിന് കളമൊരുങ്ങുകയും ചെയ്യും. ●

റിപ്പോർട്ട് തയ്യാറാക്കാൻ സഹായിച്ചവർ

സണ്ണിവരകിൽ
രാജീവ്കുമാർ
സാജൻ കല്ലെക്കുളം
നളിനി ശിവരാജൻ
ശശീന്ദ്രൻ ടി.എസ്.

## വിദ്യാഭ്യാസ സ്ഥാപനങ്ങൾ





# വിദ്യാഭ്യാസം

വിദ്യാഭ്യാസം എന്നതുകൊണ്ട് അർത്ഥമാക്കേണ്ടത് കുട്ടികളിലും മുതിർന്നവരിലുമുള്ള ശാരീരികവും മാനസികവുമായ ഉത്തമാംശങ്ങളുടെ ആവിഷ്കരണമാണ് - ഇത് ഗാന്ധിജിയുടെ വാക്കുകൾ. വിദ്യാഭ്യാസം ആത്യന്തികായി പുനർമാനവീകരണത്തിനുതകണം. വിശാലമായ അർത്ഥത്തിൽ വിദ്യാഭ്യാസം സർഗ്ഗശേഷിയുടെ സർവ്വ വികസന സാധ്യതകളെയും ആരായുന്നതായിരിക്കണം. ക്രിയാത്മകവും സൃഷ്ട്യുന്മുഖവുമായ വിദ്യാഭ്യാസമാണ് നമുക്കാവശ്യം. തൊഴിൽ മാത്രമാവരുത് അതിന്റെ ലക്ഷ്യം. ഇതൊരു മഹാ പ്രസ്ഥാനമാണ്. സാമൂഹിക പരിവർത്തനത്തിന്റെ ചലനശക്തിയാവേണ്ട മഹാ പ്രസ്ഥാനം. മനുഷ്യന്റെ വികാരങ്ങൾക്കും ചിന്തകൾക്കും പുതിയ മാനങ്ങൾ കൊടുക്കുവാൻ പര്യാപ്തമാവുമ്പോൾ വിദ്യാഭ്യാസം ചലനാത്മകമാണെന്ന് പറയാം. അതിന്റെ അളവുകോൽ അറിവല്ല, തിരിച്ചറിവാണ്. വിവേകത്തിന്റെ അടിത്തറയിൽ പണിതുയർത്തുന്ന വിജ്ഞാന സൗധത്തിനേ ആയുസുള്ളൂ എന്ന് തിരിച്ചറിയുക. ഈ തിരിച്ചറിവിന്റെ വെളിച്ചത്തിൽ കൊട്ടിയൂർ പഞ്ചായത്തിലെ വിദ്യാഭ്യാസ ചരിത്ര പശ്ചാത്തലത്തെ വിലയിരുത്താൻ ശ്രമിക്കാം.

രണ്ടാം ലോകമഹായുദ്ധവും സ്വാതന്ത്ര്യ സമരവും ജനങ്ങളിൽ ചെലുത്തിയ സ്വാധീനത്തിന്റെ സാമ്പത്തികമായ പിന്നോക്കാവസ്ഥ, ദാരിദ്ര്യം തുടങ്ങിയവയുടെ ഫലമായി മധ്യതിരുവിതാംകൂറിൽനിന്നും കൊട്ടിയൂരിൽ കുടിയേറി പാർത്ത ജനതയെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസത്തിന്റെ അഭാവം ഒരു വലിയ പ്രശ്നമായിരുന്നില്ല. അവരുടെ കൈമുതൽ ആത്മവിശ്വാസവും മെയ്ക്കരുത്തും മാത്രമായിരുന്നു. അക്കാലത്ത് ഈ പ്രദേശത്തെ ജനങ്ങളുടെ വിദ്യാലയം വിശാലമായ പ്രകൃതിയും ഗുരു അനുഭവവുമായിരുന്നു.

ഇന്നത്തെ കൊട്ടിയൂർ ഗ്രാമപഞ്ചായത്ത് അന്ന് പേരാവൂർ പഞ്ചായത്തിന്റെ ഭാഗമായിരുന്നു. മണ്ണിനോട് മല്ലടിക്കുന്നതിനിടയിലും വിജ്ഞാനം നേടുന്നതിനുള്ള അടങ്ങാത്ത ത്വര അവരുടെ മക്കളെ മൈലുകൾക്കപ്പുറമുള്ള പേരാവൂർ ഹൈസ്ക്കൂളിലും മഞ്ഞളാമ്പുറം യു.പി. സ്ക്കൂളിലും ഇന്നത്തെ കേളകം ഹൈസ്ക്കൂൾ എത്തിച്ചു. പഴയ തലമുറയിൽപ്പെട്ടവർ ഇളം തലമുറയോട് സാഭിമാനം ആ പഴയ സ്മരണകൾ പങ്കുവയ്ക്കാറുണ്ട്.

കുടിയേറ്റ ഭൂമിയായ കൊട്ടിയൂരിൽ ആദ്യമായി സ്ഥാപിക്കപ്പെട്ടത് രണ്ട് സർക്കാർ വിദ്യാലയങ്ങളായിരുന്നു. മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിൽ അന്നത്തെ പേരാവൂർ പഞ്ചായത്ത് പ്രസിഡണ്ടായിരുന്ന ശ്രീ. നാരായണൻ ഇടശ്ശേരിയുടെയും ചില പ്രമുഖ സാമൂഹ്യ പ്രവർത്തകരുടേയും ശ്രമഫലമായി 1956ൽ ചുങ്കക്കുന്നിലും തലക്കാണിയിലും ഓരോ ഏകാധ്യാപക വിദ്യാലയം ആരംഭിച്ചു. ചുങ്കക്കുന്ന് സ്ക്കൂളിന് വേണ്ടി മണത്തണ ജന്മിയായിരുന്ന ഷോഡത്ത് ശ്രീദേവിയമ്മ സൗജന്യമായി മുപ്പത് സെന്റ് സ്ഥലം നല്കുകയുണ്ടായി. 27.07.1956നാണ് സ്ക്കൂൾ പ്രവർത്തനം ആരംഭിച്ചത്. സ്ക്കൂളിന് വേണ്ടി ഒന്നര ഏക്കർ സ്ഥലം ബോർഡിന് ഈട് നൽകിയതും സൗജന്യമായി

കെട്ടിടം നിർമ്മിച്ചുകൊടുത്തതും ശ്രീ മേമുട്ടത്ത് ആനന്ദനായിരുന്നു. ബഹു. ശ്രീ ഭാസ്കരൻ ആയിരുന്നു സ്ക്കൂളിലെ ആദ്യത്തെ ഹെഡ്മാസ്റ്റർ. തുടക്കത്തിലുണ്ടായിരുന്ന 57 കുട്ടികളിൽ ഭൂരിപക്ഷവും പിന്നോക്ക വിഭാഗത്തിൽപ്പെട്ടവരായിരുന്നു. നാട്ടുകാകരുടെ പരിശ്രമ ഫലമായി ശ്രീ. കോമാങ്കുടി കണ്ണനിൽനിന്നും 25 സെന്റ് സ്ഥലം സംഭാവനയായി സ്വീകരിച്ചുകൊണ്ടാണ് തലക്കാണിയിൽ വിദ്യാലയം പ്രവർത്തനമാരംഭിച്ചത്.

ആരംഭകാലത്ത് യാഥാസ്ഥിതികരുടെ ശക്തമായ എതിർപ്പുകൾ നേരിട്ടുകൊണ്ടാണ് ഇരുവിദ്യാലയങ്ങളും പ്രവർത്തിച്ചത്. അവരാകട്ടെ ഈ വിദ്യാലയങ്ങളെ 'കമ്മ്യൂണിസ്റ്റ് സ്ക്കൂൾ'എന്ന മട്ടിലാണ് വീക്ഷിച്ചിരുന്നത്. ഈ വിദ്യാലയങ്ങൾ ഇന്ന് യഥാക്രമം ചുങ്കക്കുന്ന് ഗവ: യു.പി. സ്ക്കൂളായും തലക്കാണി ഗവ: യു.പി. സ്ക്കൂളായും കാര്യക്ഷമമായി പ്രവർത്തിച്ച് വരുന്നു.

കുട്ടികളിൽ അക്ഷരബോധം ജനിപ്പിക്കുന്നതിനും ഉറപ്പിക്കുന്നതിനും ആശാൻ കളരികളും സജീവമായി രംഗത്തുണ്ടായിരുന്നു. ഇന്നും കൊട്ടിയൂർ പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ ആശാൻ കളരികൾ പ്രവർത്തിക്കുന്നുണ്ട്. അവിടെ അക്ഷരപ്പൂക്കൾ വിരിയിക്കുന്നവരിൽ മാധവനാശാൻ, ഇന്ദിരടീച്ചർ തുടങ്ങിയവരുടെ സേവനം പ്രശംസാർഹമാണ്.

കൊട്ടിയൂരിന്റെ മണ്ണിൽ ചുവടുറപ്പിച്ച കർഷകർ കൂടുതൽ വിദ്യാഭ്യാസ സൗകര്യങ്ങൾ ആഗ്രഹിക്കുകയും അതിന് വേണ്ടിയുള്ള ശ്രമങ്ങൾ ആരംഭിക്കുകയും ചെയ്തു. ചുങ്കക്കുന്ന്, തലക്കാണി സ്ക്കൂളുകൾക്ക് പുറമേ, ജനങ്ങളുടെ കൂട്ടായ പ്രവർത്തനങ്ങളുടെ ഫലമായി, 1962ൽ പാമ്പറപ്പാനിൽ N.S.S.K U.P. സ്ക്കൂളും 1963ൽ മന്ദംചേരിയിൽ S.N.L.P. സ്ക്കൂളും അമ്പായത്തോട്ടിൽ 1960ൽ സെന്റ് ജോർജ്ജ് സ്ക്കൂൾ, 1980ൽ സെന്റ് ജോർജ് യു.പി. സ്ക്കൂൾ 1976ൽ കൊട്ടിയൂരിൽ ഐ.ജെ.എം. ഹൈസ്ക്കൂളും സ്ഥാപിക്കപ്പെട്ടു. കൂടാതെ, കൊട്ടിയൂരിൽ ഒരു പാരലൽ കോളേജും ഒരു ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടും മന്ദംചേരിയിൽ ഒരു ശ്രവണ സംസാര വിദ്യാലയും ചുങ്കക്കുന്നിൽ മന്ദബുദ്ധികളായ കുട്ടികൾക്ക് വേണ്ടി സെന്റ് കാമില്ലസ് സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ഒരു വിദ്യാലയവും വനിതാ സഹകരണസംഘത്തിന്റെ ആഭിമുഖ്യത്തിൽ ഒരു തുന്നൽ പരിശീലനകേന്ദ്രവും കൊട്ടിയൂരിൽ ഒരു മുസ്ലീം മദ്രസ്സയും വിവിധ പള്ളികളോടനുബന്ധിച്ച് വേദ പഠന ക്ലാസ്സുകളും നടന്നുവരുന്നു. സമാന്തര വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിച്ചിരുന്ന യുവദീപ്തി കോളേജ്, കൈരളി ആർട്സ് കോളേജ്, ദേവമാതാ കോളേജ് തുടങ്ങിയവ പ്രവർത്തനം നിലച്ചുപോയ സ്ഥാപനങ്ങളാണ്.

പഞ്ചായത്തിലെ വിദ്യാലയങ്ങളുടെ പ്രവർത്തനം പരിശോധിച്ചാൽ സാമ്പത്തിക - സാമൂഹിക കാരണങ്ങളാൽ ഒരു വിഭാഗം കുട്ടികൾ ഇടയ്ക്ക് വച്ച് പഠനം നിർത്തുന്നതായി കാണാം. ഇവരിൽ ഭൂരിഭാഗവും പട്ടികജാതി - പട്ടികവർഗ്ഗത്തിൽപ്പെട്ട കുട്ടികളാണ്. ഈ കൊഴിഞ്ഞുപോക്ക് തടയുവാൻ ഫലപ്രദമായ പദ്ധതികളൊന്നും നാളിതുവരെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

ഇതു സംബന്ധിച്ച വിവരങ്ങൾ പട്ടിക 1ൽ കൊടുക്കുന്നു.

16600 ഓളം ജനങ്ങൾ അധിവസിക്കുന്ന കൊട്ടിയൂര് ഗ്രാമപഞ്ചായത്തിൽ ഏഴ് വിദ്യാലയങ്ങളിലായി 1546 ആൺകുട്ടികളും 1550 പെൺകുട്ടികളുമടക്കം ആകെ 3096 കുട്ടികളാണ് പഠിക്കുന്നത്. ഈ വിദ്യാലയങ്ങളിലെല്ലാം കൂടി 108 അദ്ധ്യാപകർ സേവനമനുഷ്ഠിച്ച് വരുന്നു.

ആകെ അദ്ധ്യാപകരിൽ 36 പേർ മാത്രമാണ് സർക്കാർ വിദ്യാലയങ്ങളിൽ സേവനമനുഷ്ഠിക്കുന്നത്. രണ്ട് സർക്കാർ വിദ്യാലയങ്ങളിലായി ആകെ 1025 കുട്ടികൾ വിദ്യ അഭ്യസിക്കുന്നു. പഞ്ചായത്തിലെ സ്ക്കൂളുകളുടെ പഠന നിലവാരം മോശമാണെന്ന കാരണം പറഞ്ഞ് ഒരു ന്യൂനപക്ഷം വിദ്യാർത്ഥികൾ പുറത്തുപോയി പഠനം നടത്തുന്നു.

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളോ സാങ്കേതിക വിദ്യാലയങ്ങളോ ഈ പഞ്ചായത്തിലില്ല. തന്മൂലം ഭൂരിപക്ഷത്തിന്റേയും ഉന്നതപഠനം കൊട്ടിയൂർ - കേളകം മേഖലകളിലുള്ള സമാന്തരസ്ഥാപനങ്ങളെ ആശ്രയിച്ചിരിക്കുന്നു. ഏറ്റവും അടുത്തുള്ള റഗുലർ കോളേജിലേക്ക് പഞ്ചായത്ത് അസ്ഥാനത്ത് നിന്നും 45 കി.മീറ്ററിലധികം ദൂരമുണ്ട്. ഹയർസെക്കണ്ടറി വിദ്യാലയത്തിലേക്കാവട്ടെ

20 കി.മീറ്ററോളം ഉന്നത വിദ്യാഭ്യാസാർത്ഥം ചുരുക്കം ചില കുട്ടികൾ കുത്തൂപറമ്പ്, മട്ടന്നൂർ, വയനാട്, കണ്ണൂർ, തലശ്ശേരി പ്രദേശങ്ങളിലുള്ള കോളേജുകളെ ആശ്രയിക്കുന്നു.

കൊട്ടിയൂർ ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ക്കൂളുകളിലും തന്നെ പൊതുവെ അധ്യയന നിലവാരം കുറഞ്ഞുവരുന്നതായി കാണാം. വിശദവിവരങ്ങൾ പട്ടിക 3ൽ ചേർത്തിരിക്കുന്നു.

എൽ.പി. യു.പി. തലത്തിലുള്ള 30% കുട്ടികൾക്കും ശരിയായ അക്ഷരജ്ഞാനമോ സംഖ്യാബോധമോ ഇല്ലെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ഹൈസ്ക്കൂളിന്റെ നിലവാരത്തെക്കുറിച്ച് മാത്രമാണല്ലോ സാധാരണയായി ചർച്ച ചെയ്യപ്പെടാറുള്ളത്. ഈ നില മാറേണ്ടതുണ്ട്. പ്രൈമറി വിദ്യാലയങ്ങളിലെയും പഠന നിലവാരം ചർച്ച ചെയ്യപ്പെടുന്ന അവസ്ഥ സംജാതമാകണം. കതിരിൽ വളം വയ്ക്കുന്നതുകൊണ്ട് ഫലമുണ്ടാവുകയില്ലെന്ന് നാം ഓർക്കേണ്ടതാണ്. വിദ്യാലയങ്ങളിലെ അധ്യയന നിലവാരത്തകർച്ചയ്ക്ക് കാരണങ്ങളായി ചൂണ്ടിക്കാണിക്കാവുന്ന ചില വസ്തുതകൾ :-

1. പ്രാഥമിക വിദ്യാലയങ്ങളിലെ അധ്യാപന ശൈലിയിൽ കാലാനുസൃതമായ മാറ്റത്തിന്റെ അപര്യാപ്തത.

2. സമർത്ഥരായ കുട്ടികളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുകയും പിന്നോക്കക്കാർക്ക് വേണ്ടത്ര പരിഗണന നല്കാതിരിക്കുകയും ചെയ്യുന്ന അധ്യാപന രീതി.

3. വിദ്യാലയത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ രക്ഷാകർത്താക്കളുടെ നിസ്സഹകരണ മനോഭാവം

4. സ്ക്കൂൾ കോംപ്ലക്സുകൾ, ഗുരുകുലം പദ്ധതി തുടങ്ങിയ പുത്തൻ പരീക്ഷണങ്ങൾ ഉദ്ദേശ്യശുദ്ധിയോടെയും അർപ്പണ ബോധത്തോടെയും നടപ്പിലാക്കുന്നതിലുള്ള വൈമുഖ്യം.

5. കച്ചവടക്കണ്ണുകളോടെ വിദ്യാഭ്യാസപ്രവർത്തനങ്ങളെവീക്ഷിക്കുന്ന ഒരു വിഭാഗം അധ്യാപകരുടെ മനോഭാവവും നിസ്വാർത്ഥമായി സേവനമനുഷ്ഠിക്കുന്നവരെ ഇടിച്ചു താഴ്ത്തുന്ന രീതിയിലുള്ള നയവും.

6. കാലാകാലങ്ങളിലായി വിദ്യാലയങ്ങളിൽ നിലനിന്നുപോന്ന രാഷ്ട്രീയ - ബാഹ്യ ഇടപെടൽ

7. സ്ക്കൂളുകളിൽ നിലവിലുള്ള പരിമിതമായ ലബോറട്ടറി, ലൈബ്രറി സൗകര്യങ്ങൾ പോലും വേണ്ട രീതിയിൽ ഉപയോഗപ്പെടുത്താതിരിക്കൽ.

8. പാഠ്യേതര പ്രവർത്തനങ്ങളിൽ അധ്യാപകരുടെ സജീവമായ പങ്കാളിത്തമില്ലായ്മ.

9. സ്ക്കൂൾ പ്രവർത്തനങ്ങളുടെ വിജയത്തിന് ഏറ്റവും അനിവാര്യ ഘടകമായ പി.ടി.എ.യിൽ രക്ഷാകർത്താക്കളുടെ സാന്നിധ്യമില്ലായ്മ.

10. പ്രാഥമിക വിദ്യാഭ്യാസ സൗകര്യങ്ങളുടെ അപര്യാപ്തത.

കൊട്ടിയൂർ ഗ്രാമപഞ്ചായത്തിലെ ഏക സെക്കണ്ടറി വിദ്യാഭ്യാസ സ്ഥാപനമായ ഐ.ജെ.എം. ഹൈസ്ക്കൂളിൽ കഴിഞ്ഞ അഞ്ച് അധ്യയനവർഷങ്ങളിലെ റിസൾട്ട് പരിശോധിക്കുമ്പോൾ പൊതുവെ കുറഞ്ഞു വരുന്നതായി കാണാം. വിശദവിവരങ്ങൾക്ക് പട്ടിക 4 കാണുക.

പ്രസ്തുത വിദ്യാലയത്തിലെ നിലവാരത്തകർച്ചക്കുള്ള കാരണങ്ങൾ മുകളിൽ പറഞ്ഞവ തന്നെ. കൂടാതെ ദൃശ്യ ശ്രാവ്യ മാധ്യമങ്ങളുടെ അതിപ്രസരം ടീനേജ്കാരായ വിദ്യാർത്ഥികളെ നന്മയിലേക്ക് നയിക്കുന്നതിന് പകരം വഴി പിഴപ്പിക്കുന്ന പ്രവണതയാണ് കണ്ടുവരുന്നത്. അശ്ലീല

പട്ടിക 4

I.J.M. ഹൈസ്ക്കൂളിലെ S.S.L.C. റിസൾട്ട്

| വർഷം | എഴുതിയവർ | ജയിച്ചവർ | വിജയശതമാനം |
|---|---|---|---|
| 1991-92 | 190 | 110 | 58% |
| 1992-93 | 232 | 142 | 61% |
| 1993-94 | 242 | 165 | 68% |
| 1994-95 | 212 | 123 | 58% |
| 1995-96 | 222 | 129 | 59% |

സാഹിത്യത്തിന്റെ കടന്ന് കയറ്റം ഇതിന് ആക്കം കൂട്ടുന്നു.

വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങളുടെ വൈരള്യം അക്കാദമിക് തലത്തിൽ ഏറെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. അനുയോജ്യമായ സ്കൂൾ കെട്ടിടങ്ങളുടെ അഭാവം, പഠനോപകരണങ്ങളുടെ കുറവ്, പ്രാഥമികാവശ്യങ്ങൾ നിർവഹിക്കുന്നതിനുള്ള സൗകര്യങ്ങളുടെ അപര്യാപ്തത തുടങ്ങിയവ ഇവിടെ എടുത്തു കാണിക്കേണ്ട ചില ഉദാഹരണങ്ങൾ മാത്രം.

പഞ്ചായത്തിലെ ഭൂരിഭാഗം വിദ്യാലയങ്ങളും സ്വകാര്യമേഖലയിലായതുകൊണ്ട്തന്നെ അധ്യാപക നിയമനം പൂർണ്ണമായും മെറിറ്റടിസ്ഥാനത്തിലായിരുന്നുവെന്ന് പറയുക വയ്യ. ഈ വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്ന കാര്യത്തിൽ പൊതു ജനങ്ങളുടെ കൂട്ടായ്മ ഏറെ ഗുണകരമായിട്ടുണ്ട്. ഇക്കാര്യത്തിൽ ഇനിയും നാം ഏറെ ദൂരം മുന്നോട്ട് പോകേണ്ടതുണ്ട്. വിദ്യാലയങ്ങളുടെ ഭാവി മെച്ചപ്പെടുത്തുന്നതിന് വിദ്യാർത്ഥികളുടെയും അധ്യാപകരുടേയും രക്ഷാകർത്താക്കളുടേയും മാനേജ് മെന്റിന്റെയും സംഘടിത യത്നം ഇവിടെ അനിവാര്യമായി തീർന്നിരിക്കുന്നു.

ഉന്നത വിദ്യാഭ്യാസത്തിന്റെ പൊതു പ്രവണതകൾ കൂടി ഇവിടെ സൂചിപ്പിക്കേണ്ടതുണ്ട്. സെക്കണ്ടറി തലത്തിനപ്പുറമുള്ള വിദ്യാഭ്യാസം ലക്ഷ്യബോധമില്ലായ്മയുടേയും വിഫലതകളുടേയും കാണാക്കയങ്ങളിലേക്ക് കൂപ്പുകുത്തി വീണുകൊണ്ടിരിക്കുകയാണ്. എറെ പഠിച്ചിട്ട് എന്ത് നേടാൻ എന്ന മനോഭാവം ഉന്നത വിദ്യാഭ്യാസത്തിന്റെ തലതിരിഞ്ഞ പോക്കിലേക്കുള്ള ചൂണ്ടുപലകയാണ്. അതുകൊണ്ട് തന്നെയാവാം പത്താംതരം പരാജയപ്പെട്ടാൽ വീണ്ടും എഴുതുന്നവരുടെ എണ്ണം തുലോം കുറഞ്ഞു വരുന്നത്. നാം അധിവസിക്കുന്ന ലോകത്തിന്റെ നാം കടന്ന് പോകുന്ന കാലത്തിന്റെ പരുക്കൻ യാഥാർത്ഥ്യങ്ങൾ നമ്മുടെ വിദ്യാർത്ഥികൾക്ക് അന്യമായിക്കൂടാ. കുന്നായ്മകളും, നാട്യങ്ങളും, കുടിലതകളും വരിഞ്ഞുമുറുക്കിയ സാമൂഹ്യ പരിതോവസ്ഥകളോട് ക്രിയാത്മകമായി പ്രതികരിക്കാനുള്ള ശേഷിയും ശേമുഷിയുംപ്രദാനം ചെയ്യാത്ത ഉന്നത വിദ്യാഭ്യാസം നിരർത്ഥകമാണ്. സ്വന്തം മണ്ണിന്റെ ചൂടും ചൂരുമില്ലാത ഇന്നത്തെ ഉന്നതവിദ്യാഭ്യാസ രീതി ജീവത്താകുന്നില്ല.

അനൗപചാരിക വിദ്യാഭ്യാസ മേഖലയിൽ പല ഏജൻസികൾ കാൻഫെഡ്, ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ തുടങ്ങിയവയുടേയും വികസനബ്ലോക്കുവഴി നടപ്പിലാക്കിയ ഫങ്ങ്ഷണൽ ലിറ്ററസി പ്രോഗ്രാമിന്റെയും പ്രവർത്തനങ്ങൾ നടന്നിരുന്നുവെങ്കിലും സമഗ്രവും ജനപങ്കാളിത്തമേറിയതുമായ സമ്പൂർണ്ണ സാക്ഷരതാ പദ്ധതിയിൽ അക്ഷരമന്ത്രം ഉരുവിട്ടുകൊണ്ട് പഞ്ചായത്തിലെ യുവതീ യുവാക്കൾ അണി നിരന്നത് പുതുമ നിറഞ്ഞ അനുഭവമായിരുന്നു. പഞ്ചായത്തിന്റെ മുക്കിലും മൂലയിലും നടത്തിയ സാക്ഷരതാ പ്രവർത്തനങ്ങളുടെ ഫലമായി 1991 മാർച്ചിൽ കൊട്ടിയൂർ സമ്പൂർണ്ണ സാക്ഷരത നേടിയതായി പ്രഖ്യാപിക്കപ്പെട്ടു. എന്നാൽ തുടർ സാക്ഷരതാ പദ്ധതിയും വെറും കടലാസു യജ്ഞങ്ങളായി ഒതുങ്ങിയത് അക്ഷരപാതയിലൂടെയുള്ള മുന്നേറ്റത്തിന് ഒരു വൈതരണിയായിത്തീർന്നു. വിശാലമായ അർത്ഥത്തിലുള്ള സാക്ഷരത പ്രാപ്യമാക്കേണ്ടതിന് നമ്മുടെ പഞ്ചായത്ത് ഇനിയും ബഹുദൂരം താണ്ടേണ്ടിയിരിക്കുന്നു.

മാതൃ ശിശു ക്ഷേമം ലാക്കാക്കി പഞ്ചായത്തിൽ 18 അംഗനവാടികൾ പ്രവർത്തിക്കുന്നു. ഇവയെ പ്രീ-പ്രൈമറി വിദ്യാഭ്യാസ കേന്ദ്രങ്ങളാക്കി മാറ്റിയാൽ കൂടുതൽ ഗുണകരമായിരിക്കും. കുട്ടികളുടെ സ്വഭാവ രൂപീകരണത്തിൽ വളരെയധികം സ്വാധീനം ചെലുത്തുവാൻ അംഗനവാടികൾക്ക് കഴിയും എന്ന പരമാർത്ഥം മനസ്സിലാക്കിക്കൊണ്ട് അവയുടെ പ്രവർത്തനം സുഗമമാക്കുന്നതിന് പ്രവർത്തകരുടെ സേവന വ്യവസ്ഥകൾ മെച്ചപ്പെടുത്തുകയും കുട്ടികൾക്കാവശ്യമായ പഠന വിനോദോപകരണങ്ങൾ ആവശ്യാനുസരണം ലഭ്യമാക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്.

ഇന്നത്തെ നമ്മുടെ വിദ്യാഭ്യാസത്തെ പൂർണതയിലേക്ക് നയിക്കേണ്ടത് ഈ തലമുറയുടെ കർത്തവ്യമാണ്. ഒഴിഞ്ഞു മാറാൻ നമുക്കാവില്ല. മുൻഗാമികളിൽനിന്നും കൊണ്ടത് പിൻഗാമികൾക്ക് കൊടുക്കാൻ വർത്തമാനകാല ജനതയ്ക്ക് കഴിയണം. ജ്ഞാനവിജ്ഞാനങ്ങളുടെ കൈമാറ്റം സംസ്കാരത്തിന്റെ കൈമാറ്റം തന്നെയാണ്. അത് മനുഷ്യജീവിത പുരോഗതിക്ക് അത്യാന്താപേക്ഷിതവുമാണ്.

ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് സന്ന

ദ്ധപ്രവർത്തകർ ശേഖരിച്ച പ്രാഥമിക ദ്വിതീയ വിവരങ്ങളുടേയും ഗ്രാമസഭകളിലെ ചർച്ചകളിൽ ഉരുത്തിരിഞ്ഞുവന്ന നിഗമനങ്ങളുടേയും അടിസ്ഥാനത്തിൽ ഉന്നയിക്കുന്ന നിർദ്ദേശങ്ങൾ.

1. കൊട്ടിയൂർ പഞ്ചായത്തിൽ ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനവും ഹയർ സെക്കണ്ടറി സ്ക്കൂളും തുടങ്ങുവാൻ നടപടികൾ സ്വീകരിക്കുക.

2. പേരാവൂർ ബ്ലോക്കിൽ കേളകത്ത് ഒരു കോളേജ് സഹകരണമേഖലയിലോ സർക്കാർ നേരിട്ടോ ആരംഭിക്കുക.

3. ചുങ്കക്കുന്ന് ഗവ: യു.പി. സ്ക്കൂൾ അപ് ഗ്രേഡ് ചെയ്ത് ഹൈസ്ക്കൂളാക്കുക.

4. ചുങ്കക്കുന്ന്, തലക്കാണി, ഗവ: യു,പി. സ്ക്കൂളുകൾക്ക് ചുറ്റുമതിലും ആവശ്യമായ കെട്ടിടങ്ങളും കാലാകാലങ്ങളിൽ അവയുടെ റിപ്പയറിംഗും ഫർണിച്ചറും അനുവദിക്കുക.

5. പഞ്ചായത്തിലെ സ്ക്കൂളുകളിൽ പഠിക്കുന്ന നിർദ്ധനരായ കുട്ടികൾക്ക് സാമ്പത്തിക സഹായം നൽകുക. സൗജന്യ യൂണിഫോം വിതരണം ചെയ്യുക.

6. മൂത്രപ്പുര, കക്കൂസ്, ഫർണിച്ചറുകൾ ഇവ വേണ്ടത്ര ഇല്ലാത്ത സ്ക്കൂളുകൾക്ക് അവ ലഭ്യമാക്കുക എല്ലാ സ്ക്കൂളുകളിലും കുടിവെള്ളം എത്തിക്കുക.

7. താഴെ പറയുന്ന സ്ഥലങ്ങളിൽ എൽ.പി. സ്ക്കുളുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

1) ഒന്നാം വാർഡിൽ പന്ന്യാംമലയിൽ
2) രണ്ടാം വാർഡിലെ പാലുകാച്ചിയിൽ
3) മൂന്നാം വാർഡിലെ ഒറ്റപ്ലാവിൽ
4) നാലാം വാർഡിലെ പൊട്ടംതോട്ടിൽ
5) ആറാം വാർഡിലെ അട്ടിക്കുളത്ത്
6) എഴാം വാർഡിലെ നെല്ലിയോടിയിൽ
7) ഒമ്പതാം വാർഡിലെ പാൽചുരത്ത്

കൊട്ടിയൂർ പഞ്ചായത്തിൽ ഒരു ടെക്നിക്കൽ ഹൈസ്ക്കൂൾ അനുവദിക്കുക.

8. എല്ലാ വിഷയത്തിലും ജയിക്കുന്ന കുട്ടികൾക്കുമാത്രം അടുത്ത ക്ലാസിലേക്ക് പ്രൊമോഷൻ നൽകുക. മോഡറേഷൻ നിർത്തലാക്കുക.

9. ചുങ്കക്കുന്ന ഗവ: യു.പി. സ്ക്കൂളിന്റെ കളിസ്ഥലം മെച്ചപ്പെടുത്തുക. തലക്കാണി ഗവ: യു.പി. സ്ക്കൂളിന് കളിസ്ഥലം ലഭ്യമാക്കുക.

10. 1996 - 97 വർഷം നടപ്പിലാക്കിയ 'ഗുരുകുലം' പദ്ധതി അധ്യാപകരുടയും വിദ്യാർത്ഥികളുടേയും പൂർണ്ണ സഹകരണത്തോടെ പഞ്ചായത്തിലെ എല്ലാ സ്ക്കൂളുകളിലും നിർബന്ധമായും നടപ്പിലാക്കുക.

11. സ്ക്കൂൾ PTA, മദർ PTA ഇവയുടെ പ്രവർത്തനം സജീവമാക്കുക. അവയിൽ രക്ഷാകർത്താക്കളുടെ പങ്കാളിത്തവും സാന്നിദ്ധ്യവും നിർബന്ധമാക്കുക. സ്ക്കൂൾ പ്രവർത്തനങ്ങളിൽ ഇവരുടെ സഹായസഹകരണങ്ങൾ നേടുക.

12. വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിൽ രക്ഷാകർത്താക്കൾക്കുള്ള പങ്കിനെപ്പറ്റി അവരെ ബോധ്യപ്പെടുത്തുന്നതിന് ആവശ്യമായ ബോധവൽക്കരണം നടത്തുക.

13. പഠനനിലവാരം ഉയർത്തുന്നതിന് അധ്യാപക വിദ്യാർത്ഥി അനുപാതം കുറക്കുക.

14. കലാ കായിക നിലവാരം ഉയർത്തുന്നതിന് പ്രൈമറി സ്ക്കൂളുകളിലും കായാകാധ്യാപകരേയും കലാധ്യാപകരേയും നിയമിക്കുക. പഞ്ചായത്തിൽ കായിക പരിശീലനത്തിന് ആവശ്യമായ മിനിസ്റ്റേഡിയങ്ങളും പരിശീലിപ്പിക്കുന്നതിന് പരിശീലകരേയും ലഭ്യമാക്കുക.

15. എല്ലാ സ്ക്കൂൾ ദിവസവും മുടങ്ങാതെ ഉച്ചക്കഞ്ഞി വിതരണം P.T.A യുടെ സഹകരണത്തോടെ നടത്തുക. ഉച്ചക്കഞ്ഞിയുടെ ഗുണനിലവാരം ഉയർത്തണം. ഉച്ചഭക്ഷണഗ്രാന്റും അനുവദിക്കുക.

16. എല്ലാ സ്ക്കൂളുകളിലും ലൈബ്രറികൾ ഏർപ്പെടുത്തുകയും കാര്യക്ഷമമായി അവയുടെ പ്രവർത്തനം നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.

17. സ്ക്കൂൾ ലാബറട്ടറികളിൽ ആവശ്യമായ ഉപകരണങ്ങളും രാസവസ്തുക്കളും ലഭ്യമാക്കി അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.

18. ഓരോ സ്ക്കൂളിലും പൂന്തോട്ടവും പച്ചക്കറിതോട്ടവും വച്ച് പിടിപ്പിക്കുക. ഏറ്റവും നല്ല തോട്ടത്തിന് സമ്മാനം ഏർപ്പെടുത്തുക.

19. S.S.L.C പരീക്ഷക്ക് ഏറ്റവും കൂടുതൽ

മാർക്ക് വാങ്ങി ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്ന കുട്ടികൾക്ക് ഗ്രാമപഞ്ചായത്തിന്റെ വക സമ്മാനങ്ങൾ ഏർപ്പെടുത്തുക.

20. ഓരോ സ്ക്കൂളുകളിലും എൻഡോവ്മെന്റുകളും സ്കോളർഷിപ്പുകളും ഏർപ്പെടുത്തുക.

21. രാവിലെയും വൈകുന്നേരവും സ്ക്കൂൾ സമയത്ത് കുട്ടികളുടെ യാത്രാസൗകര്യത്തിനായി കൂടുതൽ ബസ്സുകൾ ഓടിക്കുന്നതിന് നടപടികൾ സ്വീകരിക്കുക.

22. ആദിവാസി കുട്ടികളുടെ പഠന സൗകര്യത്തിനായി ഒരു ട്രൈബൽ ഹോസ്റ്റൽ ആരംഭിക്കുക.

23. യു.പി. സ്ക്കൂളുകളിൽനിന്നും സംസ്കൃതവും ഉറുദുവും പഠിച്ച് വരുന്ന വിദ്യാർത്ഥികൾക്ക് ഹൈസ്ക്കൂളിൽ അവ പഠിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക.

24. പഞ്ചായത്തിലെ സ്ക്കൂളുകളിൽ ഓരോ ക്ലാസിലും ഇംഗ്ലീഷ് മീഡിയത്തിലുള്ള ഒരു ഡിവിഷൻ ആരംഭിക്കുക.

25. സ്ക്കൂൾ സിലബസ്സിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസംകൂടി ഉൾപ്പെടുത്തുക.

26. നിലവിലുള്ള അംഗനവാടികൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഫർണിച്ചറും കക്കൂസും കിണറും പാചകമുറിയും കളിപ്പാട്ടങ്ങളും ഉണ്ടെന്ന് ഉറപ്പുവരുത്തുക..

27. താഴെ പറയുന്ന സ്ഥലങ്ങളിൽ പുതുതായി അംഗനവാടികൾ തുടങ്ങുക.

1. പന്നിയാംമല ആദിവാസി കോളനി
2. ഒറ്റപ്ലാവ്
3. പള്ളിയറ
4. വിളയാനിക്കൽ ജോസഫിന്റെ വീടിന് സമീപം
5. പാലുകാച്ചി
6. മാടത്തുംകാവ്
7. നാലാം വാർഡിലെ കുറിച്ച്യ കോളനി
8. ചുങ്കക്കുന്ന്
9. കരിമ്പിൽകണ്ടം
10. എട്ടാം വാർഡിൽ അമ്പായത്തോട്ടിൽ ചെമ്പരത്തിക്കുന്ന്
11. ഒമ്പതാം വാർഡിൽ 2 അംഗനവാടികൾ

28. അംഗനവാടി ജീവനക്കാർക്ക് ശിശുപരിപാലനത്തിലും ആരോഗ്യപരിപാലനത്തിലും ആവശ്യമായ പരിശീലനം നൽകുക. അവർക്ക് മെച്ചമായ സേവന - വേതന വ്യവസ്ഥകൾ നടപ്പിലാക്കുക.

29. അംഗനവാടിയിലെ കുട്ടികൾക്കായി കലാകായിക മത്സരങ്ങൾ നടത്തുക.

30. ഓരോ വാർഡിലും കമ്മ്യൂണിറ്റി ഹാളുകൾ പണിയുകയും അവയോടനുബന്ധിച്ച് വായനശാലയും ടെലിവിഷൻ, റേഡിയോ മുതലായ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.

31. നിരക്ഷരരായ ആളുകളെ സാക്ഷരരാക്കുവാൻ വേണ്ടി നിർജ്ജീവമായ സാക്ഷരതാ പ്രവർത്തനങ്ങൾ പുനരാരംഭിക്കുക.

32. വായനശാലകൾക്ക് ഗ്രാന്റ് അനുവദിക്കുകയും കാലാകാലങ്ങളിൽ പുസ്തകങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും ലഭ്യമാക്കുകയും ചെയ്യുക.

33. എൽ.എസ്.എസ്., യു.എസ്.എസ്, നവോദയ പരീക്ഷകൾക്കുള്ള പരിശീലന സൗകര്യം പഞ്ചായത്ത് തലത്തിൽ ഏർപ്പെടുത്തുക.

34. സബ്ജില്ല, ജില്ല തലത്തിൽ നടക്കുന്ന സ്പോർട്സ്, ഗയിംസ്, യൂത്ത്ഫെസ്റ്റിവൽ, ശാസ്ത്രമേള, പ്രവൃത്തിപരിചയമേള ഇവകളിൽ ഓരോ സ്ക്കൂളിന്റേയും പങ്കാളിത്തം ഉറപ്പുവരുത്തുക.

35. എല്ലാ തൊഴിലും മാന്യതയുള്ളതാണെന്നുള്ള ആശയം കുട്ടികളിൽ ഉണ്ടാക്കുക.

36. എല്ലാ സ്ക്കൂളുകൾക്കും ടി.വി., റേഡിയോ, ടേപ് റിക്കാർഡർ എന്നിവ ലഭ്യമാക്കുക.

37. ലൈബ്രറികൾ ഇല്ലാത്ത രണ്ട് സ്ക്കൂളുകളിൽ അവ തുടങ്ങുന്നതിനള്ള നടപടികൾ സ്വീകരിക്കുക.

38. സ്ക്കൂളുകളിലെ ഉപയോഗ്യമല്ലാത്ത മൂത്രപ്പുരകൾ നന്നാക്കുവാൻ നടപടികൾ എടുക്കുക.

39. സ്ക്കൂളുകളിൽ ടെക്സ്റ്റ് ബുക്കുകൾ യഥാസമയം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

40. ഓരോ സ്ക്കൂളും വർഷം തോറും പഠന - വിനോദ യാത്രകൾ സംഘടിപ്പിക്കുക.

പട്ടിക I

## കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

| വാർഡ് നമ്പർ | സ്കൂളിന്റെ പേര് | ആകെ കുട്ടികൾ | | | SC/ST കുട്ടികളുടെ എണ്ണം | | | തോറ്റുപഠിക്കുന്നവർ | | | | | | പഠനംനിർത്തിയവർ | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ആകെ | | | SC/ST | | | മറ്റുള്ളവർ | | | SC/ST | | | മറ്റുള്ളവർ | | | SC/ST കുട്ടികൾ | | |
| | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | I.J.M.H.S. കൊട്ടിയൂർ | 397 | 446 | 825 | 9 | 12 | 21 | 30 | 20 | 50 | 1 | 3 | 4 | - | - | - | - | - | - |
| 2. | ഗവ. യു.പി.സ്കൂൾ ചുങ്കക്കുന്ന് | 355 | 291 | 646 | 23 | 14 | 37 | 24 | 20 | 44 | - | - | - | 4 | 1 | 5 | 15 | 11 | 26 |
| 3. | N.S.S.യു.പി.സ്കൂൾ പാമ്പറപ്പാൻ | 152 | 139 | 291 | 5 | 12 | 17 | 23 | 11 | 34 | 1 | - | 1 | 8 | 6 | 14 | 1 | - | 15 |
| 4. | ഗവ. യു.പി.സ്കൂൾ, | 176 | 203 | 379 | 16 | 16 | 32 | 14 | 18 | 32 | - | 1 | 1 | 2 | - | 2 | - | - | - |
| 5. | സെന്റ്ജോർജ്ജ് യു.പി. സ്കൂൾ, അമ്പായത്തോട് | 141 | 118 | 259 | 24 | 26 | 50 | 7 | 4 | 11 | 8 | 7 | 15 | 3 | - | 3 | 7 | 4 | 11 |
| 6. | S.N.LP. സ്കൂൾ, മന്ദംചേരി. | 208 | 226 | 434 | 30 | 17 | 47 | 20 | 12 | 32 | 4 | 3 | 7 | - | - | - | 3 | 2 | 5 |
| 7. | സെന്റ്ജോർജ്ജ് എൽ. പി. സ്കൂൾ, അമ്പായത്തോട് | 135 | 127 | 262 | 39 | 30 | 69 | 6 | 3 | 9 | 3 | 3 | 6 | - | - | - | 1 | - | 1 |

## പട്ടിക II

## സ്കൂളിന്റെ പൊതുവിവരം.

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | സ്കൂളിന്റെ ഉടമസ്ഥത | | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | | | | സ്കൂൾ കാമ്പസിന്റെ മൊത്ത വിസ്തീർണ്ണം | കളിസ്ഥലത്തിന്റെ വിസ്തീർണ്ണം | ഉപയോഗ്യമല്ലാത്തവ സ്ഥലം. |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സർക്കാർ | എയിഡഡ് | ആൺ | പെൺ | ആകെ | ആകെ അനുവദിച്ച പോസ്റ്റ് | നിലവിലിലുള്ള വരുടെ എണ്ണം | ഒഴിവുകളുടെ എണ്ണം | ദീർഘകാല ലീവുള്ളവർ | | | |
| 1 | I.J.M.H.S. ഹൈസ്കൂൾ,കൊട്ടിയൂർ | | ✔ | 397 | 446 | 825 | 32 | 32 | | | 3ഏ. | 60സെ. | 2 ഏ. |
| 2. | ഗവ. യു.പി.സ്കൂൾ,ചുങ്കക്കുന്ന് | ✔ | | 355 | 291 | 646 | 20 | 20 | | | 1 ഏ. | 50സെ. | |
| 3. | N.S.S.യു.പി.സ്കൂൾ, പാമ്പറപ്പാൻ | | ✔ | 152 | 139 | 291 | | 12 | | | 1 ഏ. | | |
| 4. | ഗവ. യു.പി.സ്കൂൾ,തലക്കാണി | ✔ | | 176 | 203 | 379 | 16 | 16 | | | 56 സെ. | | |
| 5. | സെന്റ്ജോർജ്ജ് യു.പി. സ്കൂൾ, അമ്പായത്തോട് | | ✔ | 141 | 118 | 259 | 11 | 11 | | | 1.5 ഏ. | | 50 സെ. |
| 6. | S.N.LP. സ്കൂൾ, മന്ദംചേരി. | | ✔ | 208 | 226 | 434 | 12 | 12 | | | 1 ഏ. | 50 സെ. | |
| 7. | സെന്റ്ജോർജ്ജ്,എൽ. പി. സ്കൂൾ, അമ്പായത്തോട് | | ✔ | 135 | 127 | 262 | 8 | 8 | | | 3.5 ഏ. | | 3 ഏ. |

## പട്ടിക III
## അക്കാദമിക് നിലവാരം

| സ്കൂളിന്റെ പേര് | കുട്ടികളുടെ പൊതുപഠന നിലവാരം | | | | | | S.S.L.C വിജയശതമാനം. | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | ആകെ | 30 ശതമാനത്തിൽ താഴെ മാർക്ക് നേടുന്നവർ | 30-40 ശതമാനം മാർക്ക് നേടുന്നവർ. | 40-50 ശതമാനം മാർക്ക് നേടുന്നവർ. | 50-60 ശതമാനം മാർക്ക് നേടുന്നവർ. | 60ശതമാനത്തിൽ കൂടുതൽ നേടുന്നവർ. | 91-92 | 92-93 | 93-94 | 94-95 | 95-96 |
| I.J.M.H.S. ഹൈസ്കൂൾ,കൊട്ടിയൂർ | 825 | 572 | 167 | 57 | 23 | 6 | 58 % | 61% | 68% | 58% | 59% |
| ഗവ. യു.പി.സ്കൂൾ,ചുങ്കക്കുന്ന് | 466 | 65 | 141 | 125 | 68 | 67 | | | | | |
| N.S.S.യു.പി.സ്കൂൾ, പാമ്പറപ്പാൻ | 291 | 60 | 54 | 70 | 50 | 57 | | | | | |
| ഗവ. യൂ.പി.സ്കൂൾ, തലക്കാണി | 379 | 38 | 38 | 190 | 76 | 37 | | | | | |
| സെന്റ്ജോർജ്ജ് യു.പി. സ്കൂൾ, അമ്പായത്തോട് | 259 | 16 | 63 | 41 | 36 | 103 | | | | | |
| S.N.LP. സ്കൂൾ, മന്ദംചേരി. | | | | | | | | | | | |
| സെന്റ്ജോർജ്ജ്, എൽ. പി. സ്കൂൾ, അമ്പായത്തോട് | 130 | | 8 | 16 | 56 | 50 | | | | | |

## അക്കാദമിക് സൗകര്യങ്ങൾ

| ക്രമ നമ്പർ | സ്കൂളിന്റെ പേർ | ലൈബ്രറികൾ ഉണ്ട് / ഇല്ല | ലബോറട്ടറി പ്രവർത്തനം ഉണ്ട് / ഇല്ല | പഠനോപകരണങ്ങൾ (മാപ്പ്, ഗ്ലോബ്) ഉണ്ട് / ഇല്ല | ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ-എണ്ണം | | | | | | | | ബ്ലാക്ക് ബോർഡ് | | 95 96ൽ ലഭിച്ച അദ്ധ്യയനവർഷം | സമരങ്ങളിലൂടെ നഷ്ടപ്പെട്ട അദ്ധ്യയന ദിനങ്ങൾ | പ്രത്യേക പൊതു അവധികളിലൂടെ നഷ്ടമായ അദ്ധ്യയനങ്ങളുടെ ദിനം | മാതൃസംഗമം സജീവം/സജീവമല്ല. | ക്ലാസ്റൂം പി.ടി.എൻ പ്രവർത്തിക്കുന്നു / ഇല്ല |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | റേഡിയോ | ടേപ്പ് റിക്കോർഡർ | ടി.വി. | വി.സി.ആർ.,വി.സി.പി | സിനിമാപ്രൊജക്റ്റർ | സ്ലൈഡ്പ്രൊജക്റ്റർ | ഓവർഹെഡ്പ്രൊജക്റ്റർ | കമ്പ്യൂട്ടർ | ആവശ്യമുള്ളത് | നിലവിലുള്ളത്. | | | | | |
| 1. | I.J.M.H.S. കൊട്ടിയൂർ | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | 21 | 21 | 172 | ഇല്ല | ഇല്ല | അല്ല | പ്രവർത്തിക്കുന്നു. |
| 2. | ഗവ. യു,പി സ്കൂൾ ചുങ്കക്കുന്ന്. | ഉണ്ട് | ഉണ്ട് | വേണ്ടത്ര ഇല്ല | ഉണ്ട് പ്രവർത്തിക്കുന്നില്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 10 | 7 | 192 | ഇല്ല | 17 | സജീവം | പ്രവർത്തിക്കുന്നു. |
| 3. | N.S.S. യു.പി.സ്കൂൾ പാമ്പറപ്പാൻ | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 8 | 6 | 194 | ഇല്ല | 6 | സജീവം | പ്രവർത്തിക്കുന്നു. |
| 4. | ഗവ. യു.പി.സ്കൂൾ തലക്കാണി. | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് പ്രവർത്തിക്കുന്നില്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 14 | 19 | 183 | ഇല്ല | 7 | സജീവം | പ്രവർത്തിക്കുന്നു. |
| 5. | സെന്റ്ജോർജ്ജ്, യു.പി സ്കൂൾ, അമ്പായത്തോട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 7 | 7 | 192 | ഇല്ല | - | സജീവം | പ്രവർത്തിക്കുന്നു. |
| 6. | S.N.L.P സ്കൂൾ മന്ദംചേരി. | ഉണ്ട് പ്രവർത്തിക്കുന്നില്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 15 | 15 | 192 | ഇല്ല | - | സജീവം | പ്രവർത്തിക്കുന്നു. |
| 7. | സെന്റ്ജോർജ്ജ്, എൽ..പി സ്കൂൾ, അമ്പായത്തോട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 9 | 5 | 192 | ഇല്ല | - | സജീവം | പ്രവർത്തിക്കുന്നു. |

## പട്ടിക V
## ഭൗതികസൗകര്യങ്ങളുടെ വിവരം

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | ആകെ ഡിവിഷനുകളുടെ എണ്ണം | കെട്ടിടങ്ങൾ | | | മുറികൾ | | | മുറികൾ ആവശ്യമുണ്ടെങ്കിൽ എണ്ണം | ഇനി ആവശ്യമുള്ള കെട്ടിടം മുറികൾ നിർമ്മിക്കാനുള്ള ഭൂമി ഉണ്ട്/ഇല്ല | നിലവിലുള്ള മൂത്രപ്പുര | ഇനി ആവശ്യമുള്ളതിന്റെ എണ്ണം | നിലവിലുള്ള കക്കൂസിന്റെ എണ്ണം | ഉപയോഗശൂന്യമായകക്കൂസുകളുടെ എണ്ണം | കുടിവെള്ള സംവിധാനം | വൈദ്യുതീകരണം ഉണ്ട് / ഇല്ല | പാചകമുറി | സ്റ്റാഫ് റൂം | ഇനി ആവശ്യമായവ | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | സ്ഥിരം | അർദ്ധ സ്ഥിരം | താൽക്കാലികം | സ്ഥിരം | അർദ്ധ സ്ഥിരം | താൽക്കാലികം | | | | | | | | | | | ഡസ്ക് | ബഞ്ച് | മേശ | കസേര | ഓഫീസ് ഫർണിച്ചർ |
| 1 | I.J.M.H.S. കൊട്ടിയൂർ | 20 | 1 | | | 27 | | | ഇല്ല | ഇല്ല | 1 | 2 | 4 | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | 50 | 60 | 8 | 15 | |
| 2. | ഗവ. യു.പി.സ്കൂൾ ചുങ്കക്കുന്ന് | 17 | 2 | 2 | | 10 | 10 | | | | 1 | 2 | 1 | 1 | ഉണ്ട് പൈപ്പ് | ഉണ്ട് | ഇല്ല | ഉണ്ട് | 96 | 61 | 8 | 13 | 11 |
| 3. | N.S.S.യു.പി.സ്കൂൾ പാമ്പറപ്പാൻ | 8 | 3 | | | 7 | | | | | 1 | 2 | 1 | | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | 12 | 12 | 6 | 12 | 20 |
| 4. | ഗവ. യൂ.പി.സ്കൂൾ, തലക്കാണി | 13 | 2 | 1 | | 11 | | | ഇല്ല | ഇല്ല | 1 | 3 | 1 | ഇല്ല | ഉണ്ട | ഉണ്ട് | ഉണ്ട് | ഉണ്ട് | 15 | 25 | 5 | 5 | 4 |
| 5. | സെന്റ്ജോർജ്ജ് യു.പി. സ്കൂൾ, അമ്പായത്തോട് | 7 | 3 | | | 4 | 3 | | ഇല്ല | ഇല്ല | 2 | 3 | 1 | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 35 | 48 | 8 | 2 | |
| 6. | S.N.L.P. സ്കൂൾ,മന്ദംചേരി. | 12 | 12 | | | 2 | 10 | | ഇല്ല | ഇല്ല | 1 | 1 | 2 | 2 | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | 1 | 60 | 16 | 20 | മേശ കസേര |
| 5. | സെന്റ്ജോർജ്ജ് എൽ.പി.സ്കൂൾ, അമ്പായത്തോട് | 8 | 3 | 1 | 1 | 1 | 1 | 1 | ഇല്ല | ഇല്ല | 1 | 2 | 1 | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | 20 | 20 | 8 | 8 | 3 |

41\. ആഴ്ചയിലൊരിക്കലെങ്കിലും സ്ക്കൂൾ അംസംബ്ലി, സാഹിത്യസമാജം ഇവ നടത്തേണ്ട താണ്.

വിദ്യാഭ്യാസരംഗം ചടുലമാക്കാൻ അടിയന്തിര മായി ചെയ്യേണ്ടത് ഇപ്പോൾ നിർജ്ജീവമായിക്കി ടക്കുന്ന 'ഗുരുകുലം' പദ്ധതി സജീവമാക്കുകയാ ണ്. അതിന് അധ്യാപകരുടേയും കുട്ടികളുടേയും രക്ഷാകർത്താക്കളുടേയും സഹകരണം തേടേണ്ട താണ്. വിദ്യാലയങ്ങളിലെ പാഠ്യപ്രവർത്തനങ്ങൾ സജീവമാക്കുന്നതിനോടൊപ്പം പാഠ്യേതര പ്രവർത്ത നങ്ങളും സജീവമാക്കേണ്ടതുണ്ട്. സ്ക്കൂൾ പാർല മെണ്ടുകൾ, സ്കൗട്ടുകൾ, ഗൈഡുകൾ, സാഹി ത്യസമാജങ്ങൾ, കൈയ്യെഴുത്ത് ചിത്ര മാസിക കൾ, പൂന്തോട്ട - പച്ചക്കറിതോട്ടങ്ങൾ കലാകായിക പരിശീലന പരിപാടികൾ, പഠന വിനോദയാത്ര കൾ തുടങ്ങിയ നിരവധി പരിപാടികൾ ഓരോ സ്ക്കൂളും ഏറ്റെടുത്ത് നടത്തേണ്ടതാണ്. നാം ഒത്തൊരുമിച്ച് ശ്രമിച്ചാൽ വിദ്യാഭ്യാസ മേഖലയിലെ ശോച്യാവസ്ഥ വളരെ വേഗത്തിൽ ഇല്ലായ്മ ചെയ്യു വാൻ സാധിക്കും.

റിപ്പോർട്ട് തയ്യാറാക്കിയവർ

ഒ.എം. കുര്യച്ചൻ

കെ.ഇ. ജോസഫ് കോച്ചേരി

ബേബി. സി.ജെ.

ജോൺ സെബാസ്റ്റ്യൻ ഓരത്തേൽ

രാകേഷ് കല്ലോലിക്കൽ

ജോണി ആമക്കാട്



# കുടിവെള്ളവും പൊതുജനാരോഗ്യവും

ശുദ്ധവായു, ശുദ്ധജലം, ശുചിത്വമുള്ള പാർപ്പിടം ഒരു ജനതയുടെ ആരോഗ്യകാര്യത്തിൽ ഏറ്റവും സ്വാധീനം ചെലുത്തുന്ന ഘടകങ്ങളാണിവ. ജീവജാലങ്ങളുടെ നിലനിൽപ്, ജലലഭ്യതയെ ആശ്രയിച്ചിരിക്കുന്നു. മനുഷ്യന് കുടിക്കുന്നതിനും കുളിക്കുന്നതിനും ഭക്ഷണം പാകം ചെയ്യുന്നതിനും വസ്ത്രങ്ങൾ കഴുകി വൃത്തിയാക്കുന്നതിനും കൃഷിക്കും വ്യവസായത്തിനും ജലം അത്യന്താപേക്ഷിതമാണ്. ഭൂമിയിലുള്ള വെള്ളം മൊത്തത്തിൽ ഒരു ഗാലൻ (4.1 ലിറ്റർ) ഭരണിയിൽ ഉൾക്കൊള്ളിക്കാമെങ്കിൽ അതിൽരണ്ട് സ്പൂൺ വെള്ളമാണ് പാനയോഗ്യമായിട്ടുള്ളത്. ആളോഹരി ശുദ്ധജലത്തോത് വികസനത്തിന്റെ അളവ് കോലായി പരിഗണിക്കപ്പെടുന്നു. ജീവൻ നിലനിറുത്തുന്നതിന് ഒരു മനുഷ്യന് ഒരു വർഷം ഒരു ക്യൂബിക് മീറ്റർ ശുദ്ധജലം ആവശ്യമുണ്ട്. എല്ലാ ആവശ്യങ്ങൾക്കും കൂടി 28 ക്യൂബിക് മീറ്റർ ജലം വേണ്ടിവരും. അതായത് ഒരാൾക്ക് ഒരു ദിവസം 75ലിറ്റർ ജലം ആവശ്യമായി വരുന്നു. ഇന്ത്യിൽ ജനസംഖ്യ പ്രതിവർഷം 1.80 കോടി നിരക്കിൽ വർദ്ധിച്ച് വരുന്നു. ഈ സാഹചര്യത്തിൽ 21ാം നൂറ്റാണ്ട് ആകുമ്പോഴേക്കും ശുദ്ധജലലഭ്യതയുടെ കാര്യത്തിൽ സ്ഫോടനാത്മകമായ സ്ഥിതിവിശേഷത്തെയാണ് നാം നേരിടേണ്ടി വരുക.

ഈ പഞ്ചായത്തിലെ 70% ജനങ്ങളും കിണറുകളെയാണ് ആശ്രയിക്കുന്നത്. 3816 കിണറുകൾ ഉള്ളതിൽ 412 എണ്ണം വേനൽക്കാലങ്ങളിൽ വെള്ളം വറ്റുന്നവയാണ്. പഞ്ചായത്തിന്റെ വിസ്തൃതിയുടെ 28%വും ജലക്ഷാമമനുഭവപ്പെടുന്ന പ്രദേശങ്ങളാണ്. കേരള വാട്ടർ അതോറിറ്റിയുടെ ഒരു മിനി ജലവിതരണ പദ്ധതിയാണ് പഞ്ചായത്തിൽ ഇപ്പോഴുള്ളത്. ഇതിൽനിന്നും കൊട്ടിയൂർ അമ്പലത്തിന്റെ പരിസരം മുതൽ കിഴക്കോട്ട് മന്ദഞ്ചേരി വരെയും പടിഞ്ഞാറോട്ട് കൊട്ടിയൂൾ പഞ്ചായത്താഫീസ് വരെയും (PWD റോഡ്) (തോടുവരെ) പൈപ്പ്ലൈൻ ഉണ്ടെങ്കിലും ആകെയുള്ള 20 ടാപ്പുകളിൽ രണ്ട് ടാപ്പുകൾ മാത്രമാണ് പ്രവർത്തിക്കുന്നത്. കൊട്ടിയൂർ അമ്പലത്തിന്റെ പരിസരത്തുകൂടി ഒഴുകുന്ന ബാവലിപ്പുഴയുടെ തീരത്ത് നിർമ്മിച്ചിട്ടുള്ള കിണറിൽനിന്നും പമ്പ് ചെയ്താണ് വെള്ളം ടാങ്കിലേക്ക് എത്തിക്കുന്നത്. കൊട്ടിയൂർ അമ്പലത്തിൽ തൊഴാൻ വരുന്ന ലക്ഷക്കണക്കിന് ഭക്തജനങ്ങളും മാറാരോഗികളും പകർച്ചവ്യാധികളുള്ള ഭിക്ഷാടകരും കുളിക്കുകയും മലമൂത്രവിസർജ്ജനം നടത്തുകയും ചെയ്യുന്നത് ഈ കിണറിന്റേ പരിസരങ്ങളിലാണ്. അങ്ങനെ മലിനമാകുന്ന ജലം ഈ കിണറിൽ ഒലിച്ചിറങ്ങുന്ന അവസ്ഥയാണ് ഇപ്പോഴുള്ളത്. വിവിധ വാർഡുകളിലായി 16 പൊതു കിണറുകളാണ് ഉള്ളത്. ഇതിൽ 4 എണ്ണം ഇപ്പോൾ ഉപയോഗ ശൂന്യമാണ്. സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ സഹായത്തോടെ പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി ജനകീയ പങ്കാളിത്തത്തോടെ നിർമ്മിച്ച 16 കുളങ്ങളിൽ നിന്നും ഇപ്പോൾ കുടിവെള്ളം ശേഖരിക്കുന്നത് ഒരു ഉത്തമമാതൃകയാണ്.

1995 - 96 വർഷത്തിൽ 1262 പേർക്ക് ജലജന്യ

രോഗങ്ങൾ ബാധിക്കുകയുണ്ടായി. കുടിവെള്ളം ശേഖരിക്കുന്നതിനായി ഒന്നരകിലോമീറ്റർ വരെ സഞ്ചരിക്കുന്നവർ പഞ്ചായത്തിൽ ഉണ്ട്. വിശോഷാൽ ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്നതായ പ്രശ്നപരിഹാരങ്ങളും പഞ്ചായത്തിൽ മൊത്തത്തിൽ ബാധകമാക്കാവുന്നതും ചർച്ചകളിലൂടെ രൂപപ്പെട്ടുവന്നിട്ടുള്ളതുമായ നിർദ്ദേശങ്ങളും സൂക്ഷ്മവിശകലനത്തിനായി ഇതിൽ ചേർത്തിട്ടുണ്ട്.

**I-ാം വാർഡ്**

i കളക്ടറുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്ന 3,90,00 രൂപ എസ്റ്റിമേറ്റ് വരുന്ന പദ്ധതി പണിയക്കോളനിയിൽ ഉടൻ നടപ്പിലാക്കുക.

ii) 150ഓളം കുടുംബങ്ങൾക്ക് വെള്ളമെത്തിക്കാവുന്ന 12 ലക്ഷം രൂപ എസ്റ്റിമേറ്റിൽ തയ്യാറാക്കിയ പാമ്പറപ്പാൻ, ഒറ്റപ്ലാവ്, ശുദ്ധജലവിതരണപദ്ധതി അടിയന്തിരമായി നടപ്പാക്കുക.

iii) മേരി പുൽപ്രയുടെ സ്ഥലത്ത് കുളം കുത്തി വെള്ളം പമ്പുചെയ്ത് കുറവക്കോളനിയിൽ വെള്ളം വിതരണം ചെയ്യുക.

iv) പന്നിയാംമല അംഗൻവാടിയുടെ സ്ഥലത്ത് പൊതുകിണർ നിർമ്മിക്കുക.

v) പന്നിയാമല മേലേ മലയിലുള്ള വിളക്കുന്നേൽ വർക്കിയുടെ പുരയിടത്തിൽ ടാങ്കുനിർമ്മിച്ച് അതിൽ അടുത്തുള്ള നീരുറവകളിൽനിന്നും വെള്ളം സംഭരിച്ച് 40ഓളം വരുന്ന കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിക്കുക.

vi) വേങ്ങമറ്റം ബേബിയുടെ പുരയിടത്തിൽ ടാങ്ക് നിർമ്മിച്ച് അതിനടുത്തുള്ള നീരുറവകളിൽനിന്നും ജലം ശേഖരിച്ച് ഈ പ്രദേശത്തുള്ള 60ഓളം കുടുംബങ്ങൾക്ക് ശുദ്ധജലം എത്തിക്കുക.

vii) നെല്ലിരിക്കും കാലായിൽ തങ്കപ്പന്റെ പറമ്പിൽ കിണർ കുഴിച്ച് അറയ്ക്കൽ ചാക്കോച്ചിയുടെ പറമ്പിൽ ടാങ്ക് നിർമ്മിച്ച് മോട്ടോർ ഉപയോഗിച്ച് വെള്ള സംഭരിച്ച് ഇവിടെയുള്ള 40ഓളം കുടുംബങ്ങൾക്ക് കുടിവെള്ളമെത്തിക്കാനുള്ള പദ്ധതി ആവിഷ്കരിക്കുക.

viii) വാഴക്കുന്നത്ത് ഗോപിയുടെ പറമ്പിൽ ഒരു പൊതുകിണർ കുഴിച്ച് 20ഓളം വരുന്ന കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിക്കുക.

ix) കിഴക്കേപ്പുറത്തുകൂടി ജനാർദ്ദനന്റെ പറമ്പിൽ കുളം നിർമ്മിച്ച് കിഴക്കേപ്പുറത്തുകൂടി സുബ്രന്റെ പുരയിടത്തിൽ ടാങ്ക് നിർമ്മിച്ച് 300ഓളം കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്ന പദ്ധതി വാട്ടർ അതോറിറ്റി നേരിട്ട് ഏറ്റെടുത്തതാണ്. ഈ പദ്ധതിയുടെ നടത്തിപ്പിന് 8 ലക്ഷം രൂപ അനുവദിച്ചതുമാണ്. ഈ പദ്ധതി യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ടതാണ്.

x) ഗാന്ധി ബ്ലോക്കിന്റെ കീഴിലുള്ള പന്നിയാംമല ആദിവാസി കോളനിയിൽ വാട്ടർ അതോറിറ്റി നേരിട്ട് ഏറ്റെടുത്തിട്ടുള്ള അടങ്കൽ തുക 3.5 ലക്ഷം രൂപ വരുന്ന ഈ പദ്ധതി ഉടൻ നടപ്പിലാക്കുക.

xi) ഒറ്റപ്പെട്ട് കിടക്കുന്ന കുടുംബങ്ങൾക്ക് കിണർകുഴിക്കുന്നതിന് സാമ്പത്തിക സഹായം ലഭ്യമാക്കുക.

**II-ാം വാർഡ്**

(വെറ്റിലക്കൊല്ലി, ചരൽക്കുന്ന് പ്രദേശം)

i) പുരുഷമാണിക്കത്ത് ഭാസ്കരൻ നായരുടെ പുരയിടത്തിൽ നിലവിലുള്ള പൊതുക്കിണർ ഇടിഞ്ഞു കിടക്കുന്നത് ഉപയോഗപ്രദമാക്കുന്നതിന് സത്വര നടപടികൾ കൈക്കൊള്ളുക.

ii) പാലുകാച്ചി പ്രദേശത്ത് നിലവിൽ നീരുറവയുള്ള ഓരത്തേൽ കുഞ്ഞേപ്പ്, ഇടക്കര ബേബി, പൊരുന്നയിൽ ജോർജ്ജ് എന്നിവരുടെ സ്ഥലത്ത് കുളം നിർമ്മിച്ച് പൈപ്പു വഴി കുടിവെള്ള ക്ഷാമമുള്ള ചരൽക്കുന്ന് പ്രദേശത്തെ ആളുകൾക്ക് വിതരണം ചെയ്യുക.

പാലുകാച്ചി അംഗൻവാടിക്ക് സമീപം ഒരു പൊതുകിണർ കുഴിക്കുക.

**III-ാം വാർഡ്**

i) പള്ളിക്കാമലിൽ ജോയി, പുത്തൻപീടിക ദേവസ്യ, കാരയ്ക്കാട്ട് ഉലഹന്നാൻ എന്നിവരുടെ പുരയിടത്തിൽ കുളം നിർമ്മിച്ച് വെള്ളം പമ്പുചെയ്ത് പൊയ്യമലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കാം.

ii) പാലുകാച്ചി കുറുമ്പത്ത് ബിനോയിയുടെ പറമ്പിലെ നീരുറവയിൽനിന്നും വെള്ളം പൈപ്പുവഴി വിതരണം ചെയ്ത് പാലുകാച്ചി പ്രദേശത്തെ പ്രശ്നം പരിഹരിക്കുക.

iii) ഒറ്റപ്ലാവ് കിഴക്ക് ജോസ് ഞരളത്ത് വയലിന്റെ പുരയിടത്തിൽ കുഴൽക്കിണർ നിർമ്മിക്കുക.

**IV-ാം വാർഡ്**

i) ചുങ്കക്കുന്ന് ടൗണിൽ നിലവിലുള്ള കേരള വാട്ടർ അതോറിറ്റിയുടെ ശുദ്ധജല വിതരണപദ്ധ ടെ പുനരാരംഭിക്കുക.

ii) തെങ്ങും തോട്ടം മാത്യുവിന്റെ പുരയിടത്തിൽ കുളം നിർമ്മിച്ച് ട്യൂബിട്ട് ഇരട്ടത്തോട് പ്രദേശ ത്തുള്ള 25ഓളം കുടുംബക്കാർക്ക് കുടിവെള്ളം എത്തിക്കുക.

iii) മണക്കാട്ട് കുര്യച്ചന്റെ പറമ്പിലെ ബ്ലോക്ക് കിണറിൽനിന്നും വെള്ളം പമ്പുചെയ്ത് പടലോടി ജോസിന്റെ പറമ്പിൽ ടാങ്ക് നിർമ്മിച്ച് വെള്ളം സംഭരിച്ച് 20ഓളം വീടുകളിൽ വെള്ളമെത്തിക്കുക.

iv) കുടിവെള്ളം കിട്ടാത്ത ഒറ്റപ്പെട്ടു താമസി ക്കുന്ന കുടുംബങ്ങൾക്ക് കിണർ കുണിക്കുവാൻ ആവശ്യമായ സാമ്പത്തിക സഹായം നൽകുക.

v) ആന്റണി കവളമ്മാക്കലിന്റെ പറമ്പിൽ കുളം കുഴിച്ച് ടാങ്ക് നിർമ്മിച്ച് വെള്ളം ശേഖരിച്ച് ഈ പ്രദേശത്തുള്ള 40ഓളം കുടുംബങ്ങൾക്ക് കുടി വെള്ളം എത്തിക്കുക.

**V-ാം വാർഡ്** :- (അംഗനവാടി പരിസരം, മെയിൻ റോഡ് പരിസരപ്രദേശം, കരിമ്പുംകണ്ടം മുകൾ ഭാഗം)

i) പൊട്ടംതോട് ഫോറസ്റ്റിൽ കുളം നിർമ്മിച്ച് പൈപ്പുവഴി അംഗൻവാടി പരിസരത്ത് ശുദ്ധജല വിതരണം നടത്തുക.

ii) കരിമ്പുംകണ്ട് മേലേ ഫോറസ്റ്റിൽ കുളം നിർമ്മിച്ച് കരിമ്പുംകണ്ട് പ്രദേശത്തെ ജനങ്ങളുടെ കുടിവെള്ളക്ഷാമം പരിഹരിക്കുക.

iii) കോളനി പ്രദേശത്ത് ഒരു കുളം നിർമ്മിച്ച് പൈപ്പ് വഴി താഴെ മെയിൻറോഡ് പരിസരത്ത് ജലവിതരണം നടത്തുക.

**VI-ാം വാർഡ്** :- (വെങ്ങലോടി, ചപ്പമല, കരി മ്പുംകണ്ടം താഴെ ഭാഗം)

ചപ്പമല, കരിമ്പുംകണ്ടം, മുകൾ ഭാഗത്തുള്ള നീരുറവകൾ ശേഖരിച്ച് പൈപ്പ്വഴി, വെങ്ങലോടി ചപ്പമല, കരിമ്പുംകണ്ടം താഴെ ഭാഗങ്ങളിൽ വിത രണം ചെയ്യുക.

**VII-ാം വാർഡ്** :- (അമ്പലക്കുന്ന് പ്രദേശം)

i) നെല്ലിയോടിയിൽ ജലസ്രോതസ്സുകൾ കണ്ടെത്തി പൈപ്പുവഴി 50ഓളം വീട്ടുകാർക്ക് കുടി വെള്ളമെത്തിക്കുക.

ii) അമ്പലക്കുന്ന് പ്രദേശത്ത് ഒരു കുഴൽക്കി ണർ നിർമ്മിക്കുക. തെക്കേപ്പറമ്പിൽ ചാത്തുക്കു ട്ടിയുടെ വീടിന്റെ പരിസരത്ത് ഒരു പൊതുക്കി ണർ കുഴിക്കുക.

iii) മന്ദഞ്ചേരി കക്കാട്ടിൽ സുധാകരന്റെ പറ മ്പിൽ ഒരു കിണർ കുഴിച്ച് പരിസരങ്ങളിലുള്ള തും ശുദ്ധജലസൗകര്യമില്ലാത്തതുമായ വീടുകൾക്ക് ശുദ്ധജലമെത്തിക്കുക.

iv) കിണറില്ലാത്ത കുടുംബങ്ങൾക്ക് കിണർ കുഴിക്കുന്നതിന് സാമ്പത്തിക സഹായം ലഭ്യമാ ക്കുക.

**VIII-ാം വാർഡ്** :- (കിഴക്കേ നെല്ലിയോടി, അമ്പാ യത്തോട് കിഴക്കേമല, പടിഞ്ഞാറെ നെല്ലിയോ ടിക്കു മുകൾഭാഗം)

i) കണ്ടപ്പുനം ടൗണിന് സമീപം നിലവിലുള്ള പഞ്ചായത്ത് കിണർ ഉപയോഗ്യമാക്കുക.

ii) വാട്ടർ അതോറിറ്റിയുടെ ശുദ്ധജലവിതരണം കാര്യക്ഷമമാക്കുക

iii) നെല്ലിയോടിയിലും അമ്പായത്തോടും കിഴക്കേ മലയിലുമുള്ള നീരുറവകൾ കണ്ടെത്തി ശുദ്ധജലം ഒരു പൊതു സ്ഥലത്ത് കേന്ദ്രീകരിച്ച് പൈപ്പുകൾ വഴി ശുദ്ധജലക്ഷാമം നേരിടുന്ന സ്ഥ ലങ്ങളിൽ വിതരണം ചെയ്യുക.

**IX-ാം വാർഡ്** :- (പാൽച്ചുരം കുറവകോളനി അ മ്പായത്തോട് സ്ക്കൂൾ പരിസരം)

i) പാൽച്ചുരം കുറവക്കോളനിക്കു സമീപം കുളം നിർമ്മിച്ച് എഴോളം കുടുംബക്കാർക്ക് കുടിവെള്ള മെത്തിക്കുക.

ii) അമ്പായത്തോട് പ്രദേശങ്ങളിൽ അടൂർക്കാ രുടെ കിഴക്ക് ഭാഗത്ത് ടാങ്ക് നിർമ്മിച്ച് പൈപ്പു വഴി 30ഓളം കുടുംബക്കാർക്ക് കുടിവെള്ളം ലഭ്യ മാക്കുവാൻ നടപടി സ്വീകരിക്കുക.

iii) പാൽച്ചുരം ആനന്ദഭവനം ജോർജ്ജിന്റെ വീടിന്റെ പടിഞ്ഞാറ് ഭാഗത്ത് ടാങ്ക് നിർമ്മിച്ച് പൈപ്പ് വഴി 70ഓളം കുടുംബക്കാർക്ക് ശുദ്ധജലം എത്തി ക്കാവുന്നതാണ്.

iv) മലയിൽ പുത്തൻപുര രവീന്ദ്രന്റെ വീടിന് കിഴക്കുഭാഗത്ത് ടാങ്ക് നിർമ്മിച്ച് പൈപ്പുവഴി 95ഓളം കുടുംബങ്ങൾക്ക് കുടിവെള്ളമെത്തിക്കുക.

v) മലയിൽ മോഹനന്റെ വീടിന് കിഴക്ക്ഭാഗത്ത് ഒരു പൊതു കിണർ നിർമ്മിക്കുക.

vi) അമ്പായത്തോട് സ്ക്കൂൾ പരിസരത്ത് കിണർ കുഴിച്ച് വെള്ളം പമ്പു ചെയ്താൽ അമ്പായത്തോട് സ്ക്കൂളുകൾക്കും പരിസരപ്രദേശത്തെ വീടുകളിലും കുടിവെള്ളം ലഭ്യമാക്കാം.

## പൊതുജനാരോഗ്യം

ഏതൊരു നാടിന്റേയും പ്രധാനസമ്പത്ത് ആനാട്ടിലെ ജനങ്ങളാണ്. ആരോഗ്യമുള്ള ജനതയുണ്ടായിരുന്നാൽ മറ്റെല്ലാ പുരോഗതിയും നമുക്ക് ഉണ്ടാക്കാൻ കഴിയും. ഉയർന്ന ആയുർനിരക്ക്, കുറഞ്ഞ മരണ - ശിശുമരണനിരക്ക്, ജനനനിർക്ക്, കുറഞ്ഞ രോഗാതുരത ഇവയൊക്കെയാണ് ഒരു സമൂഹത്തിന്റെ ആരോഗ്യസ്ഥിതി അളക്കാനുള്ള സൂചികകൾ. അവികസിത പ്രദേശമായ കൊട്ടിയൂർ മേല്പറഞ്ഞ കാര്യങ്ങളിൽ എല്ലാം തന്നെ പിന്നിലാണ്. കടുത്ത പട്ടിണി ഇല്ലെങ്കിലും വേണ്ടത്ര പോഷകാഹാരക്കുറവ് കൊണ്ട് നിരവധി രോഗങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ടാകുന്നുണ്ട്. പോഷകാഹാരം, ശുദ്ധജലം, വൃത്തിയായ പരിസരം, മതിയായ രോഗപ്രതിരോധ പ്രവർത്തനങ്ങൾ, രോഗചികിത്സാസൗകര്യങ്ങൾ, പരിസരാരോഗ്യം ഇവയുടെ അഭാവം പഞ്ചായത്തിൽ നിലനിൽക്കുന്നു. രോഗം ചികിത്സിച്ച് ഭേദമാക്കുന്നതിനേക്കാൾ രോഗം വരാതിരിക്കാനുള്ള അവസ്ഥ സൃഷ്ടിക്കുകയാണ് ആധുനിക ജീവിതത്തിൽ ഏർപ്പെടുത്തേണ്ടത്.

1972വരെ പഞ്ചായത്തിലെ ആരോഗ്യരംഗം ഏതാനും പാരമ്പര്യ വൈദ്യ കുടുംബങ്ങളെയാണ് ആശ്രയിച്ചുപോന്നത്. ആധുനിക ചികിത്സാസ്ഥാപനങ്ങളൊന്നും പഞ്ചായത്തിൽ ഉണ്ടായിരുന്നില്ല. ചരട്, ത്കിട് എന്നിവ ജപിച്ചുകൊടുക്കുക, മന്ത്രം ചെയ്ത് ഊതുക, വഴിപാടുകൾ നേരുക, തുടങ്ങിയ അന്ധവിശ്വാസജടിലമായ ചികിത്സാസമ്പ്രദായങ്ങൾക്ക് മുൻഗണന കൊടുത്തിരുന്ന കാലഘട്ടമായിരുന്നു അത്. ആധുനികശാസ്ത്രവും ചികിത്സാരീതികളും ഇത്രയും പുരോഗമിച്ച കാലഘട്ടത്തിലും ചുരുക്കം ചിലരെങ്കിലും പ്രാകൃതമായ ഈ രീതകൾ അനുവർത്തിക്കുന്നുണ്ട്. 1972ൽ പാമ്പറപ്പാനിൽ സ്ഥാപിതമായ പ്രാഥമിക ആരോഗ്യകേന്ദ്രമാണ് പഞ്ചായത്തിലെ ആദ്യത്തെ ചികിത്സാകേന്ദ്രം. ഇന്ന് ഒരു ഗവ: ആയുർവേദ ആശുപത്രിയും ഗവ: ഹോമിയോ ആശുപത്രിയും പ്രവർത്തിക്കുന്നു.

ഇപ്പോൾ ലഭ്യമായ കണക്കുകൾ അനുസരിച്ച് 17391 ജനങ്ങൾ ഈ പഞ്ചായത്തിലുണ്ട്. 9 ചികിത്സാസ്ഥാപനങ്ങൾ സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്നു. ഒരു അലോപ്പതി ചികിത്സാകേന്ദ്രം, രണ്ട് ഹോമിയോ ഡിസ്പൻസറികൾ, രണ്ട് മർമ്മ ചികിത്സാ കേന്ദ്രങ്ങൾ എന്നിവ കൂടാതെ ഒരു ഇംഗ്ലീഷ് മരുന്നുഷാപ്പ്, നാല് ആയുർവേദ ഔഷധശാലകൾ എന്നിവയും പഞ്ചായത്തിലെ ആരോഗ്യമേഖലയെ സമ്പുഷ്ടമാക്കുന്ന സ്ഥാപനങ്ങൾ ആണ്.

ഇത്രയേറെ സ്ഥാപനങ്ങൾ ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ പൊതു ആരോഗ്യസ്ഥിയിൽ ഇതിനനുസൃതമായുള്ള ഗുണപരമായ വ്യതിയാനം കാണുന്നില്ല എന്നാണ് സ്ഥിതിവിവരക്കണക്കുകൾ കാണിക്കുന്നത്. 1995-96 വർഷത്തിൽ 1200 ജലജന്യരോഗങ്ങളും 46 വായു ജന്യരോഗങ്ങളും 44 പ്രാണിജന്യരോഗങ്ങളും 2549 മറ്റ് രോഗങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടു. അർബുദം, ഹൃദ്രോഗം തുടങ്ങിയവക്ക് വിധേയമായവരുടെ എണ്ണം നമ്മുടെ പഞ്ചായത്തിൽ വർദ്ധിച്ചുവരുന്നു എന്ന് കാണുന്നത് ഏവരേയും ഉൽക്കണ്ഠാകുലരാക്കുന്നു.

പഞ്ചായത്തിലെ ജനനനിരക്ക് 25ഉം മരണനിരക്ക് 6.3ഉം ആണ്. ശരാശരി കുടുംബങ്ങളുടെ എണ്ണം 6 ആണ്. പഞ്ചായത്തിൽ കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള ഒരു സ്വകാര്യ അലോപ്പതി ചികിത്സാകേന്ദ്രവും ഒരു മർമ്മ ചികിത്സാകേന്ദ്രവും ആണ് ഉള്ളത്. ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നിട്ടുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ ഒരു സമഗ്ര ആരോഗ്യപരിപാടി നടപ്പിലാക്കുക വഴി രോഗരഹിതവും ആരോഗ്യപൂർണ്ണവുമായ ഒരു മാതൃകാപഞ്ചായത്ത് ആക്കിയെടുക്കാം എന്നതാകട്ടെ തുടർന്നിനി നമുക്കുള്ള ലക്ഷ്യം

### ആരോഗ്യരംഗം നേരിടുന്ന പ്രശ്നങ്ങൾ

1. ബോധവൽക്കരണത്തിന്റെ അഭാവം
2. പാരമ്പര്യ ചികിത്സകളെയും മറ്റ്

ആയുർവേദ ചികിത്സകളെയും സമൂഹം അവഗണിക്കുന്നു.

3. പൊതുസ്ഥലങ്ങളിൽ വേണ്ടത്ര കക്കൂസുകൾ ഇല്ല എന്നതും ഉള്ളവ വൃത്തിയായി സൂക്ഷിക്കുന്നില്ല എന്നതും കാര്യമായ പ്രശ്നമാണ്.

4. നദീതീരങ്ങളിലും പൊതുസ്ഥലങ്ങളിലും അറവ് ശാലകൾ നടത്തി അവയുടെ മാലിന്യങ്ങൾ വെള്ളത്തിൽ കലരാൻ ഇടയാക്കുന്നു.

5. വില്പന നടത്തുന്ന ഭക്ഷ്യവസ്തുക്കൾക്ക് വേണ്ടത്ര ഗുണമേന്മയില്ലാത്തത് ആരോഗ്യരംഗത്തെ ഗുരുതരമായി ബാധിക്കുന്നു.

6. പൊതു സ്ഥലങ്ങളിലെ മാലിന്യങ്ങൾ ആരോഗ്യകരമായി നശിപ്പിക്കുന്നതിന് ആരോഗ്യപ്രവർത്തകർ വേണ്ടത്ര ശുഷ്കാന്തി കാണിക്കുന്നില്ല.

7. രോഗനിവാരണത്തിന് ആവശ്യമായ ഔഷധങ്ങൾ യഥാസമയങ്ങളിൽ ആശുപത്രികളിൽനിന്നും ലഭിക്കുന്നില്ല.

8. പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ വേണ്ടത്ര ഡോക്ടർമാർ ഇല്ലാത്തത് പഞ്ചായത്തിലെ ആരോഗ്യരംഗം നേരിടുന്ന ഗുരുതരമായ പ്രതിസന്ധിയാണ്.

9. പൊതു ആരോഗ്യകേന്ദ്രങ്ങളോട് ജനങ്ങൾക്കുള്ള വിമുഖതയും ഈ രംഗം നേരിടുന്ന പ്രശ്നമാണ്.

10. എല്ലാ വാർഡുകതളിലും PHC ഇല്ലാത്തതുകൊണ്ട് ജനങ്ങൾക്ക് കൊട്ടിയൂർ പ്രാഥമികാരോഗ്യകേന്ദ്രത്തിൽ എത്താൻ 8 കി.മീറ്ററും വിദഗ്ദ്ധ ചികിത്സക്ക് 50 കി.മീറ്ററും സഞ്ചരിക്കേണ്ടിവരുന്നു.

## പഞ്ചായത്ത് തലത്തിൽ നടപ്പാക്കാവുന്ന നിർദ്ദേശങ്ങൾ

പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വിവിധ സന്നദ്ധ സംഘടനകളുടെ സഹായത്തോടെയും സഹകരണത്തോടെയും ആരോഗ്യ സംരക്ഷണ മാർഗ്ഗങ്ങളെ സംബന്ധിക്കുന്ന ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കാവുന്നതാണ്.

വിവിധ വാർഡുകളിൽ സോഷ്യൽ വെൽഫെയർ സൊസൈറ്റികൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഔഷധത്തോട്ട നിർമ്മാണവും അതിന്റെ ഉപയോഗക്രമങ്ങളും മറ്റ് പാരമ്പര്യ ചികിത്സകരെയും കൂട്ടിച്ചേർത്ത് ആയുർവേദരംഗത്ത് രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഔഷധ സസ്യങ്ങളുടെ ദൗർലഭ്യം പരിഹരിക്കാവുന്നതാണ്.

ജനങ്ങളുടെ മാനസികവും ശാരീരികവുമായ ആരോഗ്യം സംരക്ഷിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഒരു യോഗപരിശീലനകേന്ദ്രം നടപ്പിലാക്കേണ്ടതാണ്.

എല്ലാ വീടുകളിലും പൊതുസ്ഥലങ്ങളിലും സാനിട്ടറി കക്കൂസുകൾ ചിലവു കുറഞ്ഞ രീതിയിൽ ഉണ്ടാക്കുന്നതിന് വേണ്ട സാഹചര്യങ്ങൾ സർക്കാരിന്റെ സഹായത്തോടെ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുക.

ശുദ്ധവായു ലഭിക്കുന്നതിന് തരിശായിക്കിടക്കുന്ന സ്ഥലങ്ങളിൽ മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിന് ജനങ്ങളെ ബോധവാന്മാരാക്കുക.

നീണ്ടുനോക്കി ടൗൺ കേന്ദ്രമാക്കി മത്സ്യമാംസാദികൾ വില്പന നടത്തുന്നതിന് ഒരു പൊതു മാർക്കറ്റ് ഏർപ്പെടുത്തുകയും വില്പന നടത്തുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ജനകീയ സ്ക്വാഡുകൾ രൂപവൽക്കരിക്കുകയും, മാർക്കറ്റിലെ മലിനവസ്തുക്കൾ ഒരു നിശ്ചിത സ്ഥലത്ത് കേന്ദ്രീകരിച്ച് ആരോഗ്യകരമായ രീതിയിൽ നശിപ്പിക്കുവാനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്യേണ്ടതാണ്.

ഖരമാലിന്യങ്ങളിൽ എളുപ്പം നശിക്കാത്ത പ്ലാസ്റ്റിക്, കുപ്പി, തകരം, കട്ടിക്കടലാസുകൾ തുടങ്ങിയവ ഒരു നിശ്ചിത സ്ഥലത്ത് സമാഹരിക്കാനുള്ള സംവിധാനം ഉണ്ടാക്കുക. ടൗണുകളിൽ വേസ്റ്റ് ബോക്സുകൾ സ്ഥാപിക്കുന്നതിനും മാലിന്യങ്ങൾ യഥാസമയം നീക്കം ചെയ്യുവാനുമുള്ള സംവിധാനം ഏർപ്പെടുത്തുക.

വീടും പരിസരവും മലിനവിമുക്തമാക്കുന്നതിന് അടുക്കളയിലെ അവശിഷ്ടങ്ങളും ചപ്പു ചവറുകളും കേന്ദ്രീകരിക്കുന്നതിന് ഓരോ വീടിന്റെയും പരിസരത്ത് ഒരു കമ്പോസ്റ്റ് കുഴി എന്ന രീതി പ്രോത്സാഹിപ്പിക്കുക. ഇതുവഴി ജൈവവളം ഉല്പാദിപ്പിക്കുകയും രാസവളങ്ങളുടെ അമിതമായ ഉപയോഗം കൊണ്ടുള്ള ദോഷഫലങ്ങൾ ഒഴിവാക്കുകയും ചെയ്യാം.

സന്നദ്ധ സംഘടനകളുടെ സഹായത്തോടെ ആരോഗ്യപ്രവർത്തകർ ജനങ്ങളെ ഗ്രാമങ്ങളിൽ

സംഘടിപ്പിച്ച് ബോധവൽക്കരണ ചർച്ചാക്ലാസുകളും ശുചീകരണ പരിപാടികളും നടത്തുക.

രോഗനിവാരണത്തിനാവശ്യമായ ഔഷധങ്ങൾ യഥാസമയം ഉണ്ട് എന്ന് ഉറപ്പുവരുത്തുക.

ആദിവാസി കോളനികളിൽ കണ്ടുവരുന്ന വരട്ടുചൊറി, കുഷ്ഠരോഗം മറ്റ് സാംക്രമിക പകർച്ച വ്യാധികൾ എന്നിവയെക്കുറിച്ചും അവയുടെ നിവാരണ മാർഗ്ഗത്തെക്കുറിച്ചും പഠിക്കുന്നതിന് ഒരു വിദഗ്ദ്ധടീമിനെ നിയോഗിച്ച് ആദിവാസികളുടെ സഹകരണത്തോടെ നിർമ്മാർജ്ജനം ചെയ്യുന്നതിന് നടപടിയെടുക്കുക.

പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ ഡ്യൂട്ടി സമയങ്ങളിൽ ഡോക്ടർമാരുടെ സേവനം കൃത്യമായി ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തണം.

ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസിനുള്ള താല്പര്യക്കൂടുതൽകൊണ്ട് ഡ്യൂട്ടി സമയങ്ങളിൽ രോഗികൾക്ക് ചികിത്സ കൃത്യമായി ലഭ്യമാകുന്നില്ല എന്ന പരാതി പരിശോധിക്കുക.

പൊതു ആരോഗ്യകേന്ദ്രങ്ങളോട് ജനങ്ങൾക്കുള്ള വിമുഖത നല്ലതുപോലെ അനുഭവപ്പെടുന്ന പ്രദേശമാണ് കൊട്ടിയൂർ. ഈ പ്രശ്നം പരിഹരിക്കുന്നതിന് മെഡിക്കൽ രംഗത്ത് സേവനം ചെയ്യുന്ന ഡോക്ടർമാരും മറ്റ് ജീവനക്കാരും പൊതുജനങ്ങളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുകയും ജനങ്ങൾക്ക് നിലവിലുള്ള അജ്ഞത മാറ്റിയെടുക്കുന്നതിനുള്ള സാഹചര്യങ്ങൾ സൃഷ്ടിച്ചെടുക്കുകയും യഥാസമയങ്ങളിൽ ആരോഗ്യകേന്ദ്രങ്ങളിൽ ആവശ്യമായ സജ്ജീകരണങ്ങളും ആവശ്യമരുന്നുകളും ലഭിക്കുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്.

കാർബൺമോണോക്സൈഡിന്റെ അമിതമായ ദൂഷ്യം കൊണ്ടുണ്ടാകുന്ന ശ്വാസകോശരോഗങ്ങൾ കുറയുന്നതിന് എല്ലാ വീടുകളിലും ചെലവ് കുറഞ്ഞ പുകയില്ലാത്ത അടുപ്പുകളും ബയോഗ്യാസ് അടുപ്പുകളും ഉണ്ടാക്കുന്നതിന് വേണ്ട സജ്ജീകരണങ്ങളും ബോധവൽക്കരണപരിപാടികളും സന്നദ്ധസംഘടനകളുടെ സഹകരണത്തോടെ സർക്കാർ, അർദ്ധസർക്കാർ, മറ്റ് ഇതര ഏജൻസികളുടെ സഹായത്തോടെ നടപ്പാക്കുക.

സ്ക്കൂളുകളിലും വാഹനങ്ങളിലും പ്രഥമചികിത്സാ മാർഗ്ഗങ്ങൾ നിർബന്ധമാക്കുക.

ഹോട്ടലും പരിസരങ്ങളും ഹോട്ടലിലെ ജീവനക്കാരും വൃത്തിയായിരിക്കുവാൻ വേണ്ട സാഹചര്യങ്ങൾ സൃഷ്ടിക്കേണ്ടതാണ്.

വിഷവസ്തുക്കളുപയോഗിച്ച് പുഴയിൽനിന്നും തോടുകളിൽനിന്നും മീൻപിടിക്കുന്നത് കർശനമായി നിരോധിക്കുക.

നായ്ക്കൾ അലഞ്ഞുതിരിഞ്ഞു നടക്കാതിരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

കൊതുകു നശീകരണ മാർഗ്ഗങ്ങൾ സ്വീകരിക്കുക.

വിതരണം ചെയ്യുന്ന ജലം ശുദ്ധജലമെന്ന് ഉറപ്പ് വരുത്തുക.

പഞ്ചായത്ത് തലത്തിൽ ഒരു പൊതു ശ്മശാനം നിർമ്മിക്കുക.

അമിത കീടനാശിനി പ്രയോഗം കുറക്കുക. എല്ലാ ജനങ്ങളുടേയും ആരോഗ്യ നിലവാരവും രോഗവിവരങ്ങളും രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനുള്ള ഒരു ഹെൽത്ത് കാർഡ് സംവിധാനം ആരോഗ്യകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഏർപ്പെടുത്തുക.

നീണ്ടുനോക്കി ബസ്സ്റ്റാന്റിനോടനുബന്ധിച്ചും കോളനികളിലും പൊതുകക്കൂസ് നിർമ്മിക്കുക വഴി റോഡരുകിലും പുഴവക്കുകളിലും മറ്റു തുറസ്സായ സ്ഥലങ്ങളിലും നടത്തുന്ന മലമൂത്രവിസർജ്ജനം ഒഴിവാക്കാവുന്നതാണ്.

മദ്യം, മയക്കുമരുന്ന്, പുകയില അടങ്ങിയിട്ടുള്ള ഉൽപന്നങ്ങൾ പൂർണ്ണമായും നിരോധിക്കുക വഴി എല്ലാ ജനങ്ങളുടേയും ശ്വാസകോശ രോഗങ്ങളും ക്യാൻസർ പോലുള്ള മാരകരോഗങ്ങളും നിയന്ത്രിക്കാവുന്നതാണ്. ലഹരി പദാർത്ഥങ്ങൾകൊണ്ടുണ്ടാകുന്ന ദോഷവശങ്ങളെ സംബന്ധിച്ച് ജനങ്ങളിൽ ആരോഗ്യപ്രവർത്തകരുടെയും സന്നദ്ധസംഘടനകളുടേയും സഹായത്തോടെ പഞ്ചായത്ത് തലത്തിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടത് തീവ്രയജ്ഞപരിപാടിയായി ഏറ്റെടുത്ത് നടത്തേണ്ടതാണ്.

കൊട്ടിയൂർ ബാവലിപ്പുഴയിൽ തെങ്ങോലകൾ ഇട്ട് ചീയിക്കുകയും മറ്റും ചെയ്യുന്നത് ജനങ്ങൾക്ക് കുളിക്കുന്നതിനും മറ്റുമുണ്ടാക്കുന്ന ബുദ്ധിമുട്ട് ഒഴിവാക്കാൻ വേണ്ടത് ചെയ്യേണ്ടതാണ്.

### പഞ്ചായത്തിലെ ആരോഗ്യസ്ഥാപനങ്ങളും സേവനങ്ങളും

| | |
|---|---|
| പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ | 1 |
| ആയുർവേദ ആശുപത്രി | 1 |
| ഹോമിയോ ആശുപത്രി | 1 |
| സ്വകാര്യ ആശുപത്രി | 1 |

ഇവയിൽ ആകെ 41 ജീവനക്കാരാണുള്ളത്. കൂടാതെ രണ്ട് മർമ്മ ചികിത്സാകേന്ദ്രങ്ങളും മൂന്ന് സ്വകാര്യ ഹോമിയോ ക്ലിനിക്കുകളും പ്രവർത്തിക്കുന്നു. ഇവയ്ക്ക് പുറമെ പാൽചുരം SWS ന്റെ ആഭിമുഖ്യത്തിൽ ഒരു ആയുർവേദ ഔഷധനിർമ്മാണ കേന്ദ്രവും പ്രവർത്തിച്ച് വരുന്നു.

**കക്കൂസ്**

ശുചിത്വം കാത്ത് സൂക്ഷിക്കുന്നതിൽ അത്യാവശ്യം വേണ്ടത് കക്കൂസാണ്. പഞ്ചായത്തിലെ 1653 വീടുകളിൽ നിലവിൽ കക്കൂസില്ല. ഇതിനാൽ വയറിളക്കം, വിരശല്യം മറ്റും സാംക്രമിക രോഗങ്ങൾ എന്നിവ കൂടുതൽ കണ്ട് വരുന്നു. പഞ്ചായത്തിൽ കക്കൂസ് നിർമ്മാണത്തിൽ അനുഭവപ്പെടുന്ന പ്രയാസങ്ങളും അവയ്ക്കുള്ള പരിഹാരങ്ങളും താഴെ പറയും പ്രകാരമാണ്.

**പഞ്ചായത്തിലെ ആരോഗ്യസ്ഥാപനങ്ങൾ**

| ക്രമ നമ്പർ | ഗവ: ആരോഗ്യ സ്ഥാപനങ്ങൾ | വാർഡ് | സ്ഥാപന വർഷം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | FWC | 2 | - | 3 |
| 2 | PHC (ഗവ: ആശുപത്രി) | 7 | - | 24 |
| 3 | ഹോമിയോ ആശുപത്രി | 6 | - | 4 |
| 4 | ആയുർവേദ ആശുപത്രി | 5 | - | 5 |

### പ്രശ്നങ്ങൾ

1. സാമ്പത്തിക പരാധീനതകൾ
2. കോളനികളിലെ സ്ഥലപരിമിതി
3. കക്കൂസിന്റെ ആവശ്യകത ജനങ്ങൾക്ക് വേണ്ടത്ര ബോധ്യമായിട്ടില്ല.

### പരിഹാരങ്ങൾ

1. സർക്കാർ - അർദ്ധസർക്കാർ സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ തുടങ്ങിയവയുടെ സഹായത്താൽ സാമ്പത്തിക സമാഹരണം നടത്താവുന്നതാണ്.
2. കോളനികളിൽ പൊതുവായി ഒരു സെപ്റ്റിക് ടാങ്ക് നിർമ്മിച്ച് ഇത് പരിഹരിക്കാവുന്നതാണ്.
3. ആരോഗ്യയൂണിറ്റിന്റെ ബോധവൽക്കരണ പരിപാടികൾ ചർച്ചാക്ലാസുകളിലൂടെയും വീഡിയോ പ്രദർശനങ്ങളിലൂടെയും സന്നദ്ധസംഘടനകളിലൂടെ വിപുലമാക്കാം.

കൊട്ടിയൂർ പഞ്ചായത്തിലെ മാതൃശിശു സംരക്ഷണം കാര്യമായി നടക്കുന്നത് അംഗൻവാടികളിലൂടെയാണ്. അംഗനവാടികളുടെ പ്രവർത്തനവും വിശദവിവരങ്ങളും താഴെ പറയും പ്രകാരമാണ്.

പഞ്ചായത്തിൽ ആകെ 18 അംഗനവാടികൾ പ്രവർത്തിക്കുന്നു. ഒരു വയസ്സിന് താഴെ പ്രായമുള്ള 350 കുട്ടികളുണ്ട്. അംഗനവാടികളിൽ ആകെ 650 കുട്ടികൾ എത്തുന്നു. മുലയൂട്ടുന്ന അമ്മമാർ 144 പേർ പഞ്ചായത്തിലുണ്ട്. (6മാസത്തിൽ താഴെ പ്രായമുള്ള കുട്ടികളെ). കഴിഞ്ഞ വർഷം 350 കുട്ടികൾ ജനിച്ചു. ഒരു ചാപിള്ള ജനനവും രേഖപ്പെടുത്തിയിരിക്കുന്നു.

ഇതിൽ 662 കുട്ടികൾക്ക് അനുപൂരക പോഷകാഹാരം ലഭിക്കുന്നു. കൂടാതെ 81 ഗർഭിണികൾക്ക് അനുപൂരക പോഷകാഹാരം ലഭിക്കുന്നു. പുറമെ 58 മുലയൂട്ടുന്ന അമ്മമാർക്കും അനുപൂരക പോഷകാഹാരം ലഭിക്കുന്നു.

എന്നിരുന്നാലും പഞ്ചായത്തിലെ 6 വയസ്സിൽ താഴെയുള്ള 61 കുട്ടികൾ മിതമായ പോഷണക്കുറവുള്ളവരും 7 കുട്ടികൾ ഗുരുതരമായ പോഷണക്കുറവുള്ളവരുമാണ്.

പഞ്ചായത്തിലെ അംഗനവാടി പ്രവർത്തനങ്ങളും മാതൃശിശു സംരക്ഷണം ഒരു വലിയ പരിധിവരെ കാര്യക്ഷമമായി നടക്കുന്നു എന്നത് സ്തുത്യർഹമാണ്.

**റിപ്പോർട്ട് തയ്യാറാക്കാൻ സഹായിച്ചവർ**

*അഗസ്റ്റ്യൻ. ഇ.ജെ.* — *ജോണി മുത്തനാട്ട്*
*ജോസഫ്. പി.ടി.* — *ബാബു ഫ്രാൻസിസ്*

പ്രധാനപ്പെട്ട റോഡുകൾ





# ഗതാഗതം ഊർജ്ജം മാർക്കറ്റ്

ഒരു നാടിന്റെ രക്ത ധമനികളാണ് റോഡുകൾ. സമൂഹത്തിന്റെ സമസ്ത പുരോഗതിക്ക് അത് വഴിതെളിക്കേണ്ടതുമാണ്. ഗതാഗത പാതകളും സാമൂഹ്യ ഉയർച്ചയും പരസ്പര പൂരകങ്ങളായി പ്രവർത്തിക്കുന്നതുകൊണ്ടാകാം റോഡുകളെ സംബന്ധിച്ച അടങ്ങാത്ത ആഗ്രഹവുമായി കൊട്ടിയൂർ ജനത കേഴുന്നത്.

പഴശ്ശി രാജാവിന്റെ കാലഘട്ടത്തിൽതന്നെ 'ദക്ഷിണകാശി' എന്നറിയപ്പെടുന്ന ശ്രീ. കൊട്ടിയൂർ ക്ഷേത്രത്തിലേക്ക് ഊടുവഴിയുണ്ടായിരുന്ന പിൽക്കാലത്ത് ഋണാകൂൽ ഖാദർ ഹാജിയുടെ വകയായി മരം കൊണ്ടുപോകാൻ കൂപ്പു റോഡായി ഇത് ഉപയോഗിച്ചു വന്നു. 1948ന് ശേഷം കൊട്ടിയൂർ കുടിയേറ്റം നടന്ന കാലഘട്ടത്തിലെ ഈ പ്രദേശത്തെ ഏക പാതയും ഇതായിരുന്നു. പിന്നീട് കാപ്പാട് പഞ്ചായത്തിന്റെ ഒരു പത്രപരസ്യത്തിലൂടെയാണ് റോഡ് പഞ്ചായത്തിന്റെ കീഴിലായത്.

1968 വരെയുള്ള 20 വർഷത്തെ കുടിയേറ്റ ജനത്തിന്റെ വേദനയുടെ ദശാസന്ധിയിൽ അധികാരസ്ഥാനങ്ങൾ പുറംതിരിഞ്ഞ് നിന്നപ്പോൾ ബഹു. ക്രിസ്ത്യൻ വൈദികരുടെയും രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക സംഘടനകളുടേയും നേതൃത്വത്തിൽ നാടിന്റെ സമസ്ത പുരോഗതിക്കുവേണ്ടി 1969 ഒക്ടോബർ 2ന് 7000ൽ അധികം വരുന്ന കുടിയേറ്റ ജനത ഒത്തുചേർന്ന് ഒരു ദിവസം കൊണ്ട് 20 കിലോമീറ്റർ ദൂരം വരുന്ന മണത്തറ കൊട്ടിയൂർ റോഡ് പണി പൂർത്തിയാക്കി, താല്കാലിക ഗതാഗതയോഗ്യമാക്കി. വീണ്ടും അധികാരികളുടെ അവഗണയിൽ പ്രതിഷേധിച്ച് കണ്ണൂർ ജില്ലാ ആസ്ഥാനത്ത് ആയിരക്കണക്കിന് കൃഷിക്കാർ നടത്തിയ തൊപ്പിപ്പാള സമരത്തിന് ശേഷമാണ് PWD കൊട്ടിയൂർ റോഡ് ഏറ്റെടുത്തത്.

### PWD റോഡ്

കേവലം 8 കി.മീറ്റർ ടാർ റോഡാണ് PWD വകയായി പഞ്ചായത്തിലുള്ളത്. ശരാശരി ആളൊന്നിന് 40 സെ.മീ. റോഡ്. ഇത് മറ്റു പഞ്ചായത്തിനെ അപേക്ഷിച്ച് വളരെ കുറവാണ്.

### പ്രശ്നങ്ങൾ

ദിവസം പ്രതി നൂറോളം ബസ്സുകളും അനുബന്ധ വാഹനങ്ങളും ഉൾക്കൊള്ളാൻ നിലവിലുള്ള റോഡിന് ശേഷിയില്ല. ആവശ്യമായ വീതിയും ഓവുചാൽ ഇല്ലായ്മയും തന്നെ പ്രധാനം. ചതുപ്പ് പ്രദേശങ്ങളിൽ വേണ്ടത്ര ആസൂത്രണം നടത്താതെ ടാറിംഗ് നടത്തിയതിനാൽ വർഷക്കാലങ്ങളിൽ വെള്ളം കെട്ടി നിൽക്കുകയും ഗതാഗതത്തിന് ഒരു പേടിസ്വപ്നമാകുകയും ചെയ്യുന്നു. യഥാസമയത്ത് റോഡ് റിപ്പയർ ചെയ്യാഞ്ഞതും പ്രാദേശിക ഇടപെടൽ ഇല്ലാത്തതുമാണ് ഇന്നത്തെ ശോചനീയാവസ്ഥക്ക് പ്രധാന കാരണങ്ങൾ.

### സാധ്യതകൾ

1.വീതികൂട്ടി ഓടകൾ തീർത്ത് യഥാസമയം വേണ്ട അറ്റകുറ്റപ്പണികൾ ചെയ്യുക.

2. ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന്

പട്ടിക 1

| റോഡ് ഉയർത്തേണ്ട സ്ഥലം | കലുങ്കുകൾ പണിയേണ്ട സ്ഥലം |
|---|---|
| 1. ചുങ്കക്കുന്ന് കമില്ലസ് ആശുപത്രിക്ക് സമീപം | വേണ്ടലോടി റേഷൻ കടക്ക് സമീപം |
| 2. തുമ്പൻതുരുത്തി ജോസഫിന്റെ വീടിന് മുൻവശം | വെങ്ങലോടി കുരിശിന് സമീപം |
| 3. വെങ്ങലോടി (പഞ്ചാരമുക്ക്) ഭാഗം | കൊട്ടിയൂർ മുസ്ലിം പള്ളിക്ക് സമീപം |
| 4. തട്ടാംപറമ്പിൽ ജോസഫിന്റെ വീടിന് മുൻവശം | |
| 5. ഷാലറ്റ്ഭവൻ പ്രദേശം | |
| 6. അമ്പലത്തിന് കിഴക്കുഭാഗം | |

കേളകം - കൊട്ടിയൂർ സമാന്തര റോഡ് PWD ഏറ്റെടുത്ത് ഗതാഗത യോഗ്യമാക്കുക.

3. പട്ടിക 1 ൽ പറയുന്ന സ്ഥലങ്ങളിൽ റോഡ് ഉയർത്തുകയും കലുങ്കുകൾ നിർമ്മിക്കുകയും ചെയ്യുക.

പഞ്ചായത്തിലെ ടാർ റോഡുകളുടെ പേരുവിവരങ്ങൾ പട്ടിക 2ൽ ചേർത്തിരിക്കുന്നു.

**ചുരം റോഡ് പ്രശ്നങ്ങൾ**

കൊട്ടിയൂർ, കേളകം, കണിച്ചാൽ പഞ്ചായത്തുകളുടെ സമഗ്രവികസനത്തിന് ഉതകുന്നതും കണ്ണൂർ, വയനാട് ജില്ലകളെ യോജിപ്പിക്കുന്നതും സർവ്വോപരി മൂന്ന് സംസ്ഥാനങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതുമായ റോഡുകളാണ് കൊട്ടിയൂർ ബോയ്സ് ടൗൺ, കൊട്ടിയൂർ തലപ്പുഴ 44ാം മൈൽ. ഈ രണ്ടു റോഡുകളും യഥാക്രമം 3.700ഉം 6.900 കി.മീറ്റർ പണി പൂർത്തീകരിച്ചാൽ മതിയാകും.

## സാദ്ധ്യത

1. കൊട്ടിയൂർ തലപ്പുഴ റോഡ് ചുരുങ്ങിയ ഭാഗമേ ഫോറസ്റ്റിൽ കൂടി പോകുന്നതും അതുതന്നെ മുമ്പ് 8 മീറ്റർ വീതിയിൽ മരങ്ങൾ

പട്ടിക 2

| നമ്പർ | റോഡ് | ഉടമസ്ഥത | ദൂരം | വീതി | ബസ് / മറ്റ് യാത്രാ സൗകര്യങ്ങൾ |
|---|---|---|---|---|---|
| 1 | കുണ്ടുതോട് - അമ്പായത്തോട് | PWD | 8കി.മീ. | 8 മീ. | ഉണ്ട് |
| 2. | ഇരട്ടത്തോട് - ബവലിപ്പുഴറോഡ് (പൊയ്യമല) | P.T. | 0.200 | 8 മീ. | ഇല്ല |
| 3. | ചുങ്കക്കുന്ന് ഒറ്റപ്ലാവ് റോഡ് (ബാവലിപ്പുഴവരെ) | P.T | 175 മീ. | 8 മീ. | ,, |
| 4. | ചുങ്കക്കുന്ന് പൊട്ടംതോട് റോഡ് | P.T. | 1800 മീ. | 8 മീ. | ,, |
| 5. | നീണ്ടുനോക്കി - നെഹ്രുവായനശാല റോഡ് | P.T. | 150 മീ. | 8 മീ. | ,, |
| 6. | നീണ്ടുനോക്കി - അട്ടിക്കുളം റോഡ് | P.T | 750 cr. | 8 മീ. | ,, |
| 7. | പാമ്പറപ്പാൻ - പന്നിയാമ്മലറോഡ് | P.T. | 200 മീ. | 6 മീ. | ,, |
| 8. | പാമ്പറപ്പാൻ - നെല്ലിയോട് പുതിയ കോളനി റോഡ് | P.T. | 670 മീ. | 8 മീ. | ,, |
| 9. | കണ്ടപ്പുനം - നെല്ലിയോടി റോഡ് | P.T. | 1600 മീ. | 8 മീ. | ഉണ്ട് |
| 10. | അമ്പായത്തോട് - താഴെ പാൽച്ചുരം റോഡ് | P.T. | 1200 മീ. | 8 മീ. | ,, |
| 11. | അമ്പായത്തോട് - ബോയ്സ് ടൗൺ റോഡ് | M.L.A | 3200 മീ | 8 മീ. | ,, |
| 12. | ബാവലിപ്പുഴ - പാലുകാച്ചി റോഡ് ചുങ്കക്കുന്ന് | P.T. | 300 മീ. | 7 മീ. | ഇല്ല. |

വെട്ടിമാറ്റിയതും കയറ്റം തീരെ കുറഞ്ഞതുമാണ്. ബാക്കി ഭാഗം സ്വകാര്യവ്യക്തിയുടെ കൈവശമുള്ളതും, ഉപയോഗയോഗ്യമായ താല്കാലിക റോഡുമാണ്. ഇത് വിട്ടുകിട്ടാൻ വിഷമമില്ല.

2. ബോയിസ് ടൗൺ റോഡിൽ ബാക്കിയുള്ള 3.700 കി.മീറ്ററിൽ സുമാർ 50 മീറ്റർ ഒഴികെയുള്ള ഭാഗം വീതി കൂട്ടി ടാർ ചെയ്യാവുന്നതാണ്. വീതി കുറഞ്ഞ 50 മീറ്റർ ഭാഗം നിലവിലുള്ള വീതിയിൽ ടാർ ചെയ്ത് ഗതാഗതത്തിനായി ഉപയോഗിക്കാം. ഈ രണ്ടു റോഡുകളും PWD ഏറ്റെടുത്ത് പണി പൂർത്തിയാക്കണം.

**മൺറോഡ്**

പഞ്ചായത്തിൽ മെറ്റൽ റോഡുകൾ നിലവിലില്ല. ജനസംഖ്യയിൽ ഭൂരിപക്ഷത്തിന്റേയും ഗതാഗത ആവശ്യം നിറവേറ്റുന്നത് മൺറോഡുകളാണ്. 81 റോഡുകളിലായി 110 - 256 കി.മീ.റോഡ് പഞ്ചായത്തിലുണ്ട്. ഭൂമിശാസ്ത്രപരമായി പഞ്ചായത്തിന്റെ കിടപ്പ് തെക്കും വടക്കുമുള്ള രണ്ട് വൻമലകളാണ്. ഈ മലകളിലേക്ക് സംസ്ഥാനം രൂപം കൊടുക്കുന്നതിനു മുമ്പുതന്നെ ചില കൂപ്പു റോഡുകൾ ഉണ്ടായിരുന്നു. ഇന്ന് മിക്കറോഡുകളും കൂപ്പ് റോഡിന്റെ അവസ്ഥയേക്കാൻ മോശമാണ്. ഇന്നും അത്യാസന്ന രോഗികളെ കസേരകളിൽ ഇരുത്തി മലമുകളിൽനിന്നും മെയിൻറോഡുവരെ ചുമലിലേറ്റി വരുന്ന രീതി ആധുനിക യുഗത്തിന് ഭൂഷണമല്ല.

കാലാകാലങ്ങളിൽ ജനങ്ങൾ നടത്തുന്ന റോഡ് റിപ്പയറുകൾ അതിശക്തമായ കാലവർഷക്കെടുതിയിൽ നശിച്ച് മണ്ണും, കല്ലും അടിവാരത്തുള്ള ബാവലിപ്പുഴയിലേക്ക് വരുന്നുണ്ട്. ഇതിന്റെ ഫലമായി ഈ മണൽ റോഡുകൾ ഉപയോഗ

പട്ടിക 3

| | അടിയന്തിരമായി ടാർ ചെയ്യേണ്ട റോഡുകളുടെ വിവരം പട്ടിക | | |
|---|---|---|---|
| വാർഡ് | റോഡിന്റെ പേര് | നീളം മീ. | വീതി മീ. |
| 1 | പന്നിയാമ്മല - ചുങ്കക്കുന്ന് സമാന്തര റോഡ് | 3500 | 5 |
| | പാമ്പറപ്പാൻ പന്നിയാമ്മല പണിയ കോളനി റോഡ് | 4000 | 7 |
| | നമ്പുടാകം ജംഗ്ഷൻ - കുറവ കോളനി റോഡ് | 1300 | 5 |
| 2 | നീണ്ടുനോക്കി - പാലുകാച്ചി ഹരിജൻ കോളനി റോഡ് | 2600 | 8 |
| | പള്ളിയറതുള്ളൽപാറ പാലുകാച്ചി റോഡ് | 1550 | 6,8 |
| 3 | ബാവലിപ്പുഴ - പാലുകാച്ചിറോഡ് | 3500 | 7 |
| | നേഴ്സറി സ്ക്കൂൾ - തുള്ളപാറ റോഡ് JRY | 850 | 8 |
| 4 | ചുങ്കക്കുന്ന് - കുറിച്യാകോളനി (പൊട്ടൻതോട്) | | |
| | റോഡ് (800 മീ. ടാർ ചെയ്തു) | 2458 | 8 |
| | ഇരട്ടത്തോട് മാത്തുംകാവ് റോഡ് | 2550 | 5.5 |
| 5 | വെങ്ങലോടി കോളനി റോഡ് | 1500 | 6 |
| | നരന്തനോട് - കൂടത്തിൽ റോഡ് | 1350 | 6 |
| 6 | തലക്കാണി കരിമ്പും കണ്ടം റോഡ് | 1400 | 6,5 |
| | നീണ്ടുനോക്കി അട്ടിക്കുളം റോഡ് | 500 | 8 |
| 7 | പാമ്പറപ്പാൻ നെല്ലിയോടി പണിയ കോളനി റോഡ് | 3300 | 8 |
| | പണിയകോളനി നെല്ലിയോടി റോഡ് | 500 | 8 |
| 8 | നെല്ലിയോടി 39ാം മൈൽ റോഡ് | 2150 | 5 |
| 9 | അമ്പായത്തോട് പാൽചുരം റോഡ് | 3200 | 8 |
| 1 | കോലാട്ട് ജംഗ്ഷൻ ഒറ്റപ്ലാവ് റോഡ് | 1300 | 5 |
| 3 | ചുങ്കക്കുന്ന് പൊയ്യമല റോഡ് | 3000 | 6 |
| 4 | പൊട്ടംതോട് മാടത്തുംകാവ് റോഡ് | 2500 | 5 |
| 6 | അട്ടിക്കുളം കരിമ്പിൻകണ്ടം റോഡ് | 0.930 | 8 |
| 4 | വെള്ളക്കടകവല -എരട്ടത്തോട് റോഡ് | 0.600 | 4 |

പട്ടിക 4

| വാർഡ് | നിലവിലുള്ള റോഡുകൾ | പഞ്ചായത്ത് പുതിയതായി ഏറ്റെടുക്കേണ്ട റോഡുകൾ | പുതിയതായി നിർമ്മിക്കേണ്ട റോഡുകൾ | കലുങ്കുകൾ | പാലങ്ങൾ |
|---|---|---|---|---|---|
| 1 | 11 | 3 | 3 | 16 | 1 |
| 2 | 10 | 5 | 2 | 12 | - |
| 3 | 13 | 2 | 2 | 13 | 1 |
| 4 | 9 | 3 | 1 | 6 | 3 |
| 5 | 7 | - | - | 3 | - |
| 6 | 11 | 3 | - | 10 | - |
| 7 | 11 | 6 | - | - | - |
| 8 | 13 | 6 | 3 | 12 | - |
| 9 | 11 | 3 | 2 | 14 | - |

യോഗ്യല്ലാതായിത്തീരുന്നു. കേവലം 6 മാസം മാത്രമേ ഈ റോഡിൽ കൂടി അപൂർവ്വമായി വാഹനങ്ങൾ ഓടുന്നുള്ളൂ.

മറ്റൊരു പ്രധാന പ്രശ്നം മൺറോഡുകളുടെ വീതിക്കുറവാണ്. പഞ്ചായത്തടിസ്ഥാനത്തിലുള്ള ശരാശരി വീതി 6 മീറ്റർ ആണ്. നിലവിലുള്ള നിയമം അനുസരിച്ച് 8 മീറ്ററിൽ കുറഞ്ഞ വീതിയുള്ള റോഡുകൾ ടാർ ചെയ്യാൻ നിയമമില്ല.

## സാധ്യതകൾ

പഞ്ചായത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിന് മൺറോഡുകൾ അടിയന്തിരമായി ടാറിങ്ങ് നടത്തേണ്ടതുണ്ട്. മലമുകളിലേക്കുള്ള റോഡുകളായതുകൊണ്ടും, ഫലവൃക്ഷങ്ങൾ ധാരാളമായി നശിപ്പിക്കേണ്ടതിനാലും, ബസ് ഗതാഗതത്തിന് സാധ്യത കുറവായതുകൊണ്ടും മൺറോഡുകൾ വീതി പരിഗണിക്കാതെ ടാറിങ്ങ് നടത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. ഇതിന് ജനകീയ പങ്കാളിത്തം വേണ്ടുവോളം ലഭ്യമാക്കാൻ ഗ്രാമസഭകൾ സന്നദ്ധമാണ്.

പഞ്ചായത്തിലെ നിലവിലുള്ള റോഡുകളുടേയും പുതിയതായി നിർമ്മിക്കേണ്ട റോഡുകളുടേയും പാലങ്ങളുടേയും കലുങ്കുകളുടേയും എണ്ണം സംബന്ധിച്ച വിവരം പട്ടിക 4ൽ.

പഞ്ചായത്തിലുള്ള മൊത്തം റോഡുകളുടെ തുടക്കം, ഒടുക്കം ജംഗ്ഷൻ മറ്റു വിവരങ്ങൾ പട്ടിക

പട്ടിക 6

| ചെലവുകൾ | തലക്കാണി | പാമ്പറപ്പാൻ |
|---|---|---|
| നീളം | 34 മീറ്റർ | 36 മീറ്റർ |
| വീതി | 4.5 മീ. | 4.5 മീ. |
| ഉയരം | 5 മീ. | 2.6 മീ. |
| പഞ്ചായത്ത് ഗ്രാന്റ് | Rs. 50,000 | Rs. 50,000 |
| ഗവൺമെന്റ് ഗ്രാന്റ് | 3,20,000 | 5,90,000 |
| ജനകീയ സംഭാവന | 3,80,000 | 1,68,000 |
| മനുഷ്യയത്നപ്രയത്നം 1000+4000 ആൾ | 100000 | 400000 |
| ആകെ ചെലവായ സംഖ്യ | 40,0000 | 300000 |

| ക്രമനമ്പർ | റോഡുകളുടെ തുടക്കം, ഒടുക്കം, ജംഗ്ഷൻ | വാർഡ് | വീതി (മീറ്റർ) | നീളം (മീറ്റർ) | ടാർ ചെയ്ത ദൂരം | മെറ്റൽ | ഓവുചാൽനീളം വേണ്ടത് | ഓവുചാൽ ഉള്ളത് | പാർശ്വഭിത്തി ഉള്ളത് | പാർശ്വഭിത്തി വേണ്ടത് | കലുങ്ക് ഉള്ളത് | കലുങ്ക്വേണ്ടത് | തനതാണ്ടിൽചെലവ് ചെയ്ത തുക |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | അസീസ്തോട് മുതൽ പാമ്പറപ്പാൻ പാലം ജംഗ്ഷൻ റോഡ് | 4 | 3 | 600 | - | - | 600 | - | 0.50 | 0.50 | - | 1 | - |
| 2 | നമ്പുതടാകം കവലമുതൽ കുറവ കോളനവ റോഡ് | 1 | 5 | 1300 | - | - | 1300 | - | - | 300 | - | 2 | |
| 3 | കോലാട്ട് ജംഗ്ഷൻ മുതൽ (ഒറ്റപ്ലാവ്) വാക്കയിൽ വീട് വരെ | 1 | 5 | 135 | - | - | 1300 | - | - | 500 | - | 3 | |
| 4 | ഒറ്റപ്ലാവ് ജംഗ്ഷൻ മുതൽ വരിപ്പോത്ത് കുഴ്റോഡ് | 1 | 5 | 270 | - | - | - | - | - | - | - | 1 | |
| 5 | (പുതിയ റോഡ്) രത്നാകരന്റെ പറമ്പ് (ഒറ്റപ്ലാവ്) ഒറ്റപ്ലാവ് മല ക്രോസ് റോഡ് | 1 | 3 | 1000 | - | - | 800 | - | - | 500 | - | 2 | |
| 6 | പാമ്പറപാൻ പാലം മുതൽ പന്നിയാംമല | 1 | 7 | 4400 | - | - | 4400 | - | - | 4200 | | 7 | |
| | പണിയകോളനിവരെ | | | | | | | | | | | | |
| 7 | മന്ദംചേരിയിൽ ഭാനുമാഷ് കവലവരെ | 1 | 7 | 475 | - | - | 150 | - | - | - | - | 1 പാലം | |
| 8 | പന്നിയാംമല ബണ്ട് മുതൽ കോളിത്തോട് | 1 | 6 | 1600 | - | - | 1600 | - | - | - | - | 4 | |
| 9 | പുറക്കാട്ട് കവല മുതൽ മേൽപ്പനാംതോട്ടം വീട് വരെ | 1 | 6 | 1500 | - | - | 1300 | - | - | - | - | 1 | |
| 10. | കേളകം കൊട്ടിയൂർ സമാന്തര റോഡ് | 2 | 5 | 8500 | - | - | 8000 | - | - | 1000 | 5 | 2 | |
| 11. | നീണ്ടുനോക്കി പാലുകാച്ചി ഹരിജൻ കോളനി റോഡ്IRDP | 2 | 8 | 2600 | - | - | 2250 | - | - | 1500 | - | 7 | JRY Rs. 78000 |
| 12 | ചുങ്കക്കുന്ന്-തുള്ളൻപാറ - പാലുകാച്ചി റോഡ് | 2 | 6 | 1550 | - | - | 2000 | - | - | 400 | - | 1 | |
| 13 | ഞൊണ്ടിക്കൽ ജംഗ്ഷൻ ഒറ്റപ്ലാവ് ഹരിജൻ കോളനി | 2 | 4 | 490 | - | - | 550 | - | - | 300 | - | 1 | |
| 14 | നീണ്ടുനോക്കി-പാലുകാച്ചി ലിങ്ക് റോഡ് | 2 | 3 | 1075 | - | - | 1075 | - | - | 150 | - | 2 | |
| 15 | ചരൽകുന്ന് റോഡ് (വെറ്റിലക്കൊല്ലി സ്ക്കൂൾ മുതൽ) | 2 | 2.5 | 1005 | - | - | 400 | - | - | 300 | - | - | |
| 16 | പാറടിയിൽ കവല-ഓരത്തേൻത്തോട് റോഡ് | 2 | 8 | 300 | - | - | - | 400 | - | 500 | - | 1 | |
| 17 | പാറടിയിൽ കുഞ്ഞേട്ടൻ റോഡ് | 2 | 3 | 1410 | - | - | 500 | - | - | 1000 | - | 4 | |
| 18. | കുരിശുമല റോഡ് (കോളിത്തട്ട് വരെ | 2 | 3 | 1200 | - | - | 1270 | - | - | 1100 | - | 2 | |

| ക്രമനമ്പർ | റോഡുകളുടെ തുടക്കം, ഒടുക്കം, ജംഗ്ഷൻ | വാർഡ് | വീതി (മീറ്റർ) | നീളം (മീറ്റർ) | ടാർ ചെയ്ത ദൂരം | മെറ്റൽ | ഓവുചാൽനീളം വേണ്ടത് | ഓവുചാൽ ഉള്ളത് | പാർശ്വഭിത്തി ഉള്ളത് | പാർശ്വഭിത്തി വേണ്ടത് | കലുങ്ക് ഉള്ളത് | കലുങ്ക്വേണ്ടത് | തന്നാലാണ്ടിൽചെലവ് ചെയ്യുക |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 19 | ചുങ്കക്കുന്ന് - പൊയ്യമല റോഡ് | 3 | 6 | 2000 | 175 | - | 170 | - | - | - | - | - | - |
| 20 | കോലാഞ്ചി - ഒറ്റപ്ലാവ് റോഡ് | 3 | 5 | 1300 | - | - | 1500 | - | - | 1000 | - | 1 | - |
| 21 | കുടിയേറ്റ കവല - ജയഗിരി റോഡ് | 3 | 5 | 1500 | - | - | 750 | - | - | 1800 | - | - | - |
| 22 | ബാവലിപ്പുഴ - കോലാഞ്ചി റോഡ് | 3 | 8 | 400 | - | - | 400 | 200 | - | 200 | - | 2 | - |
| 23 | ബാവലിപ്പുഴ - പാലുകാച്ചി റോഡ് | 3 | 7 | 3500 | 300 | - | 3000 | 400 | - | 260 | - | 1 | - |
| 24 | ഭജനമഠം - പള്ളിയറ റോഡ് | 3 | 8 | 800 | - | - | 800 | 200 | - | 300 | - | 1 | - |
| 25 | നഴ്സറി സ്ക്കൂൾ - തുള്ളൻപാറ റോഡ് | 3 | 8 | 850 | - | - | 900 | - | - | 700 | - | 1 | - |
| 26 | കാരക്കാട്ട് കവല - ജയഗിരി റോഡ് | 3 | 4 | 800 | - | - | 800 | - | - | 300 | - | 1 | - |
| 27 | വയലിൽക്കവല - ജയഗിരി റോഡ് | 3 | 4 | 700 | - | - | 700 | - | - | 700 | - | 1 | - |
| 28 | പള്ളിയറക്കവല - ഒറ്റപ്ലാവ് റോഡ് | 3 | 4 | 1000 | - | - | 1200 | - | - | 0.50 | - | - | - |
| 29 | ഇരട്ടത്തോട് - ബാവലിപ്പുഴ റോഡ് | 4 | 8 | 200 | 200 | - | - | 200 | - | - | - | | - |
| 30 | ഇരട്ടത്തോട് - മാടത്തു് കാപ് റോഡ് | 4 | 5.5 | 2550 | - | - | 2550 | - | - | 200 | - | 2 | - |
| 31 | പുളിക്കാംപൊയിൽ മാടത്തും കാവ് റോഡ് | 4 | 5 | 2250 | - | - | 2250 | - | - | 190 | - | 1 | - |
| 32 | പൊട്ടൻതോട് - കുറിച്ച്യകോളനി റോഡ് | 4 | 4 | 1450 | - | - | 1400 | 100 | - | 100 | - | 1 | - |
| 33 | ചുങ്കക്കുന്ന് പൊട്ടൻതോട് കുറിച്ച്യകോളനി | 4 | 8 | 3258 | 1800 | - | 3200 | 1800 | 300 | - | 2 | - | - |
| 34 | ചുങ്കക്കുന്ന് കോൺവെന്റ് റോഡ് | 4 | 7 | 280 | - | - | 500 | - | - | - | - | - | - |
| 35 | വെള്ളക്കട കവല - ഇരട്ടത്തോട് റോഡ് | 4 | 3 | 600 | - | - | 600 | - | 0.50 | 0.50 | - | 1 | - |
| 36 | ഇരട്ടത്തോട് - ബാവലിപ്പുഴ (പൊയ്യമല) റോഡ് | 4 | 8 | 200 | 200 | - | 200 | - | 200 | - | - | - | - |
| 37 | ചുങ്കക്കുന്ന് - ബാവലിപ്പുഴ റോഡ് | 5 | 8 | 175 | 175 | - | 175 | - | - | 50 | - | - | - |
| 38 | ചുങ്കക്കുന്ന് തെങ്ങുംമ്പള്ളി റോഡ് | 5 | 3 | 240 | - | - | 240 | 240 | 200 | - | - | - | - |
| 39 | നരന്തതോട് - കൂടത്തിൽ റോഡ് | 5 | 5 | 1350 | - | - | 1350 | - | - | 200 | - | 1 | - |
| 40 | വെങ്ങലോടി HDP കോളനി റോഡ് | 5 | 6 | 1500 | - | - | 1500 | - | - | - | - | 1 | - |

| ക്രമനമ്പർ | റോഡുകളുടെ തുടക്കം, ഒടുക്കം, ജംഗ്ഷൻ | വാർഡ് | വീതി (മീറ്റർ) | നീളം (മീറ്റർ) | ടാർ ചെയ്ത ദൂരം | മെറ്റൽ | ഓവുചാൽനീളം വേണ്ടത് | ഓവുചാൽ ഉള്ളത് | പാർശ്വഭിത്തി ഉള്ളത് | പാർശ്വഭിത്തി വേണ്ടത് | കലുങ്ക് ഉള്ളത് | കലുങ്ക്വേണ്ടത് | ശ്രമദാനത്തിൽചെലവ് ചെയ്യേണ്ട തുക |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 41 | വെങ്ങലൊടി - വെങ്ങലാട്ടുമല റോഡ് | 5 | 5 | 950 | - | - | 950 | - | - | - | 1 | - | - |
| 42 | പൊട്ടൻതോട് - നെടുമ്പാറ റോഡ് | 5 | 4 | 1500 | - | - | 1500 | - | - | 100 | - | 1 | - |
| 43 | പൊട്ടൻതോട് - കരിമ്പുംകണ്ടം റോഡ് | 5 | 5 | 3800 | - | - | 3800 | - | - | 500 | - | 1 | - |
| 44 | തലക്കാണി - കരിമ്പുംകണ്ടം റോഡ് | 6 | 5 | 1400 | - | - | - | 1400 | 250 | 1150 | - | 1 | - |
| 45 | തലക്കാണി - കൊഴക്കൽ ജംഗ്ഷൻ റോഡ് | 6 | 5 | 1300 | - | - | 150 | 1300 | 150 | 100 | - | 2 | ശ്രമദാനം |
| 46 | കൊഴക്കൽ ജംഗ്ഷൻ - കരിമ്പുംകണ്ടം റോഡ് | 6 | 5 | 900 | - | - | 900 | - | - | 100 | - | 2 | ,, |
| 47 | ചപ്പമല - കരിമ്പുംകണ്ടം റോഡ് | 6 | 8 | 930 | - | - | 930 | - | - | 200 | - | 1 | JRY |
| 48 | നീണ്ടുനോക്കി - അട്ടിക്കുളം റോഡ് | 6 | 8 | 1250 | 750 | - | 1250 | - | 100 | - | - | - | ,, |
| 49 | അട്ടിക്കുളം - 37-ാം മൈൽ റോഡ് | 6 | 8 | 4600 | - | - | 4600 | - | - | 500 | - | 2 | - |
| 50 | കരിമ്പുംകണ്ടം - പനയ്യിക്കൽതോട് റോഡ് | 6 | 5 | 800 | - | - | 800 | 110 | - | - | - | 2 | - |
| 51 | മരുതും ചുവട - നെല്ലിയോടി റോഡ് | 6 | 5 | 500 | - | - | 500 | - | - | - | - | 1 | - |
| 52 | നീണ്ടുനോക്കി - ബാവലിപ്പുഴ റോഡ് (പാലുകാച്ചി) | 6 | 5 | 150 | 150 | - | 150 | - | - | - | - | - | - |
| 53 | കേരളാ മുക്ക് പൊട്ടൻതോട് റോഡ് | 6 | 3 | 1000 | - | - | 100 | - | - | 150 | - | - | - |
| 54 | അട്ടിക്കുളം പൊട്ടൻതോട് റോഡ് | 6 | 3 | 1200 | - | - | 900 | - | - | 100 | - | - | - |
| 55 | പാമ്പറപ്പാൻ പണിയകോളനി റോഡ് | 7 | 8 | 100 | 670 | - | 500 | - | 150 | 250 | - | 4 | - |
| 56 | പണിയകോളനി - നെല്ലിയോടി പാലം വരെ | 7 | 8 | 1700 | - | - | 1200 | - | 100 | 200 | 1 | 4 | - |
| 57 | നെല്ലിയോടി - ചപ്പമല റോഡ് (എടിച്ചിലത്ത് ജംഗ്ഷനിൽനിന്ന് കിഴക്കോട്ടുള്ള റോഡ്) | 7 | 4 | 1500 | - | - | 1200 | 300 | 0.75 | 100 | - | 3 | - |
| 58 | മന്ദംചേരി - നെല്ലിയോടി റോഡ് | 7 | 6 | 0.975 | - | - | 500 | - | 160 | 150 | - | 3 | - |
| 59 | പാമ്പറപ്പാൻ - പന്ന്യമല പാലം വരെ | 7 | 6 | .302 | 200 | - | - | - | - | - | - | - | - |
| 60 | മന്ദംചേരി പന്ന്യമല പാലം വരെ | 7 | 6 | 0.74 | - | - | 50 | - | - | - | - | - | - |
| 61 | മന്ദംചേരി - മലംകാരി മേലെ മന്ദം ചേരി കോളനി റോഡ് | 7 | 4 | 0.147 | - | - | 100 | - | - | 140 | - | - | - |

| ക്രമനമ്പർ | റോഡുകളുടെ തുടക്കം, ഒടുക്കം, ജംഗ്ഷൻ | വാർഡ് | വീതി (മീറ്റർ) | നീളം (മീറ്റർ) | ടാർ ചെയ്ത ദൂരം | മെറ്റൽ | ഓവുചാൽനീളം വേണ്ടത് | ഓവുചാൽ ഉള്ളത് | പാർശ്വഭിത്തി ഉള്ളത് | പാർശ്വഭിത്തി വേണ്ടത് | കലുങ്ക് ഉള്ളത് | കലുങ്ക്വേണ്ടത് | തന്നാലാണ്ടിൽചെലവ് ചെയ്ത തുക |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 62 | നെല്ലിയോടി ജംഗ്ഷൻ കലുങ്ക് റോഡ് | 8 | 5 | .100 | - | - | 100 | - | - | 100 | - | - | - |
| 63 | നെല്ലിയോടി 39-ാം മൈൽ റോഡ് | 8 | 5 | 3250 | - | - | 1500 | - | - | 1400 | - | 5 | - |
| 64 | പുതിയമഠം ജംഗ്ഷൻ വെട്ടത്ത് കവല റോഡ് | 8 | 3 | 500 | - | - | 300 | - | - | - | - | 1 | - |
| 65 | വെട്ടത്ത് കവല ടി.പി. റോഡ് | 8 | 3 | 600 | - | - | 600 | - | - | 450 | - | 2 | - |
| 66 | വെട്ടത്ത് കവസ ഇടന്തുങ്കൽ റോഡ് | 8 | 3 | 750 | - | - | 500 | 200 | - | 150 | - | 1 | - |
| 67 | അമ്പായത്തോട് തീപ്പൊരിക്കുന്ന് ചെമ്പരത്തിക്കുന്ന് റോഡ് | 8 | 4 | 1650 | - | - | 1000 | 300 | - | 500 | - | - | - |
| 68 | പൊന്നാരംകുന്ന് ഈന്തുകൽ റോഡ് | 8 | 3 | 600 | - | - | 500 | - | - | 200 | - | 1 | - |
| 69 | അമ്പായത്തോട് കൊച്ചുപീഠം ജംഗ്ഷൻ ആറ്റിൻകര റോഡ് | 8 | 4 | 2000 | - | - | 500 | 400 | - | 300 | - | - | - |
| 70 | കണ്ടപ്പുനം നെല്ലിയോടി റോഡ് | 8 | 3 | 500 | - | - | 200 | 150 | - | 260 | - | 1 | - |
| 71 | കണ്ടപ്പുനം നെല്ലിയോടി റോഡ് | 8 | 8 | 1600 | 1600 | - | 100 | 900 | - | - | 1 | 2 | - |
| 72 | ബോയിസ് ടൗൺ റോഡ് | 9 | 8 | 6900 | 3200 | - | 2700 | 3200 | 200 | 1000 | 12 | 8 | - |
| 73 | പാൽച്ചുരം പന്നിയകോളനി റോഡ് | 9 | 8 | 2450 | 1200 | - | 1200 | 2000 | 400 | 800 | 8 | 3 | - |
| 74 | അമ്പായത്തോട് പറങ്കിമല റോഡ് | 9 | 5 | 2600 | - | - | 2000 | 200 | - | 200 | - | 2 | - |
| 75 | അമ്പായത്തോട് സ്ക്കൂൾ മേമല റോഡ് | 9 | 4 | 2650 | - | - | 2000 | 650 | - | 500 | - | 3 | - |
| 76 | പള്ളിക്കാമഠം - പണിയകോളനി പനച്ചി റോഡ് | 9 | 6 | 1650 | - | - | 700 | 900 | 210 | 220 | - | 2 | - |
| 77 | പുതിയങ്ങാടി കുറവ കോളനി | 9 | 5 | 1500 | - | - | 400 | 180 | - | 300 | - | 2 | - |
| 78 | തുരുത്തിയിൽ മാക്കൂട്ടം റോഡ് | 9 | 5 | 850 | - | - | 850 | - | - | 150 | - | 1 | - |
| 79 | ചന്ദ്രംകുന്നേൽ കുറിച്ച്യകോളനി റോഡ് | 9 | 2 | 700 | - | - | 500 | - | - | 300 | - | 2 | - |
| 80 | ഓളാട്ടുപുറം പാൽച്ചുരം പള്ളിറോഡ് | 9 | 3 | 1400 | - | - | 1200 | 200 | - | 600 | - | 4 | - |
| 81 | കമ്മ്യൂണിറ്റി നടപ്പാത റോഡ് | 9 | 2 | 1000 | - | - | 800 | - | - | 300 | - | 1 | - |

5ൽ ചേർക്കുന്നു.

**പാലങ്ങൾ**

പഞ്ചായത്തിന്റെ മൂന്ന് വാർഡുകൾ പുഴക്ക് അക്കരെയാണ്. വർഷത്തിൽ ഏഴ് മാസവും യാതൊരു വാഹനവും എത്തിപ്പെടാൻ കഴിയാത്ത പ്രദേശങ്ങളാണിത്. സംഘടിത ജനശക്തി പാമ്പറപ്പാൻ, തലക്കാണി, ചുങ്കക്കുന്ന് എന്നീ സ്ഥലങ്ങളിൽ ബാവലിപ്പുഴയ്ക്കു കുറുകെ 3 കോൺക്രീറ്റ് പാലങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. രണ്ടെണ്ണത്തിന്റെ പണി പൂർത്തീകരിച്ചു. ഒന്ന് നിർമ്മാണ ഘട്ടത്തിലും.

ജനകീയാസൂത്രണത്തിലൂടെ നിർമ്മാണം പൂർത്തീകരിച്ച കോൺക്രീറ്റ് പാലങ്ങളുടെ വിവരങ്ങളോടൊപ്പം സാമ്പത്തിക ലാഭം സംബന്ധിച്ച പട്ടിക 6ൽ ചേർക്കുന്നു.

## ഊർജ്ജം

ആധുനികയുഗത്തിന്റെ ജീവസ്പന്ദനമായ വൈദ്യുതി കൊട്ടിയൂരിൽ പിച്ചവെച്ചുതുടങ്ങിയത് 1981ലാണ്. മനുഷ്യപുരോഗതിയുടെ അടിസ്ഥാന ഘടകമായ, ശാസ്ത്രപുരോഗതിയുടെ നിദാനമായ വൈദ്യുതിയുടെ ഉപഭോക്താക്കൾ ഗാർഹിക മേഖലയിൽ വെറും 7.3% മാത്രമാണ് ഈ പഞ്ചായത്തിൽ. പഞ്ചായത്തിലെ 4383 വീടുകളിൽ വൈദ്യുതീകരിച്ചവയുടെ എണ്ണം കേവലം 320 മാത്രമാണ്.

ഈ പഞ്ചായത്തിൽ വൈദ്യുതി എത്തിക്കൊണ്ടിരിക്കുന്നത് നെടുംപ്പോയിൽ 66KV സബ് സ്റ്റേഷനിൽനിന്നാണ്. ഇരിട്ടി ഇല. ബോഡ് മേജർ സെക്ഷന്റെകീഴിൽ തൊണ്ടി സെക്ഷൻ ഓഫീസ് കേന്ദ്രീകരിച്ചാണ് ഈ പഞ്ചായത്തിലെ വൈദ്യുതി വിതരണം സംവിധാനം ചെയ്യപ്പെട്ടിരിക്കുന്നത്. വൈദ്യുതി ചാർജ് അടക്കാൻ 17 കി.മീ. യാത്ര ചെയ്യണം.

വൈദ്യുതി ഉപയോഗിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം 210ഉം ചെറുകിട വ്യവസായ സ്ഥാപനങ്ങൾ 21ഉം, കാർഷിക മേഖലയിൽ 81ഉം ആണ്. വൈദ്യുതിയുടെ ഒളിച്ചുകളിയെപ്പറ്റി വളരെയധികം പരാതികൾ ഉള്ളവരാണ് എല്ലാ മേഖലയിലേയും വൈദ്യുതി ഉപഭോക്താക്കൾ. പഞ്ചായത്ത് പരിധിയിൽ 8 ട്രാൻസ്ഫോർമറുകളാണ് ഇവിടെയുള്ളത്. അവയുടെ ശേഷി തിരിച്ചുള്ള കണക്ക് ചുവടെ പട്ടിക 7ൽ ചേർക്കുന്നു.

**പട്ടിക 7**

| നമ്പർ | കപ്പാസിറ്റി | പേര് |
|---|---|---|
| 1 | 60 kva | ചുങ്കക്കുന്ന് ആശുപത്രി |
| 2 | 100 kva | ചുങ്കക്കുന്ന് ടൗൺ |
| 3 | 100 kva | വെണ്ടലോടി |
| 4 | 160 kva | നീണ്ടുനോക്കി |
| 5 | 60 kva | കൊട്ടിയൂരമ്പലം |
| 6 | 60 kva | മന്ദംചേരി |
| 7 | 60 kva | കണ്ടപ്പനം |
| 8 | 100 kva | അമ്പായത്തോട് |

പഞ്ചായത്ത് പരിധിയിലുള്ള സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം 101 ബൾബുകളും 8 സോഡിയം വേപ്പറുകളുമാണ്. പ്രതിമാസം വൈദ്യുതി ചാർജായി 1537 രൂപ അടക്കുന്നുണ്ട്. KSEB കണക്കനുസരിച്ച് 1996 ഒക്ടോബർ വരെ വൈദ്യുതിക്കുവേണ്ടി അപേക്ഷിച്ചവരുടെ എണ്ണം ഓർഡിനറി 50, ഒ.ടി.പി. 15, ഒ.വൈ.ഇ.സി. 150 എന്നിങ്ങനെയാണ്.

### പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും വൈദ്യുതി എത്തിയിട്ടില്ല. ഉള്ളത് വോൾട്ടേജ് ക്ഷാമത്തിലുമാണ്.

2. വൈദ്യുതി ബോർഡിന്റെ എല്ലാ ഓഫീസുകളും 15 കി.മീറ്ററിലധികം ദൂരെയാണ്.

3. വൈദ്യുതി ലൈനിൽ മരച്ചില്ലകൾ മുട്ടി നിൽക്കുന്നത്മൂലം സ്ഥിരം പ്രശ്നങ്ങൾ ഉണ്ടാകുന്നു.

4. പ്രധാന കവലകളിൽപോലും വഴിവിളക്ക് എത്തിയിട്ടില്ല.

5. വൈദ്യുതീകരിക്കാത്ത പട്ടികജാതി - പട്ടികവർഗ്ഗ കോളനികൾ ഇനിയുമുണ്ട്

6. കാർഷിക മേഖലയിൽ വൈദ്യുതി കണക്ഷനുവേണ്ടി ദീർഘകാലം കാത്തിരിക്കുന്നു.

ഹരിജൻ കോളനി വൈദ്യുതീകരണം സംബന്ധിച്ച വിവരങ്ങൾ ചുവടെ പട്ടിക 8ൽ ചേർക്കുന്നു.

കൊട്ടിയൂർ പഞ്ചായത്തിന്റെ പരിധിയിൽ താഴെ പറയുന്ന ജലവൈദ്യുത പദ്ധതികൾ സംസ്ഥാന വൈദ്യുതി ബോർഡ് സർവെ പൂർത്തിയാക്കി നട

പട്ടിക 9

| നമ്പർ | പദ്ധതിയുടെ പേര് | ശേഷി | മുതൽമുടക്ക് കോടി | ഉല്പാദനചെലവ് യൂണിറ്റ് ഒന്നിന് |
|---|---|---|---|---|
| 1 | ബാവലിപ്പുഴ II | 7.5 M.W. | 12.81 രൂപ | 0.30 രൂപ |
| 2 | ബാവലിപ്പുഴ IV | 5.5 ,, | 8.25 ,, | 0.45,, |
| 3 | പാൽചുരം | 3.5 ,, | 5.25 ,, | 0.60 ,, |
| 4 | ബാവലിപ്പുഴ I | 1.5 ,, | 2.31 ,, | 0.54 ,, |
| 5 | ബാവലിപ്പുഴ III | 1.5 ,, | 2.15 ,, | 0.67 ,, |
| 6 | പാൽചുരം | 0.5 ,, | 1.50 | 0.74 ,, |
| 7 | ചപ്പമല | 0.35 ,, | 1.15 ,, | 0.70 ,, |
| 8 | പൊട്ടൻതോട് | 0.75 ,, | 1.25 ,, | 0.95 ,, |

പ്പാക്കുന്നതിനുവേണ്ടി സ്വകാര്യ പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. 20 മെഗാവാട്ട് മൊത്തം സ്ഥാപിത ശേഷിയുള്ള 8 മിനി ജലവൈദ്യുത പദ്ധതികളുടെ വിവരങ്ങൾ പട്ടിക 9ൽ ചേർക്കുന്നു.

മേൽ പദ്ധതികൾ കൂടാതെ മാനന്തവാടി വിവിധോദ്ദേശ പദ്ധതിയും ഈ പഞ്ചായത്തിലാണ്. 360 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ഈ പദ്ധതി മതിപ്പു ചിലവ് 350 കോടി രൂപയാണ്. ഈ പദ്ധതികൾ പഞ്ചായത്തിന്റെ മുഴുവൻ പ്രദേശങ്ങളിലും വൈദ്യുതി എത്തിക്കുന്നതിനും തദ്വാര സമഗ്രവികസനതത്തിനും സഹായിക്കും. മാത്രവുമല്ല ഉല്പാദനമേഖലയും വിതരണസ്ഥലവും ഒന്നുതന്നെയായതിനാൽ പ്രസാരണനഷ്ടം ഒഴിവാക്കാനും കഴി

പട്ടിക 8

| വാർഡ് | ഹരിജൻ കോളനികളുടെ പേര് | കണക്ഷൻ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | സൗജന്യ സ്ലാബിൽ ലഭിച്ചവരുടെ എണ്ണം | പണം നൽകി കണക്ഷൻ ലഭിച്ചവർ |
|---|---|---|---|---|
| 1 | പണിയാമ്മല പണിയകോളനി | ഇല്ല | ഇല്ല | ഇല്ല |
| 1 | പണിയാമ്മല കുറവകോളനി SC | ,, | ,, | ,, |
| 2 | പാലുകാച്ചി IRDP ഹരിജൻ കോളനി | ,, | ,, | ,, |
| 4 | ഇരട്ടത്തോട് കുറിച്ച്യകോളനി | ,, | ,, | ,, |
| 5 | വെങ്ങലോടി പണിയകോളനി | 10 | 10 | ,, |
| 7 | നെല്ലിയോടി പണിയകോളനി ST (IHDP) | ഇല്ല | ഇല്ല | ഇല്ല |
| 7 | മന്ദംചേരി പണിയ കോളനി | 15 | 15 | ,, |
| 8 | അമ്പായത്തോട് പടിഞ്ഞാറെ പണിയകോളനി | ഇല്ല | ഇല്ല | ഇല്ല |
| | അമ്പായത്തോട് കുറിച്യകോളനി | ,, | ,, | ,, |
| | അമ്പായത്തോട് കുറിച്യ കോളനി എടമന ST | ,, | ,, | ,, |
| | പാൽചുരം കുറിച്യകോളനി | 3 | 3 | ,, |
| | പാൽചുരം മേലെ പണിയ കോളനി | 23 | 23 | , |
| | പാൽച്ചുരം താഴെ പണിയ കോളനി | 8 | 8 | ,, |
| | പാൽച്ചുരം ഹരിജൻ കോളനി SC | ഇല്ല | ഇല്ല | ഇല്ല |

യും. മേൽപ്പറഞ്ഞ പദ്ധതികൾക്ക് സുമാർ 5 ഹെക്ടർ സ്ഥലമേ വേണ്ടി വരികയുള്ളൂ. പരിസ്ഥിതി പ്രശ്നങ്ങളും ഉണ്ടാകുന്നില്ല. കുടിയൊഴിപ്പിക്കലും വേണ്ടിവരില്ല. കാർഷിക മേഖലയിൽ ഉല്പാദനം വർദ്ധിപ്പിക്കാനും വ്യവസായങ്ങൾ തുടങ്ങുകവഴി തൊഴിലില്ലായ്മ കുറയ്ക്കാനും ഈ പദ്ധതിയിലൂടെ പഞ്ചായത്തിന് കഴിയുന്നു. ഈ പദ്ധതികൾ 9ാം പദ്ധതിയിൽ ഉൾപ്പെടുത്തി പണി പൂർത്തീകരിക്കാൻ സംസ്ഥാന സർക്കാർ മുന്നോട്ട് വരണം.

### നിർദ്ദേശങ്ങൾ

1. പ്രകൃതിദത്ത ഊർജ്ജ സ്രോതസ്സുകൾക്ക് മുൻഗണന കൊടുക്കുക. അതായത് ബയോഗ്യാസ്, ചെലവു കുറഞ്ഞ അടുപ്പുകൾ, സൗരോർജ്ജ അടുപ്പുകൾ, സൂര്യ റാന്തലുകൾ എന്നിവയ്ക്ക് മുൻഗണനകൊടുക്കുക.

2. രൂക്ഷമായിക്കൊണ്ടിരിക്കുന്ന വിറക്ക്ക്ഷാമം പരിഹരിക്കാൻ അനർട്ട് നൽകുന്ന വിറകടുപ്പ് ഏവർക്കും ലഭ്യമാക്കാൻ വേണ്ട ക്രമീകരണങ്ങൾ നടത്തുക.

3. പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളായ പാലുകാച്ചിമലയിലും ബോംബെ മലയിലും കാറ്റാടി പാടങ്ങൾ നിർമ്മിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുക.

## മാർക്കറ്റ്

പഞ്ചായത്തിൽ അഞ്ച് പതിറ്റാണ്ടുകൊണ്ട് ഉല്പാദനമേഖലയിൽ കഠിനാദ്ധ്വാനത്തിലൂടെ ഒരുവൻ കുതിച്ചുചാട്ടം ഉണ്ടായി. കാടുകൾ നിറഞ്ഞിരുന്ന കുന്നിൻപ്രദേശം വിദേശനാണ്യം നേടിത്തരുന്ന ഉൽപന്നങ്ങളുടെ കലവറയായി. പക്ഷേ ഈ ഉല്പന്നങ്ങൾ വേണ്ട സ്ഥലത്തെത്തിക്കുന്നതിനാവശ്യമായ ഗതാഗത സൗകര്യമോ മാർക്കറ്റോ ഇന്നില്ല. ആദ്യകാലങ്ങളിൽ നെല്ല്, കപ്പ, പുൽകൃഷി എന്നിവയാണ് കൃഷി ചെയ്തിരുന്നതെങ്കിൽ ഇന്ന് കശുമാവ് തെങ്ങ് കവുങ്, റബ്ബർ മുതലായവ സ്ഥാനം പിടിച്ചു. എന്നാൽ 1980കൾക്കുശേഷം കശുമാവിന്റെ കൃഷി കുറയുകയും ആ സ്ഥാനം റബ്ബർ കൈയടക്കുകയും ചെയ്തു.

പഞ്ചായത്തിനെ സംബന്ധിച്ച് കാർഷിക ഉല്പന്നങ്ങൾ വിപണനത്തിനുവേണ്ട സൗകര്യങ്ങൾ ഇല്ല. അതോടൊപ്പം ന്യായവില ലഭിക്കാനുള്ള സൗകര്യവും. പഴം പച്ചക്കറി മുതലായവ സംസ്കരിച്ച് വിറ്റഴിക്കാനുള്ള കേന്ദ്രങ്ങളും ഇല്ല. മത്സ്യ മാംസാദികളുടെ ഉല്പാദന - വിതരണത്തിനുവേണ്ട സൗകര്യവും വിരളമാണ്.

### സാദ്ധ്യതകൾ

1. കാർഷിക ഉല്പന്നങ്ങളായ, റബ്ബർ, നാളികേരം, അടക്ക, കുരുമുളക്, കശുവണ്ടി, മുതലായവ വിൽക്കുവാൻ ഒരു സഹകരണ വിൽപന കേന്ദ്രം തുടങ്ങുക.

2. ചുങ്കക്കുന്ന്, നീണ്ടുനോക്കി, അമ്പായത്തോട് എന്നീ സ്ഥലങ്ങളിൽ ആഴ്ച ചന്ത തുടങ്ങുക.

3. മത്സ്യ - മാംസ മാർക്കറ്റുകൾ പ്രത്യേകം ഉണ്ടാക്കുകയും വേണ്ട സൗകര്യങ്ങൾ ക്രമീകരിക്കുകയും ചെയ്യുക.

4. എല്ലാ കടകളിലും വിലവിവരപ്പട്ടിക നിർബന്ധമായും പ്രദർശിപ്പിക്കുക.

5. ജനപങ്കാളിത്വത്തോടെ ഒരു പഴം, പച്ചക്കറി സഹകരസംഘം ഉണ്ടാക്കുക. അതിന്റെ കീഴിൽ ഒരു ആഴ്ച ചന്ത നടത്തുകയും ചെയ്യാം.

6. ആഴ്ച ചന്തക്ക് വേണ്ട സ്ഥലം പഞ്ചായത്ത് കണ്ടെത്തുകയും അവ സ്വകാര്യവ്യക്തികൾക്ക് വർഷാവർഷം ലേലം ചെയ്ത് കൊടുക്കുകയും ചെയ്യാവുന്നതാണ്.

**റിപ്പോർട്ട് തയ്യാറാക്കിയവർ**

ജോയി കാരാമഠം
അഗസ്റ്റിൻ വടക്കയിൽ
ഷാജി പൊട്ടയിൽ
ബോബി പള്ളത്ത്
അഗസ്റ്റിൻ ചക്കാലയിൽ



# പാർപ്പിടം - സാമൂഹ്യക്ഷേമം

വിദ്യാഭ്യാസ പരമായും, സാംസ്കാരിക പരമായും, തീരെ പന്നിലല്ലാതെ നിൽക്കുന്ന കൊട്ടിയൂർ പഞ്ചായത്ത്, കൊട്ടിയൂർ വില്ലേജ് മുഴുവനും ചേർന്ന 9 പഞ്ചായത്തു വാർഡുകളിലായി കിടക്കുന്നു. ഭൂരിഭാഗം മലമ്പ്രപ്രദേശങ്ങളാണെങ്കിലും ഫലഭൂയിഷ്ഠമായ മണ്ണും നല്ല കാലാവസ്ഥയും, മദ്ധ്യ തിരുവിതാംകൂറിലെ കർഷകമക്കളെ 1950തിനോടുകൂടി കൊട്ടിയൂരിലേക്ക് കുടിയേറുവാൻ പ്രേരിപ്പിച്ചു. കുടിയേറ്റക്കാലം മുതലുള്ള കൊട്ടിയൂരിലെ ജനങ്ങളുടെ പാർപ്പിടങ്ങളെ സംബന്ധിച്ചു പഠിക്കുമ്പോൾ ആദ്യമായി ഓർമ്മയിൽവരുന്നത് ഏറുമാടങ്ങളാണ്.

1952ൽ ഇന്നത്തെ കൊട്ടിയൂർ പഞ്ചായത്തിൽ 10ൽ താഴെ കുടുംബങ്ങൾ മാത്രമേ താമസക്കാരായിട്ടുണ്ടായിരുന്നുള്ളു. കാട്ടുമൃഗങ്ങളെ ഭയന്ന് അന്നു വലിയ വൃക്ഷങ്ങളുടെ മുകളിൽ ശിഖരങ്ങളെ തമ്മിൽ മുളയും, കമ്പുകളും ഉപയോഗിച്ച് ബന്ധിപ്പിച്ച്, ഈറ്റയും മുളയും കൊണ്ടുണ്ടാക്കുന്ന തൈതൽ ഉപയോഗിച്ച് മറച്ച്, കാട്ടുപനയുടെ ഓല, ഈറ്റയുടെ ഇല ഇവകൊണ്ടു മേഞ്ഞ് ഉണ്ടാക്കുന്ന വീടുകളായിരുന്നു അന്നുണ്ടായിരുന്നത്. ഭക്ഷണം പാകം ചെയ്യുന്നതും തീ കത്തിക്കുന്നതുമൊക്കെ ഈ ഏറുമാടങ്ങളിൽതന്നെയായിരുന്നു.

തൈതലുകളിൽ മണ്ണു കുഴച്ച് തേച്ചുപിടിച്ച് ഉണ്ടാക്കുന്ന മറകളായിരുന്നു ഏറുമാടങ്ങളിൽ തീ ആളിപ്പിടിക്കാതിരിക്കാൻ അടുപ്പിനുചുറ്റും ചെയ്തിരുന്ന തന്ത്രം. മുളയേണി ഉപയോഗിച്ചായിരുന്ന ഈ ഏറുമാടങ്ങളിൽ ആണുങ്ങളും, പെണ്ണുങ്ങളും കയറുന്നതും ഇറങ്ങുന്നതും.

1954 ആയപ്പോഴേക്കും ഏതാണ്ട് 20ഓളം ഏറുമാടങ്ങൾ ഉണ്ടായിരുന്നു. എന്നാൽ 1954നു ശേഷം ജനങ്ങൾ സാവധാനം താഴേയ്ക്കിറങ്ങി ഷെഡുകൾ വെച്ചുകെട്ടി താമസം തുടങ്ങി. എങ്കിലും ഏറുമാടങ്ങൾ പൂർണ്ണമായും ഉപേക്ഷിച്ചിരുന്നില്ല. പിന്നീട് ഓരോ വർഷവും ഷെഡുകൾ വലിപ്പം കൂട്ടിയും തൈതലുകൾകൊണ്ട് മറച്ച് മുറികൾ തിരിച്ച് ഓരോ വീട്ടുകാരന്റേയും ഭാവനയ്ക്കനുസരിച്ച് വീടുകൾ പണിതുതുടങ്ങി.

1960നോടു കൂടി മണ്ണുകട്ടകൾ സ്വന്തമായി ഉണ്ടാക്കാനും അതു ചെളി ഉപയോഗിച്ച് കെട്ടി ഭിത്തിയുണ്ടാക്കാനും അതോടൊപ്പം തറ ഉറപ്പുള്ളതാക്കി പണിയുവാനും തുടങ്ങി. ഈ കാലഘട്ടംവരെയും ഉള്ള മുഴുവൻ വീടുകളും കാട്ടുമരത്തിന്റെ തൂണുകളിൽ ഉറപ്പിച്ചവയായിരുന്നു. 1961ൽ ഉണ്ടായ കുടിയിറക്കു ഭീഷണി തുടർന്നുള്ള വർഷങ്ങളിൽ നല്ല വീടുകൾ ഉണ്ടാക്കുന്നതിന് വിഘാതമായിനിന്നു.

എന്നാൽ 1970നോടുകൂടി മൺകട്ടകൾ ചുട്ട്വീടുകൾ നിർമ്മിക്കാൻ തുടങ്ങി. അതുപോലെ മരം ഉപയോഗിച്ച് ആശാരി പണി ചെയ്ത് കൂട്ടുകേറ്റി ഓടിട്ട പുരകളും കാണാൻ തുടങ്ങി. 1975നോടുകൂടി കൊട്ടിയൂർ പഞ്ചായത്തിൽ കോൺക്രീറ്റു കെട്ടിടങ്ങളും അപൂർവ്വമായി ഉണ്ടാക്കി തുടങ്ങി.

കൊട്ടിയൂർ കുടിയേറ്റത്തിനു മുൻപും ഒരു ഓടിട്ട കെട്ടിടം കൊട്ടിയൂരിൽ ഉണ്ടായിരുന്നു. അതാണ് ലക്ഷങ്ങൾ വർഷംതോറും സന്ദർശിക്കാ

റുള്ള, കൊട്ടിയൂരിനെ ഇന്നത്തെ കൊട്ടിയൂരാക്കാൻ ഏറെ സഹായിച്ചിട്ടുള്ള കൊട്ടിയൂരമ്പലം. ചുങ്കക്കുന്ന് സ്കൂളിനടുത്ത് 1952ൽതന്നെ ഒരു ഓടു വെച്ച കെട്ടിടം കാണുവാനുണ്ടായിരുന്നു. അത് മണത്തണയിലെ ഏതോ നായർ തറവാടിന്റേതായിരുന്നു എന്നറിയുന്നു.

ഇന്നത്തെ കൊട്ടിയൂരിൽ ആദ്യമായുണ്ടായ കോൺക്രീറ്റുകെട്ടിടം ചുങ്കക്കുന്ന് മേലെ സിറ്റിയിലുള്ള കുരിശുപള്ളിയാണ്.

അങ്ങനെ കൊട്ടിയൂരിന്റെ പാർപ്പിടചരിത്രം ഏറുമാടങ്ങളിൽനിന്നും തുടങ്ങി പുല്ലുമേഞ്ഞതും, ഓലമേഞ്ഞതും, ഓടുമേഞ്ഞതും വിവിധനിലകളുള്ള, കോൺക്രീറ്റ് കെട്ടിടങ്ങളും ഉൾപ്പെടെ അനുനിമിഷം പുരോഗതിയിൽനിന്നും പുരോഗതിയിലേക്കുതന്നെ പ്രയാണം തുടരുന്നു.

കൊട്ടിയൂർ പഞ്ചായത്തിലെ ഭവനങ്ങളുടെ സ്വഭാവവും, എണ്ണവും വാർഡുതിരിച്ച് പട്ടിക 1ൽ കൊടുത്തിരിക്കുന്നു.

പഞ്ചായത്തിലെ 9 വാർഡുകളിലായി 1975 നു ശേഷം നിർമ്മിച്ച വീടുകൾ മലഭാഗങ്ങളിൽ ഏതാണ്ട് ഒരേ രൂപത്തിലുള്ളവയാണ്. പഞ്ചായത്തു റോഡുകളുടേയും P.W.D റോഡുകളുടേയും സമീപത്തായിട്ടാണ് ലക്ഷങ്ങൾ മുടക്കുള്ള കോൺക്രീറ്റുകെട്ടിടങ്ങൾ ഉയർന്നിരിക്കുന്നത് പഞ്ചായത്തിലെ 5 ശതമാനം വീടുകൾ മാത്രമാണ് കോൺക്രീറ്റു ചെയ്തിട്ടുള്ളത്. 60%ത്തോളം വീടുകൾ ഓടിട്ടവയാണ്. 2% ത്തോളം വീടുകൾ 1ൽ കൂടുതൽ നിലകളുള്ളവയാണ്. ബാക്കിയുള്ള 33% വീടുകൾ ഓലമേഞ്ഞവയോ, പുല്ലുമേഞ്ഞവയോ ആണ്.

കെട്ടിടനിർമ്മാണരംഗത്ത് ധനസഹായം ചെയ്യുന്ന ഒരു സ്ഥാപനവും ഈ പഞ്ചായത്തിലില്ല. എന്നാൽ കൊട്ടിയൂർ സർവ്വീസ് സഹകരണ ബാങ്ക്, കണ്ണൂർ ജില്ലാ സഹകരണബാങ്കിന്റെ കൊട്ടിയൂർ ശാഖ എന്നിവയിൽകൂടെ ചെറിയതോതിൽ ലോണുകൾ വിതരണം ചെയ്യുന്നുണ്ട്. അത് പരിമിതമായ ആൾക്കാർക്കു മാത്രമേ ലഭിക്കുന്നുള്ളൂ. കൊട്ടിയൂർ സർവ്വീസ് സഹകരണബാങ്കിൽകൂടി ഹഡ്കോയിൽ നിന്നുള്ള സഹായം 1986ൽ മാത്രമാണ് ലഭിച്ചത്. അതും 10 പേർക്കു മാത്രം. അതിനുശേഷം ഒരു ധനസഹായവും ഈ ബാങ്കുവഴി ലഭിച്ചിട്ടില്ല. എന്നാൽ ഓടുമേയുന്നതിനും പുര റിപ്പയർ ചെയ്യുന്നതിനുമായി നാമമാത്ര സഹായങ്ങൾ സർവ്വീസ് ബാങ്ക് മുഖേന നടത്തിയിട്ടുണ്ട്.

പട്ടിക 2

കൊട്ടിയൂർ സഹകരണബാങ്കിൽനിന്ന് ലഭിച്ച വിവരം.

| വർഷം | പുരഓടുവയ്ക്കാൻ | വീട്റിപ്പയർ |
|---|---|---|
| 1990-91 | 4 | - |
| 91-92 | 8 | 60 |
| 92-93 | 8 | 61 |
| 930-94 | - | - |
| 94-95 | - | - |
| 95-96 | 4 | 23 |
| ആകെ | 24 | 144 |

പാവപ്പെട്ടവർക്ക് പുരമേയുന്നതിനും കച്ചിപുര ഓട്മേയുന്നതിനുമുള്ള സഹായങ്ങൾ പഞ്ചായത്തിൽനിന്നും നൽകിവരുന്നുണ്ട്. ഈ വർഷം ഇരുപത്തൊന്ന് വീടുകൾ ഓടു മേയുന്നതിന് അർഹരായവരെ തെരഞ്ഞെടുക്കുകയും മൂവായിരംരൂപാ വീതം ധനസഹായം ചെയ്യുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

1986ൽ ആരംഭിച്ച പുനഃരധിവാസ ഭവനനിർമ്മാണപദ്ധതിപ്രകാരം ഒന്നാംഘട്ടത്തിൽ 77 വീടുകൾക്കും, രണ്ടാംഘട്ടത്തിൽ 6 വീടുകളും, മൂന്നാംഘട്ടത്തിൽ 51 വീടുകളും നാലാം ഘട്ടത്തിൽ 18 വീടുകളും ഉൾപ്പെടെ 152 വീടുകൾക്ക് ധനസഹായം വില്ലേജുകളിലൂടെ ലഭ്യമാക്കിയിട്ടുണ്ട്. അതുപോലെ അതേ കാലയളവിൽ കൈരളി ഭവന നിർമ്മാണ പദ്ധതി പ്രകാരം ആകെ 18 വീടുകൾക്ക് ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്.

ഈ പഞ്ചായത്തിന്റെ 9 വാർഡുകളിലായി 2000ത്തോളം കുടുംബങ്ങൾക്ക് സ്വന്തമായി വീടുണ്ടാക്കുവാൻ എവിടെനിന്നെങ്കിലും സാമ്പത്തിക

സഹായം ലഭിക്കാതെ സാധിക്കുന്നവരല്ല. അതിൽതന്നെ 500ഓളം കുടുംബങ്ങൾക്ക് സ്വന്തമായി വീടുണ്ടാക്കുവാൻ തുക തിരിച്ചടയ്ക്കാത്ത വിധത്തിലുള്ള സൗജന്യ സാമ്പത്തികസഹായം ലഭിക്കേണ്ട ദരിദ്രവിഭാഗത്തിൽപെടുന്നവരാണ്.

സ്വന്തമായി ഭൂമിയുള്ളവന് വീട് ഒരു സ്വപ്നമാണെങ്കിൽ സ്വന്തമായി ഒരല്പം ഭൂമി സ്വപ്നം കാണുന്ന 95ഓളം കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. അനുകമ്പാർഹരായ അവർക്ക് അടിയന്തിരമായി കിടപ്പാടമുണ്ടാക്കി വീടുനിർമ്മിച്ചുകൊടുക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കണം.

ഭവനനിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റം കാരണവും, കൂലിനിരക്കിലെ ക്രമാതീതമായ വർദ്ധനവും നിമിത്തവും പാവപ്പെട്ടവനും സ്വന്തമായൊരു വീട് എന്ന ആഗ്രഹം, വെറും ആഗ്രഹമായിത്തന്നെ ശേഷിക്കവേ, ആനുകൂല്യങ്ങൾ കിട്ടിയവർക്ക് കിട്ടിയ ആനുകൂല്യങ്ങൾ നൽകിക്കൊണ്ട് വീടുനിർമ്മിക്കുവാനും, അവ പൂർത്തിയാക്കാനും കഴിയുന്നില്ല.

## സങ്കീർണ്ണമായ പാർപ്പിടരംഗത്തെ പ്രശ്നങ്ങളും, പരിഹാരനിർദ്ദേശങ്ങളും

1). സൗജന്യസാമ്പത്തിക സഹായവും, സന്നദ്ധസംഘടനകളുടെ സേവനവും, നല്ലനിലയിൽ പ്രയോജനപ്പെടുത്തി, പഞ്ചായത്തിലെ ദരിദ്രവിഭാഗത്തിൽപ്പെട്ട 500ഓളം കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചു കൊടുക്കുക.

2). വിവിധ ഭാഗങ്ങളിലുള്ള മിച്ചഭൂമി, പുറംപോക്കുഭൂമി, പഞ്ചായത്ത് ലീസ് ഭൂമി എന്നിവ ഭൂരഹിതരായ 95ഓളം കുടുംബങ്ങൾക്ക് 5 സെന്റ് വീതമെങ്കിലും നൽകി, അവിടെ L.I.C തുടങ്ങിയ കേന്ദ്രപൊതുസ്ഥാപനങ്ങളിൽനിന്ന് ചുരുങ്ങിയ പലിശനിരക്കിന് വായ്പ ലഭ്യമാക്കുകയും, വീടിന്റെ നിർമ്മാണം, നിർമ്മിതികേന്ദ്രം തുടങ്ങിയ ഏജൻസികളെക്കൊണ്ട് നടത്തിക്കുകയും ചെയ്യുക. ഇതിനായി ഗുണഭോക്താക്കളുടേയും, സന്നദ്ധസംഘടനകളുടേയും പരമാവധി മനുഷ്യാദ്ധ്വാനം ഉപയോഗപ്പെടുത്തുവാനും കഴിയണം.

3). പഞ്ചായത്തുതലത്തിൽ ഭവനനിർമ്മാണ സഹകരണസംഘം രൂപീകരിക്കുക. എൻജിനീയർ മുതൽ ലേബർ വരെയുള്ളവരെ സംഘത്തിലൂടെ സപ്ലൈ ചെയ്യുക.

4). സർക്കാർ ലഭ്യമാക്കുന്ന വായ്പക്കുള്ള സാങ്കേതികവും, സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനോടൊപ്പം, കാലതാമസവും ഒഴിവാക്കുക.

5). അപേക്ഷാ ഫോറങ്ങൾ പഞ്ചായത്തുവഴി വിതരണം ചെയ്യുക.

6). ഭവനനിർമ്മാണവായ്പകളുടെ ഇന്നത്തെ സംഖ്യ ഇരട്ടിയാക്കുക.

7). ഭവനനിർമ്മാണ വായ്പയ്ക്ക് ഇന്നത്തെ അമിതമായ പലശയും, സങ്കീർണ്ണമായ ജാമ്യവ്യവസ്ഥകളും യഥാസമയം വായ്പ ലഭിക്കായ്കയും കാരണം ഈ വായ്പകൾ സാധാരണക്കാരന് ലഭിക്കാത്ത സ്ഥിതിയാണുള്ളത്. ആയതുകൊണ്ട് ഭവനവായ്പാ വ്യവസ്ഥകൾ ഉദാരമാക്കണം.

8). നിർമ്മിക്കുന്ന വീട് ഈടായി സ്വീകരിച്ച് വായ്പ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

9). പലിശനിരക്ക് 8% ആയി നിജപ്പെടുത്തുക.

10). പഞ്ചായത്തിൽ ഒരു ഹൗസിങ്ങ് മെറ്റീരിയൽ സൊസൈറ്റിയും ഒരു സഹകരണ ഈർച്ചമിൽ സൊസൈറ്റിയും നടപ്പിലാക്കുക.

11). നമ്മുടെ പഞ്ചായത്തിലെ ഭൂരിഭാഗവും ജനങ്ങളും കുന്നിൻമുകളിലാണ് അധിവസിക്കുന്നത്. അതുകൊണ്ട് വീടുനിർമ്മാണത്തിന് സാധനസാമഗ്രികൾ എത്തിക്കുന്നതിന് ഈ പഞ്ചായത്തിലെ മുഴുവൻ ഗ്രാമീണറോഡുകളും ടാർ ചെയ്ത് നൽകുക.

12). ഈ പഞ്ചായത്തിൽ ഒരു നിർമ്മിതികേന്ദ്രവും, ചെലവുകുറഞ്ഞ വീടുകളുടെ നിർമ്മാണ പരിശീലനകേന്ദ്രവും തുടങ്ങുക,

13). ഭവനനിർമ്മാണത്തിനുള്ള വായ്പകളുടെ നിലവിലുള്ള തുക വർദ്ധിപ്പിക്കുകയും, തിരിച്ചടച്ച് വാർഷിക അർദ്ധവാർഷിക തവണകളാക്കുക. കെട്ടിടനിർമ്മാണസാമഗ്രികളുടെ വിതരണം സിവിൽസപ്ലൈസ് വഴി നടപ്പിലാക്കുക.

14). സ്റ്റേജ് സർട്ടിഫിക്കറ്റു നൽകാനുള്ള അധികാരം ഗ്രാമപഞ്ചായത്ത് മെമ്പർമാർക്കു നൽകുക.

15). സർക്കാർ ലഭ്യമാക്കുന്ന ഭവനനിർമ്മാണ വായ്പകളുടെ സംഖ്യ ഇരട്ടിയാക്കുക.

16). പ്രകൃതിക്ഷോഭ പുനരധിവാസപദ്ധതി

50000 രൂപയാക്കി ഉയർത്തുക.

17). ഈ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും കുടിവെള്ളത്തിന്റെ അപര്യാപ്തതകൊണ്ട് പാർപ്പിടമുണ്ടാകുവാൻ സാധിക്കുന്നില്ല. ഇങ്ങനെയുള്ള സ്ഥലങ്ങളിൽ കുടിവെള്ളം എത്തിച്ചുകൊടുത്ത് പാർപ്പിടസൗകര്യം ഉണ്ടാക്കുവാനുള്ള സംവിധാനം ഉണ്ടാക്കേണ്ടതാണ്.

18). നിർമ്മാണച്ചെലവ് 3 ലക്ഷത്തിൽ കൂടുതൽ കണ്ടുവരുന്ന വീടുകൾക്ക് പരിധി നിശ്ചയിക്കുകയും, കൂടുതൽ വരുന്ന തുകയുടെ നിശ്ചിത ശതമാനം പഞ്ചായത്തിന് സംഭാവനയായി നൽകുകയും, ആ തുക ഭവനരഹിതരുടെ വീടുകൾക്കുള്ള ഫണ്ടിൽ ചേർക്കുകയും ചെയ്യുക.

## സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ ഉദ്ധരിക്കുവാനുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും സംഘടിത-അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള പദ്ധതികളുമാണ് നിലവിലുള്ളത്. ഈ പദ്ധതികൾക്ക് പുറമെ പട്ടികജാതി ഉന്നമനത്തിനും ക്ഷേമത്തിനുമായി പട്ടികജാതി വികസന കോർപ്പറേഷനും വനിതകളുടെ പുരോഗതിക്കായി വനിതാവികസന കോർപ്പറേഷനും ഉണ്ട്. ഈ പദ്ധതികളിൽ ദാരിദ്യനിർമ്മാർജ്ജനപദ്ധതികൾ മുഖേനയുള്ള സഹായങ്ങളാണ് വലിയ തോതിലല്ലെങ്കിലും ഈ പഞ്ചായത്തിൽ ലഭിക്കുന്നത്.

തൊഴിലാളി-തൊഴിലുടമാസഹകരണത്തോടെയുള്ള ക്ഷേമനിധിബോർഡുകൾ മുഖേനയുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമായിട്ടില്ല. പഞ്ചായത്തിൽ കെട്ടിടനിർമ്മാണതൊഴിലാളികൾ, കർഷകതൊഴിലാളികൾ, ചെത്തുതൊഴിലാളികൾ എന്നിങ്ങനെ വിവിധതരം തൊഴിൽമേഖലയിലുള്ളവരുണ്ടെങ്കിലും എല്ലാ തൊഴിലാളികളും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല.

പട്ടികജാതിവികസനകോർപറേഷൻ വഴിക്കുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടെങ്കിലും അതിന്റെ ഓഫീസ് അകലെ പാലക്കാട് ആയതിനാൽ ഏറെ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. അതുപോലെ വനിതാവികസന കോർപറേഷന്റെആസ്ഥാനം തിരുവനന്തപുരത്തായതിനാൽ പഞ്ചായത്തിലെ സാധാരണസ്ത്രീകൾക്ക് ഇതുവഴിയുള്ള ആനുകൂല്യങ്ങൾ ലഭിക്കാറില്ല. പൊതു പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾക്ക്പോലും ഇതേക്കുറിച്ച് അറിയില്ലെന്നതാണ് യാഥാർത്ഥ്യം.

സാമൂഹ്യക്ഷേമരംഗത്ത് കാര്യമായി എന്തെങ്കിലും പ്രവർത്തിക്കുന്നുണ്ടെങ്കിൽ അത് ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസ് മുഖേന VEO ഓഫീസിൽ കൂടിയാണ്. IRDP പ്രോഗ്രാമിൽക്കൂടി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ ഉന്നമനത്തിനായി പല സ്കീമുകൾ നടപ്പിലാക്കിവരുന്നുണ്ട്. പട്ടിക 3ൽ വിശദവിവരങ്ങൾ ചേർത്തിരിക്കുന്നു.

കൊട്ടിയൂർ പഞ്ചായത്തിൽ പകുതിയിലധികം കുടംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണെന്നിരിക്കെ താഴെ പറഞ്ഞ ഭവനനിർമ്മാണത്തെ സംബന്ധിച്ച I.R.D.P. സർവ്വേ ശരിയല്ല. വളരെ കുറച്ച് കുടുംബങ്ങളെ മാത്രമാണ് വീട് ആവശ്യമുള്ളവരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. I.R.D.P. പദ്ധതിയിൽ നമ്മുടെ പഞ്ചായത്തിൽ അർഹതപ്പെട്ട വളരെയധികം കുടുംബങ്ങളെ ഉൾപ്പെടുത്തുവാനുണ്ട്. അതുകൊണ്ട് I.R.D.P സർവ്വേ നടത്തി മുഴുവൻ അർഹരായവരേയും കണ്ടെത്തുക. പട്ടിക 4ൽ വിശദവിവരങ്ങൾ

പട്ടിക 3 IRDP പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ വിവരങ്ങൾ.

അനുബന്ധം II

കൊട്ടിയൂർ ഗ്രാമപഞ്ചായത്ത്

| 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|
| വാർഡ് നമ്പർ | സർവ്വേപ്രകാരം കണ്ടെത്തിയ ആകെ കുടംബങ്ങൾ | ഇതിൽ SC-ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC-ST കുടുംബങ്ങൾ | ദാരിദ്ര്യ രേഖയ്ക്ക് മുകളിലെത്തിയ കുടംബങ്ങൾ | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആകെകുടുംബങ്ങൾ സഹായംലഭിച്ചവർ ഉൾപ്പെടെ |
| 1 to IX | 2383 | 9 | 126 | 46 | 126 | 2257 |

ചേർത്തിരിക്കുന്നു.

**D.W.C.R.A**

സ്ത്രീകളുടെയും കുട്ടുകളുടെയും ഉന്നമനത്തിന്വേണ്ടി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽസംരംഭമാണ് DWCRA. ഈ പദ്ധതിപ്രകാരം നിലവിലുള്ള തൊഴിൽസംരംഭങ്ങളുടെ വിവരം താഴെ പട്ടിക 5ൽ ചേർത്തിരിക്കുന്നു.

കൊട്ടിയൂർ പഞ്ചായത്തിൽ വളരെ ഗുണകരമായി ഉപയോഗിക്കാൻ പറ്റുന്ന പദ്ധതികളാണ് DWCRA പദ്ധതികൾ. ഏതാനും ജില്ലിയൂണിറ്റും റഡിമെയ്ഡ് തയ്യൽകേന്ദ്രവും ആടുവളർത്തൽ സംരംഭവും ഉണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിന്റെ സ്ഥിതിഗതികൾ വച്ച് നോക്കുമ്പോൾ ഇപ്പോൾ ഉള്ളവ തീരെ അപര്യാപ്തമാണ്. നിരവധി ആടുവളർത്തൽ യൂണിറ്റുകൾക്കുള്ള സാദ്ധ്യത നിലവിലുണ്ട്. സ്ത്രീകൾക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ഇത് ഒരു നല്ല പദ്ധതിയായി കാണാവുന്നതാണ്. ഇപ്പോഴുള്ള യൂണിറ്റിലെ അംഗസംഖ്യ പത്തിൽ നിന്ന് അഞ്ചായി കുറച്ച് അഞ്ച് അംഗങ്ങൾ വീതമുള്ള യൂണിറ്റുണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. താത്പര്യമുള്ള മുഴുവൻ സ്ത്രീകൾക്കും കുട്ടികൾക്കും അവരവരിഷ്ടപ്പെടുന്ന സംരംഭങ്ങൾ ആരംഭിക്കുന്നതിന് എല്ലാവിധ സഹായങ്ങളും നിർദ്ദേശങ്ങളും ഗ്രാമപഞ്ചായത്ത് മുഖേന ലഭ്യമാക്കുക.

**ട്രൈസം**

18 മുതൽ 35 വയസ്സുവരെയുള്ള യുവതീയു

പട്ടിക 4

I.R.D.P സർവ്വേ പ്രകാരം ഭവനനിർമ്മാണത്തെ സംബന്ധിക്കുന്ന വിവരങ്ങൾ

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| വാർഡ് | വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം | വിവിധ പരിപാടികളിലായി അനുവദിച്ച | പൂർത്തീകരിച്ച വീടുകൾ കരിക്കാനുള്ള വീടുകൾ | അനുവദിച്ചതിൽ ഇനി പൂർത്തീ വീടുകൾ വീടുകൾ | ഇനിയും അനുവദിക്കേണ്ട |
| 1 to IX | 338 | 94 | 53 | 41 | 241 |

പട്ടിക 5

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| വാർഡ് | തൊഴിൽ സംരംഭത്തിന്റെ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവർത്തനക്ഷമതസംബന്ധിച്ചകുറിപ്പ് |
| III | ജില്ലിയൂണിറ്റ് | 199293 | 10 | പ്രവർത്തനം മന്ദഗതിയിലാണ് |
| VIII | ജില്ലിയൂണിറ്റ് | „ „ | 10 | നല്ലനിലയിൽ പ്രവർത്തിക്കുന്നു. |
| VIII | ആടുവളർത്തൽ | 199394 | 10 | „ „ |
| IX | റെഡിമെയ്ഡ് | „ „ | 10 | പ്രവർത്തിക്കുന്നുണ്ട്. |

വാക്കൾക്ക് തൊഴിൽപരിശീലനം നൽകുന്ന പദ്ധതിയാണ് ട്രൈസം.

നമ്മുടെ പഞ്ചായത്തിൽ തൊഴിൽപരിശീലനം നേടിയവരുടെ എണ്ണം വെറും 28 ആണ്. തൊഴിലില്ലാത്ത ചെറുപ്പക്കാരുടെയും യുവതീയുവാക്കളുടെയും എണ്ണം കണക്കാക്കുമ്പോൾ ഇത് തീരെ കുറവാണ്. അതുകൊണ്ട് തൊഴിലില്ലാത്തവരുടെ ഒരു സർവ്വേ നടത്തി അവരുടെ താല്പര്യത്തിനനുസരിച്ച് വിവിധ വിഭാഗങ്ങളിൽ വേണ്ടത്രപരിശീലനം നൽകുവാനുള്ള പദ്ധതി പഞ്ചായത്തടിസ്ഥാനത്തിൽ നടപ്പിലാക്കുക. വിശദവിവരങ്ങൾ പട്ടിക 6ൽ കൊടുത്തിരിക്കുന്നു.

### C.R.S.P.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാൻ ധനസഹായം നൽകുന്ന പദ്ധതിയാണ് C.R.S.P. ഇതിനെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ പട്ടിക 7 ൽ കൊടുത്തിരിക്കുന്നു.

പട്ടികയിൽ കാണുന്ന കക്കൂസില്ലാത്ത വീടുകളുടെ എണ്ണം യഥാർത്ഥത്തിലുള്ളതിനേക്കാൾ വളരെ കുറവാണ്. അർഹരായ ബാക്കി കുടുംബങ്ങളെ കൂടി ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കണം. കഴിഞ്ഞ മൂന്നു വർഷംകൊണ്ട് 28 കക്കൂസുകൾ മാത്രമാണ് പണി പൂർത്തീകരിച്ചത്. ഇത് പദ്ധതി നടത്തിപ്പിന്റെ ലജ്ജാകരമായ പോരായ്മയാണ് കാണിക്കുന്നത്. ഈ രീതി മാറ്റി ഒരു വർഷം പഞ്ചായത്തിൽ ആയിരം കക്കൂസുകൾ വീതം പണി പൂർത്തീകരിക്കുവാനുള്ള സത്വരനടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കുക.

### R.A.P.

ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പദ്ധതിയാണ് R.A.P. IRDP സർവ്വേ പ്രകാരം കൈത്തൊഴിലുകാർക്ക്

പട്ടിക 6

11-12 നമ്മുടെ പഞ്ചായത്തിൽ ട്രൈസംപദ്ധതിയിലൂടെ തൊഴിൽ പരിശീലനം ലഭിച്ചവരുടെ വിവരം.

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| വാർഡ് | പരിശീലനവിഷത്തിന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയംതൊഴിൽ കണ്ടെത്തിയ വരുടെഎണ്ണം | ഇതരതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ | അവശേഷിക്കുന്നവർ |
| | ജില്ലിയൂണിറ്റ് | 10 | 10 | | |
| | റെഡിമെയ്ഡ് | 10 | 10 | | |
| | ടൈപ്പ്റൈറ്റിംഗ് 95-96 | 6 | | 6 | |
| | പ്രിന്റിംഗ്-അച്ചുകമ്പാസിംങ് | 1 | | | 1 |
| | കാരപസ്കറി | 1 | 1 | | |

പട്ടിക 7

11-6- - I.R.D.P സർവ്വേ പ്രകാരം കക്കൂസുകൾ സംബന്ധിച്ച് വിവരം.

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| വാർഡ് | സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം | വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം | പൂർത്തീകരിച്ചവയുടെ എണ്ണം | ഇനി കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം | |
| | 1653 | 93-94 ൽ 23 എണ്ണം | | | |
| | | 94-95 4 | 28 | | 1615 |
| | | 95-86 11 | | | |

സഹായധനം അനുവദിച്ചതിന്റെ വിവരം

ഈ പഞ്ചായത്തിൽ I.R.D.P. സർവ്വേപ്രകാരം ഗ്രാമീണ കൈതൊഴിലുകാരുടെ എണ്ണം വെറും 47 മാത്രമാണ് അതിൽ സഹായം ലഭിച്ചവരുടെ എണ്ണം 1994-95ൽ 8ഉം, 95-96ൽ 8ഉം വീതമാണ്. ഇനി അർഹതയുള്ളവരുടെ എണ്ണം 31 ആണെന്നും റിക്കാർഡുകളിൽ കാണുന്നു. സഹായം ലഭിച്ചവരുടെ എണ്ണം ശരിയാണെങ്കിലും ഗ്രാമീണ കൈതൊഴിലുകാരുടെ എണ്ണം 47ലും വളരെ കൂടുതലാണ്. അതുകൊണ്ട് ബാക്കിയുള്ള മുഴുവൻ തൊഴിലാളികളെയും കണ്ടെത്തി അവർക്ക് ആധുനിക ഉപകരണങ്ങൾ നൽകണം. അതുപോലെ വിവിധ കൈത്തൊഴിലിൽ പരിശീലനം നൽകുന്ന ഒരു പരിശീലനകേന്ദ്രം പഞ്ചായത്തിൽ സ്ഥാപിച്ച് താല്പര്യമുള്ളവർക്ക് പരിശീലനം നൽകണം.

### വില്ലേജിൽക്കൂടെയുള്ള ക്ഷേമപദ്ധതി.

1986 മുതൽ കൊട്ടിയൂർ വില്ലേജിൽക്കൂടി വിവിധ വിഭാഗങ്ങൾക്കായി വിതരണം ചെയ്ത പെൻഷൻ വിവരങ്ങൾ പട്ടിക 8ൽ.

### സാമൂഹ്യക്ഷേമരംഗത്തെ പ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളും

1). പഞ്ചായത്തിലെ ദുർബ്ബല വിഭാഗങ്ങൾക്ക് മുഴുവൻ കുടുംബങ്ങൾക്കും കക്കൂസ് നിർമ്മിച്ചു കൊടുക്കുക.

2). സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിന് ആട്, പന്നി, പശു, കോഴി എന്നിവയെ സൗജന്യനിരക്കിൽ വിതരണം ചെയ്യുകയൊ വാങ്ങിക്കുന്നതിന് ധനസഹായം ചെയ്യുകയോ ചെയ്യുക.

3). സ്ത്രീകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ നടത്തുന്നതിന് ആവശ്യമായ പരിശീലനവും സാമ്പത്തികസഹായവും പഞ്ചായത്തു മുഖേന നടപ്പിലാക്കുക..

4). വിവിധ പെൻഷനുകൾ അർഹതപ്പെട്ട മുഴുവൻ ആളുകൾക്കും ലഭിക്കുന്നതിന് സൗകര്യം ഏർപ്പെടുത്തുക.

5). ദൈനംദിന ആവശ്യങ്ങൾക്ക് ടെലഫോൺ ഇന്ന് അത്യാവശ്യമാണ്. മുഴുവൻ അപേക്ഷകർക്കും കണക്ഷൻ നൽകുകയും ടെലഫോൺ എക്സ്ചേഞ്ച് വികസിപ്പിക്കുകയും ചെയ്യുക.

6). വനിതാ വികസനകോർപ്പറേഷന്റെ പ്രവർത്തനം ഈ പഞ്ചായത്തിൽ നടക്കുന്നില്ല. പൊതുരംഗങ്ങളിൽ പ്രവർത്തിക്കുന്ന സ്ത്രീകൾക്കു പോലും ഇതേക്കുറച്ച് അറിയില്ല. വനിതാ വികസനകോർപ്പറേഷന്റെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് പഞ്ചായത്തുതലത്തിൽ ഒരു വനിതാ സെല്ലിന് രൂപം നൽകുക.

7). ദാരിദ്ര്യരേഖയുടെ വരുമാനപരിധി കുറ

പട്ടിക 8

| വർഷം | ക്ഷയരോഗപെൻഷൻ വാങ്ങിയവർ | അഗതി പെൻഷൻ |
|---|---|---|
| 1985-1986 | 13 | ഇല്ല |
| 86-87 | 4 | 8 |
| 87-88 | ഇല്ല | 25 |
| 88-89 | 1 | 2 |
| 89-90 | 1 | ഇല്ല |
| 90-91 | 4 | 2 |
| 91-92 | 4 | 9 |
| 93-94 | 1 | 3 |
| 93-94 | ഇല്ല | 1 |
| 94-95 | 1 | 3 |
| 95-96 | 1 | 2 |

ഞ്ഞപക്ഷം 25000/ രൂപയെങ്കിലും ആക്കുക.

8). ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ ദേശസാൽകൃതബാങ്കുകൾ സഹായിക്കുന്ന കാര്യത്തിൽ ഉദാസീനത കാണിക്കുന്നുണ്ട്. സഹകരണമേഖലയ്ക്ക് പരമാവധി ഫണ്ട് അനുവദിച്ച് ഈ മേഖലയിൽ ഗുണഭോക്താക്കളെ പരമാവധി സഹായിക്കാൻ ജില്ലാ-സംസ്ഥാന സഹകരണ ബാങ്കുകൾ വഴി സർക്കാർ നടപടി സ്വീകരിക്കുക.

കൊട്ടിയൂർ പഞ്ചായത്തിൽ കർഷകതൊഴിലാളിപെൻഷൻ വാങ്ങുന്നവരുടെ എണ്ണം 190 ആണ്. എന്നാൽ അർഹതപ്പെട്ടവരുടെ എണ്ണം അതിൽ എത്രയൊ കൂടുതലാണ്. അർഹതപ്പെട്ടവരെ മുഴുവൻ കണ്ടെത്താനും സഹായങ്ങൾ ലഭ്യമാക്കാനും സത്വരനടപടികൾ സ്വീകരിക്കണം.

## പാതുവിതരണം

കൊട്ടിയൂർ പഞ്ചായത്തിൽ 8 പൊതുവിതരണകേന്ദ്രങ്ങളാണുള്ളത്. കൂടാതെ ചുങ്കക്കുന്നിൽ ഒരു മാവേലിസ്റ്റോറും പ്രവർത്തിച്ചിരുന്നു. എന്നാൽ മാവേലിസ്റ്റോർ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. കഴിഞ്ഞ അഞ്ചു വർഷത്തെ ഭക്ഷ്യവസ്തുക്കളുടെ നമ്മുടെ പഞ്ചായത്തിലെ വിതരണം സംബന്ധിച്ച വിവരങ്ങളാണ് പട്ടിക 9ൽ ചേർത്തിരിക്കുന്നു.

9). നീർമറി പദ്ധതിയിൽ വരുന്ന കയ്യാലകൾക്ക് സഹായധനം നൽകുന്നത് കർഷർക്ക് നേരിട്ടു നൽകുവാൻ സൗകര്യം ഏർപ്പെടുത്തുക. കോൺട്രാക്ടറെ ഒഴിവാക്കുക. പഞ്ചായത്ത് മുഖേന നടപ്പിലാക്കുക.

10). വിധവാപെൻഷന് അപേക്ഷിക്കുന്നതിന്റെ കാലാവധി ഒരുമാസത്തിനുള്ളിൽ എന്നത് ഒരു വർഷമെങ്കിലും ആക്കി ദീർഘിപ്പിക്കുക.

11). വ്യാജമദ്യം പൂർണ്ണമായി തടയുവാനുള്ള നടപടി സ്വീകരിക്കുക.

12). 6ാം വാർഡിൽ ആട്ടിക്കുളം കേന്ദ്രമായി രണ്ടാം വാർഡിൽ മണലേൽ ജംഗ്ഷൻ കേന്ദ്രമായും ഓരോ പൊതുവിതരണകേന്ദ്രം തുറന്ന് പൊതുജനങ്ങളുടെ ബുദ്ധിമുട്ടിന് പരിഹാരം ഉണ്ടാക്കുക.

13). തോട്, പുഴ, മലവെള്ളം, എന്നിവയുടെ ഭീഷണിയുള്ള ഭവനങ്ങൾക്ക് സംരക്ഷണനടപടി സ്വീകരിക്കുക.

14). പഞ്ചായത്തിലെ മഹിളാസമാജങ്ങൾക്ക് ആവശ്യമായ കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലവും സാമ്പത്തികസഹായവും ലഭ്യമാക്കുക.

15). നിരാലംബരായ വൃദ്ധജനങ്ങളെ സംരക്ഷിക്കുന്നതിന് വൃദ്ധമന്ദിരം ആരംഭിക്കുക.

16). പഞ്ചായത്തിൽ ഒരു പൊതു ശ്മശാനം നിർമ്മിക്കുക.

17). ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നവ കൂടാതെ നിത്യോപയോഗവസ്തുക്കൾ മുഴുവൻ പൊതുവിതരണകേന്ദ്രത്തിൽകൂടി വിതരണം ചെയ്യുക.

റിപ്പോർട്ടു തയ്യാറാക്കിയവർ

1. ജോസഫ് മാണി വെട്ടിക്കാപ്പള്ളി
2. ഷാജി കല്ലുപാലം.
3. കെ.ആർ. മണി.

## പട്ടിക 1

### 1-14 (a) കൊട്ടിയൂർ പഞ്ചായത്തിലെ കെട്ടിടനികുതി കെട്ടിടങ്ങളെ സംബന്ധിച്ച വിവരങ്ങൾ

1995 96

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽകൂടുതൽ നിലയുള്ള കെട്ടിടങ്ങൾ | ഒരുനിലയുള്ള കെട്ടിടങ്ങൾ | | | | വിവിധ ഭവന നിർമ്മാണപദ്ധതിയിലൂടെ നിർമ്മിച്ച വീടുകളുടെ എണ്ണം |
|---|---|---|---|---|---|---|---|
| | | | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ | |
| I | 463 | 1 | 8 | 367 | 188 | - | 5 |
| II | 405 | 2 | 8 | 188 | 209 | - | 26 |
| III | 436 | - | 10 | 267 | 159 | - | 2 |
| IV | 514 | 10 | 65 | 313 | 136 | - | 12 |
| V | 520 | 9 | 24 | 316 | 161 | - | 10 |
| VI | 743 | 33 | 290 | 307 | 103 | - | 10 |
| VII | 625 | 55 | 55 | 394 | 106 | - | 15 |
| VIII | 554 | 18 | 17 | 283 | 206 | - | 30 |
| IX | 800 | 13 | 33 | 407 | 307 | - | 40 |
| ആകെ | | 141 | 490 | 2742 | 1575 | - | 150 |

പട്ടിക 9

പൊതുവിതരണത്തെക്കുറിച്ചുള്ള വിവരങ്ങൾ

| വർഷം | കാർഡുകളുടെ എണ്ണം | | | ഗുണഭോക്താക്കളുടെ എണ്ണം | | | പ്രതിവർഷം വിതരണം ചെയ്ത ഭക്ഷ്യവസ്തുക്കൾ (ക്വിന്റൽ) | | | | | | മണ്ണെണ്ണ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | NE | E | ആകെ | മേജർ 12മുതൽ | മൈനർ 3-12വയസ്സ് | ആകെ | അരി | ഗോതമ്പ് | റവ | മൈദ | പഞ്ചസാര | പാമോയിൽ | പെർമിറ്റ് എണ്ണം | പെർമിറ്റ് വിതരണം | കാർഡ്വഴി വിതരണം |
| 1991-92 | 1903 | 118 | 2021 | 9307 | 2252 | 11559 | 6442.35 | 769.71 | 119.70 | 83.70 | 646.92 | 8.44 | 22 | 28.31 | 112080 |
| 1992-93 | 2158 | 125 | 2283 | 8808 | 2403 | 11211 | 6781.98 | 682.23 | 17.10 | 78.90 | 626.15 | - | 23 | 3590 | 130555 |
| 1993-94 | 2998 | 250 | 3248 | 14723 | 3396 | 11119 | 6893.90 | 1397.50 | 219.30 | 126.60 | 1449.12 | - | 51 | 6920 | 171060 |
| 1994-95 | 3100 | 254 | 3354 | 15844 | 3422 | 19266 | 9806.52 | 3058 | 140.40 | 159.90 | 826 | - | 78 | 9522 | 188704 |
| 1995-96 | 2999 | 342 | 3341 | 14762 | 2976 | 17738 | 10724.71 | 4527.24 | 47.80 | 212.47 | 954 | - | 82 | 9907 | 182390 |


ഗ്രന്ഥശാലകൾ
Forest



# സംസ്കാരം

കൊട്ടിയൂരിന്റെ പൗരാണികചരിത്രത്തിന് പരശുരാമന്റെ കേരളസൃഷ്ടിയോളം പഴക്കമുണ്ട്. പരശുരാമനാൽ സ്ഥാപിതമായ 108 ക്ഷേത്രങ്ങളിൽ ഒന്നാണ് കൊട്ടിയൂർ എന്നത്രെ സങ്കല്പം. വടക്കൻപാട്ടിലും, ലോഗൻസ് മാന്വലിനും "തൃച്ചെറുമന്ന" എന്നത്രെ കൊട്ടിയൂരിന്റെ പേര് പരാമർശിക്കുന്നത്. വടക്കെ മലബാറിലെ പ്രസിദ്ധമായ തീർത്ഥാടനകേന്ദ്രമായി കൊട്ടിയൂരിലെ ക്ഷേത്രോത്സവം ജാതിമതമൈത്രിയെ ഊട്ടിയുറപ്പിക്കുന്നതായിരുന്നു. കോലത്തിരി രാജവംശക്കാലത്ത് മുതൽതന്നെ ഈ സൗഹാർദ്ദത്തിന്റെ ചരിത്രരേഖകൾ കാണാം. ഉത്സവക്കാലത്ത് ചിറകെട്ടി വെള്ളം തിരിച്ചുവിടാനുള്ള അവകാശം മുസ്ലിം കുടുംബത്തിന് അവകാശപ്പെട്ടതായിരുന്നു. പിൽക്കാലത്ത് പാറപ്പുറത്ത് മൊയ്തുഹാജിയെന്നയാൾ ഉത്സവ നടത്തിപ്പിനുള്ള അവകാശം കൈമാറിയതായി ചരിത്രരേഖകളിൽ കാണാം. ഇന്നും കൊട്ടിയൂരിന്റെ പ്രസിദ്ധി ക്ഷേത്രവുമായി ബന്ധപ്പെട്ടിരിക്കുന്നു. ദക്ഷയാഗഭൂമിയെന്ന് വിശ്വസിക്കുന്ന കൊട്ടിയൂരിലേക്ക് ഇളനീർക്കാവുമേന്തിയുള്ള ഭക്തജനങ്ങളുടെ തീർത്ഥയാത്ര വൈശാഖ മഹോത്സവത്തിന്റെ പ്രധാന കാഴ്ചയാണ്. മുസ്ലിം - ക്രിസ്ത്യൻ സഹോദരന്മാർ ഈ ഭക്തജനങ്ങൾക്ക് ആവശ്യമായ സഹായം ചെയ്തുകൊടുക്കുന്നതിൽ ഇന്നും താല്പര്യം കാണിക്കുന്നു. മേടചോതി മുതൽ മിഥുനമാസത്തിലെ ചോതിവരെ നീണ്ടതാണ് വൈശാഖമഹോത്സവം. കേരളത്തിന്റെ നാനാഭാഗത്തുനിന്നും അവകാശികളും ഭക്തരുമായ ധാരാളമാളുകൾ പർണ്ണശാല കെട്ടി നടത്തുന്ന ഈ ഉത്സവത്തിന് പങ്കെടുക്കാൻ എത്തിച്ചേരാറുണ്ട്. ഉത്സവക്കാലത്ത് വ്രതാനുഷ്ഠാനങ്ങളോടുകൂടി മുങ്ങിക്കുളിച്ച് കൊട്ടിയൂർ പെരുമാളിന്റെ അനുഗ്രഹവും വാങ്ങി സായൂജ്യമടഞ്ഞ് അവർ മടങ്ങിപ്പോകുന്നു. മണത്തണ മുതൽ കൊട്ടിയൂർ ക്ഷേത്രം വരെ "ഓം"കാര ശബ്ദങ്ങളാൽ മുഖരിതമാണ് ഈ കാലഘട്ടം.

മലബാർ കുടിയേറ്റം ആരംഭിച്ചതോടെ 1950മുതൽ കൊട്ടിയൂരിലേക്ക് വൻതോതിൽ ജനപ്രവാഹമുണ്ടായി. കൊട്ടിയൂരിന്റെ ഫലപുഷ്ടമായ മണ്ണിൽ കുടിയേറിപ്പാർത്തവർ ആദ്യം സ്വന്തം ആരാധനാലയങ്ങളും, പിന്നീട് വിദ്യാഭ്യാസ സ്ഥാപനങ്ങളും പടുത്തുയർത്തി. റോഡുകളും, പാലങ്ങളും അവർ നിർമ്മിച്ച് ഈ പ്രദേശം ഗതാഗതയോഗ്യമാക്കി. വേണ്ടത്ര വിദ്യാഭ്യാസ സൗകര്യമില്ലാതിരുന്ന അക്കാലത്ത് ചുങ്കക്കുന്നിൽ എലിസബത്ത് ടീച്ചറും, കൊട്ടിയൂരിൽ കെ.സി. ഗോപാലൻനായരും കുടിപ്പള്ളിക്കൂടങ്ങളും കെട്ടി കുട്ടികൾക്ക് അക്ഷരാഭ്യാസം നൽകിയിരുന്നു. 1956ൽ ആണ് ഈ പഞ്ചായത്തിൽ ആദ്യമായി സ്കൂളുകൾ ആരംഭിച്ചത്. ചുങ്കക്കുന്നിലും, തലക്കാണിയിലും സർക്കാർ വക സ്കൂളുകൾ ആരംഭിച്ചു. പിന്നീട് മന്ദംഞ്ചേരിയിലും, അമ്പായത്തോട്ടിലും സ്വകാര്യ വിദ്യാഭ്യാസസ്ഥാപനങ്ങളും ആരംഭിച്ചു. 1876ൽ ആണ് പഞ്ചായത്തിലെ ഏക ഹൈസ്കൂൾ കൊട്ടിയൂരിൽ സ്ഥാപിക്കുന്നത്.

1876 മുതൽ തന്നെ വായനശാലകളും ഗ്രന്ഥാലയങ്ങളും പഞ്ചായത്തിൽ ആരംഭിച്ചു. നീണ്ടുനോ

ക്കിയിലെ "കൈരളി" ഗ്രന്ഥാലയമാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ ഗ്രന്ഥാലയം. ശ്രീ. ഏ.സി. ജേക്കബ് ആലക്കുളം തുടങ്ങിയവർ മുൻകൈയെടുത്താണ് ഇത് തുടങ്ങിയത്. സ്വന്തം സ്ഥലവും കെട്ടിടവുമായി "നെഹ്റു" സ്മാരകഗ്രന്ഥാലയം എന്ന പേരിൽ ഇന്നറിയപ്പെടുന്ന ഈ ഗ്രന്ഥാലയം ഇപ്പോഴും നല്ല നിലയിൽ പ്രവർത്തിക്കുന്നു. ഇതോടനുബന്ധിച്ച് ജനവിദ്യാ കേന്ദ്രവും പ്രവർത്തിച്ചുവരുന്നു. 1960ൽ ചുങ്കക്കുന്നിൽ ആരംഭിച്ച "നെഹ്രു-കെന്നഡി" ഗ്രന്ഥാലയമാണ് മറ്റൊരു സാംസ്കാരിക കേന്ദ്രം. ശ്രീ. മത്തായി ചാത്തമല തുടങ്ങിയവർ മുൻകൈയെടുത്താണ് ഇത് തുടങ്ങിയത്. നാടകസമിതിയും സാംസ്കാരികപരിപാടിയും നടത്തിവന്നിരുന്ന ഈ ഗ്രന്ഥാലയത്തിന്റെ പ്രവർത്തനം പിന്നീട് നിലച്ചുപോയി. ഇവരുടെ സ്ഥലവും കെട്ടിടവും ഇരുന്ന സ്ഥലത്താണ് ഇപ്പോൾ പഞ്ചായത്തിന്റെ സാംസ്കാരികനിലയം പ്രവർത്തിക്കുന്നത്. 1869ൽ അമ്പായത്തോട്ടിൽ ടാഗോർ ലൈബ്രറി ആന്റ് റീഡിംഗ് റൂം സ്ഥാപിക്കപ്പെട്ടു. പിന്നീട് മന്ദംഞ്ചേരിയിൽ ശ്രീനാരായണ ഗ്രന്ഥാലയം ആരംഭിച്ചു. ഈ രണ്ടു ഗ്രന്ഥാലയങ്ങളും ഇപ്പോഴും നല്ല നിലയിൽ പ്രവർത്തിക്കുന്നു.

പഞ്ചായത്തിൽ നല്ല നിലയിൽ പ്രവർത്തിക്കുന്നതും ഇപ്പോൾ പ്രവർത്തനം നിലച്ചതുമായ ക്ലബ്ബുകളുടെയും യുവജനസംഘടകളുടെയും പട്ടിക അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.

പഞ്ചായത്തിൽ വളരെ നല്ല നിലയിൽ പ്രവർത്തിക്കുന്ന രണ്ടു ഫൈൻ ആർട്ട്സ് സൊസൈറ്റികളുണ്ട്. 1986ൽ ആരംഭിച്ച കൊട്ടിയൂരിലെ വ്യാസ ഫൈൻആർട്ട്സ് സൊസൈറ്റിയും, 1990ൽ ആരംഭിച്ച 'സർഗ്ഗ ഫൈൻ ആർട്ട്സ്' സൊസൈറ്റിയും. ഈ രണ്ടു സൊസൈറ്റികൾക്കും 300 ഓളം മെമ്പർമാർ വീതം നിലവിലുണ്ട്. നിരവധി സാംസ്കാരിക പരിപാടികൾ ഈ സൊസൈറ്റികൾ നടത്തിവരുന്നു. സഹകരണമേഖലയിലും പഞ്ചായത്തിൽ നിരവധി സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. ശാസ്ത്രസാഹിത്യപരിഷത്തിന്റെ പ്രവർത്തനവും പഞ്ചായത്തിൽ സജീവമാണ്. 3000ൽ അധികം ശാസ്ത്രപുസ്തകം അവർ പഞ്ചായത്തിൽ ഇതിനോടകം വിതരണം നടത്തിയിട്ടുണ്ട്. പരിഷത്തിന്റെ കലാജാഥകളും വിജ്ഞാനോത്സവങ്ങളും പഞ്ചായത്തിൽ സാംസ്കാരിക വളർച്ചക്ക് ഉതകിയിട്ടുണ്ട്.

സാസ്കാരികരംഗത്തും സാമൂഹ്യരംഗത്തും സജീവമായി പ്രവർത്തിക്കുന്ന മറ്റൊരു പ്രസ്ഥാനമാണ് വൈ.എം.സി.എ. 1991 മുതൽ വൈ.എം.സി. എയുടെ പ്രവർത്തനം ആരംഭിച്ചു. അറുപതിലധികം മെമ്പർമാർ ഈ സംഘടനയിൽ പ്രവർത്തിക്കുന്നു. "സായി വോളിബോൾ കോച്ചിംഗ് ക്യാമ്പ്", സ്പോർട്സ് സ്കോളർഷിപ്പ്, എല്ലാ വിദ്യാലയങ്ങളിലും പഠനത്തിൽ മികച്ചവർക്കും, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുമായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, മെഡിക്കൽ ക്യാമ്പ്, ചികിത്സാ സഹായം, ഇവ വൈ.എം.സി.എയുടെ പ്രവർത്തനങ്ങളിൽപ്പെടുന്നു.

മന്ദംഞ്ചേരിയിലെ ശ്രവണസംസാര വിദ്യാലയവും, ചുങ്കക്കുന്നിലെ 'മന്ദബുദ്ധി പരിശീലനകേന്ദ്രവും', സാമൂഹ്യരംഗത്ത് പ്രവർത്തിക്കുന്ന ശ്രദ്ധേയമായ രണ്ടു സ്ഥാപനങ്ങളാണ്, മന്ദബുദ്ധികളായ കുട്ടികൾക്ക് പരിശീലനവും വിദ്യാഭ്യാസവും ചുങ്കക്കുന്നിലെ സെന്റ് കാമിലാസ് സിസ്റ്റേഴ്സ് നൽകിവരുന്നു. ബധിരരും, മൂകരുമായ പിഞ്ചുകുഞ്ഞുങ്ങളുടെ സംസാരശേഷിയും ശ്രവണശക്തിയും വർദ്ധിപ്പിക്കുവാൻ ശാസ്ത്രീയവിദ്യാഭ്യാസം നൽകുന്ന സ്ഥാപനമാണ് മന്ദഞ്ചേരിയിലെ "ശ്രീനാരായണ ശ്രവണ സാംസാര വിദ്യാലയം". 1993ൽ ആരംഭിച്ച ഈ സ്ഥാപനത്തിൽ 21 വിദ്യാർത്ഥികളും 4 അദ്ധ്യാപകരുമുണ്ട്. കുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യം ചെയ്തുകൊടുക്കുന്നുണ്ട്.

കൊട്ടിയൂരിന്റെ സാംസ്കാരിക പ്രസിദ്ധിക്കമാറ്റു കൂട്ടുന്നതാണ്. 'മ'കാരം മാത്യുവിന്റെ അക്ഷരമായാജാലം ചുങ്കക്കുന്ന് സ്വദേശിയായ ഇദ്ദേഹം 'മ' യെന്ന മലയാളം അക്ഷരംകൊണ്ട് മാസ്മരജാലം കാട്ടുന്നത് കേരളത്തിലെ ടി.വി., റേഡിയോ, പ്രേക്ഷകർ മനംകുളിർക്കെ ആസ്വദിച്ചതാണ്. നിരവധി പുസ്തകങ്ങളും ഇദ്ദേഹം രചിച്ചിട്ടുണ്ട്. കൊട്ടിയൂർ ഡോമിനിക്, ജോസഫ് തടങ്ങഴി എന്നിവർ നാടകരംഗത്ത് പ്രവർത്തിച്ച പ്രശസ്തരായവരാണ്. വർഗ്ഗീസ് വയലുങ്കൽ വേദപണ്ഡിതനും ഒരു കവിതാസമാഹാരത്തിന്റെ രചയിതാവുമാണ്.

സ്പോർട്സ്രംഗത്ത് പ്രാഗത്ഭ്യം തെളിയിച്ചവരാണ് യു.ജെ. ജേക്കബും, കെ.വി. സന്തോഷും

നാഷണൽ ജൂണിയർ വോളിബോൾ കളിക്കാരനായിരുന്നു ജേക്കബ്. സംസ്ഥാനസ്കൂൾ കായികമേളയിൽ കെ.വി സന്തോഷ് പങ്കെടുത്തിരുന്നു.

കൊട്ടിയൂരിലെ ജനസംഖ്യയിലെ ഭൂരിപക്ഷവും കുടിയേറിപാർത്ത തിരുവിതാംകൂറുകാരായ ക്രിസ്ത്യാനികളാണ്. ഹിന്ദുക്കളും ചെറിയൊരുഭാഗം മുസ്ലിംങ്ങളും പഞ്ചായത്തിലുണ്ട്. പ്രധാനപ്പെട്ട ഒരു ആദിവാസി മേഖലയാണ് കൊട്ടിയൂർ, വിഭിന്ന മതവിഭാഗങ്ങൾ സൗഹാർദ്ദത്തോടെയാണ് ഇവിടെ ജീവിച്ചുപോരുന്നത്. കൊട്ടിയൂർ ശിവക്ഷേത്രമാണ് ഹൈന്ദവരുടെ പ്രധാന ആരാധനകേന്ദ്രം, ചുങ്കക്കുന്ന് ഫാത്തിമ മാതാപള്ളി, കൊട്ടിയൂർ സെന്റ് സബാസ്റ്റ്യൻ ചർച്ച്, അമ്പായത്തോട് സെന്റ് ജോർജ്ജ് ചർച്ച്, നെല്ലിയോടി സെന്റ് ജൂഡ് ചർച്ച്, ഒറ്റപ്ലാവ് വാഴ്ത്തപ്പെട്ട ആൽഫോൻസാമ്മയുടെ ദേവാലയം പാൽച്ചുരം വാഴ്ത്തപ്പെട്ട ചവറ കുര്യാക്കോസ് ഏലായാസ് അച്ചന്റെ ദേവാലയം ഇവയാണ് ക്രിസ്തീയ ആരാധനാലയങ്ങൾ, ഇവകൂടാതെ അമ്പായത്തോട് സെന്റ് മേരീസ് ഓർത്തഡേക്സ് ചർച്ച്, കണ്ടപ്പുനം സി.എസ്.ഐ ചർച്ച്, മറ്റു പള്ളികൾ കണ്ടപ്പുനത്തും, മറ്റ് ക്രിസ്തീയ ആരാധനാലയങ്ങളാണ്. മുസ്ലിം ജനവിഭാഗങ്ങളുടെ ആരാധനാലയമായി ഒരു സ്രാമ്പിയും കൊട്ടിയൂരിലുണ്ട്.

ചിരട്ടകൊണ്ട് ശില്പങ്ങൾ നിർമ്മിക്കുന്നതിൽ ശ്രീ. സേവ്യർ മാളിയ്ക്കേൽ നിപുണനാണ്, കണ്ണികുളത്തിൽ ചെല്ലപ്പനാചാരി അറിയപ്പെടുന്ന കരകൗശല വിദഗ്ദ്ധനാണ്.

പത്രവായനയിലും പ്രചരണത്തിലും പഞ്ചായത്തിലെ ജനങ്ങൾ സംസ്ഥാന ശരാശരിയിലും വളരെ മുമ്പിലാണ്, വിശദവിവരം അന്യത്ര ചേർക്കുന്നു.

കൊട്ടിയൂർ പഞ്ചായത്തിൽ വിവിധ രാഷ്ട്രീയപ്രസ്ഥാനങ്ങളും പ്രവർത്തിക്കുന്നുണ്ട് ഇവയുടെയൊക്കെ യുവജനവിഭാഗങ്ങളും നല്ലനിലയിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ മതപരമോ, രാഷ്ട്രീയമോ ആയ സംഘട്ടനത്തിൽനിന്ന് ഈ പഞ്ചായത്ത് മോചിതമാണ്.

## പ്രശ്നങ്ങളും, പരിഹാരങ്ങളും,

1. ഇപ്പോഴുള്ള ഗ്രന്ഥാലയങ്ങളുടെ പ്രവർത്തനംകൂടുതൽ സജീവമാക്കേണ്ടിയിരിക്കുന്നു. പുസ്തകങ്ങളുടെ കൂട്ടത്തിൽ ശാസ്ത്രപുസ്തകങ്ങളും, റഫറൻസ് ഗ്രന്ഥങ്ങളും തീരെ ലഭ്യമല്ല. വായനശാലകളിൽ സാഹിത്യപസിദ്ധീകരണങ്ങൾ വിരളമാണ്.

പട്ടിക 1

### കൊട്ടിയൂർ ഗ്രാമപഞ്ചായത്തിൽ പ്രചരണത്തിലുള്ള പത്രസാഹിത്യങ്ങളുടെ വിവരം

| ക്രമനമ്പർ | ദിനപത്രത്തിന്റെ പേര് | എണ്ണം (മാസവരി) |
|---|---|---|
| 1 | മലയാളമനോരമ | 543 |
| 2. | മാതൃഭൂമി | 303 |
| 3. | മംഗളം | 8 |
| 4. | ദീപിക | 100 |
| 5. | ദേശാഭിമാനി | 103 |
| 6. | ഇൻഡ്യൻ എക്സ്പ്രസ് (ഇംഗ്ലീഷ്) | 3 |
| 7. | കേരളകൗമുദി | 53 |
| 8. | ജന്മഭൂമി | 25 |
| 9. | രാഷ്ട്രദീപിക (സായാഹ്നപത്രം) | 100 |

NB:- കേരളത്തിൽ പ്രചാരമുള്ള മറ്റ് ആനുകാലിക പ്രസിദ്ധീകരണങ്ങൾക്കും പഞ്ചായത്തിൽ നല്ല നിലയിൽ വായനക്കാരുണ്ട്.

2. സാക്ഷരത പ്രവർത്തനം ഗ്രന്ഥശാലയോടനുബന്ധിച്ച് നടക്കുന്നില്ല. സ്കൂളുകളിൽ വേണ്ടത്ര പുസ്തകശേഖരണവും വിതരണവും നടക്കുന്നില്ല.

3. സാംസ്കാരിക കേന്ദ്രത്തിന്റെ പ്രവർത്തനം കൂടുതൽ സജീവമാക്കണം, വിജ്ഞാനപുസ്തകങ്ങൾ, പുതിയ സാഹിത്യകൃതികൾ ഇവ ലഭ്യമാക്കണം.

4. ഇപ്പോഴുള്ള ഗ്രന്ഥാലയങ്ങളും വായനശാലകളും വികസിപ്പിക്കണം.

5. വാർഡുതോറും പഞ്ചായത്ത്തലത്തിൽ വായനശാലകൾ ആരംഭിക്കണം.

6. ആദിവാസികളുടെ തനതുകലാരൂപങ്ങളായ ഉടുക്ക്, തുടികൊട്ടൽ ഇവയെ പ്രോത്സാഹിപ്പിക്കുവാനുള്ള നടപടികൾ ഉണ്ടാവണം.

7. ക്ലബ്ബുകളുടെയും സാംസ്കാരികസമിതികളുടെയും പ്രവർത്തനം ഏകോപിക്കുവാൻ പഞ്ചായത്ത് തലത്തിൽ കേന്ദ്രസമിതിയും കോ-ഓഡിനേറ്ററും ഉണ്ടാവണം. പഞ്ചായത്തിൽ ഇനിയും മിനിസ്റ്റേഡിയം നിലവിൽ വന്നിട്ടില്ല.

8. സ്പോർട്സ് പരിശീലനത്തിന് ആവശ്യമായ കളിക്കളങ്ങൾ, കണ്ടെത്തേണ്ടിയിരിക്കുന്നു.

9. ജിംനേഷ്യം, നീന്തൽകുളം ഇവ പഞ്ചായത്തിൽ സ്ഥാപിക്കേണ്ടിയിരിക്കുന്നു.

10. പാലുകാച്ചിയുടെ സാംസ്കാരിക പ്രാധാന്യം പ്രചാരണം നൽകുകയും, തീർത്ഥാടനകേന്ദ്രമായ പാലുകാച്ചിയെ ടൂറിസ്റ്റ് കേന്ദ്രമായി മാറ്റുകയും ചെയ്യണം.

11. ആദിവാസി കോളനികളിൽ കൂടുതൽ ജനവിദ്യാകേന്ദ്രങ്ങൾ തുറക്കണം.

12. കേരളോത്സവത്തിൽ കൂടുതൽ ജനപങ്കാളിത്തവും, ക്ലബ്ബുകളുടെയും, ഗ്രാമീണ കലാസമിതികളുടെയും പങ്കാളിത്തം ഉറപ്പ് വരുത്തുക.

പട്ടിക 3

## നിലവിലുള്ള കലാ - സാംസ്കാരിക സ്ഥാപനങ്ങൾ

| ക്രമ നമ്പർ | പേരും മേൽവിലാസവും | സ്ഥാപിച്ച വർഷം | മെമ്പർമാരുടെ എണ്ണം | കെട്ടിടത്തിന്റെ വിവരം | ധനസഹായത്തിന്റെ വിവരം | ഏതു സ്ഥാപനത്തിൽ അഫിലിയേറ്റ് ചെയ്തിരിക്കുന്നു. | പ്രവർത്തനത്തിന്റെ ലഘു വിവരം |
|---|---|---|---|---|---|---|---|
| 1 | ന്യൂ ഗ്ലോബ് കൊട്ടിയൂർ പി.ഒ. Regd. No. 530/95 | 1995 | 35 | വാടക | ഇല്ല | | സ്പോർട് നടത്തുക പങ്കെടുക്കുക |
| 2. | സംഘമിത്ര ആർട്ട്സ് & സ്പോർട്സ് അമ്പാടത്തോട് Regd. No. 54/91 | 1991 | 23 | വാടക | ഇല്ല | ഇല്ല | കലാ-കായികസാമൂഹ്യ സാംസ്കാരിക രംഗത്ത്. |
| 3. | എക്സ് ഓഡസ് റിക്കറിയേഷൻ ക്ലബ്ബ് കങ്ങപ്പുനം അമ്പായത്തോട് പി.ഒ. Regd. No. 5570/94 | 1994 | 18 | വാടക | ഇല്ല | ഇല്ല | സാമൂഹ്യ സാംസ്കാരിക രംഗത്ത് |
| 4. | സോഡിയക് ക്ലബ്ബ് ഇന്റർനാഷണൽ കണ്ടപ്പുനം. Regd. No. 45/96 | 1996 | 18 | വാടക | ഇല്ല | ഇല്ല | കലാകായിക സാമൂഹ്യ സാംസ്കാരിക രംഗത്ത്. |
| 5. | വോയ്സ് ഓഫ് കൊട്ടിയൂർ ആർട്ട്സ് & സ്പോർട്സ് ക്ലബ്ബ്, കൊട്ടിയൂർ കൊട്ടിയൂർ. പി.ഒ. Regd. No. | | 18 | സ്വന്തം കെട്ടിടം | ഇല്ല | ഇല്ല | കലാ കായിക സാംസ്കാരിക രംഗത്ത് |
| 6. | ലിസ്ത്തേഴ്സ് കൾച്ചറൽ ഓർഗനൈസേഷൻ ചുങ്കക്കുന്ന പി.ഒ. Regd. No. | 1994 | 45 | വാടക | ഇല്ല | ഇല്ല | കലാ കായിക വിദ്യാഭാസ രംഗത്ത് |

| നിലവിലുള്ള കലാ - സാംസ്കാരിക സ്ഥാപനങ്ങൾ | | | | | | | |
|---|---|---|---|---|---|---|---|
| ക്രമ നമ്പർ | പേരും മേൽവിലാസവും | സ്ഥാപിച്ച വർഷം | മെമ്പർമാരുടെ എണ്ണം | കെട്ടിടത്തിന്റെ വിവരം | ധനസഹായത്തിന്റെ വിവരം | ഏതു സ്ഥാപനത്തിൽ അഫിലിയേറ്റ് ചെയ്തിരിക്കുന്നു. | പ്രവർത്തനത്തിന്റെ ലഘു വിവരം |
| 7 | റോയൽ ടെൻ ഇന്റർനാഷണൽ കൊട്ടിയൂർ പി.ഒ. Regd. No. S/478 | 1995 | 13 | വാടക | ഇല്ല | ഇല്ല | സാമൂഹ്യ സാംസ്കാരിക രംഗത്ത് |
| 8. | വിവേകാനന്ദ ആർട്ട്സ് & സ്പോർട്സ് ക്ലബ്ബ്, താഴെപാൽപുരം അമ്പായത്തോട്. പി.ഒ. | 1996 | 25 | വാടക | ഇല്ല | ഇല്ല | കലാ-കായികരംഗത്ത് |
| 9. | യുവകേരള ആർട്ട്സ് & സ്പോർട്സ് ക്ലബ്ബ്, പാൽപുരം. | 1980 | 22 | സ്വന്തം | ഇല്ല | നെഹ്റു യുവകേന്ദ്ര | കലാ-കായികരംഗം |
| 10. | ഇലവൻസ് റിക്രിയേഷൻസ് അമ്പായത്തോട് Regd. No. 45/96 | 1996 | 18 | വാടക | ഇല്ല | ഇല്ല | കലാകായിക രംഗത്ത് |
| 11 | സൂഫ്യാ ആർട്ട്സ് താഴെ പാൽപുരം Regd. No. | 1992 | 40 | സ്വന്തം | ഇല്ല | നെഹ്റു യുവകേന്ദ്ര | കലാ കായിക സാംസ്കാരിക രംഗത്ത് |
| 12 | ഫിനിക്സ് ആർട്ട്സ് & സ്പോർട്സ് ക്ലബ്ബ് അമ്പായത്തോട് പി.ഒ. Regd. No. | 1993 | 25 | വാടക | ഇല്ല | ഇല്ല | കലാ സാംസ്കാരിക രംഗത്ത് |
| 13. | വീനസ് ക്ലബ്ബ് അമ്പായത്തോട് Regd. No. 320/96 | 1996 | 25 | വാടക | ഇല്ല | ഇല്ല | കലാ കായികരംഗത്ത് |

## പട്ടിക 3 നിലവിലുള്ള കലാ - സാംസ്കാരിക സ്ഥാപനങ്ങൾ

| ക്രമ നമ്പർ | പേരും മേൽവിലാസവും | സ്ഥാപിച്ച വർഷം | മെമ്പർമാരുടെ എണ്ണം | കെട്ടിടത്തിന്റെ വിവരം | ധനസഹായത്തിന്റെ വിവരം | ഏതു സ്ഥാപനത്തിൽ അഫിലിയേറ്റ് ചെയ്തിരിക്കുന്നു. | പ്രവർത്തനത്തിന്റെ ലക്ഷ്യ വിവരം |
|---|---|---|---|---|---|---|---|
| 14 | പാക്സ് കൊട്ടിയൂർ പി.ഒ. Regd. No. 320/96 | 1996 | 25 | വാടക | ഇല്ല | ഇല്ല | സാമൂഹ്യ സാംസ്കാരിക രംഗത്ത് |
| 15 | S.N. കലാസമിതി മന്ദംചേരി,കൊട്ടിയൂർ പി.ഒ. | 1988 | 30 | വാടക | ഇല്ല | ഇല്ല | കലാ-സാംസ്കാരികരംഗത്ത് |
| 16 | വീര പഴശ്ശി കൾച്ചറൽ സൊസൈറ്റി കൊട്ടിയൂർ പി.ഒ. | 1990 | 60 | വാടക | ഇല്ല | ഇല്ല | സാംസ്കാരിക രംഗത്ത് |
| 17 | വ്യാപാരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർട്ട്സ് കൊട്ടിയൂർ പി.ഒ. Regd. No. 45/96 | | | സ്വന്തം നൃത്തപഠനകേന്ദ്രം | | | കലാ സാംസ്കാരികരംഗത്ത് |
| 18 | സാമൂഹ്യക്ഷേമ ചാരിറ്റിബിൾ സൊസൈറ്റി കൊട്ടിയൂർ പി.ഒ. Regd. No. | 1993 | 36 | വാടക | ഇല്ല | ഇല്ല | സാമൂഹ്യ ക്ഷേമ രംഗത്ത് |
| 19 | 'പ്യാസ' ഫൈനാഴ്സ് സൊസൈറ്റി,കൊട്ടിയൂർ പി.ഒ. Regd. No. | 1986 | 242 | വാടക | ഇല്ല | ഇല്ല | കലാ സാംസ്കാരിക രംഗത്ത് നാടകം, ഗാനമേള, സർഗ്ഗസംവാദം മെഴിയരങ്ങ് ഇവ നടത്താറുണ്ട്. |
| 20 | സർഗ്ഗ ഫൈൻ ആർട്ട്സ് സൊസൈസൈറ്റി ചുങ്കക്കുന്ന്. പി.ഒ Regd. No. 104/90 | 1990 | 325 | വാടക | ഇല്ല | ഇല്ല | നാടകം, ഗാനമേള തുടങ്ങിയ സാംസ്കാരിക പരിപാടികൾ അവതരിപ്പിക്കുന്നു. |
| 21 | യുവരശ്മി ആർട്ട്സ് & സ്പോർട്സ് ക്ലബ്ബ്, വെങ്ങലോടി Regd. No. | 1986 | 25 | വാടക | ഇല്ല | ഇല്ല | കലാ സാംസ്കാരിക രംഗത്ത് |

## നിലവിലുള്ള കലാ - സാംസ്കാരിക സ്ഥാപനങ്ങൾ

| ക്രമ നമ്പർ | പേരും മേൽവിലാസവും | സ്ഥാപിച്ച വർഷം | മെമ്പർമാരുടെ എണ്ണം | കെട്ടിടത്തിന്റെ വിവരം | ധനസഹായത്തിന്റെ വിവരം | ഏതു സ്ഥാപനത്തിൽ അഫിലിയേറ്റ് ചെയ്തിരിക്കുന്നു. | പ്രവർത്തനത്തിന്റെ ലഘു വിവരം |
|---|---|---|---|---|---|---|---|
| 22 | ജോളി ആർട്ട്സ് & സ്പോർട്സ് ക്ലബ്ബ്, താഴെപാൽപുരം ചുങ്കക്കുന്ന് | 1970 | 20 | വാടക | ഇല്ല | ഇല്ല | സ്പോർട്സ് രംഗത്ത് |
| 23 | ഫിനിക്സ്, ഒറ്റപ്ലാവ് | 1986 | 50 | സ്വന്തം | ഇല്ല | ഇല്ല | കലാ-സ്പോർട്സ് രംഗത്ത് |
| 24 | ഫ്രന്റ്സ് ആർട്ട്സ് & സ്പോട്സ് ക്ലബ്ബ് ചുങ്കക്കുന്ന് | 1989 | 55 | വാടക | ഇല്ല | ഇല്ല | സ്പോർട്സ് രംഗത്ത് |
| 25 | യുവകേരളാ ആർട്ട്സ് & സ്പോർട്സ് ക്ലബ്ബ് കണ്ടപ്പുനം. | 1979 | | | ഇല്ല | നെഹ്രു യുവകേന്ദ്ര | കലാ കായിക രംഗത്ത് |
| 26 | മലബാർ ആർട്ട്സ് ക്ലബ്ബ് പാലുകാച്ചി Regd. No. 563/94 | 1994 | 39 | വാടക | ഇല്ല | ഇല്ല | കലാ രംഗത്ത് |
| 27 | ഫീനിക്സ് ആർട്ട്സ് & സ്പാർട്സ് ക്ലബ്ബ് കരിമ്പം കണ്ടം, കൊട്ടിയൂർപി.ഒ. Regd. No. 320/96 | 1996 | 25 | വാടക | ഇല്ല | ഇല്ല | കലാ കായികരംഗത്ത് |
| 28. | സരിഗ ആർട്ട്സ് & സ്പാർട്സ് ക്ലബ്ബ്, നെല്ലിയോടി S-21/1860 Regd. No. 516/1996 | 1996 | 10 | ഇല്ല | ഇല്ല | ഇല്ല | കലാ കായിക രംഗത്ത് |
| 29. | യുവശക്തി ക്ലബ്ബ് നെല്ലിയോടി Regd. No. 5/85-82 | 1982 | 25 | സ്വന്തം സ്ഥലമുണ്ട് | ഇല്ല | ഇല്ല | കലാ കായിക സാംസ്കാരിക രംഗത്ത്. |
| 30. | Y.M.C.A. കൊട്ടിയൂർ | 1992 | 65 | വാടക | ഇല്ല | Y.M.C.A World Alliance ജനീവ | സ്പോർട്സ്, ആർട്സ് സന്നദ്ധസേവനം. |

പട്ടിക 2

## നിലവിൽ പ്രവർത്തിക്കുന്ന ഗ്രന്ഥാലയങ്ങൾ

| ക്രമ നമ്പർ | പേരും മേൽവിലാസവും | സ്ഥാപിച്ച വർഷം | കെട്ടിടത്തിന്റെ വിവരം | നിലവിലുള്ള മെമ്പർമാരുടെ എണ്ണം | പുസ്തകങ്ങളുടെ എണ്ണം | പ്രതിമാസ പുസ്തക വിവരണം | കീഴിൽ പ്രവർത്തിക്കുന്നവരുടെ വിവരം | സർക്കാർ ഗ്രാന്റ് ലഭിക്കുന്നുണ്ടോ എന്ന് | മറ്റഭിപ്രായങ്ങൾ |
|---|---|---|---|---|---|---|---|---|---|
| 1 | നെഹ്റു -സ്മാരക ഗ്രന്ഥശാല. കൊട്ടിയൂർ കൊട്ടിയൂർ.പി.ഒ. പിൻകോഡ് 670674 Regd. No. 3249 | 14.11.1964 | സ്വന്തം ഉണ്ട് | 1638 | 3608 | 500 | റ്റി.വി. ഹാൾ ജനവിദ്യാകേന്ദ്രം വനിതാവിഭാഗം കൃഷിപുസ്തകകോർണർ | ഉണ്ട് | സജീവ പ്രവർത്തനം |
| 2. | ടാഗോർ ലൈബ്രറി ആന്റ് റീഡിംഗ് റൂം Regd. No. 3687 പി.ഒ.അമ്പായത്തോട് പിൻകോഡ് 670674 | 1969 | സ്വന്തം ഉണ്ട് | 701 | 3000 | 400 | റ്റി.വി. ഹാൾ ജനവിദ്യകേന്ദ്രം ബാലവേദി | ഉണ്ട് ലൈബ്രറി കൗൺസിലിൽ നിന്ന് | സജീവ പ്രവർത്തനം |
| 3. | കൊട്ടിയൂർ ഗ്രാമപഞ്ചായത്ത് സാംസ്കാരിക നിലയം ചുങ്കക്കുന്ന്, ചുങ്കക്കുന്ന് പി.ഒ. പിൻ. 670 674 | 17.12.1993 | സ്വന്തം ഉണ്ട് | 123 | 993 | 75 | റ്റി.വി. ഹാൾ ജനവിദ്യാകേന്ദ്രം | ഉണ്ട് പഞ്ചായത്ത് | സജീവ പ്രവർത്തനം |
| 4. | ശ്രീനാരായണ പബ്ലിക് ലൈബ്രറി, മന്ദംഞ്ചേരി കൊട്ടിയൂ പി.ഒ. പിൻ. 670 674 | 1991 | വാടക | 250 | 2600 | 700 | റ്റി.വി. പ്രദർശനം | | സജീവ പ്രവർത്തനം |
| 5. | വിസ്കോ വായനശാല ഇരട്ടത്തോട്,ചുങ്കക്കുന്ന് പി.ഒ. Regd. No. 189/89 | 1989 | വാടക | 20 | 150 | | | ഇല്ല | സജീവമല്ല |
| 6. | യുവജനവായനശാല ഒറ്റപ്ലാവ്, ചുങ്കക്കുന്ന് പി.ഒ. Regd. No. | 1995 | വാടക | 20 | പ്രവർത്തനം ആരംഭിച്ചിട്ടേയുള്ളു. | | | | |



# വനിതാക്ഷേമം

സ്ത്രീ പുരുഷ സമത്വത്തിനുവേണ്ടി മുറവിളികൂട്ടുന്ന ഈ കാലഘട്ടത്തിൽ സ്വന്തം കഴിവുകൾ മനസിലാക്കാതെ സ്ത്രീകൾ വീടുകളിൽതന്നെ ഒതുങ്ങികൂടുകയാണ്. മറ്റുപ്രദേശങ്ങളിലേതുപോലെ കൊട്ടിയൂർ പഞ്ചായത്തിലെ സ്ത്രീകളുടെ അവസ്ഥയും ഇതിൽനിന്ന് വിഭിന്നമല്ല. എങ്കിലും അപൂർവ്വം ചില രംഗങ്ങളിൽ സ്ത്രീകൾ പൊതുരംഗത്ത് വന്നിരുന്നു.

1961 ൽ കൊട്ടിയൂരിൽ നടന്ന കുടിയിറക്കിനെതിരെ പ്രതികരിക്കാൻ സ്ത്രീകൾ മുന്നിട്ടിറങ്ങി. കിടപ്പാടത്തിന്റെ പ്രശ്നമായതുകൊണ്ടും പുരുഷൻമ്മാരുടെ സഹായസഹകണങ്ങൾ ഉണ്ടായിരുന്നതുകൊണ്ടും ജാതിമതഭേതമന്യേ കൈകുഞ്ഞുങ്ങളെയുമായി സ്ത്രീകൾ സമരരംഗത്തേക്കിറങ്ങി. സമൂഹത്തിൽ അന്ന് സ്ത്രീകൾക്ക് മാന്യമായ സ്ഥാനം ലഭിച്ചിരുന്നു. ജനസംഖ്യയിൽ പകുതിവരുന്ന സ്ത്രീകളെ ഒഴിച്ചുനിർത്തികൊണ്ടുള്ള പ്രവർത്തനങ്ങൾ വിജയിക്കയില്ലയെന്നതുകൊണ്ടാണ് ഈ സമരത്തിൽ സ്ത്രീകൾ മുൻനിരയിൽ നിന്നതും സമരം വിജയിച്ചിതും.

## മഹിളാ സമാജങ്ങൾ

1980- കളിൽ മഹിളാസമാജങ്ങൾ രൂപീകരിക്കുന്നതിലും മഹിളകളെ സംഘടിപ്പിക്കുന്നതിനും മുൻകൈഎടുത്തിരുന്നു. ഓരോ വീട്ടിലും പച്ചക്കറി കൃഷിയും ആടുമാടുവളർത്തലും, കോഴി വളർത്തലും, പ്രോത്സാഹിപ്പിച്ച് സ്ത്രീകളുടെ സാമ്പത്തിക നില ഉയർത്തുന്ന കാര്യത്തിലും മഹിളാ സമാജങ്ങൾ ശ്രദ്ധിച്ചിരുന്നു. 14 മഹിളാ സമാജങ്ങളെ സംഘടിപ്പിച്ച് ഒരു യൂണിയൻ ഉണ്ടാക്കി കലാപരിപാടികളും മറ്റും നടത്തിയിരുന്നു.

സ്ത്രീകളെ പങ്കെടുപ്പിക്കാനുള്ള ഒരു പ്രധാന വേദിയാണ് മഹിളാ സമാജങ്ങളും, സ്ത്രീ സംഘടനകളും കൊട്ടിയൂർ പഞ്ചായത്തിൽ 18 മഹിളാ സമാജങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട് ഈ 18 മഹിളാ സമാജങ്ങളേയും ഉൾപ്പെടുത്തികൊണ്ട് ഒരു പഞ്ചായത്തുതല മഹിളാ യൂണിയനും ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

കേരള മഹിളാകോൺഗ്രസ്, മഹിളാ കോൺഗ്രസ്, ജനാധിപത്യ മഹിളാ അസോസിയേഷൻ, മഹിളാ ഫെഡറേഷൻ എന്നീ വനിതാ സംഘടനകൾ കൊട്ടിയൂർ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. എങ്കിലും സ്ത്രീകളുടെ മുഴുവൻ പ്രശ്നങ്ങളും ഏറ്റെടുത്ത് നടത്തുന്നതിന് ഈ സംഘടനകൾക്ക് കഴിയാറില്ല. ഇതിന് സാമ്പത്തിക പ്രശ്നങ്ങളും പുരുഷന്മാരുടെ സഹകരണകുറവും ഒരു പ്രധാന കാരണമാണ്.

സ്വയം തൊഴിൽ രംഗത്ത് പഞ്ചായത്തിൽ വനിതകളുടെ പങ്കാളിത്തത്തിനു തെളിവാണ് ഇവിടെ പ്രവർത്തിക്കുന്ന വനിതാ സൊസൈറ്റിയും, മിൽക്ക് ബാറുകളും, ബ്യൂട്ടി പാർലറുകളും. തൊഴിൽ സംരംഭങ്ങളിൽ സ്ത്രീകൾ മുന്നോട്ടു വരാതിരിക്കുന്നത് ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കുന്നതിനുള്ള ആത്മ വിശ്വാസക്കുറവും ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്താനുള്ള വിഷമതയുമാണ്. ശരിയായ പരിശീലനവും പുരുഷന്മാരുടെ ഭാഗത്തുനിന്നുള്ള തുടർച്ചയായ സഹായ

വും സ്ത്രീകൾക്ക് ലഭിക്കുന്നില്ല. സമൂഹിക സാമ്പത്തിക രാഷ്ട്രീയ രംഗങ്ങളിൽ പ്രവർത്തിക്കുന്നതിനുള്ള സമയക്കുറവും പുരുഷന്മാരുടെ താൽപ്പര്യക്കുറവും പ്രധാനകാരണങ്ങളാണ്.

മിക്കവാറും കുടുംബങ്ങളിൽ സ്ത്രീകളുടെ പദവി ഇന്നും താണനിലയിൽ തന്നെയാണ്. കൊട്ടിയൂർ പഞ്ചായത്തിലെ 30% കുടുംബങ്ങളും സ്ത്രീകളുടെ ഉത്തരവാദിത്വത്തിലാണ് മുന്നോട്ടു പോകുന്നത് പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾക്ക് കൂടുതൽ തൊഴിൽസാദ്ധ്യതകൾ കണ്ടെത്തുകയും സ്വയം തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുത്താനുള്ള എല്ലാ സൗകര്യങ്ങളും ചെയ്യുകയും ചെയ്താൽ സ്ത്രീകളുടെ തൊഴിൽ പ്രശ്നങ്ങൾ ഏറെയൊക്കെ പരിഹരിക്കാൻ സാധിക്കും.

സാമൂഹിക സാംസ്ക്കാരിക രംഗങ്ങളിൽ പഴയകാലത്ത് സ്ത്രീ പങ്കാളിത്തം വളരെ കുറവായിരുന്നു. സാമ്പത്തിക ഭദ്രതയും, വിദ്യാഭ്യാസമില്ലായ്മയും സ്ത്രീകളിൽ നിലനിൽക്കുന്ന വിമുഖതയും പ്രോത്സാഹനക്കുറവും സ്ത്രീകൾ പൊതുരംഗത്ത് വരാതിരിക്കാൻ പ്രധാനകാരണങ്ങളാണ്. പ്രാഥമിക വിദ്യാഭ്യാസത്തിന് പെൺകുട്ടുകൾക്ക് സൗകര്യം ലഭിച്ചിരുന്നുവെങ്കിലും ഉന്നത വിദ്യാഭ്യാസത്തിനുള്ള സാഹചര്യമില്ലായിരുന്നു. എന്നാൽ ഇന്ന് ഇതിനൊക്കെ ഒരു മാറ്റം കണ്ടുതുടങ്ങിയിരിക്കുന്നു. എല്ലാ രംഗത്തും ചെറിയ തോതിൽ സ്ത്രീ പങ്കാളിത്തം കാണാൻ സാധിക്കും.

കൃഷി, മൃഗസംരക്ഷണം, തയ്യൽ, പച്ചക്കറി കൃഷികൾ, എന്നീ മേഖലകളിൽ സ്ത്രീകൾ ഇന്നും കൂടുതൽ താല്പര്യം കാണിക്കുന്നു. പുരുഷന്മാരോടൊപ്പം സ്ത്രീകൾ ജോലിചെയ്യുന്നുണ്ടെങ്കിലും അവർക്ക് വേതനം കുറവാണ്.

## അംഗനവാടികൾ

കൊട്ടിയൂർ പഞ്ചായത്തിൽ ഇപ്പോൾ 18 അംഗനവാടികൾ പ്രവർത്തിക്കുന്നുണ്ട്. അംഗനവാടികളിൽ ജോലിചെയ്യുന്ന സ്ത്രീകൾക്ക് മറ്റു മേഖലകളിൽ തൊഴിലേറ്റെടുക്കുന്നവരോടൊപ്പമുള്ള വേതനവും ആനുകൂല്യങ്ങളും ലഭിക്കുന്നില്ല. പഞ്ചായത്തിലെ ജനസംഖ്യക്ക് ആനുപാതികമായി അംഗനവാടികൾ പ്രവർത്തിക്കുന്നില്ല. കൂടുതൽ അംഗനവാടികൾ അനുവദിക്കുന്നതിന് ആവശ്യമായ സത്വരനടപടികൾ സ്വീകരിക്കണം.

## ജനസംഖ്യ

1995-ൽ നടത്തിയ സർവ്വേ അനുസരിച്ച് ജനസംഖ്യ

മൊത്തം ജനസംഖ്യ 16608

സ്ത്രീകൾ 8279

സ്ത്രീ പുരുഷ ആനുപാതം (ആയിരം പുരുഷന്മാർക്ക്)

| | പുരുന്മാർ | സ്ത്രീകൾ |
|---|---|---|
| ഇന്ത്യ | 1000 | 929 |
| കേരളം | 1000 | 1036 |
| കണ്ണൂർ | 1000 | 1101 |
| കൊട്ടിയൂർ | 1000 | 994 |

## വിദ്യാഭ്യാസം

ഒന്നും രണ്ടും ഘട്ടം സാക്ഷരതാ പ്രവർത്തനങ്ങളിൽ സ്ത്രീകൾ ആവേശപൂർവ്വം പങ്കാളികളായി. വിദ്യാലയങ്ങളിൽ ആൺകുട്ടികളുടെ എണ്ണത്തേക്കാൾ പെൺകുട്ടികൾ കൂടുതലാണ് എണ്ണത്തിലും പഠനിലവാരത്തിലും SSLC ക്ക് കൂടുതൽ മാർക്ക് വാങ്ങുന്നതും പെൺകുട്ടികളാണ്. എന്നിരുന്നാലും മുസ്ലീം സമുദായത്തിലും പട്ടികജാതി-പട്ടികവർഗ്ഗത്തിലും പെട്ട പെൺകുട്ടികൾ വിദ്യാഭ്യാസരംഗത്ത് ഇപ്പോഴും പിന്നിലാണ്. മദർ PTA പോലുള്ള വിദ്യാഭ്യാസ പ്രവർത്തനരംഗങ്ങളിൽ സ്ത്രീകൾ കുറവായതുകൊണ്ട് ഈ രംഗത്ത് കൂടുതൽ സ്ത്രീകളെ പങ്കെടുപ്പിച്ച് പ്രവർത്തനങ്ങൾ വിപുലപ്പെടുത്തണം. നമ്മുടെ വിദ്യാലയങ്ങളിൽ പെൺകുട്ടികൾക്ക് പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് സൗകര്യങ്ങൾ കുറവാണ് നിലവിലുള്ള സൗകര്യങ്ങൾ വർദ്ധിപ്പിച്ച് പ്രശ്നങ്ങൾ പരിഹരിക്കണം. വിദ്യാർത്ഥികളുടെ എണ്ണത്തിനനുസരിച്ച് ആനുപാതികമായ സൗകര്യങ്ങൾ ഏർപ്പെടുത്തണം.

## ആരോഗ്യം

സ്ത്രീകളുടെ ആരോഗ്യനില പുരുഷന്മാരേക്കാൾ പിന്നിലാണ് അതിനുകാരണം പോഷകക്കുറവും ദാരിദ്ര്യവുമാണ്. കുടുംബത്തിന്റെ ഭാരിച്ച ഉത്തരവാദിത്വങ്ങൾക്കിടയിൽ സ്വന്തം പ്രശ്നങ്ങൾ വിട്ടുകളയുന്ന ഇവരുടെ ആരോഗ്യത്തെ ബാധിക്കുന്നു. പുരുഷന്മാരുടെ മദ്യപാനം മൂലം വിഷമമ

നുഭവിക്കുന്ന സ്ത്രീകൾ ധാരാളം ഉണ്ട്. ഇത് സാമ്പത്തിക തകർച്ചക്കും, അനാരോഗ്യത്തിനും കാരണമാകുന്നു. പുറത്തു പോയി പണിയെടുക്കുന്ന സ്ത്രീകൾ വീട്ടിലെ ജോലികളും സ്വയം ചെയ്യുകയാണ് പതിവ്. ഗൃഹസംബന്ധമായ ജോലികളെ ഒരു തൊഴിലായി ആരും അംഗീകരിക്കുന്നില്ല രണ്ടു ജോലികളും ഒന്നിച്ച് കൊണ്ടുപോകുന്നത് അവരുടെ ആരോഗ്യത്തെ ബാധിക്കുന്നു.

വിവിധ തരത്തിലുള്ള സഹായങ്ങളും പെൻഷൻ പദ്ധതികളും പഞ്ചായത്തിലെ സ്ത്രീകൾക്ക് ലഭിക്കുന്നുണ്ട്. നിർധനരായ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായം പഞ്ചായത്തിൽ നിന്ന് നൽകുന്നുണ്ടെങ്കിലും ഇതിനു കാലതാമസം നേരിടുന്നു. ദേശീയ പ്രസവാനുകൂല്യ പദ്ധതി നടപ്പിലുണ്ട്. ഇത്തരം പദ്ധതികളുടെ ആനുകൂല്യങ്ങൾ ഗുണഭോക്താക്കളിൽ എത്തിക്കാൻ കൂടുതൽ എളുപ്പമുള്ള മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടിയിരിക്കുന്നു.

സ്ത്രീധന സമ്പ്രദായം കർശ്ശമായി നിരോധിച്ചാൽ സ്ത്രീ പീഡനങ്ങളും, സ്ത്രീധന മരണങ്ങളും പഞ്ചായത്തിൽ ഒരു പരിധിവരെ നിയന്ത്രിക്കാൻ കഴിയും. ഇത്തരം കുറ്റവാളികൾ നിയമത്തിന്റെ പഴുതിലൂടേയും, ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥമൂലവും രക്ഷപ്പെടുകയാണ് ചെയ്യുന്നത്. ഇതിനെതിരായി സമൂഹമനസാക്ഷി ഉണരേണ്ടിയിരിക്കുന്നു.

**പ്രശ്നങ്ങൾ**

1, മഹിളാസമാജങ്ങൾ പോലെയുള്ള സംഘടനകൾക്ക് സ്വയം പ്രവർത്തിക്കുന്നതിനുള്ള സാമ്പത്തിക സ്ഥിതിയില്ല, തൊഴിൽ പരിശീലനം നൽകുന്നതിൽ വിദഗ്ദരോ കെട്ടിടങ്ങളോ ഈ പഞ്ചായത്തിലില്ല

2, സ്ത്രീകളുടെ ആരോഗ്യസംരക്ഷണത്തിനും അദ്ധ്വാനഭാരം കുറക്കുന്നതിനും ഇന്ധനം ലാഭിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ പഞ്ചായത്തിൽ നടപ്പിലാക്കുക.

3, കൊട്ടയൂർ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മഹിളാ യൂണിയന് വേണ്ടതായ രീതിയിൽ പ്രവർത്തനങ്ങൾ നടത്തുവാൻ കഴിയുന്നില്ല ഇതിനു പ്രധാനകാരണം സാമ്പത്തിക പ്രശ്നമാണ്.

4, സാമൂഹ്യ സാംസ്ക്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്ന സ്ത്രീകളെ സമൂഹം മോശമായി ചിത്രീകരിക്കുന്നതും കുടുംബത്തിന്റെ പൂർണ്ണ ഉത്തരവാദിത്വം സ്ത്രീകളിലായതുകൊണ്ടും, പൊതുപ്രവർത്തനങ്ങളിൽനിന്ന് സ്ത്രീകൾ വിട്ടു നിൽക്കുന്നു.

5. സ്ത്രീകൾക്ക് വേണ്ടതായ തൊഴിൽ പരിശീലനകേന്ദ്രങ്ങളില്ല.

6. സ്ത്രീകൾ പൊതുരംഗത്തു വരാത്തതുകൊണ്ട് സർക്കാർ ഏർപ്പെടുത്തുന്ന ക്ഷേമപദ്ധതികൾ അറിയുന്നില്ല

7. സ്ത്രീകളുടെ ഇടയിലെ അറിവില്ലായ്മ, അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും ഇടയാകുന്നു

8. വായനാശീലം സ്ത്രീകളിൽ കുറവായതുകൊണ്ട് പൊതുജ്ഞാനം തീരേയില്ല.

9. പൊതുസ്ഥലങ്ങളിൽ സ്ത്രീകളെ അപമാനിക്കുന്ന രീതിയിലുള്ള അശ്ലീല പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നത് തടയുകയും, സ്ത്രീകളോട് അപമര്യാദയായിപെരുമാറുന്ന വരെ മാതൃകാപരമായി ശിക്ഷിക്കുകയും ചെയ്യുക.

10. കൊട്ടിയൂർ പഞ്ചായത്തിലെ വ്യാജമദ്യം കർശനമായി നിരോധിക്കുക.

11. കുടുംബങ്ങളിൽ സ്ത്രീകളെ പീഢിപ്പിക്കുന്നതും കൊലചെയ്യപ്പെടുന്നതും നിത്യസംഭവമായി മാറിയതുകൊണ്ട് കുറ്റവാളികളെ കർശ്ശനമായി ശിക്ഷിക്കണം.

12. സ്ത്രീധന പീഠനം ഒഴിവാക്കുക.

**നിർദ്ദേശങ്ങൾ**

1. മഹിളാസമാജങ്ങൾക്ക് സ്വന്തമായി കെട്ടിടങ്ങളും സാമ്പത്തികസഹായവും, തൊഴിൽ പരിശീലനവും നൽകുന്നതിനെപറ്റി വിദഗ്ദരേയും ലഭ്യമാക്കുക.

2. സ്ത്രീകളുടെ ആരോഗ്യ സംരക്ഷണത്തിനും, അദ്ധ്വാനഭാരം കുറക്കുന്നതിനും അനർട്ടിന്റെ പുകയില്ലാത്ത അടുപ്പുകൾ സബ്സിഡി നിരക്കിൽ നിർമ്മിച്ച് കിട്ടുന്നതിന് അതിന്റെ ഒരു ഓഫീസ് കൊട്ടിയൂർ പഞ്ചായത്തിൽ നടപ്പിലാക്കുക.

3. സ്ത്രീകൾ സമൂഹത്തിന്റെ ഒരു ഭാഗമാണ് എന്ന ബോധം അവരിൽ വളർത്തിയെടുക്കുന്ന

തിനുള്ള ക്ലാസുകൾ നൽകുക.

4. അംഗനവാടി ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കുകയും താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുകയും ചെയ്യുക.

5. 55 വയസ്സു കഴിഞ്ഞ എല്ലാ സ്ത്രീകൾക്കും പെൻഷൻ അനുവദിക്കുക.

6. വിധവകൾക്കായുള്ള പെൻഷൻ ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയ ദൈർഘ്യം വർദ്ധിപ്പിക്കുക.

7. മഹിളാ സമാജങ്ങൾ വഴി ആടുമാടുകൾ കോഴികൾ, ഇവയെ വളർത്തുന്നതിനുള്ള സാമ്പത്തിക സഹായം നൽകുക. പച്ചക്കറികൃഷി, ഉദ്യാനകൃഷി, കൂൺകൃഷി, ഔഷധത്തോട്ട നിർമ്മാണം, കരകൗശലവസ്തുക്കൾ, തയ്യൽ എന്നിവക്ക് വേണ്ടതായ പരിശീലനം നൽകുക.

8. കൊട്ടിയൂർ പഞ്ചായത്തിലെ P.H.C. യിലെ ഒരു വനിതാ ഡോക്ടറെ നിയമിക്കുക.

9. വിധവകളുടെ പെൺമക്കൾക്ക് വിവാഹത്തിനുള്ള ധനസഹായം വർദ്ധിപ്പിക്കുകയും അതു ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുകയും ചെയ്യുക.

10. പഞ്ചായത്തുതലത്തിൽ സ്ത്രീകളുടെ ഉന്നമനത്തിനായി ഒരു സമിതി രൂപവൽക്കരിക്കുക.

11. തൊഴിലവസരങ്ങളേയും നിയമങ്ങളേയും കുറിച്ച് സ്ത്രീകൾക്ക് അറിവുനൽകുക.

12. തുല്യ ജോലിക്ക് തുല്യ വേതനം നടപ്പിലാക്കുക.

13. വനിതകൾ ഒത്തുചേരാനുള്ള വേദിയായി അയൽകൂട്ടങ്ങൾ സംഘടിപ്പിക്കുക.

14. തൊഴിലെടുക്കുന്ന സ്ത്രീകൾക്ക് കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള ശിശു കേന്ദ്രങ്ങൾ സ്ഥാപിക്കുക

15. അംഗനവാടികൾക്ക് അടിസ്ഥാന ആവശ്യങ്ങളായ ശുദ്ധജലം, മലമൂത്രവിസർജ്ജന സൗകര്യം, ഇവക്കായി കിണർ, കക്കൂസ് ഇവ നിർമ്മിക്കുക

16. കുട്ടികളുടെ ശാരീരികവും മാനസികവുമായ വികസനത്തിന് ഉതകുന്ന വിധത്തിലുള്ള കളിയുപകരണങ്ങൾ ലഭ്യമാക്കുക.

17. അംഗനവാടികളിൽ 6 മണിക്കൂറിലധികം ചെലവഴിക്കുന്ന കുഞ്ഞുങ്ങളുടെ വിശ്രമത്തിനാവശ്യമായ പായ വിരികൾ ലഭ്യമാക്കുക.

18. ഒരോ അംഗനവാടിയോടും ചേർന്ന് കുട്ടികൾക്ക് പാർക്ക് അനുവദിക്കുക.

19. അരി, ചെറുപയർ, ഓയിൽ, സി.എസ്.സി തുടങ്ങി ഉദ്ദേശം 500 Kg സാധനങ്ങൾ സുരക്ഷിതമായി

സൂക്ഷിക്കുന്നതിന് അത്യാവശ്യമായി ഷെൽഫ് അനുവദിക്കുക.

20. കൊട്ടിയൂർ പഞ്ചായത്തിൽ ഒരു അഗതി മന്ദിരം സ്ഥാപിക്കുക.

21. സ്ത്രീകൾക്കുവേണ്ടി പോലീസ് സ്റ്റേഷനുകളിൽ വനിതാ പോലീസിനെ നിയമിക്കുക.

റിപ്പോർട്ടുകൾ തയ്യാറാക്കാൻ സഹായിച്ചവർ

മേരിക്കുട്ടി ജോസഫ്
ലൂസി സെബാസ്റ്റ്യൻ
അജിത കരിപ്പായി
ചിന്നമ്മ പയറ്റിനാൽ
പുഷ്പകുമാരി.

# സഹകരണ സ്ഥാപനങ്ങൾ



1 ■ കൊട്ടിയൂർ ക്ഷീരോൽപാദക സഹകരണ സംഘം, ചുങ്കക്കുന്ന്
2 ■ ബി കീപ്പേഴ്സ് സൊസൈറ്റി, ചുങ്കക്കുന്ന്
3 ■ വനിതാ സഹകരണസംഘം, ചുങ്കക്കുന്ന്
4 ■ തലക്കാണി ക്ഷീരോൽപാദക സഹകരണസംഘം
5 ■ സർവ്വീസ് സഹകരണ ബാങ്ക്, കൊട്ടിയൂർ
6 ■ ജില്ലാ ബാങ്ക്
7 ■ പ്രതീക്ഷ പ്രസ്
8 ■ പാമ്പറപ്പാൽ ക്ഷീരോൽപാദക സംഘം
9 ■ SIMCOS ഇൻഡസ്ട്രി
10 ■ അമ്പായത്തോട് ക്ഷീരോൽപാദക വനിതാ സംഘം

# സഹകരണമേഖല



"ലാഭത്തേക്കാൾ സേവനത്തിന് മുൻതൂക്കം, അവസരസമത്വം അതായിരിക്കണം സഹകരണം"– റോബർട്ട് ഓവൻ.

ഇംഗ്ലണ്ടിലെ 'റോക്ക്ഡെയിൻ' പ്രദേശത്തെ കമ്പളി നെയ്ത്തുകാരുടെ ദയനീയാവസ്ഥയും നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റംമൂലം 1844ൽ സർ റോബർട്ട് ഓവന്റെ നേതൃത്വത്തിൽ ഇംഗ്ലണ്ടിൽ സ്ഥാപിച്ച സഹകരണസംഘമാണ് സഹകരണപ്രസ്ഥാനത്തിന്റെ ആരംഭം. തുടർന്ന് 1904 മുതൽ ഭാരതത്തിലും സഹകരണപ്രസ്ഥാനം തുടക്കം കുറിച്ചു. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ നാനാതുറകളിൽ സഹകരണപ്രസ്ഥാനം മറ്റു സംസ്ഥാനങ്ങൾക്ക് മാതൃക ആകുന്ന വിധത്തിൽ വ്യാപിച്ചു കിടക്കുന്നു.

നമ്മുടെ പഞ്ചായത്തിലെ കുടിയേറ്റക്കാലം മുതൽ സാധാരണജനങ്ങളുടെ നട്ടെല്ല് ഒടിക്കുന്ന ഒരു സാമ്പത്തിക സംവിധാനമായിരുന്നു "വിലമുറിയ്ക്കൽ" ഇത് 1960കളിൽ അതിന്റെ പാരമ്യതയിലെത്തിയപ്പോൾ കൊട്ടിയൂരിലെ മുഴുവൻ ജനതയെയും മോചിപ്പിക്കുന്നതിനായി കുറെ സാമൂഹ്യ പ്രവർത്തകരുടെ ശ്രമഫലമായി 1965 ഡിസംബർ-30ന് 'കൊട്ടിയൂർ സർവ്വീസ് സഹകരണ സംഘം' റജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു. ഇതിന് ശ്രീമാൻമാരായ മത്തായി മൂത്തനാട്, കെ.വി. ജോസഫ് കുമ്പുളുങ്കൽ, മത്തായ് ചാത്തമല, ജോർജ്ജ് നമ്പുടാകം, കുര്യാക്കോസ് പള്ളിക്കാമം, ജേക്കബ് മുഞ്ഞനാട്ട്, ഫിലിപ്പ് തൊണ്ടംകുളം, തുടങ്ങിയവർ നേതൃത്വം നൽകി.

ഇതിന് നല്ല ജനകീയ സഹകരണം ലഭിച്ചു. ഈ സംഘത്തിന്റെ പ്രഥമപ്രസിഡണ്ടായി ശ്രീ. മുത്തനാട്ട് മത്തായിയും, സെക്രട്ടറിയായി കുമ്പുളുങ്കൽ കെ.വി. ജോസഫും ഉൾപ്പെടുന്ന 7 അംഗ ഭരണസമിതി അധികാരത്തിൽ വന്നു. 321 സഹകാരികളെ ചേർത്തുകൊണ്ട് 14.2.66ന് സംഘത്തിന്റെ പ്രവർത്തനത്തിന് തുടക്കം കുറിച്ചു. സംഘം പ്രവർത്തനം ആരംഭിച്ചതുമുതൽ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് അനുസൃതമായി കൊട്ടിയൂരിലെ ജനങ്ങൾക്ക് പരമാവധി പ്രയോജനം ലഭിക്കത്തക്ക വിധം പ്രവർത്തിച്ചുപോന്നു. 1977ൽ സംഘം സർവ്വീസ് സഹകരണ ബാങ്കായി ഉർയത്തപ്പെട്ടു. ഇതുകൂടാതെ വിവിധ മേഖലകളിലായി കൊട്ടിയൂർ പഞ്ചായത്തിൽ 15ഓളം സഹകരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു. അതിൽ 3 സംഘങ്ങൾ പ്രവർത്തനരഹിതമാണ്.

സഹകരണസംഘങ്ങളുടെ ഇന്നത്തെ അവസ്ഥ: സഹകരണബാങ്ക് ലിമിറ്റഡ് NO. C-304

1980 വരെ നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനം പിന്നീട് സാമ്പത്തിക വളർച്ച നേരിടുന്നതിനു പകരം മുരടിപ്പ് അനുഭവപ്പെട്ടു വരുന്നു. സ്വകാര്യപണമിടപാടുകാരെടെ ബാങ്കിംഗ്രംഗത്തെ തള്ളിക്കയറ്റവും ഉദ്യോഗാർത്ഥികൾ തൊഴിൽനേടാനുള്ള പ്രസ്ഥാനമായും ഈ സ്ഥാപനത്തെ ഉപയോഗിച്ചതും ബാങ്കിന്റെ ശോചനീയാവസ്ഥക്ക് കാരണമാണ്. കൂടാതെ കൊമേഴ്സ്യൽ ബാങ്കുകളുടെ

സ്വാധീനവും, ജില്ലാ സഹകരണബാങ്കിന്റെ ശാഖ യുടെ സ്വാധീനവും, കൊട്ടിയൂർ സർവ്വീസ് സഹ കരണ ബാങ്കിന്റെ ശോചനീയാവസ്ഥക്ക് ആക്കംകൂ ട്ടി. മാറിമാറിവരുന്ന ഭരണസമിതികളുടെ ദീർഘ വീക്ഷണമില്ലായ്മ ഇതിനൊരു കാരണമാണ്. 12 ലക്ഷത്തോളം രൂപ നഷ്ടത്തിലാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്.

നമ്മുടെ പ്രദേശത്തെ ജനങ്ങൾക്ക് നിത്യോ പയോഗസാധനങ്ങൾ ന്യായവിലക്ക് വിതരണം ചെയ്യുന്നതിന് സർക്കാർ ആവിഷ്കരിച്ച പദ്ധതി യുടെ ഭാഗമായി ബാങ്കിന്റെ മേൽനോട്ടത്തിൽ പ്രവർത്തിച്ചുവന്ന കൺസ്യൂമർ സ്റ്റോർ സ്വകാര്യ കച്ചവടക്കാരോട് മത്സരിക്കാനാകാതെ ഭീമമായ നഷ്ടം മൂലം നിന്നുപോയി. അതുപോലെ നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന ബാങ്കിന്റെ ടെക്ടൈൽ വിംഗും ജനങ്ങളുടെ സഹകരണകുറവ് മൂലം നില നിൽക്കാനാവാത്ത അവസ്ഥയിൽ എത്തിയിരിക്കു കയാണ്. ബാങ്കിന്റെ കീഴിൽ പ്രവർത്തിക്കുന്ന മൂന്ന് വളം ഡിപ്പോകൾ ഈ മേഖലയിലേക്ക് സ്വകാര്യ സ്ഥാപനങ്ങളുടെ കടന്നുകയറ്റത്തോടെ വളംഡി പ്പാകൾ നിലനില്പില്ലാത്ത അവസ്ഥയിലേക്ക് മാറി കൊണ്ടിരിക്കുന്നു. സേവനതല്പരതയും, നിസ്വാർത്ഥ തയും ഉള്ള രാഷ്ട്രീയ അതിപ്രസരം ബാധിക്കാ ത്തവരുമായ ആളുകളുടെ കൂട്ടായ ശ്രമവും ചിന്ത യും കൊണ്ടുമാത്രമെ നമ്മുടെ പഞ്ചായത്തിലെ സഹകരണസ്ഥാപനങ്ങൾക്ക് നിലനൽക്കാനും വള രാനും കഴിയുകയുള്ളു.

## ചില പരിഹാരമാർഗ്ഗങ്ങളും, നിർദ്ദേശങ്ങളും

1. സഹകരമേഖലയിൽ കൂട്ടായ്മ വളർത്തു ന്നതിന് പരിചയസമ്പന്നരായ സഹകാരികളുടെ മേൽനോട്ടത്തിൽ ചർച്ചകൾ സംഘടിപ്പിച്ച് അംഗ ങ്ങളെ ബോധവൽക്കരിക്കുക.

2. സഹകരണസ്ഥാപനങ്ങളിൽ രാഷ്ട്രീയ ചേരിയെ അടിസ്ഥാനമാക്കി അംഗങ്ങളാക്കുന്ന രീതി മാറ്റേണ്ടതാണ്. ഒരു വോട്ടിനുവേണ്ടി നാമ മാത്രസംഖ്യമുടക്കി മെമ്പറാകുന്ന രീതി പുനർപ രിശോധിക്കണം.

3. സഹകരണസ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ രാഷ്ട്രീയ, മത മേഖലകൾക്ക് അപ്പുറത്ത് കൂട്ടായ്മ വളർത്തണം.

4. സഹകരണമേഖലയിൽ 25ൽ അധികരി ക്കാത്ത അഭ്യസ്ഥവിദ്യർ ചേർന്ന് ചെറു സഹകര ണസ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്ത് കാർഷികവിഭ വങ്ങൾ ഉപയോഗിച്ച് സ്വയംതൊഴിൽ ലഭിക്കത്ത ക്കവിധം പ്രവർത്തനങ്ങൾ ആരംഭിക്കുകയും ലീ ഡു സംഘങ്ങൾ കുറഞ്ഞ പലിശനിരക്കിൽ ധന സഹായം ചെയ്യേണ്ടതുമാണ്.

5. ചെറുകിട കൃഷിക്കാരെ സംഘടിപ്പിച്ച് പ ച്ചക്കറി ഉല്പാദിപ്പിക്കുകയും വിപണനം നടത്തുക യും ചെയ്യുന്ന സ്ഥാപനങ്ങൾ ആരംഭിക്കണം. ഇതി ലൂടെ കുടുംബാംഗങ്ങൾക്ക് തൊഴിലവസരം ലഭി ക്കുന്നു. ഈ രംഗത്ത് രാഷ്ട്രീയ മാത്സര്യവും സ്വകാ ര്യകച്ചവടക്കാരുടെ മാത്സര്യവും ഒഴിവാക്കി അ ദ്ധ്വാനിക്കാൻ തയ്യാറുള്ളവരുടെ സഹകരണ മ നോഭാവത്തിന് മുൻതൂക്കം കൊടുക്കണം.

6. കൊട്ടിയൂർ ഗ്രാമപഞ്ചായത്തിൽ ഏകദേശം 3800 കർഷകകുടുംബങ്ങളും അതിൽ 8000 ത്തോളം വരുന്ന അംഗങ്ങളും നിലവിലുണ്ട്. കാർഷിക മേഖ ലയെ പരിപോഷിപ്പിക്കുന്നതിന് കൂടുതൽ പേരെ അംഗങ്ങൾ ആയിചേർത്തുകൊണ്ട് കാർഷികമേ ഖലയിൽ കുറഞ്ഞ പലിശനിരക്കിൽ വലിയ തുക മുതൽ മുടക്കുവാൻ ബാങ്ക് തയ്യാറാകേണ്ടതാണ്. ഇപ്പോൾ 1.5 കോടി രൂപ മാത്രമാണ് ഈ രംഗത്ത് ചിലവഴിക്കുന്നത്. ഇത് 3 കോടി രൂപയായി വർദ്ധി പ്പിച്ചാൽ കാർഷികമേഖലയിൽ ഒരു കുതിച്ചുകയ റ്റംതന്നെ ഉണ്ടാക്കാൻ സാധിക്കും. ഇതിനാവശ്യ മായ സഹായം സർക്കാരും പഞ്ചായത്തും ചെ യ്യേണ്ടതാണ്.

## കണ്ണൂർ ജില്ലാ സഹകരണ ബേങ്ക് ശാഖ കൊട്ടിയൂർ

ജില്ലാ ബേങ്കിന്റെ ഒരു ശാഖ കൊട്ടിയൂരിൽ പ്രവർത്തിക്കുന്നു. പരിമിതമായ വായ്പ മാത്രമെ ഇവിടെ നിന്നും ലഭിക്കുന്നുള്ളു.

## B. വനിതാ സഹകരണസംഘം ലിമിറ്റഡ് No. C. 1176

കൊട്ടിയൂർ ഗ്രാമ പഞ്ചായത്തിൽ ചുങ്കക്കുന്ന് ആസ്ഥാനമായി വനിതാ സഹകരണ സംഘം പ്ര വർത്തിക്കുന്നു. 572 അംഗങ്ങൾ ഉള്ള ഈ സംഘ ത്തിന്റെ കീഴിൽ ഒരുതയ്യൽ പരിശീലനകേന്ദ്രം പ്രവർത്തിക്കുന്നു. 1992ൽ ആരംഭിച്ച ഈ സംഘം ലാഭത്തിൽ പ്രവർത്തിക്കുന്നു.

### നിർദ്ദേശങ്ങൾ

കൊട്ടിയൂർ ഗ്രാമപഞ്ചായത്തിൽ വനിത സഹകരണസംഘത്തിന്റെ ഒരു യൂണിറ്റ് കൂടി ആരംഭിക്കുക.

തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനായി സംഘത്തിന്റെ കീഴിൽ നോട്ട് ബുക്ക് നിർമ്മാണം, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, അച്ചാർ നിർമ്മാണം എന്നിവ ആരംഭിക്കാവുന്നതാണ്. ഇതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും സഹായങ്ങളും പഞ്ചായത്തിൽ നിന്നും ഉണ്ടാവേണ്ടതാണ്.

### C. ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ

1. കൊട്ടിയൂർ ഗ്രാമപഞ്ചായത്തിന്റെ 8,9 വാർഡുകൾ ഉൾപ്പെടുത്തി അമ്പായത്തോട് ക്ഷീരോല്പാദക വനിതാസഹകരസംഘം പ്രവർത്തിക്കുന്നു. ഇവിടെ 175 ലിറ്റർ പാൽ ശേഖരിക്കുകയും വിപണനം നടത്തുകയും ചെയ്യുന്നു. സ്ഥാപനം നല്ല നിലയിൽ പ്രവർത്തിക്കുന്നു.

2. 1,7 വാർഡുകൾ ഉൾപ്പരെടുത്തി പാമ്പറപ്പാനിൽ ക്ഷീരോല്പാദകസഹകരണസംഘം പ്രവർത്തിക്കുന്നു. ഇവിടെ 250 ലിറ്റർ പാൽ ശേഖരിച്ച് വിപണം നടത്തുന്നു. ലാഭകരമായി പ്രവർത്തിക്കുന്നു.

പഞ്ചായത്തിലെ 2,6 വാർഡുകൾ അടിസ്ഥാനമാക്കി തലക്കാണിയിൽ തലക്കാണി ക്ഷീരോല്പാദക സഹകരസംഘം പ്രവർത്തിക്കുന്നു. ഇവിടെ 172 ലിറ്റർ പാൽ ശേഖരിച്ച് വിപണനം നടത്തുന്നു. ഈ സ്ഥാപനവും ലാഭത്തിലാണ് പ്രവർത്തിക്കുന്നത്.

3,4,5 വാർഡുകൾ അടിസ്ഥാനമാക്കി ചുങ്കക്കുന്നിൽ കൊട്ടിയൂർ ക്ഷീരോല്പാദക സഹകരണസംഘം പ്രവർത്തിക്കുന്നു. ഈ സ്ഥാപനം 1973ൽ കൊട്ടിയൂർ പഞ്ചായത്തിൽ ആദ്യം നിലവിൽ വന്ന ക്ഷീരോല്പാദക സഹകരണസംഘമാണ്. ഇവിടെ 500 ലിറ്റർ പാൽ ശേഖരിച്ച് വിപണനം നടത്തുന്നു. സ്ഥാപനം ലാഭത്തിൽ പ്രവർത്തിക്കുന്നു.

### നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ 2,3 വാർഡുകൾ ഉൾപ്പെടുത്തി ഒരു ക്ഷീരോല്പാദക സംഘം കൂടി രൂപീകരിക്കുക, അതോടൊപ്പം എട്ടാം വാർഡ് അടിസ്ഥാനമാക്കി കണ്ടപ്പുനത്ത് ഒരു ക്ഷീരോല്പാദക സഹകരണസംഘം രൂപീകരിക്കുക.

2. പഞ്ചായത്തിൽ ഒട്ടാകെ 1100 ലിറ്റർ പാൽ ദിനംപ്രതി ശേഖരിക്കുന്നുണ്ടെങ്കിലും 5000 ലിറ്റർ ആക്കി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് നല്ലയിനം കറവപ്പശുക്കളെ സംഘങ്ങൾ മുഖേന വിതരണം ചെയ്യണം.

3. കന്നുകാലി സംരക്ഷണത്തിനായി ഓരോ സംഘത്തിലും പരിശീലനം സിദ്ധിച്ച ആളുകൾ ഉണ്ടാവുകയും, ഐ.സി.ഡി.പി. സബ് സെന്ററിന്റെ പ്രവർത്തനം വിപുലീകരിക്കുകയും വേണം.

4. നല്ലയിനം കന്നുകുട്ടികളെ പരിപാലിക്കുന്നതിന് സംഘത്തിന്റെ നേതൃത്വത്തിൽ പരിശീലകർ ക്ഷീരകർഷരെ ബോധവൽക്കരിക്കാൻ സാധിക്കണം.

5. കുറഞ്ഞ നിരക്കിൽ 'കാലത്തീറ്റ' എല്ലാ സംഘങ്ങളും വിതരണം ചെയ്യണം.

6. സംഘങ്ങൾ സംഭരിച്ച പാൽ സംസ്കരിച്ച് സൂക്ഷിക്കുന്നതിന് കുറ്റമറ്റ സംവിധാനം പഞ്ചായത്തിൽ ഏർപ്പെടുത്തുക.

7. ക്ഷീരവികസനത്തിനുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ ക്ഷീര കർഷകർക്ക് ലഭ്യമാക്കണം.

### D. സ്ക്കൂൾ സഹകരണ സംഘങ്ങൾ

ഗ്രാമപഞ്ചായത്തിൽ മൂന്ന് സ്ക്കൂൾ സഹകരണസംഘങ്ങൾ പ്രവർത്തനക്ഷമമാണ്. വിദ്യാർത്ഥികൾക്കാവശ്യമായ എല്ലാ സാമഗ്രികളും ഫലപ്രദമായി വിതരമം ചെയ്യുന്നതിന് കാര്യക്ഷമമായ സംവിധാനം ഉണ്ടാക്കേണ്ടിയിരിക്കുന്നു. സെക്രട്ടറിയായി ഒരാളെ ശമ്പളത്തിന് നിയമിക്കുകയും സ്ക്കൂൾ പി.ടി.എയ്ക്ക് സംഘത്തിന്റെ നടത്തിപ്പിൽ പങ്കാളിത്വം ഉറപ്പാക്കുകയും ചെയ്താൽ ഈ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാവുന്നതാണ്.

### E. തേനീച്ച വളർത്തൽ സഹകരണസംഘം, ചുങ്കക്കുന്ന്.

പഞ്ചായത്തിന്റെ ഏക തേനീച്ച വളർത്തൽ സഹകരണസംഘമാണ് ചുങ്കക്കുന്നിൽ പ്രവർത്തിച്ചുവരുന്നത്. 55 ക്വിന്റൽ തേൻ വരെ ഈ സംഘം ശേഖരിച്ചിരുന്നു. ഇപ്പോൾ ഉല്പാദനശേഷി 5 ക്വിന്റ

പട്ടിക 2

കാർഷിക-കാർഷികേതര വായ്പാ സംഘം

| | | |
|---|---|---|
| പേര് നമ്പർ | | കൊട്ടിയൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം. No. C. 304 കൊട്ടിയൂർ |
| പ്രവർത്തന പരിധി | | കൊട്ടിയൂർ പഞ്ചായത്ത് |
| വ്യക്തിഅംഗത്വം | | A : 4880<br>B : 1<br>C : 1478 |
| ഓഹരി മൂലധനം പിരിഞ്ഞുകിട്ടിയത് | | Rs. 14,00000/- (പതിന്നാല് വർഷം) |
| കടം | | Rs. 13472958/= |
| നിക്ഷേപം | | Rs. 7183568/= |
| വായ്പകൾ | കാർഷികം | Rs. 12234392 /= |
| | കാർഷികേതരം | Rs. 3417111 /= |
| പ്രവർത്തനമൂലധനം | | Rs. 1006296/= |
| ലാഭം | | —— |
| നഷ്ടം | | Rs. 154015/= |
| ജീവനക്കാർ | സ്ഥിരം | 13 |
| | മറ്റുള്ളവർ | 01 |

| | പേര് | പ്രവർത്തന പരിധി | അവസ്ഥ | | നാമമാത്ര പ്രവർത്തനം | ലാഭത്തിൽ | നഷ്ടത്തിൽ | ആസ്ഥാനം |
|---|---|---|---|---|---|---|---|---|
| | | | നല്ല നിലയിൽ | നിർ ജ്ജീവം | | | | |
| 1. | സർവ്വീസ് സഹകരണ ബേങ്ക് കൊട്ടിയൂർ | കൊട്ടിയൂർ പഞ്ചായത്ത് | | | | | ✔ | നീണ്ടുനോക്കി |
| 2. | വനിതാ സഹകരണ സംഘം, കൊട്ടിയൂർ | | ✔ | | | ✔ | | ചുങ്കക്കുന്ന്. |
| 3. | ഖാദി വ്യവസായ സഹകരണസംഘം കൊട്ടിയൂർ | കൊട്ടിയൂർ പഞ്ചായത്ത് | | ✔ | | | | നീണ്ടുനോക്കി |
| 4. | തേനീച്ചവളർത്തൽ സഹകരണസംഘം കൊട്ടിയൂർ | ,, | | | | ✔ | | ചുങ്കക്കുന്ന്. |
| 5 | വനിതാ വ്യവസായ സഹകരണസംഘം കൊട്ടിയൂർ | ,, | ✔ | | | ✔ | | നീണ്ടുനോക്കി |
| 6.. | ട്രൈബൽ വർക്കേഴ്സ് സഹകരണ സംഘം, കൊട്ടിയൂർ | ,, | | | ✔ | | ✔ | നീണ്ടുനോക്കി |
| 7. | കൊട്ടിയൂർ ക്ഷീരോല്പാദക സഹകരണ സംഘം | 2,4,5 വാർഡുകൾ | ✔ | | | ✔ | | ചുങ്കക്കുന്ന് |
| 8. | തലക്കാണി ക്ഷീരോല്പാദ സഹകരണസംഘം | 2,6 വാർഡുകൾ | ✔ | | | ✔ | | നീണ്ടുനോക്കി |
| 9. | പാമ്പറപ്പാൻ ക്ഷീരോല്പാദക സഹകരണ സംഘം | 1,7 വാർഡുകൾ | ✔ | | | ✔ | | പാമ്പാപ്പാർ |
| 10. | അമ്പായത്തോട് ക്ഷീരോല്പാദക സഹകരണ സംഘം | 8,9 വാർഡുകൾ | ✔ | | | ✔ | | അമ്പായത്തോട് |

| | പേര് | പ്രവർത്തന പരിധി | അവസ്ഥ | | നാമമാത്ര പ്രവർത്തനം | ലാഭത്തിൽ | നഷ്ടത്തിൽ | ആസ്ഥാനം |
|---|---|---|---|---|---|---|---|---|
| | | | നല്ല നിലയിൽ | നിർ ജ്ജീവം | | | | |
| 11. | റബ്ബർ കർഷക സഹകരണ സംഘം കൊട്ടിയൂർ | കൊട്ടിയൂർ പഞ്ചായത്ത് | ✔ | | | ✔ | | നീണ്ടുനോക്കി |
| 12. | റബ്ബർ മാർക്കറ്റിം സഹകരണ സംഘം കൊട്ടിയൂർ | ,, | | ✔ | | | | നീണ്ടുനോക്കി |
| 13. | സ്നാക് & സ്വീറ്റ്സ് സഹകണ സംഘം കൊട്ടിയൂർ | കൊട്ടിയൂർ പഞ്ചായത്ത് | | | ✔ | | ✔ | മന്ദംചേരി |
| 14. | കൊട്ടിയൂർ പ്രൈമറി സ്ക്കൂൾ ഗ്രൂപ്പ് സഹകരണ സംഘം, കൊട്ടിയൂർ | | ✔ | | | ✔ | | പാമ്പപ്പാൻ |
| 15 | ചുങ്കക്കുന്ന് തലക്കാണി സ്ക്കൂൾ കോ.ഓപ് സൊസൈറ്റി, കൊട്ടിയൂർ | | ✔ | | | | | ചുങ്കക്കുന്ന് |
| 16.. | ഐ.ജെ.എം. ഹൈസ്ക്കൂൾ കോ. ഓപ് സൊസൈറ്റി, കൊട്ടിയൂർ | | ✔ | | | ✔ | | പാമ്പപ്പാൻ |

പട്ടിക 3 ക്ഷീരോല്പാദക സഹകരണസംഘങ്ങൾ.

| Sl. No. | പേര്. നമ്പ്ര | പ്രവർത്തന പരിധി വാർഡുകൾ | അംഗങ്ങൾ | ഓഹരി മൂലധനം Rs. | കടം | നിക്ഷേപം | പ്രവർത്തന മൂലധനം | വ്യാപാര ഇടപാടുകൾ | പ്രവർത്തനം ആരംഭിച്ച വർഷം | ലാഭം/നഷ്ടം | | ജീവനക്കാർ | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | ലാഭം | നഷ്ടം | സ്ഥിരം | താല്കാലികം |
| 1 | അമ്പായത്തോട് ക്ഷീരോല്പാദക സഹകരണ സംഘം No. C. 85. APCOS. | 8,9 | 142 | 2000/ | – | – | 3000 | 65314.5 ലിറ്റർ പാൽ | 1984 | ✔ | – | 1 | 02 |
| 2. | തലക്കാണി ക്ഷീരോല്പാദക സഹകരണസംഘം No. C. 84 D. APCOS. | 2,6 | 239 | 20000/- | – | – | 3510 | 62850 ലി. പാൽ | 1984 | ✔ | ✔ | 1 | 02 |
| 3. | പാൽപ്പറപ്പാൻ ക്ഷീരോല്പാദക സഹകരണസംഘം No. C.81 D. APCOS. | 1,7 | 303 | 4110 | – | – | 4110 | 104501 ലി. പാൽ | 1980 | ✔ | ✔ | 2 | 01 |
| 4. | കൊട്ടിയൂർ ക്ഷീര വ്യവസായ സഹകരണസംഘം, ചുങ്കക്കുന്ന്. No. C.28 B | 3,4,5 | 353 | 3530 | – | – | 3530 | 18000ലി. | 1973 | ✔ | ✔ | 3 | 2 |

ലായി കുറഞ്ഞിരിക്കുകയാണ്. ഇതിന്റെ പ്രധാന കാരണം തേനീച്ചകൾക്ക് വ്യാപകമായി രോഗം വന്ന് വംശനാശം നേരിടുന്നതുകൊണ്ടാണ്. തേനീച്ചകളുടെ രോഗനിവാരണം നടത്തുകയും തേനീച്ചകൃഷി വിപുലമാക്കുകയുമാണ് പോംവഴി. സാമ്പത്തിക സഹായവും ബോധവൽക്കരണവും നടത്തി ഈ സംഘത്തിന്റെ ഇന്നത്തെ മുരടിപ്പ് മാറ്റുന്നതിന് പഞ്ചായത്ത് പദ്ധതി ആവിഷ്കരിക്കാവുന്നതാണ്.

### പ്രതീക്ഷ വനിതാ വ്യവസായ സഹകരണ സംഘം ക്ലിപ്തം. പി.ഒ. കൊട്ടിയൂർ S IND(C)110

കൊട്ടിയൂർ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഏക വനിതാ വ്യവസായ സഹകരണ സംഘമാണ് പ്രതീക്ഷ കോ. ഓപ്പ്. സൊസൈറ്റി. ഈ സംഘം ഒരു പ്രിന്റിംഗ് പ്രസ് നടത്തുന്നു. 10ലധികം യുവതികൾക്ക് തൊഴിൽ കൊടുക്കുന്ന ഈ സ്ഥാപനം നാട്ടുകാർക്ക് പ്രയോജനകരമാണ്. കാര്യക്ഷമമായ മാനേജ്മെന്റ് മൂലം സ്ഥാപനം നല്ല നിലയിൽ നടത്തുന്നു.

### (G) മന്ദഞ്ചേരി സ്ലാക്സ്&സ്റ്റീൽസ് ഇൻഡസ്ട്രിയൽ കോ. ഓപ്പ് സൊസൈറ്റി ക്ലിപ്തം. പി.ഒ. കൊട്ടിയൂർ. മന്ദഞ്ചേരി സ്ഥാപിതം 1976

ഈ വ്യവസായ സഹകരണസംഘം നല്ല നിലയിൽ പ്രവർത്തിക്കുകയും പത്തോളം ചെറുപ്പക്കാർക്ക് തൊഴിൽ ചെയ്യുവാൻ സാധിച്ചിരുന്നു. ഇപ്പോൾ പ്രസ്തുത സംഘം നഷ്ടത്തിലേക്ക് നീങ്ങിത്തുടങ്ങിയിരിക്കുന്നു.

പ്രവർത്തനത്തിനാവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ ന്യായവിലക്ക് ലഭിക്കാത്തതും ഉല്പന്നങ്ങൾ വിപണികളിൽ വിറ്റഴിക്കുന്നതിന് ചിലവ് കൂടുതൽ താങ്ങേണ്ടി വരുന്നത് മൂലവുമാണം സംഘം നഷ്ടത്തിൽ വന്നത്. ഇവിടെ കാര്യക്ഷമമായ മാനേജ്മെന്റ് ആവശ്യമാണ്. പഞ്ചായത്തിന്റെ ധനസഹായവും കൂടുതൽ ജനസഹകരണവും ഉണ്ടായാൽ ഈ സ്ഥാപനം നടത്തിക്കൊണ്ടുപോകാൻ സാധിക്കും.

H) കൊട്ടിയൂർ വെസ്റ്റിലുള്ള ട്രൈബൽ വർക്കേഴ്സ് മൾട്ടി പെർപ്പസ് ഇൻഡസ്ട്രിയൽ കോ. ഓപ്. സൊസൈറ്റി - മന്ദംഞ്ചേരിയിലെ ബാബൂ സഹകരണ സംഘം - കൊട്ടിയൂരിലുള്ള കൊട്ടിയൂർ പഞ്ചായത്ത് റബ്ബർ മാർക്കറ്റിംഗ് സഹകര സംഘം എന്നിവ മാനേജ്മെന്റിന്റെ ലക്ഷ്യബോധമില്ലായ്മയും കെടുകാര്യസ്ഥതയും മൂലം വളരെ നിർജ്ജീവമായിരിക്കുകയാണ്. റബ്ബർ മാർക്കറ്റിംഗ് സഹകരണസംഘം കൂടുതൽ അംഗങ്ങളെ ചേർത്ത് പ്രവർത്തനമേഖല വിപുലീകരിക്കുകയും കാര്യക്ഷമമായ ഒരു മാനേജ്മെന്റ് നിലവിൽവരുകയും ചെയ്താൽ റബ്ബർ കർഷകർക്കും, അതുപോലെ മറ്റു സംഘങ്ങൾ കാര്യക്ഷമമാക്കിയാൽ ബാംബൂ തൊഴിലാളികൾക്കും, പട്ടികജാതി - പട്ടികവർഗ്ഗക്കാർക്കും മേൽ പറഞ്ഞ സഹകരസംഘങ്ങൾ വഴി പ്രയോജനം ലഭിക്കും. പ്രസ്തുത സംഘങ്ങൾക്ക് സർക്കാർ സാമ്പത്തിക സഹായം നൽകി പ്രവർത്തനപുരോഗതി കൈവരിക്കുന്നുണ്ടെന്ന് ബോദ്ധ്യപ്പെടുകയും വേണം. ആയതിന് പഞ്ചായത്ത് വേണ്ട മാർഗ്ഗനിർദ്ദേശം നൽകേണ്ടതാണ്.

### അനുബന്ധ നിർദ്ദേശങ്ങൾ

1. കൊട്ടിയൂർ സർവ്വീസ് സഹകരണ ബേങ്കിൽനിന്നും ഇപ്പോൾ നൽകി വരുന്ന ലോൺ സമ്പ്രദായം പുനക്രമീകരിച്ച് കർഷകന് ആവശ്യമുള്ള സാന്ദർഭത്തിൽ കാലതാമസം കൂടാതെ ആവശ്യാനുസരണം ലോൺ കിട്ടുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തണം. ചെറുകിട വ്യവസായത്തിന് സഹകരണബേങ്കിൽ നിന്നും കുറഞ്ഞ പലിശ നിരക്കിൽ അർഹമായ വായ്പ ലഭ്യമാക്കണം. അതുപോലെതന്നെ ബേങ്കിന്റെ കൺസ്യൂമർ സ്റ്റോർ പുനരാരംഭിക്കുന്നതിനും ആവശ്യമെങ്കിൽ പഞ്ചായത്തിന്റെ പ്രധാന ഭാഗങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുക. കൂടാതെ അമ്പായത്തോട്ടിലും ചുങ്കക്കുന്നും ബേങ്കിന്റെ ബ്രാഞ്ചുകൾ സ്ഥാപിച്ച് ബേങ്കിന്റെ പ്രവർത്തനം വിപുലീകരിക്കുക.

2. ഉപഭോക്താക്കളിൽ നിന്ന് ട്രേഡ് - ഡിപ്പോസിറ്റുകൾ സ്വീകരിച്ച് 'ഡോർ ഡെലിവറി' സിസ്റ്റം ഏർപ്പെടുത്തുക.

3. കൊട്ടിയൂർ പഞ്ചായത്തിൽ സഹകരണ മേഖലയിൽ ഒരു ഭക്ഷണശാല സ്ഥാപിക്കുക.

4. പട്ടികജാതി -,പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പ്രാമുഖ്യമുള്ള സംഘങ്ങൾക്കുള്ള പുനരുദ്ധരിക്കുകയും പ്രവർത്തനം വിപുലപ്പെടുത്തുകയും ചെയ്യുക.

5. ലേബർ കോൺട്രാക്ട് സഹകരണ സംഘം രൂപീകരിച്ച് നിർമ്മാണ തൊഴിലാളികൾക്ക് തൊഴിലും വേതനവും ഉറപ്പാക്കുക. പഞ്ചായത്ത് നേരിട്ട് ചെയ്യുന്ന പ്രവർത്തനങ്ങളും മറ്റു പ്രവർത്തികളും ഈ സംഘത്തെ ഏല്പിക്കാവുന്നതാണ്.

6. കോഴി വളർത്തൽ സഹകരണസംഘം പഞ്ചായത്ത് അടിസ്ഥാനത്തിൽ ആരംഭിക്കുകയും ഫലപ്രദമായ പ്രവർത്തനവും മാർഗ്ഗ നിർദ്ദേശവും സാമ്പത്തിക സഹായവും ലഭ്യമാക്കുക.

7. നാളികേര കൃഷിയുടെ വികസനത്തിനും നാളികേരത്തിന്റെ വിപണനത്തിനും സംസ്കരണത്തിനുമായി കോക്കനട്ട് ഗ്രാവേഴ്സ് സഹകരണ സംഘം" രൂപീകരിച്ച് കാര്യക്ഷമമായ പ്രവർത്തനത്തിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.

8. സഹകരണമേഖലയിൽ താഴെപ്പറയുന്ന വ്യവസായ സഹകരണ സംഘങ്ങൾ ആരംഭിക്കുക.

(a) കൊട്ടിയൂർ പഞ്ചായത്ത് സഹകരണ ആശുപത്രി സ്ഥാപിക്കുക.

(b) ഭവനനിർമ്മാണ സഹകരണസംഘം ആരംഭിക്കുക.

(c) റബ്ബർ പാൽ സംഭരണ സംസ്കരണ യൂണിറ്റ് സ്ഥാപിക്കുക.

(d) " ഹോളോബ്രിക്സ്" നിർമ്മാണ വിതരണ യൂണിറ്റ് സഹകരണമേഖലയിൽ ആരംഭിക്കുക.

(e) സഹകരണ ജൈവവള നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.

(f) സഹകരണ 'മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്' സ്ഥാപിക്കുക.

(g) അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് സൊസൈറ്റി രൂപീകരിക്കുക.

(h) പഴം - പച്ചക്കറി സംഭരണ സംസ്കരണ വിതരണ യൂണിറ്റ് ആരംഭിക്കുക.

(i) കശുമാങ്ങ സംഭരണ - സംസ്കരണ സഹകരണസംഘം രൂപീകരിക്കുക.

(j) കാർഷിക നാടീൽ വസ്തു വിതരണ യൂണിറ്റ് രൂപീകരിക്കുക.

(k) സഹകരണ മത്സ്യമാർക്കറ്റ് ആരംഭിക്കുക.

(l) വനിതാ തയ്യൽ പരിശീലന കേന്ദ്രം ആരംഭിക്കുക.

(m) സഹകരണ മേഖലയിൽ 'സിനിമ തിയറ്റർ' സ്ഥാപിക്കുക.

(n) ക്ഷീര സഹകരണസംഘങ്ങൾക്ക് സ്വന്തമായി കെട്ടിടമുണ്ടാക്കുന്നതിനുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുക.

സഹകരണ മേഖലയിൽ മേൽപ്പറഞ്ഞവ നടപ്പാക്കുന്നതോടുകൂടി ഈ പഞ്ചായത്തിൽ 9 കോടി രൂപയുടെ മുതൽ മുടക്കും 700 അഭ്യസ്ത വിദ്യർക്ക് പ്രത്യക്ഷമായും 900 ഗ്രാമീണ ജനതയ്ക്ക് പരോക്ഷമായും തൊഴിൽ ലഭിക്കുന്നതോടൊപ്പം 4000ൽ പരം കുടുംബങ്ങൾക്ക് ഇതിന്റെ നേട്ടങ്ങൾ ലഭ്യമാകുകയും ചെയ്യുന്നതാണ്. നിസ്വാർത്ഥസേവകരുടെ കൈയ്യിൽ നമ്മുടെ സഹകരണ പ്രസ്ഥാനം രാജ്യത്തൊട്ടാകെ മാതൃകയാകുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

റിപ്പോർട്ട് തയ്യാറാക്കാൻ സഹായിച്ചവർ

1. ഷാജു മുഴയിൽ
2. തോമസ് തെണ്ടുംപള്ളി
3. ജോർഇജ്ജ് പറമറ്റത്തിൽ
4. പി.പി. ജോസഫ്
5. വി.എ. ശിവദാസൻ മാസ്റ്റർ

## പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾ





# പട്ടികജാതി - പട്ടികവർഗ്ഗം

പഞ്ചായത്തിൽ 365 പട്ടികജാതിക്കാരും 1000 പട്ടികവർഗ്ഗക്കാരും ഉണ്ട്. ഇവരുടെ മൊത്ത അംഗ സംഖ്യ 1135/—ആണ്. ഇത് പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 8.25 ശതമാനമാണ്. അംഗങ്ങളുടെ വിശദമായ കണക്ക് പട്ടിക ഒന്നിൽ ചേർത്തിരിക്കുന്നു.

**ചരിത്രപശ്ചാത്തലം.**

പട്ടികജാതി: ഇവിടുത്തെ ജനങ്ങൾ പൊതുവെ കുടിയേറ്റക്കാരാണ്. പട്ടികജാതിക്കാർ കുടിയേറ്റ സമൂഹത്തോടൊപ്പം പല ഘട്ടങ്ങളിലായി താമസമാക്കിയവരാണ്. പിന്നീട് തൊഴിൽതേടി വന്നവരും ഉണ്ട്.

**പട്ടികവർഗ്ഗം:**

ഇവർ പ്രധാനമായും രണ്ട് വിഭാഗക്കാരാണ്. പണിയർ; കുറിച്യർ.

**കുറിച്യർ:**

ഇവർ കുടിയേറ്റ കാലത്തിന് മുമ്പുള്ളവർ ആണ്. ഇവർ വനമദ്ധ്യത്തിൽ വസിച്ചിരുന്നു. കൃഷി, മൃഗവേട്ട എന്നിവ തൊഴിലായി സ്വീകരിച്ചിരുന്നു. അവരുടെ തനതായ സംസ്ക്കാരങ്ങളും, സാമൂഹിക നിയമങ്ങളും ഇപ്പോഴും നിലനിർത്തി പോരുന്നു. പഴശ്ശിരാജാവിന്റെ പടയാളികളായി വനാന്തരങ്ങളിൽ എത്തിപ്പെട്ട് സ്ഥിരതാമസമാക്കാൻ ഇടയായി.

സ്വന്തമായ വിശ്വാസപ്രമാണങ്ങളും കർശനമായ ജീവിതചര്യകളും ഇവർ പാലിക്കുന്നു. തീണ്ടൽ, തൊടീൽ മുതലായ ആചാരങ്ങൾ ഇന്നും ഇവർക്കിടയിൽ നിലനിൽക്കുന്നു. ഉൽകൃഷ്ടരും, ഉന്നതകുലജാതരുമായി സ്വയം പരിഗണിക്കുന്നു. ക്രമേണ ഇവർ ജനസമ്പർക്കത്തിൽ ഏർപ്പെട്ട് പുരോഗതി കൈവരിച്ചുകൊണ്ടിരിക്കുന്നു. സാമാന്യം മെച്ചപ്പെട്ട രീതിയിൽ ജീവിക്കുന്നു.

**പണിയർ:**

ഇവർ ജന്മിമാരുടെ അടിമകളായി കോളനികളിൽ മാറി മാറിത്താമസിച്ചിരുന്നു. ഏകദേശം മുപ്പതിനായിരം ഏക്കറിലായി വിസ്തൃതമായ കിടന്നിരുന്ന പഴയ കൊട്ടിയൂർ പ്രദേശത്ത് കൃഷിത്തൊഴിലാളികളായി ഇവരെ പാർപ്പിച്ചിരുന്നു. കൃഷിസ്ഥലം മാറ്റുന്നതനുസരിച്ച് കാവൽക്കാരും, പണിക്കാരുമായ ഇവരുടെ താമസസ്ഥലം മാറ്റി മാറ്റി സ്ഥാപിച്ചിരുന്നു. കുടിയേറ്റ കാലഘട്ടത്തോടുകൂടി കർഷകരുടെ സഹായികളും, തൊഴിലാളികളുമായി മാറി. ഇവരുടെ സ്ഥലവും സ്വത്തും തട്ടിയെടുക്കുന്നതിനുവേണ്ടി ഇവരുടെ സ്വഭാവത്തെ ബാധപൂർവ്വം മാറ്റി മറിക്കുകയും, ഇവരെ നിരന്തര ചൂഷണത്തിന് വിധേയമാക്കുന്ന സാഹചര്യം ഉണ്ടാക്കുകയും ചെയ്തു. മദ്ധ്യവർത്തികളുടെ ചൂഷണത്തിൽനിന്നും ഇന്നും പൂർണ്ണമായി മോചിതരല്ല. കുടിയേറ്റക്കാർക്ക് കൃഷിയിടങ്ങളിൽ പണിയെടുക്കുവാനും, വീട് നിർമ്മിക്കുവാനും ഇവർ ചെയ്ത സേവനം വളരെ സ്തുത്യർഹമാണ്. വനവിഭവങ്ങൾ ശേഖരിക്കുന്നത് ഇവരുടെ ഉപജീവന മാർഗ്ഗമായിരുന്നു. കൂപ്പുകളിൽ മരം മുറിക്കുന്നതിനും തടി ലോഡ് ചെയ്യുന്നതിനും ഇവരുടെ സേ

വനം ഉപയോഗിച്ചിരുന്നു. ക്രമേണ ഇവർ മദ്യപാനം, പുകവലി, മുറുക്ക് എന്നിവക്ക് അടിമകളായി മാറി. കാലാകാലങ്ങളിൽ സർക്കാർ നടത്തിയ ക്ഷേമപ്രവർത്തനങ്ങളിലൂടെ ചില നേട്ടങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും അത്തരം സഹായങ്ങൾ വേണ്ട വിധം പ്രയോജനപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. സാക്ഷരതാ പ്രവർത്തനങ്ങൾ ചില മാറ്റങ്ങൾ വരുത്തിയെങ്കിലും ഇവരിൽ എഴുപത് ശതമാനത്തിലധികവും നിരക്ഷരാണ്. ചാരായ നിരോധനം നടപ്പിൽവന്നെങ്കിലും ഇവരിൽ ഭൂരിഭാഗവും, മദ്യാസക്തിയിൽനിന്നും മോചിതരല്ല.

## പാർപ്പിടം

### പ്രശ്നങ്ങളും സാധ്യതകളും.

പലർക്കും സ്വന്തമായി വാസയോഗ്യ വീടുകളില്ല. ഉള്ള വീടുകൾക്ക്തന്നെ ആവശ്യമായ പ്രാഥമിക സൗകര്യങ്ങൾ ഇല്ല. ഏതാനും വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ട്. ഇനിയും പലതും വൈദ്യുതീകരിക്കേണ്ടതാണ്. പട്ടികവർഗ്ഗ കുടുംബാംഗങ്ങൾ എല്ലാം തന്നെ കോളിനികളായിട്ടാണ് താമസിക്കുന്നത്. വീടുകളെ സംബന്ധിച്ച വിശദമായ കണക്കുകൾ പട്ടിക ഒന്നിൽ ചേർത്തിരിക്കുന്നു.

സർക്കാർ അനുവദിച്ച സഹായധനം വേണ്ടവിധം ഉപയോഗിക്കാത്തതിനാൽ പണി പൂർത്തിയാക്കാത്ത വീടുകളും പണിയിലെ പോരായ്മ നിമിത്തം ദീർഘകാലം നിലനില്പ് അസാദ്ധ്യമായ വീടുകളും ധാരാളം ഉണ്ട്. കോളനിവ്യവസ്ഥയിൽ അത്യാവശ്യം മാറ്റങ്ങൾ വരുത്തിക്കൊണ്ട് വീടുകളുടെ എണ്ണം കുറച്ച് കൂടുതൽ സ്ഥലവിസ്തൃതിയും സൗകര്യങ്ങളും നൽകികൊണ്ട് പുനഃരധിവസിപ്പിക്കേണ്ടത് ആവശ്യമാണ്. മിച്ചഭൂമിയും, പുറംമ്പോക്കുകളും ഇതിലേക്കായി ഉപയോഗിപ്പെടുത്തണം ഓരോ കുടുംബത്തിനും ഒരേക്കറിനടുത്ത് സ്ഥലം ഉണ്ടായാൽ നന്ന്. ഓരോ വീടിനും പ്രാഥമിക സൗകര്യങ്ങളും, പച്ചക്കറികൾ കൃഷി ചെയ്യാനും വളർത്തുമൃഗങ്ങളെ പോറ്റാനും സൗകര്യം ഉണ്ടായിരിക്കണം. വീട് നിർമ്മാണത്തിന് സർക്കാർ നൽകുന്ന സഹായധനം പൂർണ്ണമായും വിനിയോഗിക്കണം. കഴിയുന്നത്ര പണി ഉപഭോക്താക്കൾ ത്തന്നെ ചെയ്യുന്നത് വളരെ ഗുണകരമാണ്. വീടുകൾ കോൺക്രീറ്റ് മേൽക്കൂര ഉള്ളതായാൽ അറ്റകുറ്റപണികൾ കുറഞ്ഞിരിക്കും. വേണ്ട സമയത്ത് അറ്റകുറ്റ പണികൾ നടത്താത്തത് നിമിത്തം ഉപയോഗശൂന്യമായിക്കൊണ്ടിരിക്കുന്ന വീടുകൾ നിരവധിയുണ്ട്. ഇത് മൊത്തത്തിൽ ഉള്ളതിന്റെ ഇരുപത് ശതമാനം വരും. വീടിനോടനുബന്ധിച്ചുള്ള സ്ഥലം വളരെ പരിമിതമായതിനാൽ ഓരോ കോളനിയോടും ചേർന്ന് ഒരു പൊതുശ്മശാനം അത്യാവശ്യമാണ്. ചുങ്കക്കുന്ന് പുഴയോരത്ത് താമസിക്കുന്ന രണ്ട് പട്ടികജാതി കുറവ കുടുംബങ്ങൾക്ക് സ്വന്തമായി വീടോ, സ്ഥലമോ ഇല്ല. ഇവർക്ക് സ്വന്തമായി സ്ഥലവും വീടും ഉണ്ടാക്കാൻ നടപടി സ്വീകരിക്കണം. പത്തായപ്പുര ഗിരിവർഗ്ഗകോളനിയിൽ താമസിക്കുന്ന ഏഴ് കുടുംബങ്ങൾക്കും വീടില്ല. സർക്കാർ അനുവദിച്ചിരിക്കുന്ന സഹായധനം വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്തി എത്രയും പെട്ടെന്ന് വീടും മറ്റ് സൗകര്യങ്ങളും ചെയ്ത് കൊടുക്കേണ്ടതാണ്.

നൂറ് മീറ്റർ റോഡ് നിർമ്മിച്ചാൽ കോളിനിയിലേക്ക് വാഹനഗതാഗതം സുഗമമാകും. ഈ കോളനിയിൽ നിലവിലുള്ള ഒരു കിണർ വിപുലീകരിച്ച് മോട്ടോർപമ്പ് സെറ്റ് സ്ഥാപിച്ചാൽ എല്ലാ കുടുംബങ്ങൾക്കും കുടിവെള്ളം എത്തിക്കാൻ സാധിക്കും. ൧൦ം വാർഡിലുള്ള കുറിച്യ കോളനിയിലെ രണ്ട് പുല്ലുമേഞ്ഞ വീടുകൾ ഓടിടുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണം. ഈ വാർഡിൽതന്നെയുള്ള പട്ടികജാതിക്കാരുടെതായ വീടുകളും ഓടിടേണ്ടതാണ്.

## വിദ്യാഭ്യാസം

### പ്രശ്നങ്ങളും സാദ്ധ്യതകളും.

വികസനത്തിന്റെ അടിസ്ഥാനം വിദ്യാഭ്യാസമാണല്ലൊ. പട്ടികജാതി, പട്ടികവർഗ്ഗ വികസനത്തിന്റെ കാര്യത്തിൽ ഇത് പരമപ്രധാനമാണ്. സാക്ഷരത വിജയപ്രദമാണെന്ന് പ്രഖ്യാപിച്ചിട്ടും ഈ സാധുക്കളിൽ പ്രത്യേകിച്ച് ഗിരിവർഗ്ഗക്കാരിൽ എഴുപത് ശതമാനത്തിലധികവും നിരക്ഷരർ ആണെന്നത് വേദനാജനകമായ യാഥാർത്ഥ്യമാണ്. വിദ്യാഭ്യാസം ലഭിക്കേണ്ട പ്രായത്തിലുള്ളവരിൽ ഏകദേശം ഇരുപത് ശതമാനം മാത്രമാ

ണ് വിദ്യാലയങ്ങളിൽ കൃത്യമായി എത്തുന്നത്. അവരിൽത്തന്നെ വിദ്യാഭ്യാസസൗകര്യങ്ങൾ വേണ്ട വിധം പ്രയോജനപ്പെടുത്തുന്നത് പത്ത് ശതമാന ത്തിൽ താഴെ മാത്രമാണ്.

സാക്ഷരതാ പ്രവർത്തനം കൂടുതൽ ആകർഷ കവും ഫലപ്രദവുമായ നിലയിൽ തുടരേണ്ടത് അത്യാവശ്യമാണ്. ഈ രംഗത്ത് താല്പര്യമുള്ള പ്രവർത്തകരെ കണ്ടെത്തി അവർക്ക് ആവശ്യ മുള്ള പരിശീലനം നൽകണം. ഇവർക്ക് വേതനം നൽകിയാൽ നല്ലത്. ആധുനിക സാമൂഹ്യ സമ്പർക്ക മാദ്ധ്യമങ്ങൾ ഇക്കാര്യത്തിൽ ഫലപ്രദ മായി ഉപയോഗപ്പെടുത്തണം. കലാ-കായിക വിനോ ദങ്ങൾ പ്രോത്സാഹിപ്പിക്കണം. സാക്ഷരതയോ ടൊപ്പം തൊഴിൽ ആഭിമുഖ്യമുള്ള ഹ്രസ്വകാല കോഴ്സുകൾ ഉൾപ്പെടുത്തിയാൽ നല്ലത്. വകുപ്പ് ഉദ്യോഗസ്ഥരുടേയും സാങ്കേതിക വിദഗ്ദ്ധരുടേയും സേവനം ഇക്കാര്യത്തിൽ അനിവാര്യമാണ്. ആരോ ഗ്യപ്രവർത്തകരെ പങ്കെടുപ്പിച്ചുകൊണ്ട് ശുചിത്വം, രോഗപ്രതിരോധം എന്നിവയെക്കുറിച്ച് ബോധ വൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കേണ്ട താണ്. വിദ്യാലയങ്ങളിലേക്ക് കുട്ടികളെ എത്തി ക്കുവാൻ തീവ്രയജ്ഞപ്രവർത്തനം അത്യാവശ്യമാ ണ്. ഈ വിദ്യാർത്ഥികളോട് സന്മനോഭാവത്തോടെ പെരുമാറാൻ സഹവിദ്യാർത്ഥികൾ തയ്യാറാവണം. അതിനുവേണ്ട നിർദ്ദേശങ്ങൾ അദ്ധ്യാപകർ നൽക ണം. ഗിരിവർഗ്ഗ വിദ്യാർത്ഥികൾ ഉള്ള സ്കൂളുക ളിൽ അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം നൽക ണം. അത്തരം പരിശീലനം ലഭിച്ചിട്ടുള്ള ഒരാളെ ങ്കിലും ഒരു സ്കൂളിൽ ഉണ്ടാവണം. ഇവർക്ക് ഇൻസെന്റീവ് നൽകുന്നത് നല്ലതാണ്. ആദിവാസി കലാ രൂപങ്ങളും വിനോദങ്ങളും സ്കൂൾ തല ത്തിൽ പരിശീലിപ്പിക്കാനും, അവതരിപ്പിക്കാനും അവസരമുണ്ടാകണം. ഉച്ചഭക്ഷണം, കുട, യൂണി ഫോറം, സാമ്പത്തികസഹായം മുതലായവ കൂടു തൽ ഫലപ്രദമാക്കണം. യാതൊരു കാരണവശാ ലും ഇവർക്ക് ഉച്ചഭക്ഷണം മുടക്കാൻ പാടില്ല. സൗജന്യമായി നൽകുന്ന യൂണിഫോറം, കുട മുത ലായവ നിലവാരമുള്ളതായിരിക്കണം. സ്കൂളിൽ എത്താത്തവരേയും കൊഴിഞ്ഞുപോകുന്നവരേയും കൂട്ടിക്കൊണ്ടുവരുന്നതിന് പി.ടി.എയുടെ നേതൃത്വ ത്തിൽ സ്ഥിരം സംവിധാനം ഉണ്ടാകണം. ഇതിന് പഞ്ചായത്തിന്റെ മേൽനോട്ടം ഉണ്ടാകണം. ഉന്നത തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തെക്കുറിച്ചും, തൊഴിൽസാധ്യതകളെക്കുറിച്ചും ബോധവൽക്കര ണവും, മാർഗ്ഗനിർദ്ദേശവും നൽകണം. അതിനുള്ള സൗകര്യം പഞ്ചായത്ത് നൽകണം.

പഞ്ചായത്തിൽ ഏറ്റവും സൗകര്യപ്രദമായ സ്ഥലത്ത് ഒരു ട്രൈബൽ ഹോസ്റ്റൽ സ്ഥാപിക്ക ണം. (ഇത് പാമ്പറപ്പാൻ കേന്ദ്രമാക്കുന്നത് നല്ലത് പ്രീ പ്രൈമറി പ്രായത്തിലുള്ള എല്ലാവർക്കും അംഗൻവാടികളിൽ സൗകര്യം ഉണ്ടായിരിക്കണം. ഇക്കാര്യം കൂടി പരിഗണിച്ചായിരിക്കണം അംഗ ൻവാടിയുടെ സ്ഥാനം നിർണ്ണയിക്കാൻ. എല്ലാവ രേയും അങ്കൺവാടികളിൽ എത്തിക്കാൻ വികസ നസമിതി കമ്മറ്റി പ്രവർത്തകർ മുൻകൈയ്യെടുക്ക ണം. പല കോളനികൾക്ക് സമീപവും അങ്കൺവാ ടികൾ ഇല്ല. ഉദാഹരണത്തിന് ചുങ്കക്കുന്ന്, കൂനൻപള്ള, പന്നിയാംമല, കോളനികളുടെ സൗക ര്യാർത്ഥം വായനശാലകളും സാസ്ക്കാരിക നില യങ്ങളും ഏർപ്പെടുത്തണം. പഞ്ചായത്തിലെ എല്ലാ സന്നദ്ധസംഘടനകളും ഇവരെ സംഘടനയിൽ അംഗമാക്കണം. എല്ലാ കലാ-കായിക സംഘടന കളും അവരെ അംഗങ്ങളാക്കാനും പ്രവർത്തന ങ്ങളിൽ പങ്കെടുപ്പിക്കാനും സംഘടനാ നേതാക്കൾ ശ്രദ്ധിക്കണം. ഗിരിജൻ കോളനികൾ, ഇവർ കൂടു തൽ താമസിക്കുന്ന പ്രദേശങ്ങൾ എന്നിവ പഞ്ചാ യത്തിലെ സന്നദ്ധസംഘടനകൾ ദത്തെടുക്കാവു ന്നതാണ്.

## ആരോഗ്യം, ശുചിത്വം

ആരോഗ്യപരിപാലനത്തിലും, ശുചിത്വത്തിലു ഇവർ വളരെ പിന്നോക്കമാണ്. പകർച്ചവ്യാധിക ൾ പലതും കോളനികളിൽ ആരംഭിക്കുന്നു. ശുചി ത്വത്തിന്റെ കുറവും, ശുദ്ധജലത്തിന്റെ അഭാവവു മാണ് പ്രധാന കാരണങ്ങൾ. ആരോഗ്യപ്രവർത്ത കർ ഇവരുടെ വീടുകൾ സന്ദർശിക്കുന്നതിൽ പ്ര ത്യേക താല്പര്യം കാണിക്കേണ്ടതാണ്. ഇക്കാര്യ ങ്ങൾ അവരെ ബോധവൽക്കരിക്കുന്നതിൽ എല്ലാ വരുടേയും സഹകരണം അത്യാവശ്യമാണ്. സന്ന ദ്ധസംഘടനകൾ നടത്തുന്ന മെഡിക്കൽ ക്യാമ്പു കളിൽ ഇവരെ സ്നേഹപൂർവ്വം പങ്കെടുപ്പിക്കാനും പഞ്ചായത്തിൽ നിലവിലുള്ള അലോപ്പതി, ആയുർവേദ, ഹോമിയോപ്പതി എന്നീ ആസ്പത്രിക ളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തി ആദി

വാസികളെ കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യം നടപ്പാക്കണം. ശുദ്ധജലം എല്ലാ കുടുംബങ്ങളിലും ലഭ്യമാക്കണം. ഗർഭിണികൾക്കും, പാലൂട്ടുന്ന അമ്മമാർക്കും നൽകുന്ന പോഷകാഹാരം തുടങ്ങിയ സാധനങ്ങൾ ഇവർക്ക് ലഭ്യമാക്കണം.

### കൃഷി

പല കുടുംബങ്ങൾക്കും സ്വന്തമായ കൃഷിസ്ഥലങ്ങൾ ഇല്ല. ഉള്ളവതന്നെ ഫലപ്രദമായി ഉപയോഗിക്കുന്നില്ല. കൃഷിവകുപ്പിൽനിന്നും ഇവർക്ക് ലഭിക്കുന്ന തെങ്ങിൻതൈ മുതലായ നടീൽ വസ്തുക്കൾ പലതും മണ്ണിൽ കുഴിച്ച് വെക്കാൻപോലും താല്പര്യമില്ല. കൃഷി ചെയ്യുന്നവ വേണ്ടവിധത്തിൽ സംരക്ഷിക്കുന്നുമില്ല. കൃഷിസ്ഥലത്തിനനുയോജ്യമായ വിത്തുകളും നടീൽവസ്തുക്കളും ആവശ്യത്തിനുമാത്രം നൽകുകയും അവ വേണ്ടവിധത്തിൽ സംരക്ഷിക്കാനും പഞ്ചായത്ത് തലത്തിൽ സംവിധാനം ഉണ്ടാക്കണം. കൃഷിഭവൻ മുഖേന ആവശ്യമായ വിത്തും, വളവും, കാർഷികോപകരണങ്ങളും നൽകുക. ഒന്നാം ഘട്ടത്തിൽ ആവശ്യമായ സാമ്പത്തികസഹായം നൽകണം. പ്രാദേശിക സഹകരണ സംഘങ്ങളിൽ ഇവർക്ക് സൗജന്യമായി അംഗത്വം നൽകുക. ഹ്രസ്വകാല, മദ്ധ്യകാല കാർഷിക വായ്പകൾ പലിശയില്ലാതെ ലഭ്യമാക്കുകയും വേണം. ഇവർ കാലാകാലങ്ങളിൽ ചെയ്യേണ്ട കൃഷിപ്രവർത്തനങ്ങൾക്ക് അഗ്രികൾച്ചർ അസിസ്റ്റന്റുമാരുടെ നിരന്തരമായ മാർഗ്ഗനിർദ്ദേശങ്ങളും വികസനപദ്ധതിയുടെ സഹായവും ലഭ്യമാക്കണം. ആദിവാസികളുടെ കൈവശമുള്ള കൃഷിഭൂമികൾ അളന്ന് തിട്ടപ്പെടുത്തി അതിരുകൾ വ്യക്തമാക്കി കൈയ്യേറ്റത്തിനുള്ള സാധ്യതകൾ ഇല്ലാതാക്കുക. വളർത്തുമൃഗങ്ങളെ പോറ്റാൻ താല്പര്യമുള്ളവർക്ക്മാത്രം അവ നൽകുക. സംരക്ഷണത്തിന് സഹായവും നിർദ്ദേശങ്ങളും ലഭ്യമാക്കണം.

### തൊഴിൽ

ആദിവാസികൾ പ്രധാനമായും കാർഷികമേഖലയെ ആശ്രയിക്കുന്നു. സ്ഥിരമായി തൊഴിലുള്ളവർ പത്ത് ശതമാനത്തിൽ കുറവാണ്. കാർഷികമേഖലയിൽ തൊഴിൽചെയ്യുന്നതിന് പലരും ആഗ്രഹിക്കുന്നില്ല. ഉയർന്ന വേതനം ലഭിച്ചാൽ കാർഷികമേഖലയിലേക്ക് അവരെ ആകർഷിപ്പിക്കുവാൻ സാധിക്കും. ഇതിന് കാർഷികമേഖലയുടെ വികസനം അത്യാവശ്യമാണ്. പാരമ്പര്യ കൈത്തൊഴിലുകൾ പ്രോത്സാഹിപ്പിക്കുക. ഓട, ഈറ്റ, മുള, ചൂരൽ ഇവ ഉപയോഗിച്ചുള്ള പരമ്പ്, കുട്ട, മുറം തുടങ്ങിയ വീട്ടുപയോഗസാധനങ്ങളും കസേര തുടങ്ങിയ ഫർണിച്ചറുകളും നിർമ്മിക്കാവുന്നതാണ്. ഇത് പ്രോത്സാഹിപ്പിക്കുവാൻ ഒരു സഹകരണസംഘം രൂപീകരിക്കണം. വനത്തിൽനിന്നും അസംസ്കൃത വസ്തുക്കൾ സംഭരിക്കാൻ വനംവകുപ്പിൽനിന്നും അനുമതി ലഭ്യമാക്കണം. വനവിഭവങ്ങളായ തേൻ, പന്തം, തെള്ളി, കുന്തിരിക്കം, ഏലക്കായ, പുളി, കോലരക്ക് മുതലയാവ ശേഖരിക്കാനും വിപണനം നടത്താനും സൗകര്യം ഉണ്ടാക്കണം വലിയ മുതൽമുടക്കും സാങ്കേതിക വിദ്യയും ആവശ്യമില്ലാത്ത വ്യവസായങ്ങൾ ആരംഭിക്കാം.

ഉദാ:- ഹോളോബ്രിക്സ്, ചുടുകട്ടനിർമ്മാണം വനിതകൾക്ക് സ്വയം തൊഴിൽ പരിശീലനവും, സാമ്പത്തികസഹായവും നൽകണം. പഞ്ചായത്തിൽ തൊഴിൽ നൽകുന്നതിനുവേണ്ടി പുതിയ പദ്ധതികൾ നടപ്പാക്കുമ്പോൾ അതിലെ പ്രവൃത്തികൾ ഈ വിഭാഗക്കാർക്ക് മുൻഗണന നൽകണം. യുവാക്കൾക്ക് റബ്ബർ ടാപ്പിംഗിന് പരിശീലനം നൽകണം. പഞ്ചായത്തിൽ നിലവിൽ ആദിവാസികൾക്ക് തൊഴിൽ നൽകുന്നതിനുവേണ്ടി പല പദ്ധതികളും നടപ്പിലാക്കി വരുന്നു. അതിൽ പ്രധാനപ്പെട്ടവ താഴെ കൊടുക്കുന്നു.

1. നെല്ലിയോടി കോളനിയിലെ 16 പണിയ യുവാക്കൾക്ക് കെട്ടിടനിർമ്മാണത്തിന് പരിശീലനം നൽകി.
2. പാൽച്ചുരം മേലെ പണിയ കോളനിയിൽ ഒരു ജില്ലി യൂണിറ്റിന് അനുമതിയായി.
3. ഇ.എ.എസ് പദ്ധതിപ്രകാരം പഞ്ഞ മാസങ്ങളിൽ തൊഴിൽ നൽകിവരുന്നു.

### ബഹുജനപങ്കാളിത്തത്തോടെ അത്യാവശ്യമായി നടത്തേണ്ട കാര്യങ്ങൾ.

സ്വന്തമായി വീടില്ലാത്ത എല്ലാവർക്കും അത്യാവശ്യസൗകര്യത്തോടുകൂടിയ വീട് നിർമ്മിച്ചുകൊടുക്കണം. വീടില്ലാത്തവരുടെ വിവരം പട്ടികയിൽ

കൊടുത്തിരിക്കുന്നു. പുല്ലുമേഞ്ഞ വീടുകൾ അടിയന്തിരമായും ഓട് മേയാൻ സഹായിക്കണം. നിലവിലുള്ള വീടുകൾക്ക് അത്യാവശ്യമായ അറ്റകുറ്റപ്പണികൾ ചെയ്തുകൊടുക്കണം.

2. ശുദ്ധജലം സൗകര്യമില്ലാത്ത വീടുകൾക്ക്, കിണർ അല്ലെങ്കിൽ പൈപ്പ് മുഖേന ശുദ്ധജലം ലഭ്യമാക്കണം. വിശദവിവരം പട്ടിക 2ൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

3. കക്കൂസ്സ് ഇല്ലാത്ത വീടുകൾക്ക് അത് എത്രയും പെട്ടെന്ന് നിർമ്മിച്ച് കൊടുക്കണം. സംരക്ഷിക്കുവാൻ എളുപ്പമുള്ള ജനതാമോഡൽ കക്കൂസുകൾ നിർമ്മിക്കുന്നതായിരിക്കും നല്ലത്. ഉപയോഗം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളും നൽകണം.

4. ഗതാഗതസൗകര്യമില്ലാത്ത കോളനികളിലേക്ക് റോഡുകൾ നിർമ്മിച്ച് ഗതാഗതസൗകര്യം ഉറപ്പാക്കണം. വിശദവിവരം പട്ടികയിൽ ചേർത്തിരിക്കുന്നു.

5. വൈദ്യുതി ലഭിക്കാത്ത എത്തിക്കാൻ സാധിക്കുന്ന വീടുകൾക്ക് ഉടനെ വൈദ്യുതി എത്തിക്കണം. ഇതിന് പറ്റാത്ത സ്ഥലങ്ങളിൽ അനർട്ടിന്റെ സഹായത്തോടെ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുക.

6. ഗിരിവർഗ്ഗക്കാർക്ക് പട്ടയത്തിലുള്ളത്ര ഭൂമി കൈവശമില്ല. അതിക്രമിച്ച് എടുക്കപ്പെട്ട ഭൂമി തിരിച്ചുകൊടുക്കുവാൻ നടപടി സ്വീകരിക്കണം. കോളനികളിൽ മൊത്തത്തിലുള്ള ഭൂമി വേർതിരിച്ച് പതിച്ചുകൊടുക്കണം.

7. രോഗികൾ, വിധവകൾ, വികലാംഗർ എന്നിവർക്ക് ആവശ്യമായ ചികിത്സാസഹായവും പെൻഷനും എത്തിക്കണം.

8. പന്നിയാംമലയിൽ ഗിരിവർഗ്ഗക്കാർക്കായി അക്വയർ ചെയ്തിട്ടുള്ള സ്ഥലം വീടുകൾ പണിത് ആദിവാസികളെ അധിവസിപ്പിക്കണം.

**റിപ്പോർട്ടു തയ്യാറാക്കാൻ സഹായിച്ചവർ**

കുര്യാക്കോസ് പ്ലാക്കൂട്ടത്തിൽ
മാത്യു കണിപറമ്പിൽ
ഹരിലാൽ പി.വി.
മാണി. കെ.ആർ
ദാവു കല്ല്യാൻതോട്ടം
വേലായുധൻ. വി.കെ.

പട്ടിക 1

| ക്രമ നമ്പർ | കോളനിയുടെ പ്രദേശത്തിന്റെ പേര് | വീടുകളുടെ എണ്ണം | വീടുകളില്ലാത്ത കുടുംബങ്ങളുടെ എണ്ണം | അംഗങ്ങളുടെ ആകെ | | | | | | സാമ്പത്തിക നിലവാരം | തൊഴിൽ | കൃഷിസ്ഥലം | മറ്റു വിവരങ്ങൾ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | ആകെ | | വിദ്യാർത്ഥികൾ | | യുവാക്കൾ | | | | | |
| | | | | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | | | | |
| 1 | പാൽച്ചുരം മേലേഗിരിവർഗ്ഗ കോളനി | 17 | 9 | 28 | 29 | 10 | 12 | 16 | 15 | 10 | ജില്ലി അടി കൂലി പ്പണി | 2 ഏക്കർ | 9പുതിയ വീടുകൾ വേണം. 4വീടുകൾക്ക് കേട് തീർക്കുക |
| 2 | പാൽച്ചുരം ഗിരി വർഗ്ഗ കോളനി | 9 | 11 | 12 | 14 | 9 | 5 | 12 | 11 | 11% | കൂലി പ്പണി | | 11 വീടുകൾ പുതുതായി വേണം |
| 3. | പാൽച്ചുരം പട്ടികജാതി കോളനി | 44 | 2 | 99 | 106 | 36 | 44 | 45 | 55 | 90% | കൂലി പ്പണി | 28ഏ. 50സെ. | 2 വീടുകൾ വേണം |
| 4. | അമ്പായത്തോട് കുറിച്യ കോളനി | 25 | 2 | 65 | 62 | 30 | 33 | 20 | 25 | 70% | കൃഷി കൂലി പ്പണി | 23ഏ. 85 സെ | 2 വീടുകൾ വേണം |
| 5. | അമ്പായത്തോട് താഴെ ഗിരി വർഗ്ഗകോളനി | 10 | | 26 | 33 | 14 | 11 | 9 | 7 | 10% | കൂലി പ്പണി | 1ഏ. | 4 വീടുകൾ വേണം |
| 6. | മന്ദംചേരി മേലെ ഗിരി വർഗ്ഗകോളനി | 18 | 4 | 57 | 54 | 21 | 20 | 24 | 20 | 28% | -do- | 5 ഏ. | പട്ടയം 5 ഏ ഫലത്തിൽ ഇല്ല |
| 7. | മന്ദംചേരിതാഴെ ഗിരിവർഗ്ഗ കോളനി | 13 | 4 | 63 | 62 | 17 | 16 | 28 | 21 | 20% | -do- | 1.5ഏ. | കോളനിയിൽ കക്കൂസ് ഇല്ല |
| 8. | നെല്ലിയോടി ഗിരിവർഗ്ഗ കോളനി | 19 | 11 | 41 | 42 | 5 | 10 | 21 | 19 | 35% | -do- | 9 ഏ. | ഒരു അപസ്മാര രോഗി വികലാംഗൻ-1 വിധവ -1 ശ്വാസകോശ രോഗി |
| 9. | വെങ്ങലോടി ഗിരിവർഗ്ഗ കോളനി | 23 | 6 | 46 | 42 | 8 | 7 | 11 | 8 | 15% | -do- | 9 ഏ. | 2T.B രോഗികൾ |
| 10. | പത്തായപ്പുര ഗിരിവർഗ്ഗ കോളനി | ഇല്ല | 7 | 12 | 16 | 3 | 5 | 6 | 5 | 10% | -do- | 70 സെ. | വീടുപണി ഉടനെ പൂർത്തിയാകും. |

| ക്രമ നമ്പർ | കോളനിയുടെ പ്രദേശത്തിന്റെ പേര് | വീടുകളുടെ എണ്ണം | വീടുകളില്ലാത്ത കുടുംബങ്ങളുടെ എണ്ണം | അംഗങ്ങളുടെ ആകെ | | | | | | സാമ്പത്തിക നിലവാരം | തൊഴിൽ | കൃഷിസ്ഥലം | മറ്റു വിവരങ്ങൾ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | ആകെ | | വിദ്യാർത്ഥികൾ | | യുവാക്കൾ | | | | | |
| | | | | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | | | | |
| 11 | ഇരട്ടത്തോട് ഗിരിവർഗ്ഗ കോളനി | 12 | 10 | 61 | 63 | 8 | 10 | 25 | 22 | 25% | കൂലി പ്പണി | 1.6 ഏക്കർ | അടിയന്തിരമായി കക്കൂസ് നിർമ്മിക്കുക. |
| 12 | പൊട്ടൻതോട് ഗിരിവർഗ്ഗ കോളനി | ഒറ്റപ്പെട്ട വീടുകൾ | — | 4 | 5 | 1 | 1 | 3 | 3 | 20% | കൂലി പ്പണി | 10 സെ. | |
| 13. | പൊട്ടൻതോട് ഒറ്റപ്പെട്ട വീടുകൾ | 2 | | 5 | 5 | 1 | 2 | 2 | 4 | 25% | കൂലി പ്പണി | 1 ഏ. | |
| 14. | -do- | 2 | | 4 | 4 | 1 | | 3 | 3 | 20% | കൂലി പ്പണി | 15 സെ. | |
| 15. | പൊട്ടൻതോട് കുറിച്യകോളനി കുന്നൻപിള്ള | 12 | 10 | 87 | 91 | 25 | 25 | 38 | 39 | 85% | കൂലി പ്പണി | 35 ഏ. | 10 വീടുകൾ വേണം |
| 16. | പാലുകാച്ചി I.H.D.P. ഹരിജൻകോളനി | 47 | 10 | 114 | 116 | 22 | 65 | 12 | 13 | 45% | -do- | 25 ഏ. | റോഡ് കക്കൂസ് |
| 17. | പന്ന്യാമല ഗിരിവർഗ്ഗ കോളനി | 4 | 15 | 26 | 27 | 7 | 7 | 10 | 11 | 14% | -do- | 6.ഏ. | വീടുപണി ത്വരിതപ്പെടുത്തുക |
| 18. | 5ാം വാർഡ് കുറവ കുടുംബം | 2 | 2 | 4 | 4 | 1 | 1 | 2 | 1 | | പരമ്പ് നെയ്ത്ത് | | സ്ഥലവും വീടും അടിയന്തരം |
| 19. | 5ാം വാർഡ് ഹരിജനങ്ങൾ | 8 | | 31 | 29 | 7 | 7 | 17 | 19 | 40% | കൂലി പണി | | |
| 20. | 5ാം വാർഡ് ഹരിജന കുടുംബം | 5 | | 11 | 13 | 3 | 5 | 7 | 4 | 60% | സർക്കാർ ജോലി കൂലി | സ്ഥലം പരിമിതി | |

| ക്രമ നമ്പർ | കോളനിയുടെ പേര് | വീടുകളുടെ എണ്ണം | ഗതാഗത സൗകര്യം | | വൈദ്യുതി | | ശുദ്ധജലം | | | | കക്കൂസ് | മറ്റുവിവരങ്ങൾ |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | ഉള്ളത് | സാധ്യത | ഉള്ളത് | സാധ്യത | ഉള്ളത് | | സാധ്യത | | | |
| | | | | | | | കിണർ | ടാപ്പ് | കിണർ | ടാപ്പ് | | |
| 1 | പാൽച്ചുരം മേലേ ഗിരിവർഗ്ഗ കോളനി | 17 | ഇല്ല | 1കി. മൺ റോഡ് | ഉണ്ട് | | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | |
| 2. | പാൽച്ചുരം താഴെഗിരിവർഗ്ഗ കോളനി | 9 | ഉണ്ട് | | ഉണ്ട് | | ഇല്ല | ഇല്ല | | | ഇല്ല | |
| 3. | പാൽച്ചുരം പട്ടികജാതി കോളനി | 44 | ഇല്ല | 8കി.മീ. മൺറോഡ് വേണം | ഇല്ല | 1600മീ. ലൈൻ വേണം | ഇല്ല | ഇല്ല | 20 കിണർ വേണം | 10 ടാപ്പ് വേണം | ഇല്ല | |
| 4. | അമ്പായത്തോട് ഗിരിവർഗ്ഗ കുറിച്യ കോളനി | 25 | ഇല്ല | 1.5 മൾ റോഡ് | ഇല്ല | 1000 മീ. ലൈൻ വേണം. | ഉണ്ട് | ഇല്ല | 2 കിണർ വേണം | ഇല്ല | ഇല്ല | |
| 5. | അമ്പായത്തോട് താഴെഗിരിവർഗ്ഗ കോളനി | 10 | ഉണ്ട് | | ഉണ്ട് | | ഉണ്ട് | | | | 4എണ്ണം ഉണ്ട് 6വേണം | |
| 6. | മരുചേരിമേലെ ഗിരിവർഗ്ഗകോളനി | 18 | ഉണ്ട് | | ഉണ്ട് | | ഉണ്ട് | | | | 6 വേണം | |
| 7. | മാരംചേരി താഴെ ഗിരിവർഗ്ഗ കോളനി | 13 | ഉണ്ട് | | ഇല്ല | | ഇല്ല | ഉണ്ട് | 2 എണ്ണം | | ഇല്ല | വീടുകൾ വൈദ്യുതീകരിച്ചെങ്കിലും ഉപയോഗിക്കുന്നില്ല. |
| 8. | നെല്ലിയോടി ഗിരിവർഗ്ഗകോളനി | 19 | ഉണ്ട് | 200മീ. മൺ റോഡ് | ഇല്ല | വയറിംഗ്ചെയ്യണം | ഇല്ല | ഇല്ല | കിണർ വേണം | വേണം | ഇല്ല | സമീപത്തു ശുദ്ധജലം ശേഖരിച്ച് പൈപ്പ് വഴി വെള്ളം എത്തിക്കുക |
| 9. | വെങ്ങലോടി ഗിരിവർഗ്ഗ കോളനി | 23 | ഉണ്ട് | | ഉണ്ട് | 5എണ്ണം വേണം | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | സമീപത്തു ശുദ്ധജലം ശേഖരിച്ച് കുടിവെള്ളം നടപ്പാക്കുക |
| 10. | പത്തായപ്പുര ഗിരിവർഗ്ഗകോളനി | 7 | ഇല്ല | 200മീ. മൺറോഡ് | ഇല്ല | 200മീ. ലൈൻ വേണം. | ഉണ്ട് | ടാപ്പ് ഇല്ല | കിണർ വേണം | 6 ടാപ്പ് വേണം | ഇല്ല | |
| 11. | ഇരട്ടത്തോട് ഗിരി വർഗ്ഗകോളനി | 12 | ഉണ്ട് | | ഇല്ല | 250മീ. ലൈൻ വേണം. | ഉണ്ട് | ഇല്ല | 2കൂടി വേണം | | ഇല്ല | |

| ക്രമ നമ്പർ | കോളനിയുടെ പേര് | | ഗാതാഗത സൗകര്യം | | വൈദ്യുതി | | ശുദ്ധജലം | | | | കക്കൂസ് | മറ്റുവിവരങ്ങൾ |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | ഉള്ളത് | സാധ്യത | ഉള്ളത് | സാധ്യത | ഉള്ളത് | | സാധ്യത | | | |
| | | | | | | | കിണർ | ടാപ്പ് | കിണർ | ടാപ്പ് | | |
| 12 | പൊട്ടൻതോട് ഗിരി വർഗ്ഗ ഒറ്റപ്പെട്ട വീടുകൾ. | 2 | ഉണ്ട് | | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | കിണർ വേണം | | ഇല്ല | |
| 13. | പൊട്ടൻതോട് | 2 | ഉണ്ട് | | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | | | ഇല്ല | |
| 14 | പൊട്ടൻതോട് | 2 | ഉണ്ട് | | ഇല്ല | ഉണ്ട് | ഉണ്ട് | | കിണർ വേണം | | ഇല്ല | |
| 15 | പൊട്ടൻതോട് കുറിച്യ കോളനി | 31 | ഇല്ല | 4കി.മീ മൺ റോഡ് | ഇല്ല | Solar Lamp വേണം. | ഉണ്ട് | | 2 . | | ഇല്ല | |
| 16 | പാലുകാച്ചി I.H.D.P ഹരിജൻകോളനി | 10 | ഉണ്ട് | 1.5കി.മീ മൺറോഡ് വേണം | ഇല്ല | Solar Lamp വേണം. | ഇല്ല | ഉണ്ട് | | 40 എണ്ണം വേണം | ഇല്ല | |
| 17 | പന്ന്യാമല ഗിരിവർഗ്ഗകോളനി | 19 | ഇല്ല | 2.കമീ മൺറോഡ് വേണം | ഇല്ല | 4കി.മീ ലൈൻ വലിക്കണം | ഇല്ല | ഇല്ല | | 19 ടാപ്പ് വേണം | ഇല്ല | 1 ടാങ്കിൽനിന്നും പൈപ്പുവഴി വെള്ളം എത്തിക്കണം. |



# വിഭവസമാഹരണം

ഏതൊരു പ്രദേശത്തിന്റെയും സമൂഹത്തിന്റെയും നിലനില്പിന്റെ അടിസ്ഥാനം അതാത് പ്രദേശത്തെ വിഭവങ്ങളാണ്. വിഭവങ്ങളുടെ ആസൂത്രിതമായ വിനിയോഗമാണ് സാമൂഹ്യപുരോഗതിക്ക് നിദാനം. നമ്മുടെ പഞ്ചായത്തുകൾക്ക് ഇതുവരെയും ഭരണഘടനാപരമായി തുഛമായ അധികാരങ്ങളും അവകാശങ്ങളും ഉണ്ടായിരുന്നുള്ളൂ. എന്നാൽ പഞ്ചായത്ത് രാജ് നിയമപ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് കൂടുതൽ അധികാരങ്ങളും അവകാശങ്ങളും ലഭ്യമായിട്ടുണ്ട്. മിക്ക പഞ്ചായത്തുകളുടേയും വരുമാനം വളരെ കുറവാണ്. ശക്തമായൊരു സാമ്പത്തിക അടിത്തറ ഉണ്ടെങ്കിൽ മാത്രമേ നാം വിഭാവനം ചെയ്യുന്നതരത്തിലുള്ള വികസക്ഷേമപ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുവാൻ കഴിയുകയുള്ളൂ. ആയതിന് വേണ്ടി നിലവിലുള്ള വരുമാനസ്രോതസ്സുകളെ കാര്യക്ഷമമായി ഉപയോഗപ്പെടുത്തുകയും പുതിയ മറ്റ് വിഭവസ്രോതസുകൾ നമുക്ക് കണ്ടെത്തേണ്ടിയിരിക്കുന്നു.

ഉത്തരകേരളത്തിന്റെ കണ്ണൂർ ജില്ലയിൽ കിഴക്ക് ഭാഗത്ത് സഹ്യാദ്രി മലമടക്കുകൾക്കിടയിൽ വയനാട് ജില്ലയോടും കർണ്ണാടക സ്റ്റേറ്റിനോടും തോട്ട് ഉരുമി നിൽക്കുന്ന പ്രദേശമാണ് കൊട്ടിയൂർ. മലയോര മേഖലയിലെ മറ്റ് പഞ്ചായത്തുകളെപോലെയോ അതിലുപരിയോ നമ്മുടെ ഗ്രാമപഞ്ചായത്തും അടിസ്ഥാനവികസിതമേഖലകളായ ഗതാഗതം, ഊർജ്ജം, വ്യവസായം എന്നീ മേഖലകളിൽ വളരെ പിന്നോക്കം തന്നെയാണ്.

നമ്മുടെ പഞ്ചായത്തിലെ ബഹുഭൂരിഭാഗം ജനങ്ങളും കർഷകരോ കർഷതൊഴിലാളികളോ ആണ്. സാമൂഹ്യക്ഷേമപ്രവർത്തനങ്ങളിലും വികസനപ്രവർത്തനങ്ങളിലും നമ്മുടെ പഞ്ചായത്ത് വളരെ പിന്നോക്കാവസ്ഥയിലാണെങ്കിലും ജീവിത നിലവാരംവെച്ച് നോക്കുമ്പോൾ നമ്മുടെ പഞ്ചായത്ത് വളരെ മുന്നോക്കം തന്നെയാണ്. പഞ്ചായത്തിലെ കൃഷിഭൂമിയുടെ ആകെ വിസ്തീർണ്ണം 7475 ച.മീ. ഹെക്ടർ ഭൂമിയാണ്. എന്നാൽ ജനസംഖ്യ ആകെ 16000 ത്തോളം ആണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ഇതുവെച്ച് നോക്കുമ്പോൾ ആളോഹരി ഭൂമി ഒരേക്കർ വരും. മാത്രമല്ല കൃഷി ചെയ്യുന്ന ഭൂമിയിൽ 95%ത്തോളം നാണ്യവിളകളാണ് ഉല്പാദിപ്പിക്കപ്പെടുന്നത്. എന്നാൽ നമുക്ക് ആവശ്യമായ ഭക്ഷ്യപദാർത്ഥങ്ങൾ ഇറക്കുമതി ചെയ്യേണ്ടിവരുന്നു.

നമ്മുടെ പഞ്ചായത്തിലെ ധനകാര്യസ്ഥാപനങ്ങളുടെ കണക്കുകൾ പരിശോധിച്ചാൽ ഇവിടുത്തെ ജനങ്ങളുടെ നിക്ഷേപസമ്പാദ്യങ്ങൾ ഏകദേശം 1.50 കോടിയോളം കാണുന്നു. എന്നാൽ ഇതിൽനിന്നും എത്രയോ കൂടുതലാണ് പഞ്ചായത്തിന് പുറത്തുള്ള മറ്റ് ബാങ്കുകളിലും ധനകാര്യസ്ഥാപനങ്ങളിലും ഉള്ള നമ്മുടെ ജനങ്ങളുടെ നിക്ഷേപങ്ങൾ. ഈ ധനകാര്യസ്ഥാപനങ്ങൾ തന്നെ ഏകദേശം 4 കോടിയോളം രൂപ പ്രത്യുല്പാദനപരമായ കാര്യങ്ങൾക്കായി ഈ പഞ്ചായത്തിൽതന്നെ വായ്പയിനത്തിൽ ചിലവഴിക്കപ്പെടുന്നു. ഇതിലുപരിയായി ഈ നാടിന്റെ സമ്പദ്ഘടനയെ സാരമായി സ്വാധീനിക്കുന്ന നാടൻചിട്ടികൾ, ബ്ലേഡ്കമ്പനികൾ എന്ന അപരനാമത്തിൽ അറിയപ്പെടുന്ന മറ്റ് നിക്ഷേപസ്ഥാപനങ്ങളും

നമ്മുടെ പഞ്ചായത്തിൽ ധാരാളമുണ്ട്. ഇത് ഏകദേശം 1 കോടി രൂപയോളം വരുമെന്ന് കണക്കാക്കപ്പെടുന്നു.

നമ്മുടെ പഞ്ചായത്തിൽ വിദേശത്ത് ജോലി ചെയ്യുന്നവരുടെ സംഖ്യ മറ്റെ പ്രദേശങ്ങളെ അപേക്ഷിച്ച് വളരെ കുറവാണ്. അതുകൊണ്ടുതന്നെ നമ്മുടെ പഞ്ചായത്തിൽ ഗൾഫ് പണത്തിന്റെ സ്വാധീനം തീരെ ഇല്ല എന്നുതന്നെ പറയാം. മാത്രവുമല്ല പ്രത്യുല്പാദനപരമായ കാര്യങ്ങളിലേക്ക് ഇവരുടെ പണം നീക്കിവെക്കാനോ ഉപയോഗപ്പെടുത്തുവാനോ കഴിയുകയില്ല. കാരണം താഴ്ന്ന വരുമാനക്കാരും ഇടത്തരക്കാരുമാണ് ഈ വിഭാഗത്തിൽ ഏറിയ പങ്കും. വാർഡുതിരിച്ചുള്ള പട്ടിക താഴെ ചേർക്കുന്നു.

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
|---|---|---|---|---|---|---|---|---|---|
| എണ്ണം | 8 | 14 | 7 | 5 | 6 | 8 | 16 | 7 | 6 |

പഞ്ചായത്തിന്റെ പ്രധാന വരുമാനമാർഗങ്ങൾ കെട്ടിടനികുതി, തൊഴിൽനികുതി, വിനോദനികുതി,, ലൈസൻസ്, ഫീസുകൾ എന്നിവയടങ്ങുന്ന തനതു വരുമാനമാണ്. കൂടാതെ സർക്കാരിൽനിന്നും ലഭിക്കുന്ന ഗ്രാന്റുകൾ, ഫണ്ടുകൾ, സംഭാവനകൾ, അടിസ്ഥാന നികുതിവിഹിതം മുതലായവയാണ്.

## കെട്ടിടനികുതി.

ഇപ്പോൾ പഞ്ചായത്തിൽ നിലവിലുള്ള കെട്ടിടനികുതി നിർണ്ണയിക്കുന്ന രീതി ശാസ്ത്രീയമല്ല. പഞ്ചായത്തിന് ലഭ്യമാകുന്ന കണക്ക് അനുസരിച്ചാണ് ഇപ്പോൾ കെട്ടിടനികുതി നിർണയിക്കുന്നതും വസൂലാക്കുന്നതും. മാത്രവുമല്ല ഏതെങ്കിലും വിധത്തിലുള്ള സ്വാധീനമോ സമ്മർദ്ദമോ പലരിൽനിന്നും ശരിയായ രീതിയിൽ വസൂലാക്കുവാൻ കഴിയുന്നുമില്ല. നിയമത്തിന്റെ പഴുതുകൾ ഉപയോഗിച്ച് അനർഹമായ ആനുകൂല്യം കൈപ്പറ്റുന്നവരും നമ്മുടെ പഞ്ചായത്തിലുള്ളതായി അറിയാൻ കഴിയുന്നു.

## തൊഴിൽനികുതി

ഇപ്പോൾ സർക്കാർ അർദ്ധസർക്കാർ ജീവനക്കാരിൽനിന്ന് മാത്രമാണം തൊഴിൽ നികുതി കാര്യക്ഷമമായി കണക്കാക്കുവാനും പിരിച്ചെടുക്കുവാനും സാധിക്കുന്നുള്ളു. എന്നാൽ വിദഗ്ദ്ധ തൊഴിലാളികൾ നിർമ്മാണ തൊഴിലാളികൾ രജിസ്റ്റർ ചെയ്ത സംഘടനകളിലെ തൊഴിലാളികൾ എന്നിവർ നിയമത്തിന്റെ പഴുതുകളിൽനിന്നും രക്ഷപ്പെടുന്നു. മാത്രവുമല്ല ഈ വിഭാഗത്തിലെ എണ്ണം മറ്റുള്ളവരിൽനിന്നും നാലിരട്ടിയോളം വരുകയും ഇവരുടെ സർക്കാർ അർദ്ധസർക്കാർ ജീവനക്കാരുടേത് ഒപ്പമോ അതിലുപരിയോ ആണ്.

## വിനോദനികുതി

മറ്റ് പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികുളം ഈയിനത്തിൽ കിട്ടുന്ന വരുമാനം തനത് വരുമാനത്തിന്റെ 40%ത്തോളം വരും. നമ്മുടെ പഞ്ചായത്തിൽ വിനോദനികുതി പ്രധാനമായും കിട്ടിക്കൊണ്ടിരുന്നത് സിനിമാ തിയറ്ററിൽനിന്നുമായിരുന്നു. എന്നാൽ സിനിമ തിയേറ്റർ ഇപ്പോൾ നിലവിലില്ല. ഈയിനത്തിൽ നമുക്ക് കിട്ടിക്കൊണ്ടിരുന്ന അല്ലെങ്കിൽ കിട്ടേണ്ടിയിരുന്ന വരുമാനം മുഴുവനും തന്നെ പരോക്ഷമായി അയൽ പഞ്ചായത്തുകളിൽ ലഭിക്കുന്നു.

## കച്ചവട ലൈസൻസ്

നിലവിലുള്ള കച്ചവടലൈസൻസ്ഫീസ് ഈടാക്കുന രീതി ശാസ്ത്രീയമല്ല. ഈയിനത്തിൽ നമ്മുടെ പഞ്ചായത്തിന് ലഭിക്കുന്ന വരുമാനം തീരെ കുറവാണ്. തനതുവരുമാനത്തെക്കുറിച്ച് ഒരു താരതമ്യപഠനം താഴെ ഒരു റിപ്പോർട്ടു മുഖേന കൊടുത്തിരിക്കുന്നു.







നമുടെ പഞ്ചായത്തിലെ മൊത്തം കെട്ടിടങ്ങൾ

5043 ആണ്. അതിൽ 3020 കെട്ടിടങ്ങൾക്കാണ് നികുതി ഈടാക്കുന്നത്. ആക്കി 2023 കെട്ടിടങ്ങൾക്ക് നികുതി ഈടാക്കുന്നില്ല. ഫലപ്രദമായ രീതിയിൽ കെട്ടിടനികുതി ഈടാക്കുന്നതിന് ഒരു മാനദണ്ഡം ഉണ്ടാക്കിയാൽ കൂടുതൽ കെട്ടിടങ്ങളെ ഈ പരിധിയിൽ കൊണ്ടുവരുവാൻ കഴിയും.

വാർഡ് തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു.

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം |
|---|---|
| 1 | 463 |
| 2 | 405 |
| 3 | 436 |
| 4 | 514 |
| 5 | 520 |
| 6 | 743 |
| 7 | 625 |
| 8 | 537 |
| 9 | 800 |
| ആകെ | 5043 |

## ഗ്രാന്റുകൾ, പദ്ധതിവിഹിതങ്ങൾ etc.

സർക്കാറിൽനിന്നും ലഭിക്കുന്ന ഗ്രാന്റുകൾ, സംസ്ഥാനനികുതി വിഹിതങ്ങൾ, ഫണ്ടുമകൾ മറ്റം സംഭാവനകൾ എന്നിവ നമ്മുടെ പഞ്ചായത്തിന് ലഭിക്കുന്നത് വളരെ കുറവാണ്.

**ഗ്രാന്റുകളും പദ്ധതി വിഹിതങ്ങളും**
**അൺടൈഡ് ഫണ്ട് etc.**




## ചിലവുകൾ

നമ്മുടെ പഞ്ചായത്തിലെ പ്രധാനപ്പെട്ട ചില വിനങ്ങൾ

1. ഭരണചിലവ്
2. പൊതുമരാമത്ത്
2. വിദ്യാഭ്യാസം
3. ജലവിതരണം പൊതുജനാരോഗ്യം
4. തെരുവ്വിളക്കുകൾ കത്തിക്കൽ
5. മറ്റുള്ളവ

## ഭരണചിലവ്

ആകെയുള്ള വരുമാനത്തിന്റേ 30%ത്തോളം നമ്മുടെ പഞ്ചായത്തിന്റേ ഭരണചിലവിനത്തിൽ വരുന്നു. മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് ഇതിന്റെ തോത് വളരെ കൂടുതലാണ്. കാരണം നമ്മുടെ പഞ്ചായത്തിന്റെ ആകെ വരുമാനം വളരെ കുറവാണ്. പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനത്തിന് വേണ്ട ചിലവ് ആയതുകൊണ്ട് ഇതിന് വകയിരുത്തുന്ന തുക കുറവ് ചെയ്യാനും സാധ്യമല്ല. പുതിയ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തി പഞ്ചായത്തിന്റെ മൊത്തവരുമാനം വർദ്ധിപ്പിച്ചെങ്കിൽ മാത്രമെ ഇതിന്റെ തോത് കുറക്കുവാൻ സാധ്യമാകുകയുള്ളൂ. ഭരണചിലവിനെ സംബന്ധിച്ച കഴിഞ്ഞ 5 വർഷത്ത ചാർട്ട് താഴെ കൊടുക്കുന്നു.

**ഭരണചിലവ്**




## പൊതുമരാമത്ത്

നമ്മുടെ പഞ്ചായത്തിലെ വികസനപ്രവർത്തനങ്ങൾക്ക് ചിലവാക്കുന്ന തുക മുഴുവനും

ഇതിൽപ്പെടുന്നു. ഇത് ഏകദേശം ആകെ വരുമാനത്തിന്റെ 45%ത്തോളം വരുന്നു. സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാൻറുകളും പദ്ധതി വിഹിതങ്ങളും മാത്രമേ ഇപ്പോൾ പൊതുമരാമത്തിന് വേണ്ടി ചിലവഴിക്കപ്പെടുന്നുള്ളൂ. എന്നാൽ ഈയിനത്തിൽ ലഭിക്കുന്ന തുകയിൽ നമുക്ക് കാര്യമായ വർദ്ധനവ് പ്രതീക്ഷിക്കാനും വയ്യ. ഗ്രാമസഭകളുടെ വികസന ആവശ്യങ്ങൾ സഫലീകരിക്കുന്നതിന് കൂടുതൽ തുക ഈയിനത്തിൽ നമ്മൾ വകയിരുത്തേണ്ടിയിരിക്കുന്നു. തനത് വരുമാനം വർദ്ധിപ്പിച്ചെങ്കിൽ മാത്രമേ വികസനപ്രവർത്തനങ്ങൾക്ക് കൂടുതൽ തുക ചെലവഴിക്കാൻ സാധിക്കുകയുള്ളൂ. കഴിഞ്ഞ 5 വർഷത്തെ ഇത് സംബന്ധിച്ച ചാർട്ട് താഴെ കൊടുക്കുന്നു.

പൊതുമരാമത്ത് ചിലവ്




NB: % കണക്കാക്കിയിരിക്കുന്നത് ആകെ ചിലവിന്റെ കണക്കുകൾ വച്ച്.

## വിദ്യാഭ്യാസം

നമ്മുടെ പഞ്ചായത്തിൽ വിദ്യാഭ്യാസപരമായ കാര്യങ്ങൾക്ക് വിനിയോഗിക്കുന്ന തുക നാമമാത്രമാണ്. പഞ്ചായത്തിലെ സ്ക്കൂളുകളിലെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നിർധനരായ അർഹതപ്പെട്ട കുട്ടികൾക്ക് വേണ്ട സയങ്ങൾ ചെയ്യുന്നതിനും വേണ്ടി നമ്മുടെ മൊത്തം വരുമാനത്തിന്റേ ഒരു നിശ്ചിത ശതമാനം ഇപ്പോഴുള്ളതിൽ കൂടുതലായി നീക്കിവെയ്ക്കേണ്ടിയിരിക്കുന്നു. ഇത് സംബന്ധിച്ച് കഴിഞ്ഞ 5 വർഷത്തെ വിവരങ്ങൾ അടങ്ങിയ ചാർട്ട് താഴെ ചേർക്കുന്നു.

വിദ്യാഭ്യാസ ചിലവുകൾ




## ജലവിതരണം ഓടകൾ പൊതുജനാരോഗ്യം

നമ്മുടെ പഞ്ചായത്തിൽ പ്രസ്തുത കാര്യങ്ങൾക്ക് വിനിയോഗിക്കുന്ന തുക വളരെ കുറവാണ്. ഇതിന് കൂടുതൽ തുക വകയിരുത്തേണ്ടതും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതും അത്യന്താപേക്ഷിതമാണ്. ഇത് സംബന്ധിച്ചുള്ള കഴിഞ്ഞ 5 വർഷത്തെ വിവരങ്ങളടങ്ങിയ ചാർട്ട് താഴെ കൊടുക്കുന്നു.

ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം ചിലവുകൾ




## തെരുവ് വിളക്കുകൾ കത്തിക്കൽ

നമ്മുടെ പഞ്ചായത്തിൽ ഈയിനത്തിൽ വിനിയോഗിക്കുന്ന തുക വളരെ കുറവാണ്. കഴിഞ്ഞ

5 വർഷത്തെ ഈയിനത്തൽ ചിലവഴിക്കപ്പെട്ട വിവരത്തിന്റെ ചാർട്ട് താഴെ ചേർക്കുന്നു.

**കറണ്ട് ചാർജ്**




## മറ്റ് ചിലവുകൾ

ഈയിനത്തിൽ കഴിഞ്ഞ 5 വർഷം ചിലവാക്കിയ തുകയുടെ വിശദവിവരങ്ങൾ അടങ്ങിയ ചാർട്ട് താഴെ ചേർക്കുന്നു.

**മറ്റ് ചിലവുകൾ**




## പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനുള്ള നിർദ്ദേശങ്ങൾ

### 1. കെട്ടിടനികുതി.

കെട്ടിടനികുതി ഈടാക്കുന്നത് ശാസ്ത്രീയമല്ല. ആയതിനാൽ കെട്ടിടനികുതി പുനർനിർണ്ണയം ചെയ്യണം. ആയതിലേക്ക് വേണ്ടി ഒരു വിദഗ്ദ്ധ സമിതിയെ പഞ്ചായത്ത് തലത്തിൽ നിശ്ചയിക്കേണ്ടതാണ്. യാതൊരു കാരണവശാലും സ്വാധീനം മൂലമോ കണക്കുകളുടെ തെറ്റിദ്ധാരണമൂലമോ കൂടുതൽ ചിലവഴിച്ച കെട്ടിടങ്ങൾക്ക് കുറഞ്ഞ തുക അല്ലെങ്കിൽ മറിച്ചോ ഒരേ രിതിയിലോ ഈടാക്കുവാൻ പാടുള്ളതല്ല. നികുതി നിർണ്ണയത്തിൽ സ്ലാബ് സമ്പ്രദായം ഏർപ്പെടുത്തുന്നത് കൂടുതൽ നന്നായിരിക്കും. ജനങ്ങളെ തങ്ങൾ ഏത് സ്ലാബിൽപ്പെടുത്തിയിരിക്കുന്നു എന്ന് ബോധ്യപ്പെടുത്തേണ്ടതാണ്. വാടക കെട്ടിടങ്ങൾക്ക് ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന നിരക്ക് ധാരാളമാണം. എന്നാൽ അത് കൃത്യമായി വസൂലാക്കുവാനുള്ള സംവിധാനം പഞ്ചായത്തിനില്ല. വാടകചീട്ടിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ നികുതി നിശ്ചയിച്ചാൽ ഈയിനത്തിലുള്ള വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാൻ കഴിയും.

### 2. തൊഴിൽ നികുതി

തൊഴിലാളി സംഘടനകളിൽ രജിസ്റ്റർ ചെയ്ത മുഴുവൽ തൊഴിലാളികൾക്കും മറ്റ് നിർമ്മാണ തൊഴിലാളികൾക്കും വിദഗ്ദ്ധ തൊഴിലാളികൾക്കും തൊഴിൽ നികുതി നിർബന്ധമായും ബാധകമാക്കണം. 100 രൂപയിൽ അധികം വേതനം പറ്റുന്ന തൊഴിലാളികളേയാണ് ഈയിനത്തിൽ പരിഗണിക്കേണ്ടത്. ഇത് സാധ്യമായാൽ നിലവിലുള്ള തൊഴിൽ നികുതിയുടെ മൂന്ന് ഇരട്ടിയോളം കൂടുതൽ ലഭിക്കുന്നതാണ്.

### 3. വിനോദനികുതി.

നീണ്ടുനോക്കിയിലും ചുങ്കക്കുന്നിലും ഓരോ സിനിമാ ടാക്കീസുകൾ ഉണ്ടാക്കിയാൽ ഈയിനത്തിൽ പഞ്ചായത്തിന് പുറത്തുപോകുന്ന വരുമാനത്തെ തടഞ്ഞ് നിർത്തുവാൻ സാധിക്കും. ഇത് സഹകരണ അടിസ്ഥാനത്തിലോ ഷേയർ പിരിച്ചോ നിർമ്മിക്കാൻ വേണ്ട സാധ്യതകൾ ആരായുകയും വേണ്ട പ്രോത്സാഹനം പഞ്ചായത്തിൽനിന്നും ഉണ്ടാകണം.

### 4. ലൈസൻസുകൾ

പഞ്ചായത്തിന്റെ അതിർത്തിക്കുള്ളിലുള്ള മുഴുവൻ കച്ചവടസ്ഥാപനങ്ങളിൽനിന്നും കച്ചവടലൈസൻസ് വസൂലാക്കണം. പട്ടി വളർത്തുന്നതിനുള്ള ലൈസൻസ് നിർബന്ധമാക്കണം. കശാപ്പ് നടത്തുന്നതിനും മത്സ്യം വിൽക്കുന്നചതിന് ലൈസൻസ് നിർബന്ധമാക്കണം. പഞ്ചായത്തിൽ നിലവിൽ നിരവധി കശാപ്പ്ശാലകൾ ഉണ്ടെങ്കിലും ഒന്നിനുപോലും ലൈസൻസ് ഫീസ് ഏർപ്പെ

ടുത്തിയിട്ടില്ലെ എന്നാണ് അറിയാൽ കഴിഞ്ഞിട്ടുള്ളത്.

ഫീസുകൾ

പഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ പരസ്യബോർഡുകൾ, ബാനറുകൾ, പോസ്റ്ററുകൾ മുതലായവ സ്ഥാപിക്കുന്നതിന് നിശ്ചിത സംഖ്യ ഫീസായിട്ട് നിർബന്ധമായും വാങ്ങേണ്ടതാണ്. പുഴയിൽനിന്നും മോട്ടോർ ഉപയോഗിച് വെള്ളം എടുക്കുന്നവരിൽനിന്നും ഫീസ് ഈടാക്കേണ്ടതാണ്. പുഴയിലെ വെള്ളം പഞ്ചായത്തിന്റെ പൊതുസ്വത്താണ്. അത് പഞ്ചായത്തിലെ എല്ലാ ജനങ്ങൾക്കും അവകാശപ്പെട്ടതാണെങ്കിലും ഉയർന്ന വരുമാനക്കാർ മാത്രമാണ് ഇത് സ്വകാര്യമായി ചൂഷണം ചെയ്യുന്നത്.

6. ഫൈനുകൾ

പഞ്ചായത്ത് റോഡിന്റെയും PWD റോഡിന്റെയും കാനകൾ നികത്തി സ്വകാര്യ റോഡുകൾ നിർമ്മിക്കുന്നവർക്കെതിരെ പിഴശിക്ഷയായി നിശ്ചിതസംഖ്യ ഈടാക്കേണ്ടതാണ്. കൂടാതെ പൊതുവഴിയിൽ തടി, കല്ല്, മണൽ മറ്റ് വ്യാപാരം നടത്തുന്നവർക്കെതിരെ ഈ നടപടി സ്വീകരിക്കാവുന്നതാണ്. ഇത് ഈടാക്കുവാനുള്ള നിയമം പഞ്ചായത്തിന് ഉണ്ടെങ്കിലു് കാര്യക്ഷമമായി നടപ്പിലാക്കുന്നില്ല. പുഴയിൽനിന്ന് അനധികൃതമായി കല്ല്, മണൽ എന്നിവ വാരുന്നവർക്കെതിരെയും ഫൈനുകൾ ശിക്ഷയായി ഈടാക്കാവുന്നതാണ്. ഹോട്ടലുകൾ പൊതുസ്ഥലങ്ങൾ, മറ്റ് ഭക്ഷ്യവസ്തുക്കൾ വിൽക്കപ്പെടുന്ന സ്ഥലങ്ങൾ ഇവയുടെ പരിസരങ്ങൾ വൃത്തിയായി സൂക്ഷിക്കേണ്ടത് അത്യാവശ്യമാണ്. മലിനജലം ഒഴുക്കേണ്ട കാനകൾ നിർബന്ധമായും ഹോട്ടലുകൾക്ക് ഉണ്ടാകേണ്ടതാണ്. മാലിന്യവസ്തുക്കൾ ചപ്പുചവറുകൾ അവിടവിടെ നിക്ഷേപിക്കാതെ കാര്യക്ഷമമായി സംസ്കരിക്കേണ്ടത് അത്യാവശ്യമാണ്. ഇതിനായി ഒരു സൂറത്ത് മോഡൽ ശുചീകരണം തന്നെ ഏർപ്പെടുത്തണം. പ്രസ്തുത കാര്യങ്ങളിൽ പഞ്ചായത്തിന്റെ നിർദ്ദേശ?ങ്ങൾ അനുസരിക്കാത്തവരിൽനിന്നും പിഴ കർശനമായും ഈടാക്കേണ്ടതാണ്.

7. ലാൻഡ് സെസ്സ്

പഞ്ചായത്തുകളിൽ മുൻകാലങ്ങളിൽ ഉണ്ടായിരുന്നതും എന്നാൽ ഇപ്പോൾ നിലവിലില്ലാത്തതുമായ ഒരു ഭൂനികുതിയാണ് ലാൻഡ് സെസ്സ്. ഹെക്ടറിൽ കൂടുതൽ ഭൂമിയുള്ള എല്ലാവരിൽ നിന്നും സ്ലാബ് സമ്പ്രദായത്തിൽ ലാൻഡ് സെസ്സ് ഈടാക്കയാൽ പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കാൻ കഴിയും.

8. ആഴ്ച ചന്തകൾ

ചുങ്കക്കുന്ന്, നീണ്ടുനോക്കി, അമ്പായത്തോട് എന്നിവിടങ്ങളിൽ ഓരോ ആഴ്ച ചന്ത തുടങ്ങാവുന്നതാണം. ഈയിനത്തിൽ പഞ്ചായത്തിന് വരുമാനം ലഭിക്കും. കാർഷിക മേഖലയിൽ നമ്മുടെ പഞ്ചായത്തിൽ കാർഷിക ഉല്പന്നങ്ങളും പഴം പച്ചക്കറികൾ എന്നിവ ഉല്പാദകർക്ക് വിൽക്കുവാനും ഉപഭോക്താവിന് ന്യായമായ വിലക്ക് ഗുണമേന്മയുള്ള സാധനങ്ങൾ വാങ്ങാനും കഴിയുന്നു. ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കാവുന്നതാണ്. വിലക്കയററം പിടിച്ചുനിറുത്തുവാനും പഞ്ചായത്തിന് വരുമാനമുണ്ടാക്കാനും ആഴ്ചചന്തകൾ സഹായിക്കുന്നു.

9. മത്സ്യമാർക്കറ്റ്

പച്ചമത്സ്യവും ഉണക്ക മത്സ്യവും വിൽക്കാനും വാങ്ങാനും ഓരോ മത്സ്യമാർക്കറ്റ് നമ്മുടെ പഞ്ചായത്തിൽ തുടങ്ങാവുന്നതാണ്. ഇതുവഴി പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

10. ടൂറിസം.

പാലുകാളി ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കി പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കാം. കൊട്ടിയൂർ അമ്പലത്തിനോടനുബന്ധിച്ച് ഒരു പാർക്ക് സ്ഥാപിക്കുക. ഉത്സവകാലങ്ങളിലും മറ്റും ഇതുവഴി കൂടുതൽ വരുമാനം ഉണ്ടാക്കാം.

11. ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലാക്സ്

എന്നിവ ചുങ്കത്ത് നീണ്ടുനോക്കി അമ്പായത്തോട് എന്നിവിടങ്ങളിൽ നിർമ്മിക്കുക. ഇപ്പോൾ റോഡ് സൈഡിൽ പാർക്ക് ചെയ്യുന്ന വാഹനങ്ങൾക്കും ടാക്സികൾക്കും ഒരു പാർക്കിംഗ് സ്ഥലമുണ്ടാക്കുകയും അതുവഴി പാർക്കിംഗ്ഫീസ് ഈടാക്കാവുന്നതുമാണ്.

12. കമ്മ്യൂണിറ്റിഹാൾ

നീണ്ടുനോക്കിയിൽ ഒരു കമ്മ്യൂണിറ്റിഹാൾ നിർമ്മിച്ച് പൊതു പരിപാടികൾക്കും വിവാഹം

മറ്റ് ആവശ്യങ്ങൾക്കും വാടകക്ക് കൊടുക്കാവുന്നതാണ്.

13. പുറമ്പോക്ക് ഭൂമി.

പഞ്ചായത്ത് അതിർത്തിയിൽ എത്ര പുറമ്പോക്ക് ഭൂമി ഉണ്ടെന്ന് അളന്ന് തിട്ടപ്പെടുത്തുകയും പുല്ല്, മരങ്ങൾ എന്നിവ വെച്ചുപിടിപ്പിക്കുകയും കൂടുതൽ സ്ഥലമുള്ളിടത്ത് കൃഷിക്കും മറ്റ് ആവശ്യങ്ങൾക്കും പാട്ടത്തിന് നൽകുക.

14. ഭോജനശാല

നീണ്ടുനോക്കിയിൽ ഒരു സഹകരണാടിസ്ഥാനത്തിൽ ഒരു ഭോജനശാല ഉണ്ടാക്കുക.

15. നാഷണൽ സേവിങ്ങ്സ് സ്കീം.

ഓരോ പഞ്ചായത്തിൽനിന്ന് പിരിച്ചെടുക്കുന്ന ഇന്ദിരാവികാസ് പത്രിക 25% ആ പഞ്ചായത്തിന് തന്നെ കിട്ടുന്ന ഒരു വ്യവസ്ഥ ഇപ്പോഴുണ്ട്. അതുകൊണ്ട് പഞ്ചായത്ത് ഭരണസമിതിയും ഗ്രാമസഭകളും ഇടപെട്ട് പഞ്ചായത്തിൽനിന്നും പരമാവധി സമ്പാദ്യനിക്ഷേപം (മഹിളാ പ്രധാൻ ഏജന്റ് മുഖേന) ഉണ്ടാക്കിയാൽ പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കും.

16. സ്റ്റാമ്പ് ഡ്യൂട്ടി

സ്ഥലങ്ങൾ ക്രയവിക്രയം ചെയ്യുമ്പോൾ രജിസ്റ്റർ ഓഫീസുകൾ മുഖേന സ്റ്റാമ്പ് ഡ്യൂട്ടി ഈടാക്കുന്നുണ്ട്. ഇതിന്റെ 75% വരെ പഞ്ചായത്തുകൾക്ക് ഗ്രാന്റായി ലഭിക്കുന്നു. ആയതിനാൽ നമ്മുടെ പഞ്ചായത്ത് അതിർത്തിക്കുള്ളിൽ സ്ഥലങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾ താരിപ്പ് വില മുഴുവൻ കാണിക്കുകയും അതുവഴി സർക്കാർ ഗ്രാന്റുകൾ വർദ്ധിപ്പിക്കാൻ സാധിക്കും.

17. നമ്മുടെ പഞ്ചായത്തിലെ സ്വകാര്യവ്യക്തികൾ നടത്തുന്ന ഇൻസ്റ്റാൾമെന്റ് പദ്ധതികൾ, കുറികൾ, എന്റർപ്രൈസസുകൾ മുതലായവക്ക് ലൈസൻസ് ഫീസ് ഏർപ്പെടുത്തുക.

## മനുഷ്യാദ്ധ്വാനം.

നമ്മുടെ പഞ്ചായത്തിലെ ഏറ്റവും പ്രധാനമായ വിഭവം മനുഷ്യവിഭവംതന്നെ. സ്വന്തം നാടിന്റെ വികസനത്തിന് നമ്മുടെ അദ്ധ്വാന് സംഭാവന നൽകുക എന്നത് മഹത്തരമാണ്. പഞ്ചായത്തിലെ ചെറിയ റോഡുകൾ മഴക്കാലം വരുന്നതിന് മുമ്പ് കാനകൾ ഉണ്ടാക്കി സൂക്ഷിക്കുവാൻ ആ റോഡ് ഉപയോഗിക്കുന്നവരും ആ റോഡിന് ഇരുവശവും താമസിക്കുന്നവരും മനസ്സ് വച്ചാൽ മതി. പഞ്ചായത്തിന്റെ സഹായം വേണ്ടിടത്ത് സ്വീകരിക്കുകയും ചെയ്യാം. എല്ലാ ബഹുജനസംഘടനകൾക്കും സ്വാധീനമുള്ള പഞ്ചായത്താണ് നമ്മുടേത്. അതുകൊണ്ട്തന്നെ ബഹുജന സംഘടനകളുടെ ഇടപെടൽ ഈ മേഖലയിൽ വമ്പിച്ച മാറ്റങ്ങൾ ഉണ്ടാക്കം. റോഡുകൾ നിർമ്മിക്കുന്നതിനും റോഡുകൾ സംരക്ഷിക്കുന്നതിനും പരിസരമാലിന്യം ഇല്ലാതാക്കുന്നതിനും വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും പാലങ്ങളും കലുങ്കുകളും തോടുകളും ഒക്കെ നിർമ്മിക്കുന്നതിനും കൂടാതെ എല്ലാ വികസനപ്രവർത്തനങ്ങളിലും മനുഷ്യാദ്ധ്വാനം വിനിയോഗിക്കാവുന്നതാണ്.

മനുഷ്യ വിഭവത്തിന്റെ ശരിയായ പ്രയോജനങ്ങൾ അനുഭവിക്കുന്നവരാണ് കൊട്ടിയൂരുകാർ. നമ്മുടെ പഞ്ചായത്തിലെ പ്രധാന റോഡായ പേരാവൂർ കൊട്ടിയൂർ PWD റോഡ് ഒറ്റദിവസം കൊണ്ട് പൊതുപണിയിലൂടെ റോഡാക്കിമാറ്റി ചരിത്രം സൃഷ്ടിച്ചവരാണ് നാം. അതുപോലെ തന്നെ ബാവല്ലിപ്പുഴയ്ക്ക് ഈ പഞ്ചായത്തിനു തന്നെ രണ്ട് കോൺക്രീറ്റ് പാലങ്ങൾ പൂർത്തീകരിക്കുകയും മൂന്നാമത്തേതിന്റെ പണി പൂർത്തീകരിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നത് ഈ മനുഷ്യവിഭവം കൊണ്ടുതന്നെ. അതുപോലെതന്നെ അമ്പായത്തോട് ബോയ്സ് ടൗൺ റോഡ് കാലാകാലങ്ങളായി ഗതാതയോഗ്യമാക്കുന്നതും ഇന്നാട്ടുകാർ ശ്രമദാനമായിത്തന്നെയാണ്. ഇപ്പറഞ്ഞതെല്ലാം മനുഷ്യാദ്ധ്വാനം വികസനപ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടായ മേഖലകളാണ്. എന്നാൽ ഈ മനുഷ്യവിഭവം എല്ലാ വികസന ക്ഷേമ പ്രവർത്തനങ്ങളെ മന്ദീഭവിപ്പിക്കാതിരിക്കാൻ സുലഭമായ ഈ മനുഷ്യവിഭവം പ്രയോജനപ്പെടുത്തേണ്ടിയിരിക്കുന്നു. എങ്കിൽമാത്രമെ നമ്മുടെ ഗ്രാമസഭകൾ വിഭാവനം ചെയ്ത നാളെ നമുക്ക് കെട്ടിപ്പെടുക്കാൻ സാധിക്കുകയുള്ളു.

റിപ്പോർട്ട് തയ്യാറാക്കാൻ സഹായിച്ചവർ
: ജോസ്മാത്യു വെമ്പള്ളി
കൺവീനർ : മാനുവൽ പള്ളിക്കമാലിൽ
: തോമസ് മടത്തിത്താഴെ
: തോമസ് പൊട്ടനാനിയിൽ
: ആന്റണി നമ്പുടാകം.

# ഉപസംഹാരം

**1995** ഒക്ടോബർ 2ന് ഞങ്ങൾ സത്യവാചകം ചൊല്ലി അധികാരമേൽക്കുമ്പോൾ പഞ്ചായത്തിന്റെ സർവ്വതോന്മുഖമായ വികസനം മാത്രം ലക്ഷ്യം വെച്ചുകൊണ്ട് ആത്മാർത്ഥതയോടെയും പ്രതിബദ്ധതയോടെയും പ്രവർത്തിക്കുന്നതാണെന്ന് തദവസരത്തിൽ ജനങ്ങൾക്ക് വാക്ക് കൊടുത്തു. ആ പ്രതിജ്ഞ നിറവേറ്റാനുള്ള തീവ്രയത്ന ജനകീയ പരിപാടികളുമായി ഭരണസമിതി മുന്നോട്ട് പോകുകയാണ്.

ഒമ്പതാം പഞ്ചവത്സരപദ്ധതിയുടെ സംസ്ഥാന അടങ്കലിന്റെ 40 ശതമാനത്തോളം പഞ്ചായത്തുകൾക്ക് നൽകാനും പഞ്ചായത്ത് ജനപങ്കാളിത്തത്തോടെ വികസനപ്രശ്നങ്ങൾ പരിഹരിക്കാനുമാണ് സംസ്ഥാനസർക്കാരും ആസൂത്രണ ബോർഡും തീരുമാനിച്ചിട്ടുള്ളത്. ഉൽപാദനരംഗത്തുണ്ടാകുന്ന പുരോഗതിയാണ് വികസനത്തിനടിസ്ഥാനം. ഉൽപാദനത്തിനാണ് നാം പ്രഥമ സ്ഥാനം നൽകേണ്ടത്. റോഡും പാലവും മറ്റ് സ്ഥാപനങ്ങൾക്കും രണ്ടാം സ്ഥാനമാണ് നൽകേണ്ടത്.

വികസനം ഡിപ്പാർട്ടുമെന്റലിസമായി മാറിയ ഇന്നത്തെ അവസ്ഥ മാറേണ്ടിയിരിക്കുന്നു. വികസനരംഗം അഴിമതിയിൽനിന്നും മോചിപ്പിക്കണം. പ്രകൃതി വിഭവങ്ങൾ, ജലവിഭവങ്ങൾ എന്നിവ പ്രയോജനപ്പെടുത്തി സാഹചര്യങ്ങളെ വിശകലനം ചെയ്ത് പ്രായോഗിക ബുദ്ധിയോടെ നമ്മുടെ പദ്ധതികൾ രൂപപ്പെടുത്തുവാൻ സാധിക്കണം.

കഴിഞ്ഞ കാലങ്ങളിൽ നമ്മളിൽ കയറ്റിവെച്ച പ്രശ്നങ്ങളുടെ ഭാരം വളരെ വലുതാണ്. എല്ലാം ഒറ്റയടിക്ക് പരിഹരിക്കാൻ ആരാലും സാധ്യമല്ല. എന്തൊക്കെയാണ് മുൻഗണനാക്രമത്തിൽ തീരുമാനിക്കേണ്ടത് എന്ന് നമ്മൾ കൂട്ടായി മനസ്സിലാക്കി നിശ്ചയിക്കണം. അതാണീ സെമിനാറിൽ ചെയ്യാനുള്ളത്.

ഇതുവരെ ആശയങ്ങളും ആഗ്രഹങ്ങളും അവതരിപ്പിക്കുക എന്നതാണെങ്കിൽ ഇനിയങ്ങോട്ട് എങ്ങനെ പ്രാവർത്തികമാക്കാം എന്നതാണ് പ്രധാനം.

വിദഗ്ദ്ധന്മാരിൽനിന്നും സർക്കാർ സർക്കാരേതര ഏജൻസികളിൽ നിന്നും കിട്ടാവുന്നത്രയും സഹായങ്ങളും സാങ്കേതിക വിദ്യകളും പ്രയോജനപ്പെടുത്തണം. ഇന്നിവിടെവെച്ച് രൂപം നൽകുന്ന കർമ്മ സേനകൾ നമ്മുടെ പരിപാടികളെ സ്കീമുകളാക്കി രൂപാന്തരപ്പെടുത്തും.

ഈ സ്കീമുകൾ പദ്ധതികളായി അവതരിപ്പിച്ചു കൊടുക്കേണ്ടതുണ്ട്.

ഏറെ തിരക്ക് പിടിച്ച് തയ്യാറാക്കിയ ഈ വികസനരേഖ പൂർണ്ണമാണെന്ന് ഞങ്ങൾ അവകാശപ്പെടുന്നില്ല. വിവിധ ഗവ: ആഫീസുകളിലെയും സ്ഥാപനങ്ങളിലെയും ജീവനക്കാരുടെയും മറ്റ് മഹത് വ്യക്തികളുടേയും സഹായം കൊണ്ടാണ് ഈ മഹത്തരമായ രൂപരേഖ തയ്യാറാക്കിയത്.

ഇന്ത്യൻ സ്വാതന്ത്ര്യസമരം പോലെ 1990ലെ സാക്ഷരതാപ്രസ്ഥാനം പോല ജനകീയാസൂത്രണപ്രസ്ഥാനത്തിലും നമുക്ക് ജാതിമത രാഷ്ട്രീയ ഭിന്നതകൾക്കപ്പുറം എല്ലാവർക്കും കൈകോർത്ത് പിടിക്കാൻ കഴിയുന്ന ഒരു മേഖല കാണിച്ചുകൊടുക്കാൻ ഈ മഹാ പ്രസ്ഥാനത്തിന് കഴിഞ്ഞിരിക്കയാണ്. ജനകീയാസൂത്രണ പദ്ധതി വിജയിച്ചാൽ ഇതിന്റെ ഫലം എല്ല ജനങ്ങൾക്കും ഒരേ പോലെയാണ് പ്രയോജനപ്പെടുന്നതെന്ന് എടുത്തു പറയേണ്ടതില്ലല്ലോ. ഇതിൽ നമ്മുടെ പഞ്ചായത്തിലെ മുഴുവൻ നല്ലവരായ ജനങ്ങളും പങ്കാളികളാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

നമ്മുടെ ഗ്രാമപഞ്ചായത്തിനെ മനസ്സിലാക്കാൻ സഹായിക്കുന്ന ചില വിലപ്പെട്ട വിവരങ്ങൾ നൽകി സഹായിച്ച നല്ലവരായ എല്ലാവരോടും ഞങ്ങൾ കൃതജ്ഞതരാണ്.

മഹത്തായ ഈ ജനകീയാസൂത്രണ പദ്ധതി പ്രതീക്ഷക്കൊത്ത് നിറവേറ്റാൻ കഴിയുമെന്ന പ്രത്യാശയോടെ ഈ സമഗ്രവികസനരേഖ കൊട്ടിയൂർ ഗ്രാമപഞ്ചായത്ത് വികസനസെമിനാറിന് മുമ്പാകെ വിശദമായ വിശകലനത്തനും ചർച്ചയ്ക്കും ആവശ്യമായ കൂട്ടിച്ചേർക്കലുകൾക്കും വേണ്ടി വിനയപൂർവ്വം സമർപ്പിക്കുന്നു.











# സമഗ്ര ഗ്രാമവികസനം

*സമഗ്ര ഗ്രാമവികസനം നമ്മുടെ ലക്ഷ്യം*
*ഗ്രാമവികസനത്തിന് വിഭവം ആവശ്യം*
*വിഭവമില്ലെങ്കിൽ വികസനം സാദ്ധ്യമല്ല*

**ഗ്രാമവികസനത്തിൻെറ ചാലകശക്തി**
**പഞ്ചായത്തുകളുടെ സമ്പത്താണ്**

**വിഭവസമാഹരണത്തിന് പഞ്ചായത്തുകളുമായി സഹകരിക്കുക**

**പഞ്ചായത്തിന് നൽകേണ്ട വിവിധയിനം നികുതികൾ,**
**ഫീസുകൾ തുടങ്ങിയവ യഥാസമയം നൽകുക**

**അതുവഴി ഗ്രാമവികസനത്തിൽ പങ്കാളികളാവുക**

**ജപ്തി, പ്രോസിക്യൂഷൻ തുടങ്ങിയ നടപടികൾ**
**ഒഴിവാക്കാൻ പഞ്ചായത്തുമായി സഹകരിക്കുക**

DTP Layout by PROMPT COMPUTER PRINTINGS, CALICUT - 4
Printed at DESHABHIMANI , KOZHIKODE


ADMINISTRATIVE MAP OF KERALA
SCALE
0 15 30 45 60Km
KARNATAKA
TAMILNADU
LAKSHADWEEP SEA
KOTTIYOOR
KASARAGOD
Hosdrug
KANNUR
Ezhimala
Kannur
Talassery
Mananthavadi
WAYANAD
Sultans Battery
Kalpatta
Vadakara
KOZHIKODE
Quilandi
Kozhikkode
Nilambur
MALAPPURAM
Manjeri
Malappuram
Mannarkkad
Perinthalmanna
PALAKKAD
Ottappalam
Ponnani
Chittur
Vadakkanchery
Alathur
Chavakkad
THRISSUR
Kodungallur
Devikulam
Eranakulam
Muvattupuzha
IDUKKI
Painavu
Palai
KOTTAYAM
Peermedu
Alappuzha
ALAPPUZHA
Ranni
PATHANAMTHITTA
Pathanamthitta
Harippad
Punalur
Kottarakara
KOLLAM
Kollam
Varkala
Attingal
THIRUVANANTHAPURAM
Thiruvananthapuram
Neyyattinkara
Kovalam
REFERENCE
STATE BOUNDARY
DISTRICT BOUNDARY
IMPORTANT ROAD
RAILWAY
STATE HQ.
IMPORTANT PLACES
DISTRICT HQ.



അധികാരം ജനങ്ങളിലേക്ക്